www.malankaralibrary.com

# വിശ്വാസ ദീപം

ഗ്രന്ഥകർത്താവ്

**ഫാദർ ജേക്കബ് ഞായല്ലൂർ**

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# വിശ്വാസദീപം

ഗ്രന്ഥകർത്താ

ഫാദർ ജേക്കബ് ഞായല്ലൂർ.

വില 1രൂ. 50 ന. പൈ.

സെൻറ് മേരീസ് പ്രസ്സ്, പട്ടം,
തിരുവനന്തപുരം
1958.

www.malankaralibrary.com

*Nihil obstat:*

Rev. Fr. George Palathumpatt D. D.

*Imprimatur:*

MOST REV. BENEDICT MAR GREGORIOS,
Archbishop of Trivandrum.

*Archbishop's House,*
*Trivandrum,*
10-2-1958.

www.malankaralibrary.com

# സമർപ്പണം

തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്താ നിതാന്ത വന്ദ്യ ദിവ്യ മഹിമ ശ്രീ ബനഡിക്ട് മാർ ഗ്രിഗോറിയോസ് O. I. C., M. A., D. D. തിരുമനസ്സിലെ പാവനസന്നിധിയിൽ സമർപ്പിതം.

www.malankaralibrary.com

# അവതാരിക

ക്രിസ്തീയജീവിതത്തിൻെറ അടിസ്ഥാനം വിശ്വാസമെന്ന ദൈവികപുണ്യമാണു്. ക്രിസ്തീയ ആത്മാവു് വിശ്വാസത്തിൽ എത്ര ആഴമായി വേരുറച്ചിരിക്കുന്നുവോ, അതിൻെറ വളർച്ച അത്ര വലുതായിരിക്കും. വിശ്വാസമെന്ന പുണ്യം മാമ്മോദീസായോടുകൂടി നൽകപ്പെടുന്നു. പലരിലും പാപംമൂലം ഈ പുണ്യം നഷ്ടമാകുന്നു. മററുപലർ പുണ്യത്തിൽ വളരാതെ ജീവിതകാലം മുഴുവൻ ശിശുക്കളായി കഴിഞ്ഞുകൂടുന്നു. എന്നാൽ പ്രാർത്ഥനാപൂർവ്വം വിശ്വാസസത്യങ്ങൾ കൂടുതലായി മനസ്സിലാക്കുകയും അവയെ ജീവിതത്തിലെയ്ക്കു പകർത്തുകയും ചെയ്യുവാൻ ശ്രമിക്കുന്നവർ ക്രിസ്തീയജീവിതത്തിൽ ഉത്തരോത്തരം വളരുന്നു.

ഒരു ക്രിസ്ത്യാനി അവശ്യം അറിഞ്ഞിരിക്കേണ്ട വിശ്വാസസത്യങ്ങൾ സാധാരണക്കാരനു മനസ്സിലാക്കാവുന്ന ഭാഷയിലും രീതിയിലും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. വാദപ്രതിവാദത്തെ പ്രധാനമായി ഉദ്ദേശിക്കാതെയും സാങ്കേതികപദങ്ങൾ കൂടാതെയും എഴുതപ്പെട്ടിരിക്കുന്ന ഈ ഗ്രന്ഥം ഓരോ വിശ്വാസിക്കും ഒരനുഗ്രഹമായിരിക്കും.

നമ്മുടെ പ്രത്യേക നിർദ്ദേശപ്രകാരം റവ. ഫാ. ജേക്കബ് ഞായല്ലൂർ ചുരുങ്ങിയ സമയത്തിനുള്ളിൽ എഴുതിയുണ്ടാക്കിയ "വിശ്വാസദീപ"ത്തെ പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ടു്. വേദപുസ്തകം, വി. പിതാക്കന്മാരുടെ എഴുത്തുകൾ ഇവയെ ആസ്പദമാക്കി രചിക്കപ്പെട്ടിരിക്കുന്ന

www.malankaralibrary.com



ഈ പുസ്തകം ശ്രോതാക്കൾക്കു ഒരുപോലെ അറിവും ആനന്ദവും നൽകുന്നതിനുപകരിക്കും. നമ്മുടെ എല്ലാം കുടുംബങ്ങളിലും ഈ പുസ്തകത്തിന്റെ ഒരു പ്രതി ഉണ്ടായിരിക്കണമെന്നും നാം ആഗ്രഹിക്കുന്നു. നമ്മുടെ വിശ്വാസികളെല്ലാവരുംതന്നെ ഇതു നന്നായുപയോഗിച്ച് ആത്മീയപ്രയോജനം കൈവരുത്തുവാൻ ഇടയാകട്ടെ. ക്രിസ്തീയ വിശ്വാസവും യഥാർത്ഥ ദൈവഭക്തിയും നമ്മുടെ വാത്സല്യജനങ്ങളിൽ അനുദിനം വർദ്ധിക്കുവാൻ ഈ സൽഗ്രന്ഥം പ്രയോജകീഭവിപ്പിക്കട്ടെ.

ഗ്രന്ഥകർത്താവിനെയും വായനക്കാരെയും നാം ഹൃദയപൂർവ്വം ആശിർവ്വദിക്കുന്നു.

✠ Benedict Mar Gregorios,
Archbishop of Trivandrum.

Archbishop's House,
Trivandrum - 4.
Feb. 4, 1958.

www.malankaralibrary.com

# വിഷയവിവരണി


അദ്ധ്യായം. പുറം.

1. മനുഷ്യവർഗ്ഗത്തിൻെറ സൃഷ്ടിയും അധഃപതനവും .... 1—5
2. നരകുലപരിത്രാതാവു് .... 6—13
3. വിശ്വാസം .... 14—18
4. ക്രിസ്തുനാഥനിലുള്ള വിശ്വാസം ക്രിസ്തീയ ജീവിതത്തിൻെറ അടിസ്ഥാനം .... 19—22
5. സഭ .... 23—28
6. ക്രിസ്തുവിൻെറ സഭയിലെ പരിശുദ്ധാത്മ പ്രവൎത്തനം .... 29—33
7. ക്രിസ്തുവിൻെറ സഭയുടെ ലക്ഷണങ്ങൾ .... 34—54
8. കത്തോലിക്കാസഭയ്ക്കുപുറമെ രക്ഷയുണ്ടോ? .... 55—58
9. കത്തോലിക്കാസഭയുടെ അധികാരങ്ങളും അപ്രമാദിത്വവും .... 59—64
10. പത്രോസിൻെറയും അദ്ദേഹത്തിൻെറ പിൻഗാമിയായ റോമാ മാർപ്പാപ്പായുടെയും പരമാധികാരം. .... 65—81
11. മാർപ്പാപ്പായുടെ അപ്രമാദിത്വം .... 82—86
12. കത്തോലിക്കാസഭയും വേദപുസ്തകവും .... 87—98
13. ബന്ധവിമോചനങ്ങൾ .... 99—107
14. ശുദ്ധീകരണസ്ഥലം .... 108—115
15. വിശുദ്ധന്മാരോടുള്ള വണക്കം .... 116—123

www.malankaralibrary.com




| അദ്ധ്യായം | | | പുറം. |
|---|---|---|---|
| 16. | പ്രതിമാവന്ദനം | .... | 124—131 |
| 17. | പരിശുദ്ധ കന്യകമറിയം | .... | 132—146 |
| 18. | ദൈവമാതാവിന്റെ ജപമാല | .... | 147—149 |
| 19. | കത്തോലിക്കാസഭയെക്കുറിച്ചുള്ള മുൻവിധിയും ദുഷ്പ്രചരണങ്ങളും | .... | 150--154 |
| 20. | ക്രിസ്തീയ പൗരോഹിത്യം | .... | 155—161 |
| 21. | കത്തോലിക്കാ പുരോഹിതരും ബ്രഹ്മചര്യവും | .... | 162—166 |
| 22. | ക്രിസ്തു തന്റെ കൂദാശകളിൽ | .... | 167—169 |
| 23. | A. വി. മാമ്മോദീസാ | .... | 169—171 |
| 24. | B. വി. കുമ്പസാരം, C. വി. കുർബ്ബാന | .... | 171—192 |
| 25. | വി. കുർബ്ബാന ജീവന്റെ അപ്പം | .... | 193—218 |
| 26. | വിവാഹം | .... | 219—223 |
| 27. | സാർവ്വത്രിക സുനഹദോസുകൾ | .... | 224—228 |
| 29. | കത്തോലിക്കാസഭയും റീത്തുകളും | .... | 229—236 |
| | അനുബന്ധം | .... | 237—248 |

www.malankaralibrary.com

# ശുദ്ധിപത്രം

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| i | 5 | നഷ്ടമാകുന്നു. | നിർജ്ജീവമാകുന്നു. |
| 23 | 1 | പഠിച്ചുവെന്നതുകൊണ്ടു | പഠിപ്പിച്ചുവെന്നതു കൊണ്ടു |
| 143 | 7 | ആവശ്യമാണ്. | സമുചിതമായിരുന്നു. |
| 143 | 8–9 | ആവശ്യവും | സമുചിതവും |
| 143 | 10 | debuit | decuit |

# ദിവ്യരക്ഷകനോടു്

ഓ! മാധുൎയ്യമേറിയ യേശുവേ! മനുഷ്യവർഗ്ഗത്തിന്റെ രക്ഷിതാവെ! അങ്ങേ തിരുമുമ്പിൽ താഴ്മയായി അപേക്ഷിക്കുന്ന ഞങ്ങളെ കരുണയോടെ കടാക്ഷിക്കേണമേ. ഞങ്ങൾ അങ്ങേയ്ക്കുള്ളവരാകുന്നു; അങ്ങേയ്ക്കുള്ളവരായിരിപ്പാൻ ആഗ്രഹിക്കയും ചെയ്യുന്നു.

നിർഭാഗ്യവശാൽ അനേകർ ഇതുവരെയും അങ്ങേ അറിഞ്ഞിട്ടില്ല; മററനേകർ അങ്ങെ കല്പനകളെ ലംഘിച്ചുകൊണ്ടു് അങ്ങെ നിഷേധിക്കുന്നു. ഓ, ദയാനിധിയായ യേശുവേ! ഈ ഇരുകൂട്ടരുടെമേലും അവിടുന്നു കരുണ കാണിക്കേണമേ; എല്ലാവരേയും അങ്ങേ സ്നേഹമേറിയ തിരുഹൃദയത്തിലേയ്ക്കാകർഷിക്കേണമേ. ഓ, കർത്താവെ! അങ്ങേ ഒരിക്കലും വിട്ടുപിരിയാത്ത വിശ്വാസികൾക്കു മാത്രമല്ല, പിന്നെയോ അങ്ങേ വിട്ടകന്നുപോയ നിർഭാഗ്യരായ മക്കൾക്കും അങ്ങു രാജാവായിരിക്കേണമേ; ഇവർ അരിഷ്ടതയും പട്ടിണിയും മൂലം മരിക്കാതിരിക്കുന്നതിനു് എത്രയും വേഗം തങ്ങളുടെ പിതൃഭവനത്തിലേക്കു തിരിച്ചുവരാനുള്ള അറിവും, സന്മനസ്സും, അനുഗ്രഹവും അവർക്കു നൽകേണമേ.

ഏതെങ്കിലുംവിധത്തിൽ വഞ്ചിക്കപ്പെട്ടോ, വഴിതെററിക്കപ്പെട്ടോ, കലഹംമൂലമോ, അങ്ങേ തിരുരക്തത്തിന്റെ വിലയായ ഏക സത്യതിരുസഭയിൽനിന്നും ഭിന്നിച്ചുനില്ക്കുന്നവർക്കും അങ്ങു രാജാവായിരിക്കേണമേ. സത്യത്തിന്റെ തുറമുഖത്തേയ്ക്കും വിശ്വാസത്തിന്റെ

www.malankaralibrary.com



ഐക്യത്തിലേക്കും അവരെ തിരികെ വിളിയ്ക്കണമെ. അങ്ങനെ എത്രയും വേഗം അങ്ങിൽ വിശ്വസിയ്ക്കുന്നവരെല്ലാം ഏക ഇടയന്റെ സംരക്ഷണത്തിലുള്ള ഏക തൊഴുത്തിൽ വന്നുചേരാൻ അവിടുന്നു സംഗതിയാക്കണമേ. ആമ്മീൻ.

നിത്യസത്യമായ ദൈവമേ, ഞാൻ അവിട്ടത്തെ സത്യത്തിനു സാക്ഷിയായി ജീവിക്കുവാനും, പ്രയത്നിയ്ക്കുവാനും, കഷ്ടപ്പെടുവാനും, മരിയ്ക്കുവാനും ആഗ്രഹിക്കുന്നു. എന്നെ സഹായിയ്ക്കണമെ. ആമ്മീൻ.

"ഇപ്പോൾ കണ്ണാടിയിൽക്കൂടി എന്നപോലെ ഉപമയിൽ നാം കാണുന്നു. അന്ന് അഭിമുഖമായി നാം കാണും. ഇപ്പോൾ ഭാഗികമായിമാത്രം ഞാൻ അറിയുന്നു; അപ്പോൾ ഞാൻ (ദൈവത്താൽ) അറിയപ്പെട്ടിരിയ്ക്കുന്നതുപോലെ അറിയും". (1 കോരി. 13, 12)

www.malankaralibrary.com

# അദ്ധ്യായം 1

## മനുഷ്യവർഗ്ഗത്തിന്റെ സൃഷ്ടിയും അധഃപതനവും

ദൈവം തന്റെ അനന്ത നന്മനിമിത്തം ആദത്തെയും ഹവ്വായെയും സൃഷ്ടിച്ചു. പറുദീസായിൽ അവർ സകലവിധ സൌഭാഗ്യങ്ങളും അനുഭവിച്ചുപോന്നു. എന്നാൽ, പാപംഅവരെയും മനുഷ്യവർഗ്ഗത്തെയും അധഃപതിപ്പിച്ചു.

ആദിമാതാപിതാക്കന്മാരെ സംബന്ധിച്ചു സഭ പഠിപ്പിക്കുന്നതു് ഇപ്രകാരമാണ്:

1) അവർക്കു ദൈവം പ്രസാദവരവും മരണരാഹിത്യവുംനൽകി.

2) എന്നാൽ, അവർ പാപം ചെയ്തതുമൂലം ഈ അമൂല്യദാനങ്ങൾ അവർക്കു നഷ്ടപ്പെട്ടു. അവർ ദൈവത്തിന്റെ ശത്രുക്കളായി, പിശാചിന്റെ അടിമകളായി, ആത്മാവിലും ശരീരത്തിലും അധഃപതിച്ചു.

www.malankaralibrary.com



3) അവർ തങ്ങളുടെ പാപവും അതിൻെറ ദൗർഭാഗ്യകരമായ ഫലങ്ങളും മനുഷ്യവർഗ്ഗത്തിനു മുഴുവൻ നൽകി.

## ആദിമാതാപിതാക്കന്മാർക്കു ലഭിച്ച ദാനങ്ങൾ

### 1 പ്രസാദവരം

അവർക്കു ലഭിച്ച ദാനങ്ങളിൽ ഏററം ശ്രേഷ്ഠമായതു പ്രസാദവരമായിരുന്നു. പ്രസാദവരം അവരെ ദൈവമക്കളാക്കി, അവർക്കു സ്വർഗ്ഗത്തിൽ അവകാശം നൽകി. ഒരുവനെ ദൈവികസ്വഭാവത്തിൻെറ പങ്കുകാരനാക്കിത്തീർക്കുന്ന (2 പത്രോസ് 1, 4) ഒരു ആദ്ധ്യാത്മികദാനമാണ്, പ്രസാദവരം. പ്രസാദവരത്തോടുകൂടി ദൈവം അവർക്കു പരിശുദ്ധാത്മദാനങ്ങളും നൽകിയിരുന്നു.

### 2 തീക്ഷ്ണമായ ബുദ്ധിശക്തി

ഇതു് പ്രകൃത്യാതീതമായ ഒരു ദാനമായിരുന്നു. ഒരു പക്ഷിക്കും ആമയ്ക്കും തമ്മിൽ വേഗതയിൽ എത്രമാത്രം അന്തരമുണ്ടോ, അത്രമാത്രം അന്തരമാണ്, ബുദ്ധിയുടെ കഴിവിൽ ആദിമാതാപിതാക്കന്മാർക്കും നമുക്കും തമ്മിലുള്ളതെന്നാണ് വി. അഗസ്റ്റീനോസ് പ്രസ്താവിച്ചിട്ടുള്ളതു്.

"അവിടുന്നു്, അവനിൽനിന്നു് അവൻെറ സാദൃശത്തിൽത്തന്നെ ഒരു കൂട്ടുകാരിയെ സൃഷ്ടിച്ചു. അവിടുന്നു്, അവർക്കു വിവേചനവും, നാവും, കണ്ണുകളും, ചെവികളും, ആലോചിക്കുന്നതിനു് ഒരു ഹൃദയവും നൽകി. അവിടുന്നു്, അവരെ അറിവിൻെറ ജ്ഞാനം കൊണ്ടു് നിറയ്ക്കുകയും ചെയ്തു. അവിടുന്നു്, അവരിൽ ആദ്ധ്യാത്മികമായ ജ്ഞാനം ഉൽപ്പാദിപ്പിച്ചു. അവരുടെ ഹൃദയം ജ്ഞാനംകൊണ്ടു് നിറയ്ക്കുകയും നന്മയും തിന്മയും അവർക്കു കാണിച്ചുകൊടുക്കുകയും ചെയ്തു." (പ്രഭാഷകൻ 17, 5-6)

www.malankaralibrary.com



## 3 ഇച്ഛാശക്തിയുടെ ഉറപ്പും

## ജഡമോഹരാഹിത്യവും

ആദിമാതാപിതാക്കന്മാർ നിർമ്മലാവസ്ഥയിലായിരുന്നപ്പോൾ അവരുടെ വികാരങ്ങൾ ഇച്ഛാശക്തിക്കു കീഴ്പ്പെട്ടിരുന്നു. ജഡമോഹം അവരുടെ മാനസികശക്തിക്കു പരിപൂർണ്ണമായി കീഴ്പ്പെട്ടിരുന്നു. എന്നാൽ, പാപം ആ നിയന്ത്രണങ്ങൾ തകർത്തുകളഞ്ഞു.

## 4 പീഡയിൽനിന്നും മരണത്തിൽ

## നിന്നുമുള്ള വിടുതൽ

ദൈവം അവരെ പ്രത്യേകവിധത്തിൽ സംരക്ഷിച്ചിരുന്നു. രോഗത്തിന്റെ നിദാനവും ശരീരം ദ്രവിക്കുന്നതിന്റെ പ്രകൃതിനിയമവും ദൈവം അവർക്കു വെളിപ്പെടുത്തിയിരുന്നതിനാൽ ആരോഗ്യപൂർണ്ണമായി ജീവിക്കുന്നതിന് അവർക്കു കഴിയുമായിരുന്നു. എന്നാൽ അവരുടെ പാപം അവരെ പീഡയ്ക്കും ശാരീരികവും മാനസികവുമായ കുഴപ്പങ്ങൾക്കും വിധേയരാക്കി.

ആദത്തിന്റെയും ഹവ്വായുടെയും പാപത്തിനു മുൻപുള്ള അവസ്ഥ എല്ലാവിധത്തിലും സൗഭാഗ്യകരമായ ഒന്നായിരുന്നു.

## ഉൽഭവപാപം

ഈ പദം ആദിമാതാപിതാക്കന്മാരുടെ പാപത്തേയോ, അവരേയും അനന്തര തലമുറകളേയും ആ പാപം അകപ്പെടുത്തിയ സന്താപജനകമായ സ്ഥിതിയേയോ സൂചിപ്പിക്കുന്നു.

ആദത്തിന്റെ പാപം ഏറ്റം ഗൗരവമായ ഒന്നായിരുന്നു. കാരണം:—

1. ദൈവംതന്നെ ആ പാപത്തിന്റെ ഗൗരവവും അതുമൂലമുളവാകുന്ന ശിക്ഷയും ആദത്തെ ധരിപ്പിച്ചിരുന്നു. "തോട്ടത്തി

www.malankaralibrary.com



ലുള്ള എല്ലാ വൃക്ഷങ്ങളിൽ നിന്നും നീ ഭക്ഷിച്ചുകൊള്ളുക, എന്നാൽ നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിൽ നിന്നും നീ ഭക്ഷിക്കരുത്. കാരണം അതിൽനിന്നും ഭക്ഷിക്കുന്ന ദിവസത്തിൽ നിനക്കു മൃതിസംഭവിക്കും. (ഉല്പ: **2, 17–17**)

**2.** ആ കല്പനയനുസരിക്കുവാൻ എളുപ്പമുള്ളതായിരുന്നു.

**3.** വികാരങ്ങളുടെ അടിമയല്ലാതിരുന്നതുകൊണ്ട് ആദം അപ്രകാരം പ്രവർത്തിച്ചത് പൂർണ്ണമായ ചിന്തയിൽനിന്നുതന്നെയാണ്.

## അതിന്റെ ഫലം

നാം മുൻപു കണ്ട എല്ലാദാനങ്ങളും ആദിമാതാപിതാക്കന്മാർക്കും മനുഷ്യവർഗ്ഗത്തിനും നഷ്ടപ്പെട്ടു. ഏററം വലിയ നഷ്ടം പ്രസാദവരം പോയതാണ്.

പിൻ തലമുറകൾക്ക് അവർ ആ പാപം പകർന്നുകൊടുത്തു. ജനിക്കുന്നതുകൊണ്ടു തന്നെ ഒരു കുട്ടി പാപം ചെയ്യുന്നുവെന്നല്ല, നമ്മെ സംബന്ധിച്ചിടത്തോളം ഉത്ഭവപാപത്തിന്റെ അർത്ഥം. പ്രത്യുത ആ കുട്ടി ആദാമിന്റെ പാപംമൂലമുളവായ വ്യവസ്ഥയിൻ കീഴിലാണു ജനിക്കുന്നതെന്നും തൻമൂലം അതിന് ദൈവവരപ്രസാദം ഇല്ലാതിരിക്കുന്നതുമാണ്. മനുഷ്യവർഗ്ഗത്തിലെ ഓരോ വ്യക്തിയും ദൈവത്തെ ദർശിക്കുവാൻ തക്കനിലയിൽ ജനിക്കണമെന്നായിരുന്നു ദൈവ തിരുഹിതം. പക്ഷേ, ആദത്തിന്റെ പാപം ആ ഉദ്ദേശം താറുമാറാക്കി.

മനുഷ്യന് അവന്റെ അധഃപതനത്തിനുശേഷം സ്വപ്രയത്നത്താൽ പ്രകൃത്യതീതമായ യാതൊരു സന്തോഷവും സമ്പാദിക്കുവാൻ സാധിക്കാതെ വന്നു.

"അപരിജ്ഞേയനും ചഞ്ചലബുദ്ധിയും അത്ഭുതാവഹനുമായ മനുഷ്യൻ ഏതോ അത്യാപത്തിലകപ്പെട്ട്, അധോഗതിപ്രാപിച്ച ഒരു ജീവിയുടെ നിലയിലാണെന്നുള്ളത് പ്രത്യക്ഷമത്രെ. ഇടിഞ്ഞു

www.malankaralibrary.com



വീണ ഒരു മഹാസൌധം അതിൻെറ അവശിഷ്ടങ്ങൾകൊണ്ടു കെട്ടിപ്പടുക്കുന്നതായാൽ, അതിൻെറ സ്ഥിതി എന്തായിരിക്കും. ചില ഭാഗങ്ങൾ വളരെ മോഹനമായും മററു ചിലവ വിരൂപമായും കാണപ്പെടും. വലിയ വലിയ സ്തൂപങ്ങൾ അസ്ഥാനത്തു നിലകൊള്ളുന്നുണ്ടാവാം. വളരെ ഉയൎന്ന പൂമുഖങ്ങൾ ഒരിടത്തു്, പൊക്കംകുറഞ്ഞ മേൽത്തട്ടുകൾ വേറൊരിടത്തു്, ചില മുറികൾ നല്ല പ്രകാശമുള്ളവ, മററുചിലതോ അന്ധകാരനിബിഡം. ഒററ വാക്കിൽ പറയുന്നതായാൽ എവിടെയും അവ്യവസ്ഥിതി. ഇപ്രകാരമുള്ള ഒരു മന്ദിരത്തിൻെറ സ്ഥിതിയാണു മനുഷ്യൻേറതു്."

എന്നാൽ, ദൈവത്തിൻെറ കരുണയും സ്നേഹവും മനുഷ്യനു താങ്ങും തണലുമായി. പരിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻതമ്പുരാൻെറ പരിത്രാണനകൎമ്മംവഴി പ്രസാദവരത്തിനും സ്വൎഗ്ഗീയ സൗഭാഗ്യത്തിനും നാം അവകാശികളായി.

www.malankaralibrary.com

# അദ്ധ്യായം 2

## നരകുലപരിത്രാതാവ്

### സഭയുടെ പ്രബോധനം

1. പരിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാൻ മനുഷ്യനായി അവതരിച്ചു.

2. താൻ പരിശുദ്ധ കന്യാസ്ത്രീമറിയത്തിൽ നിന്നാണു ജനിച്ചത്.

3. താൻ തന്റെ പീഡാനുഭവവും കുരിശിന്മേലുള്ള മരണവും വഴി നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുകയും നമ്മെ പ്രസാദവരത്തിനും സ്വർഗ്ഗസൗഭാഗ്യത്തിനും അവകാശികളാക്കുകയും ചെയ്തു.

### മനുഷ്യാവതാരത്തിന്റെ ആവശ്യകത

പാപത്തിൽ നിപതിച്ച മനുഷ്യൻ വലിയ കടക്കാരനായി. ഈ കടം സ്വന്ത ശക്തികൊണ്ടു വീട്ടുന്നതിന് അവൻ കേവലം

www.malankaralibrary.com



അപ്രാപ്തനായിരുന്നു. നിർദ്ധനതയിലും ദൈന്യാവസ്ഥയിലുമായിരുന്നു അവന്റെ നിലപാട്. ഒരു ദ്രോഹത്തിന്റെ ഗുരു ലഘുത്വം അളക്കേണ്ടതു് ദ്രോഹിക്കുന്നയാളിന്റെ സ്ഥിതിയനുസരിച്ചല്ല. നേരേമറിച്ച് ദ്രോഹിക്കപ്പെട്ടുന്നയാളിന്റെ അവസ്ഥനോക്കിയാണ്. ദൈവം എല്ലാവിധത്തിലും അപരിമേയനാകയാൽ തന്നോടു പ്രവർത്തിക്കുന്ന ഏതപരാധവും അനന്തമായ ദുഷ്ടതയുള്ളതാണ്. അതിനാൽ അതിനു് അനന്തമായ പരിഹാരം ആവശ്യമത്രെ.

എന്നാൽ സ്വർഗ്ഗത്തിലോ, ഭൂമിയിലോ ഉള്ള യാതൊരുസൃഷ്ടിയും അനന്തപരിഹാരം ചെയ്യുവാൻ ശക്തമല്ല, കാരണം സൃഷ്ടികൾ പരിമേയമാണ്. എല്ലാ മനുഷ്യരുടേയും മാലാഖമാരുടെയും സകല സൽകൃത്യങ്ങളും ഒന്നിച്ചു ചേർത്താലും ഒരു നിസ്സാരപാപത്തിനുപോലും അവ പരിഹാരമാകയില്ല.

ആദവും ആദം മുഖേന മനുഷ്യവർഗ്ഗവും പാപത്തിൽ വീണുപോയി. ദൈവത്തിനു ഈ കടം ഇളവുചെയ്യുവാൻ കഴിയുമായിരുന്നു. എന്നാൽ, അതു് തന്റെ നീതിയെ തൃപ്തിപ്പെടുത്തുകയില്ല. അതിനാൽ മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനു പരിപൂർണ്ണമായ പരിഹാരം നിർവഹിക്കപ്പെടണമെന്നു് താൻ തിരുമനസ്സായി.

ഇങ്ങനെ ദൈവനീതിയെ സംതൃപ്തിപ്പെടുത്തുന്നതിനും മനുഷ്യന്റെ പാപത്തിനു മനുഷ്യനെന്നുള്ള നിലയിൽ പരിഹാരം ചെയ്യുന്നതിനുമായിട്ടാണ് പരിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാൻ മനുഷ്യനായി അവതരിച്ചതു്.

## പ്രായശ്ചിത്തവും പരിത്രാണനവും

ഒരു തെററിനു പരിഹാരം ചെയ്യുകയാണ് പ്രായശ്ചിത്തമെന്നതു്. ചെയ്തുപോയ തെററിനെ ഇല്ലാതാക്കുകയോ, തെററുചെയ്ത ആളും ആർക്കെതിരായി തെററുചെയ്തോ, ആ ആളും സ്നേഹത്തിൽ

www.malankaralibrary.com



ഒന്നാകുകയോ രമ്യപ്പെടുകയോ ആണ് പ്രായശ്ചിത്തമെന്ന പദം കൊണ്ടു സാധാരണ വിവക്ഷിക്കുന്നത്. വിലകൊടുത്തു് അടിമത്തത്തിൽ നിന്നു് വിമോചിക്കുകയാണ് പരിത്രാണനം.

മനുഷ്യനായിത്തീർന്ന ദൈവസുതന്റെ പ്രവൃത്തിയെ സംബന്ധിച്ചിടത്തോളം പ്രായശ്ചിത്തമെന്നുള്ള പദം പാപം നിമിത്തം ദൈവത്തിനെതിരായി മനുഷ്യവർഗ്ഗം കാണിച്ച നിന്ദയ്ക്കു് പരിഹാരം ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. പരിത്രാണനമെന്ന പദമാകട്ടെ, രണ്ടുകാര്യങ്ങൾ വ്യക്തമാക്കുന്നു.

1. സാത്താന്റെ അടിമത്തത്തിൽ നിന്നും പാപം മനുഷ്യനു വരുത്തിവച്ച നിത്യശിക്ഷയുടെ കടത്തിൽ നിന്നുമുള്ള വിമോചനം.

2. ദൈവമക്കളെന്നുള്ള നിലയിലേക്ക് മനുഷ്യവർഗ്ഗത്തിന്റെ സമുദ്ധാരണം.

## പരിത്രാണനകർമ്മം അതിസമൃദ്ധമായതായിരുന്നു

നമ്മുടെ പാപങ്ങൾക്കു പരിഹാരമായി തന്റെ തിരുരക്തം ചിന്തിയാണ് ദൈവസുതൻ നമ്മെ വീണ്ടെടുത്തതു്. നമ്മുടെ വിലയായി രക്തം ചിന്തുന്നതിന് താൻ അതിയായി അഭിവാഞ്ഛിച്ചു. "എനിക്കു് ഒരു മാമോദീസാ മുങ്ങുവാനുണ്ടു്. അതു നിവൃത്തിയാകുന്നതുവരെ ഞാൻ വളരെ ഞെരുങ്ങുന്നു." എന്നു് അവിടുന്നു തന്റെ പീഡാനുഭവത്തിനുമുമ്പു് പ്രസ്താവിച്ചിട്ടുണ്ടു്. (ലൂക്കാ. 12, 50) "എന്റെ ആത്മാവു് മരണകരമായ ദുഃഖത്തിൽ മുഴുകിയിരിക്കുന്നു." (മത്താ. 26, 38) എന്നാണ് ക്രിസ്തുനാഥൻ ഗത്സമേൻ തോട്ടത്തിൽവച്ചു് അരുളിച്ചെയ്തതു്. തന്റെ ദൈവത്വം മുഖേന തന്റെ മാനുഷികമായ വ്യഥയെ ശമിപ്പിക്കുവാൻ ക്രിസ്തു ഒരുമ്പെട്ടില്ല. കേവലം ഒരു മനുഷ്യനെന്നുള്ള നിലയിൽ താൻ വളരെ വ്യഥയനുഭ

www.malankaralibrary.com



വിച്ചു. ദൈവമായിരുന്നതുകൊണ്ടു് താനനുഭവിക്കുവാനിരിക്കുന്ന നിന്ദ്യമായ പീഡകളും മരണവും അവിടുന്നു മുൻകൂട്ടികണ്ടു. പാപത്തിന്റെ ഭീകരത ദർശിച്ചു. ലോകത്തിൽ ചെയ്യപ്പെട്ടിട്ടുള്ളതും ചെയ്യപ്പെടാനിരിക്കുന്നതുമായ സകല പാപങ്ങളും താൻ വ്യക്തമായിക്കണ്ടു. ഈ ഭയാനകമായ കാഴ്ചയാൽ ക്രിസ്തു ഞെട്ടുകയും രക്തം വിയർക്കുകയും ചെയ്തു. അതിനുശേഷം നടന്ന തന്റെ ബന്ധനം, വിചാരണ, മർദ്ദനങ്ങൾ, സർവ്വോപരി നിന്ദ്യമായ കുരിശുമരണം—ഇവയെല്ലാം താൻ സ്വതന്ത്രമനസ്സോടുകൂടി, നമ്മോടുള്ള സ്നേഹംമൂലം അനുഭവിക്കുകയാണുണ്ടായതു്.

"താൻ ദൈവത്തിന്റെ സാദൃശ്യത്തിലായിരിക്കെ, ദൈവത്തോടു തുല്യനാണെന്നുള്ളതു് അപഹരണമായി ഗണിച്ചില്ല. പിന്നെയോ, സ്വയം വെറുമയാക്കി ദാസന്റെ സാദൃശ്യം എടുക്കുകയും മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്നു് രൂപത്തിൽ മനുഷ്യനെപ്പോലെ കാണപ്പെടുകയും തന്നെത്തന്നെ താഴ്ത്തി, മരണത്തോളം—അതേ, കുരിശുമരണത്തോളം—അനുസരണമുള്ളവനായിത്തീരുകയും ചെയ്തു." (ഫിലിപ്യാ. 2, 6–8)

"എന്നാൽ സമയത്തിന്റെ പൂർത്തിവന്നപ്പോൾ ദൈവം തന്റെ പുത്രനെ അയയ്ക്കുകയും അവിടുന്നു് സ്ത്രീയിൽ നിന്നു ജനിക്കുകയും നിയമത്തിനു കീഴാകുകയും ചെയ്തു. അതു നിയമത്തിനു കീഴുള്ളവരെ വിലയ്ക്കു വാങ്ങുവാനും നാം പുത്രസ്വീകാരം പ്രാപിക്കുവാനും വേണ്ടിത്തന്നെ." (ഗലാ. 4, 4–5)

## പരിത്രാണനകർമ്മം ഒരു പരിഹാരപ്രവൃത്തി

ചെയ്തുപോയ തെററുമൂലമുളവാകുന്ന ദ്രോഹം ഇല്ലാതാക്കുകയാണു് പരിഹാരമെന്നു സാമാന്യരീതിയിൽ പറയാം. പരിഹാരം ചെയ്യുന്ന വ്യക്തിയുടെ യോഗ്യതയനുസരിച്ചാണു് പരിഹാരത്തിന്റെ വില കണക്കാക്കുന്നതു്. മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനു ക്രിസ്തുനാഥൻ പരിഹാരം ചെയ്തു. താൻ ദൈവമാ

www.malankaralibrary.com



യിരുന്നു. മനുഷ്യസ്വഭാവമുണ്ടെങ്കിലും അവിടുത്തെ വ്യക്തി ദൈവികവ്യക്തിയായിരുന്നു. അതിനാൽ ക്രിസ്തുവിൻെറ പരിഹാരപ്രവൃത്തി അനന്തയോഗ്യതയും വിലയും ഉള്ളതായിരുന്നു.

## പരിത്രാണനകർമ്മം

## വീണ്ടെടുപ്പുവിലനൽകിയ ഒരു പ്രവൃത്തി

വീണ്ടെടുപ്പുവിലയെന്നു പറയുന്നതു് അടിമത്തത്തിൽ നിന്നു് ഒരാളെ മോചിപ്പിക്കുന്നതിനു നൽകുന്ന വിലയാണു്. ആദത്തിൻെറ പാപംമൂലം നാം സാത്താൻെറ അടിമകളായിപ്പോയി. വരപ്രസാദമില്ലാതെ അവനോടെതിർത്തു നിൽക്കാൻ നമുക്കു സാദ്ധ്യവുമല്ല. അവൻെറ ക്രൂരമായ ആധിപത്യത്തിൽ നിന്നു്, ക്രിസ്തുനാഥൻ ദൈവനീതിയ്ക്കു വില നൽകി നമ്മെ വീണ്ടെടുത്തു.

## പരിത്രാണനകർമ്മം ഒരു സുകൃത പ്രവൃത്തി

സ്വർഗ്ഗീയമായ പ്രതിഫലത്തിനു നീതിപൂർവകമായ അവകാശം നൽകുന്ന ഒരു പ്രവൃത്തിയാണു് സുകൃതപ്രവൃത്തി. സഹജമായശക്തിമൂലം യാതൊരു സൃഷ്ടിക്കും സുകൃതപ്രവൃത്തിചെയ്യുക സാദ്ധ്യമല്ല. സുകൃതപ്രവൃത്തിക്കു അഞ്ചുകാര്യങ്ങൾ ആവശ്യമാണു്.

1. ഈ ജീവിതത്തിൽ ചെയ്യപ്പെടുന്ന ഒരു മനുഷ്യൻെറ പ്രവൃത്തിയായിരിക്കണം.

2. അതു സ്വാതന്ത്ര്യമായി ചെയ്യുന്നതായിരിക്കണം.
3. ആ പ്രവൃത്തി അതിൽത്തന്നെ നന്മയുള്ളതായിരിക്കണം.

4. ആ പ്രവൃത്തിചെയ്യുന്ന ആൾ ദൈവത്തിൻെറ സ്നേഹിതനായിരിക്കണം; അതായതു് ദൈവവരപ്രസാദത്തിൽ സ്ഥിതിചെയ്യുന്ന ആളായിരിക്കണം.

5. ആ സൽപ്രവൃത്തിക്കു ദൈവം പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കണം.

www.malankaralibrary.com



ഈ അഞ്ചു കാര്യങ്ങളും ക്രിസ്തുനാഥന്റെ പരിത്രാണനകർമ്മത്തിലുണ്ട്.

1. മരണത്തിനു അധീനനായ ഒരു ജീവനുള്ള പൂർണ്ണമനുഷ്യനായിരുന്നു ക്രിസ്തുനാഥൻ.

2. സ്വാതന്ത്ര്യമായാണ് താൻ അതു പ്രവൃത്തിച്ചത്: "എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന്നായി ഞാൻ അതു ബലിയർപ്പിക്കുകനിമിത്തം എന്റെ പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും അത് എന്നിൽ നിന്നു എടുത്തുകളയുകയല്ല, ഞാൻ അതു സ്വമനസ്സാലെ സമർപ്പിക്കുകയാകുന്നു. അതിനെ സമർപ്പിക്കുവാനും വീണ്ടും സ്വീകരിക്കുവാനും ഞാൻ സ്വതന്ത്രനാണ്. (യോഹ. **10. 17–18**)

3. അതു മഹോന്നതമായ ഒരു സ്നേഹപ്രവൃത്തിയായിരുന്നു. തന്റെ സ്നേഹിതന്മാർക്കുവേണ്ടി സ്വജീവൻ അർപ്പിക്കുക എന്നതാണ് ഒരുവനു പ്രത്യക്ഷമാക്കാൻ കഴിയുന്ന ഏറ്റം വലിയ സ്നേഹം (യോഹ. **15, 13**).

4. ക്രിസ്തുനാഥൻ ദൈവത്തിന്റെ പ്രിയപുത്രനായിരുന്നു.

5. പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു: നമ്മെ പ്രസാദവരത്തിനും സ്വർഗ്ഗസൗഭാഗ്യത്തിനും അവകാശികളാക്കുക; അങ്ങനെ ദൈവത്തിന്റെ മക്കളാക്കുക, എന്നതായിരുന്നു പ്രതിഫലം. കാരണം ക്രിസ്തുനാഥൻ വന്നതു നമുക്കു "ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനു"മായിരുന്നല്ലോ.

## പരിത്രാണനകർമ്മം ഒരു ബലിയെന്നുള്ള നിലയിൽ

ബലി ദൈവത്തിനു നൽകുന്ന പരമമായ ആരാധനയാണ്. ബലിയിൽ ബലിവസ്തുവും ബലിയർപ്പിക്കുന്ന പുരോഹിതനും

www.malankaralibrary.com



ആവശ്യമാണ്. ക്രിസ്തുനാഥൻ മനുഷ്യവർഗ്ഗത്തിനുവേണ്ടി സ്വയം ബലിവസ്തുവായിത്തീർന്നു. താൻ തന്നെയാണ് ബലിയർപ്പിച്ച പുരോഹിതനും. ഇതേക്കുറിച്ച് പിന്നാലെ സവിസ്തരം പ്രതിപാദിക്കുന്നതായിരിക്കും.

## പരിത്രാണനത്തിൻെറ പ്രയോജനം എങ്ങനെ ലഭിക്കും?

ദൈവസുതൻെറ പരിത്രാണനകർമ്മംവഴി മനുഷ്യൻ പ്രസാദവരത്തിനും തൻമൂലം സ്വർഗ്ഗസൗഭാഗ്യത്തിനും അവകാശിയായി. പക്ഷേ, എല്ലാവരും അതുകൊണ്ട് തീർച്ചയായും സ്വർഗ്ഗത്തിൽ ചെന്നെത്തുമെന്ന് അതിനർത്ഥമില്ല.

നമ്മുടെ സഹകരണം കൊണ്ടേ നാം രക്ഷിക്കപ്പെടുകയുള്ളു. പരിത്രാണനത്തിൻെറ ഫലങ്ങൾ താൻ നമ്മുടെ മുമ്പിൽ വച്ചിട്ടുണ്ട്. കൈനീട്ടി നാം അവയെ ഏറ്റുക്കണം. അല്ലെങ്കിൽ ഫലമില്ല.

അവിടുന്നു നമുക്കു നേടിത്തന്ന പാപമോചനം നമ്മെ സംബന്ധിച്ചിടത്തോളം വ്രണത്തിനുപകരിക്കുന്ന ഒരു ഔഷധമായി കണക്കാക്കാം. ഔഷധം പുരട്ടിയില്ലെങ്കിൽ വ്രണം കരിയുമോ? പ്രസാദവരം നമ്മെസംബന്ധിച്ചിടത്തോളം ആരോഗ്യം നൽകുന്ന ഒരു ഭക്ഷണമായി കണക്കാക്കാം. ഭക്ഷണം മുമ്പിലുണ്ട്. ഭക്ഷിച്ചില്ലെങ്കിൽ ജീവനും ആരോഗ്യവുമുണ്ടോ? പാപമോചനവും വരപ്രസാദവും ലഭിക്കുന്നതു് വിശുദ്ധ കൂദാശകൾ വഴിയാണ്.

*     *     *     *     *

"മശിഹാ നമ്മെ സ്നേഹിക്കുകയും നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിന് സൗരഭ്യമായ കർബ്ബാനയും യാഗവുമായി അർപ്പിക്കയും ചെയ്തതുപോലെ നിങ്ങളും സ്നേഹത്തിൽ നടപ്പിൻ."

(എഫേ, 5–2)

"താൻ അന്ധകാരത്തിൻെറ അധികാരത്തിൽ നിന്നു നമ്മെ രക്ഷിക്കുകയും ആരിൽ നമുക്കു രക്ഷയും പാപങ്ങളുടെ മോചന

www.malankaralibrary.com



വും ഉണ്ടായിരിക്കുന്നുവോ ആ തന്റെ പ്രിയപുത്രന്റെ രാജ്യത്തിലേക്കു നമ്മെ കൊണ്ടുവരികയും ചെയ്തു.'' (കൊലോ 1. 13–14)

"നമ്മെ സകല ദുഷ്ടതയിൽ നിന്നും രക്ഷിയ്ക്കയും സൽപ്രവൃത്തികളിൽ തീക്ഷ്ണതയുള്ള ഒരു പുതിയ ജനമായി തനിക്കു വേണ്ടി ശുദ്ധീകരിക്കയും ചെയ്യുവാൻ അവിടുന്നു നമ്മെപ്രതി സ്വയം നൽകിയവൻ അത്രേ." (തീത്തൂസ് 1; 14)

www.malankaralibrary.com

# അദ്ധ്യായം 3

## വിശ്വാസം

സാധാരണരീതിയിൽ പറഞ്ഞാൽ വേറൊരാളുടെ വാക്കുകളോടുള്ള നമ്മുടെ ബുദ്ധിയുടെ അവലംബനമാണ് വിശ്വാസം. അതായത് വേറൊരാൾ പറയുന്നതു നാം സ്വീകരിക്കുന്നു. അറിവുള്ളവനും വിശ്വസ്തനുമായ ഒരാളുടെ വാക്കുകളിൽ നമുക്ക് വിശ്വാസം ഉണ്ട്. അയാൾ പറയുന്നതു സത്യമായി നാം കരുതുന്നു.

എന്നാൽ ഇവിടെ പ്രതിപാദിക്കുന്ന വിശ്വാസം ഒരു മൗലികസൽഗുണമാണ്. ആ അർത്ഥത്തിലുള്ള വിശ്വാസത്തെക്കുറിച്ച് സഭ താഴെവരുന്ന പ്രകാരമാണു പഠിപ്പിക്കുന്നത്:

1. വിശ്വാസം വെളിപ്പെടുത്തപ്പെട്ടസത്യത്തോടുള്ള നമ്മുടെ ബുദ്ധിയുടെ അവലംബനമാണ്. നമ്മുടെ ബുദ്ധിശക്തിക്ക് സ്വാഭാവികരീതിയിൽ അറിയാവുന്ന ഒന്നല്ലെങ്കിലും വഞ്ചിക്കുവാനോ, വഞ്ചിക്കപ്പെടുവാനോ പാടില്ലാത്ത ദൈവ

www.malankaralibrary.com



ത്തിന്റെ മുദ്രയുള്ളതുകൊണ്ടാണു് നാം ഒരു സത്യം വിശ്വസിക്കുന്നതു്. പരമസത്യവും നമ്മുടെ നാഥനുമെന്നുള്ള നിലയ്ക്കു നാം ദൈവത്തിനു നൽകുന്ന അർച്ചനയാണു വിശ്വാസം. നമ്മുടെ ബുദ്ധിശക്തിക്കു് അതീതമായ കാര്യങ്ങൾപോലും ദൈവം വെളിപ്പെടുത്തുമ്പോൾ നാം സ്വീകരിക്കുകയാണു വേണ്ടതു്.

2. ദൈവത്തിന്റെ സഹായവും ദൈവികമായ പ്രകാശവും കൂടാതെ രക്ഷയ്ക്കാവശ്യമായ വിധത്തിലുള്ള വിശ്വാസപ്രകരണം യാതൊരു മനുഷ്യനും ചെയ്യുക സാദ്ധ്യമല്ല. ദൈവത്തിൽനിന്നു മനുഷ്യനു ലഭിക്കുന്ന സഹായം യാതൊരുവിധത്തിലും മനുഷ്യന്റെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്നില്ല. വിശ്വാസപ്രകരണം ദൈവം ഒരു സത്യം വെളിപ്പെടുത്തിയെന്നുള്ള വസ്തുത വ്യക്തമാക്കുന്നു.

3. ദൈവം നമുക്കു വെളിപ്പെടുത്തിയിട്ടുള്ളവ വേദപുസ്തകത്തിലും പാരമ്പര്യത്തിലുമുണ്ടു്. ഈ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളിൽ ചിലതു് ബുദ്ധിക്കു് സ്വശക്തികൊണ്ടു് യാതൊരുവിധത്തിലും ഗ്രഹിക്കുവാനൊക്കുകയില്ല.

വിശ്വാസമെന്ന മൗലിക സൽഗുണം മാമോദീസായോടുകൂടി നമ്മുടെ ആത്മാക്കളിൽ ദൈവം നൽകുന്നുണ്ടു്. ദൈവത്തിന്റെ ഈ ദാനം നാം വളരെയധികം വിലമതിക്കേണ്ട ഒന്നാണു്. നാം ഈ ദാനത്തിനുവേണ്ടി ദൈവത്തിനു കൃതജ്ഞത നൽകണം. "മനുഷ്യന്റെ രക്ഷയുടെ ആരംഭമാണു് വിശ്വാസം." എന്നാണു ത്രെന്തോസു് സാർവത്രിക സൂന്നഹദോസ് പഠിപ്പിക്കുന്നതു്. നമ്മുടെ വിശ്വാസം ഉറച്ചതായിരിക്കണം. വിശ്വസിക്കേണ്ട കാര്യങ്ങളിൽ മന:പൂർവ്വമായ സംശയമുണ്ടാക്കുന്നതു് ദൈവീകമായ അധികാരത്തെ നിഷേധിക്കുന്നതിനു തുല്യമാണു്. ഒരഭിപ്രായവും വിശ്വാസവും തമ്മിൽ വലിയ വ്യത്യാസമുണ്ടു്. അഭിപ്രായം ശരിയാ

www.malankaralibrary.com



കാം. തെററാകാം, വിശുദ്ധപൗലോസ് പ്രസ്താവിക്കുന്നു: "വിശ്വാസമോ, പ്രതീക്ഷയിൽ ഇരിക്കുന്നവയെക്കുറിച്ച്, അവ പ്രവൃത്തിരൂപത്തിൽ ആയിത്തീർന്നിരുന്നാൽ, എന്നപോലെയുള്ള ഉറപ്പും കാണപ്പെടാത്തവയുടെ വെളിപാടും ആകുന്നു." (എബ്രാ. 11, 1)

നമ്മുടെ വിശ്വാസം പരിപൂർണ്ണമായിരിക്കണം. ദൈവം വെളിപ്പെടുത്തിയിട്ടുള്ള ചില സത്യങ്ങൾ നാം സ്വീകരിക്കുകയും അതേസമയം മററു ചിലതു നിരാകരിക്കുകയും ചെയ്താൽ അവയെല്ലാം നിഷേധിക്കുന്നതിനു തുല്യമാണ്. കാരണം ദൈവീക അധികാരത്തെ നാം ചോദ്യം ചെയ്യുകയാണ്. വിശ്വാസംകൂടാതെ രക്ഷപ്രാപിക്കുവാൻ സാദ്ധ്യമല്ല. വിശ്വാസമെന്ന സൽഗുണം മാമോദീസായോടുകൂടി ലഭിക്കുമെന്നു പറഞ്ഞുവല്ലോ. പക്ഷെ, തിരിച്ചറിവിന്റെ പ്രായം തികഞ്ഞ ആൾക്ക് ഈ സൽഗുണവും വിശ്വസിക്കുക എന്ന പ്രവൃത്തികർമ്മവും രക്ഷയ്ക്കാവശ്യമാണ്. കുഞ്ഞുങ്ങൾക്കു വിശ്വസിക്കുക എന്ന കർമ്മം സാദ്ധ്യമല്ല. അവർ തിരിച്ചറിവിന്റെ പ്രായമാകുമ്പോൾ വിശ്വസിക്കുന്നതിനു മാമോദീസായിൽ ലഭിച്ച വിശ്വാസമെന്ന സൽഗുണം അവർക്കു സ്വഭാവാതീതമായ ശക്തി പ്രദാനം ചെയ്യും.

വിശ്വാസം പലകാരണങ്ങളാൽ ഒരാൾക്കു നഷ്ടപ്പെടാം.

1. പാപകരമായ ജീവിതം, പ്രാർത്ഥനയിലുള്ള വിമുഖത, കൂദാശകൾ സ്വീകരിക്കാതിരിക്കുക.

2. കത്തോലിക്കാവിശ്വാസസത്യങ്ങൾ ശരിക്കു ഗ്രഹിക്കുവാനുള്ള മടി.

3. അഹങ്കാരം ബുദ്ധികൊണ്ടു തെളിയിക്കുവാൻ സാധിക്കാത്തതു സ്വീകരിക്കുകയില്ലെന്നുള്ള നിലപാട്.

4. നിർമ്മതത്വവും, നിരീശ്വരത്വവും, ദുർമാർഗ്ഗവും പ്രഘോഷിക്കുന്ന പുസ്തകങ്ങളുടെയും പത്രങ്ങളുടെയും പാരായണം.

www.malankaralibrary.com



5. പാഷണ്ഡികളും ശീശ്മക്കാരും, നിർമ്മതരുമായുമുള്ള വിവാഹബന്ധം.

6. സഭയുടെയും സഭയിലെ അധികാരികളുടെയും നേർക്കുള്ള അവജ്ഞ. ചില വ്യക്തികളുടെ കുററമോ, ദുർനടപടിയോ വർദ്ധിതീകരിച്ചുകൊണ്ട് സഭയേയും, സഭാധികാരികളേയും മുഴുവനും ആ വീക്ഷണകോണത്തിൽകൂടിമാത്രം കാണുക.

7. ശരിയായ പരിശീലനമില്ലാതെയും സത്യതത്വങ്ങൾ ശരിയായി ഗ്രഹിക്കാതെയും വാദപ്രതിവാദങ്ങളിലേർപ്പെടുക.

നമ്മുടെ വിശ്വാസം സംരക്ഷിക്കുവാൻ നാം പരിശ്രമിക്കേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന ഏഴു കാരണങ്ങളും അകററുവാൻ നാം തുടർന്നു ശ്രമിക്കണം. ചുരുക്കിപ്പറഞ്ഞാൽ മതപരമായ രീതിയിലുള്ള ഉത്തമ ജീവിതമാണ് വിശ്വാസപരിരക്ഷണത്തിനുള്ള ശരിയായ മാർഗ്ഗം. സ്വയ പരിത്യാഗവും കഷ്ടപ്പാടുകളും വിശ്വാസത്തെ ഉദ്ദീപിപ്പിക്കും. ഈ തത്വം വ്യക്തികൾക്കും സമൂഹത്തിനും ഒരുപോലെ ബാധകമാണ്.

വിശ്വാസത്തിനെതിരായ പ്രലോഭനങ്ങളുണ്ടാകുമ്പോൾ നാം ദൈവസഹായം അപേക്ഷിക്കണം. "ദൈവമേ, ഞാൻ വിശ്വസിക്കുന്നു; എൻെറ വിശ്വാസക്കുറവിനെ ഇല്ലാതാക്കണമെ." എന്നുള്ള വിശ്വാസപ്രകരണം നാം ചൊല്ലണം. വിശ്വാസത്തെക്കുറിച്ചുള്ള സംശയങ്ങൾ മനസ്സിൽ വച്ചുകൊണ്ട് നാം നടക്കരുത്. ഭക്തിയും പാണ്ഡിത്യവുമുള്ള ഒരാളുടെ സഹായം തേടുക. സ്വശക്തിമൂലം എല്ലാം ശരിയാക്കാം എന്നു കരുതിയിരുന്നാൽ നമ്മുടെ അമൂല്യസമ്പത്തായ വിശ്വാസത്തിനു കോട്ടമോ നാശമോ പററുകയും നമ്മുടെ ക്രിസ്തീയജീവിതത്തിൻെറ അസ്ഥിവാരം തന്നെ തകർന്നുപോകുകയും ചെയ്യേക്കാം.

* * * *

"അവൻ അവരോടു ചോദിച്ചു: എന്നാൽ ഞാനാരാണെന്നാണ് നിങ്ങൾ പറയുന്നതു്? ശീമോൻ കീപ്പാ മറുപടിയായി പറ

www.malankaralibrary.com



ഞ്ഞു: അങ്ങു ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു ഈശോ അവനോടു മറുപടിയരുളി: "യോനായുടെ പുത്രനായ ശീമോനേ, നീ അനുഗ്രഹീതനാകുന്നു. എന്തുകൊണ്ടെന്നാൽ ജഡവും രക്തവുമല്ല, പിന്നെയോ സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ ഇതു നിനക്കു വെളിപ്പെടുത്തിയതു്." (മത്താ. 16, 15-17)


"ഉന്നതത്തിൽ നിന്നു വരുന്നവൻ എല്ലാവർക്കും മേലാകുന്നു. ഭൂമിയിൽ നിന്നുള്ളവൻ ഭൗമികനാകുന്നു. ഭൗമികമായവയെപ്പറ്റി സംസാരിക്കുകയും ചെയ്യുന്നു. എന്നാൽ, സ്വർഗ്ഗത്തിൽ നിന്നു വരുന്നവൻ എല്ലാവർക്കും മേലാകുന്നു. അവൻ കാണുകയും കേൾക്കുകയും ചെയ്തതു സാക്ഷിപ്പെടുത്തുന്നു. അവന്റെ സാക്ഷ്യം ആരും സ്വീകരിക്കുന്നുമില്ല. അവന്റെ സാക്ഷ്യം സ്വീകരിക്കുന്നവനാകട്ടെ, ദൈവം സത്യവാനാകുന്നു എന്നതിനു മുദ്രവച്ചു."

(യോഹ. 3, 31-33)

"നാം മനുഷ്യരുടെ സാക്ഷ്യം സ്വീകരിക്കുന്നു എങ്കിൽ മഹത്തായിരിക്കുന്ന ദൈവസാക്ഷ്യം എത്രയധികമായി സ്വീകരിക്കണം."

(യോഹ. 5, 9.)

MALANKARA
LIBRARY



www.malankaralibrary.com

# അദ്ധ്യായം 4

## ക്രിസ്തുനാഥനിലുള്ള വിശ്വാസം—

## ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം

കഴിഞ്ഞ അദ്ധ്യായത്തിൽ വിശ്വാസത്തെക്കുറിച്ചു് നാം സാമാന്യമായി ഗ്രഹിച്ചു. ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം ക്രിസ്തുനാഥനിലുള്ള വിശ്വാസമാണെന്നു നാം കാണുവാൻ പോകയാണു്.

ദൈവികമായ വെളിപാടുണ്ടാകുമ്പോൾ, ദൈവം സംസാരിക്കുന്നു എന്നുള്ളതുകൊണ്ടുതന്നെ നാം അതു പൂർണ്ണമായി വിശ്വസിക്കുന്നു. അപ്പോൾ ക്രിസ്തുവിലുള്ള വിശ്വാസമെന്നു പറയുമ്പോൾ അതിന്റെ അർത്ഥം ക്രിസ്തുനാഥൻ പഠിപ്പിച്ചുവെന്നതുകൊണ്ടുതന്നെ അവിടുന്നു പഠിപ്പിച്ചതു നാം വിശ്വസിക്കുന്നു എന്നതാണു്. കാരണം ക്രിസ്തു ദൈവമാണു്.

www.malankaralibrary.com



## ക്രിസ്തു ദൈവമാണ്

ഇതിനുള്ള തെളിവുകൾ ഏററം സംഗ്രഹിച്ചുതാഴെ ചേർക്കുന്നു.

പ്രവചനങ്ങളിൽ പറഞ്ഞിട്ടുള്ള കാലത്ത്, അവ വിവരിക്കുന്ന രീതിയിൽ, അവയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലത്ത് ക്രിസ്തു ജനിച്ചു. തൻെറ ജീവിതം മുഴുവനും പ്രവചനങ്ങളുടെ ഒരു പൂർത്തീകരണമായിരുന്നു. തൻെറ ജീവിതത്തിനുശേഷം എഴുതപ്പെട്ടാലെന്നതുപോലെ അത്ര കണിശമായിട്ടാണ് തന്നിൽ പ്രവചനങ്ങൾ നിറവേറിയിട്ടുള്ളത്.

അവിടുന്നുതന്നെ തൻെറ പീഡാനുഭവും മരണവും ഉയർത്തെഴുന്നേൽപും പ്രവചിച്ചിട്ടുണ്ട്.

ദൈവത്തിനുമാത്രം ചെയ്യാവുന്ന അൽഭുതങ്ങൾ താൻ ചെയ്യുകയും അവയെ തൻെറ ദൈവത്വത്തിനുള്ള തെളിവായി ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്.

താൻ ദൈവസുതനാണെന്ന് അവിടുന്നുപലപ്പോഴും പ്രഖ്യാപിച്ചിട്ടുണ്ട്. അബ്രഹാം ജാതനാകുന്നതിനു മുൻപേ താൻ ഉണ്ട്. യൂദന്മാർ തൻെറ വാക്കുകൾ ശരിയായവിധത്തിൽത്തന്നെ ഗ്രഹിക്കുകയും ചെയ്തു.

എല്ലാവരും സമ്മതിക്കുന്നുണ്ട്, മനുഷ്യവർഗ്ഗത്തിൽ ജീവിച്ചിട്ടുള്ളവരിൽ ഏററം പൂർണ്ണനാണു ക്രിസ്തുനാഥനെന്ന്. ഏററം പരിപൂർണ്ണനായ ആൾ മററുള്ളവരെ വഞ്ചിക്കുകയില്ല. ആ ആൾ സത്യമേ പറയൂ. ഇപ്രകാരം സത്യവാനായ അവിടുന്ന് താൻ ദൈവമാണെന്ന് സ്വയം പ്രഖ്യാപിച്ചിട്ടുമുണ്ട്.

താൻ ദൈവമാണെന്നു പ്രഖ്യാപിച്ചിട്ടു ക്രിസ്തുവിന് ഒന്നും നേടാനില്ലായിരുന്നു. ബഹുമാനവും അധികാരവും ഒന്നും താൻ ആഗ്രഹിച്ചില്ല. താൻ ദൈവമാണെന്നു അവകാശപ്പെടുന്നതു മൂലം തനിക്കു നിന്ദ്യമായ മരണം വിളിച്ചുവരുത്തുകയാണെന്നറിഞ്ഞിട്ടും അവിടുന്ന് അങ്ങനെ പ്രഖ്യാപിക്കുകയാണു ചെയ്തത്.

www.malankaralibrary.com



തൻെറ പ്രബോധനങ്ങൾ ദൈവികനായ ഒരു വ്യക്തിയുടേ താണെന്നു് അവ പരിശോധിക്കുമ്പോൾ കാണാം. വി. അഗസ്റ്റീനോസു് പറയുന്നു: "ക്രിസ്തു താൻ ദൈവമാണെന്നു പറഞ്ഞതു ഞാൻ വിശ്വസിക്കുന്നു, കാരണം അവിടുന്നു പഠിപ്പിച്ചിട്ടുള്ളതു് യാതൊരു മാനുഷികബുദ്ധിയും ഗ്രഹിച്ചിട്ടില്ല, ഗ്രഹിക്കുകയുമില്ല." വി. കർബാന, പരിശുദ്ധത്രിത്വം മനുഷ്യാവതാരം ഇവയെല്ലാം മനുഷ്യബുദ്ധിക്കതീതമാണു്.

ക്രിസ്തുനാഥൻ തന്നെക്കുറിച്ചു മാത്രമല്ല, പ്രവചിച്ചിട്ടുള്ളതു്; പ്രത്യുത തൻെറ ശിഷ്യന്മാരെക്കുറിച്ചും തൻെറ സഭയുടെ ഭാവിയെക്കുറിച്ചും യഹൂദന്മാരെക്കുറിച്ചും യറുസലേമിൻെറയും ദൈവാലയത്തിൻേറയും നാശത്തെക്കുറിച്ചും പ്രവചിച്ചിട്ടുണ്ടു്. അവയെല്ലാം നിറവേറുകയും ചെയ്തു.

പ്രവചനം ഒരിക്കലും തെററായ ഒരു കാര്യത്തിനു് കൂട്ടുനിൽക്കുകയില്ല. എന്നു പറഞ്ഞാൽ പ്രവചിക്കുന്ന ആളിനു് ദൈവികമായ ദാനമോ ശക്തിയോ ഉണ്ടായിരിക്കണം താൻ ദൈവമാണെന്നുക്രിസ്തുനാഥൻ പ്രഖ്യാപിക്കുകയും ആ പ്രഖ്യാപനത്തിൻെറ വിശ്വാസയോഗ്യതയ്ക്കു് തൻെറ പ്രവചനങ്ങൾ തെളിവായി ചൂണ്ടിക്കാണിയ്ക്കുകയും ചെയ്തിട്ടുണ്ടു്.

സർവോപരി ക്രിസ്തുവിൻെറ പുനരുത്ഥാനം അവിടുത്തെ ദൈവത്വത്തിനുള്ള അനിഷേദ്ധ്യമായ തെളിവാണു്.

ക്രിസ്തു ദൈവമായതുകൊണ്ടു് താൻ പഠിപ്പിച്ചിട്ടുള്ളതു മുഴുവനും നാം വിശ്വസിക്കണം. നമുക്കിഷ്ടമുള്ളവ വിശ്വസിച്ചിട്ടു മററുള്ളവ വിശ്വസിക്കാതിരിക്കുന്നതു് തന്നിൽ നാം അവിശ്വാസം കാണിക്കുന്നതിനു തുല്യമാണു്.

www.malankaralibrary.com



തന്നെ പൂർണ്ണമായി മനസ്സിലാക്കുന്നതിനു ദൈവം നമ്മോടാവശ്യപ്പെടുന്നില്ല. നേരേമറിച്ചു തന്നിൽ വിശ്വസിക്കുന്നതിനും തന്നെ സേവിക്കുന്നതിനും സ്നേഹിക്കുന്നതിനുമാണു് ദൈവം നമ്മോടാവശ്യപ്പെടുന്നതു്. ഒരു കുഞ്ഞു് തന്റെ അമ്മയിൽ വിശ്വാസം സമർപ്പിക്കുന്നതുപോലെ നാമും ക്രിസ്തുവിൽ വിശ്വാസം സമർപ്പിക്കണമെന്നാണു് അവിടുന്നു് നമ്മോടാവശ്യപ്പെടുന്നതു്.

ക്രിസ്തുമതമെന്നു പറയുന്നതു് ക്രിസ്തുവിന്റെ ദൈവത്വത്തെ അതിന്റെ തത്വപരവും പ്രായോഗികവുമായ എല്ലാ അനുമാനങ്ങളോടുംകൂടി സ്വീകരിക്കുന്നതല്ലാതെ മറ്റൊന്നുമല്ല. തന്മൂലമാണു ക്രിസ്തുനാഥനിലുള്ള വിശ്വാസം ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനമാണെന്നു പറയുന്നതു്.

* * * *

ദൈവത്തിന്റെ പുത്രനിൽ വിശ്വസിക്കുന്ന ഏവനും തന്റെ ഉള്ളിൽ ഈ സാക്ഷ്യമുണ്ടു്; ദൈവത്തെ വിശ്വസിക്കാത്ത ഏവനും, ദൈവം തന്റെ പുത്രനെക്കുറിച്ചു് നൽകിയിരിക്കുന്ന സാക്ഷ്യത്തിൽ വിശ്വസിയ്ക്കായ്കമൂലം വ്യാജം പറയുന്നവനാകുന്നു. ദൈവം നമുക്കു് നിത്യജീവൻ തന്നു; ആ ജീവൻ അവിടുത്തെ പുത്രനിൽ ഇരിക്കുന്നു. ഇതാകുന്നു ആ സാക്ഷ്യം. പുത്രനെ പ്രാപിച്ചിരിക്കുന്ന ഏവനും ജീവനെയും പ്രാപിച്ചിരിക്കുന്നു. ദൈവത്തിന്റെ പുത്രനെ പ്രാപിക്കാത്ത ഒരുത്തനും ജീവനില്ല." (യോഹ: **5, 10–12**)

"ആകയാൽ നിങ്ങളും നമ്മുടെ കർത്താവായ ഈശോമിശിഹായെ സ്വീകരിച്ചതുപോലെതന്നെ വേരുകൾ ഉറപ്പിക്കപ്പെട്ടു അവനിൽ പണിചെയ്യപ്പെട്ടു. പഠിച്ചവിശ്വാസം മൂലം സ്തോത്രത്തിൽ മികച്ചവരായിരിക്കേണ്ടതിനു് അതിൽ സ്ഥിരപ്പെട്ടും അങ്ങിൽ വ്യാപരിക്കുവിൻ" (കൊലൊ: **2, 6–9**)

www.malankaralibrary.com

# അദ്ധ്യായം 5

## സഭ

ക്രിസ്തു ദൈവമാണെന്നും, അവിടുന്നു പഠിപ്പിച്ചുവെന്നതുകൊണ്ടു തന്നെ പ്രസ്തുത സത്യങ്ങളെ നാം വിശ്വസിക്കണമെന്നും, ക്രിസ്തുവിലുള്ള ഈ വിശ്വാസമാണു് ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനമെന്നും നാം കണ്ടു കഴിഞ്ഞു.

ക്രിസ്തു ഭൂമിയിൽ വന്നതു് ഭൂമിയിലുള്ളവരായ നമ്മെ സ്വർഗ്ഗത്തിനവകാശികളാക്കുന്നതിനാണു്. മനുഷ്യർ ദൈവമക്കളാകുന്നതിനുവേണ്ടി ദൈവം മനുഷ്യനായിത്തീർന്നു. അവിടുന്നു വന്നതു് യഹൂദന്മാർക്കുവേണ്ടി മാത്രമോ, അക്കാലത്തു ജീവിച്ചിരുന്ന ആളുകൾക്കുവേണ്ടിമാത്രമോ അല്ലായിരുന്നു; പ്രത്യുത, എല്ലാക്കാലങ്ങളിലും എല്ലാ രാജ്യങ്ങളിലുമുള്ള ആളുകൾക്കുവേണ്ടിയുമായിരുന്നു.

ലോകാവസാനംവരെ ലോകമെങ്ങുമുള്ള മനുഷ്യർ തന്റെ രക്ഷാകരവ്യാപാരങ്ങളുടെ ഫലം അനുഭവിക്കേണ്ടതാണു്. പക്ഷെ, അതിനുള്ള മാർഗ്ഗമെന്തു്?

www.malankaralibrary.com



തൻെറ പ്രബോധനങ്ങളെ തെറാകൂടാതെ ആരു് മനുഷ്യവർഗ്ഗത്തിനു നൽകും? തൻെറ ജീവിതത്തിൻെറ മഹനീയ മാതൃക ആരു് ലോകത്തിൻെറ മുമ്പിൽ പ്രദർശിപ്പിയ്ക്കും? മനുഷ്യവർഗ്ഗത്തിനു പ്രസാദവരം ലഭിക്കുന്നതിനുവേണ്ടി അവിടുന്നു സ്ഥാപിച്ചിട്ടുള്ള കൂദാശകൾ എങ്ങനെ ലോകാവസാനത്തോളം മനുഷ്യർക്കു പ്രയോജനകരമായ രീതിയിൽ കൈകാര്യം ചെയ്യും?

ലോകത്തെ രക്ഷിച്ചതു് മനുഷ്യനായിത്തീർന്ന ദൈവമാണു്. തൻെറ രക്ഷാകരവ്യാപാരങ്ങൾ അന്യൂനം, അഭംഗുരം ലോകാവസാനത്തോളം തുടർന്നുകൊണ്ടുപോകുന്നതിനു ദൈവികമായ അധികാരം നൽകി അവിടുന്നു മനുഷ്യരെനിയോഗിക്കുകയാണു ചെയ്തതു്.

ക്രിസ്തുനാഥൻ തൻെറ രക്ഷാകര വ്യാപാരങ്ങളെ ലോകാവസാനത്തോളം നിലനിറുത്തുന്നതിനു ആവശ്യമായ കാര്യങ്ങളെല്ലാം നിർവ്വഹിച്ചിട്ടുണ്ടു്.

അവിടുന്നു പരസ്യജീവിതാരംഭത്തിൽ തന്നെ തൻെറ ദൗത്യം നിലനിറുത്തുന്നതിനുവേണ്ടി ഏതാനും വ്യക്തികളെ പരിശീലിപ്പിക്കുവാൻ തുടങ്ങി. ഒരു രാത്രിമുഴുവനും പ്രാർത്ഥനയിൽ ചിലവഴിച്ചശേഷം പ്രഭാതത്തിൽ, തൻെറ അനേക ശിഷ്യന്മാരിൽ നിന്നു് പന്ത്രണ്ടുപേരെ തെരഞ്ഞെടുത്തു; അയയ്ക്കപ്പെട്ടവർ എന്നർത്ഥമുള്ള ശ്ലീഹന്മാരെന്നു് അവർക്കു് പേരുവിളിച്ചു. "ആകയാൽ അവർ തൻെറ പക്കൽചെന്നു. രോഗങ്ങൾ സുഖമാക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതിനും ഉള്ള അധികാരത്തോടെ തൻെറ ആജ്ഞാനുസരണം പോയി പ്രസംഗിക്കുന്നതിനും തന്നോടു കൂടിയിരിക്കുന്നതിനുമായി പന്ത്രണ്ടുപേരെ അവിടുന്നു നിശ്ചയിച്ചു. (മർക്കോ. **3. 14–15**) മൂന്നു സംവത്സരത്തോളം അവിടുന്നു് അവരെ പരിശീലിപ്പിച്ചു. ഒടുവിൽ അവിടുന്നു് അവരോടരുളി: "എൻെറ പിതാവു് എന്നോടു പറഞ്ഞിട്ടുള്ളതെല്ലാം ഞാൻ നിങ്ങളെ അറിയിച്ചിട്ടുണ്ടു്" (യോഹ, **15–15**)

ജ്ഞാനത്തിലും ഓർമ്മയിലും അവർക്കുള്ള കുറവിനെ പരിശുദ്ധാത്മാവു പരിഹരിക്കും: "എൻെറ പിതാവു് എൻെറ നാമത്തിൽ

www.malankaralibrary.com



അയയ്ക്കുന്ന പരിശുദ്ധാത്മാവായ ആശ്വാസപ്രദൻതന്നെ നിങ്ങളെ സകലവും പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറയുന്നവയെല്ലാം നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും." (യോഹ: 14–26)

അവിടുന്നു പുനരുത്ഥാനം ചെയ്തദിവസത്തിൽ ശ്ലീഹന്മാർക്കു പ്രത്യക്ഷനായി അരുളിച്ചെയ്തു: "എന്റെ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു." (യോഹ: 20–21)

ക്രിസ്തു തന്റെ ശക്തിയും അധികാരവും അപ്പോസ്തലന്മാർക്കു നൽകി, അവരെ ലോകത്തിലേയ്ക്കയച്ചു. പാപംമോചിക്കുവാനുള്ള അധികാരം ദൈവത്തിനുമാത്രമുള്ളതാണു്. പക്ഷേ, ആ അധികാരം അവിടുന്നു ശ്ലീഹന്മാർക്കു നൽകി. "ഇവ അരുളിച്ചെയ്തിട്ടു് അവിടുന്നു് അവരുടെ മേൽ ഊതി, അവരോടു് നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെടും. എന്നാൽ ആരുടേതെങ്കിലും ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും." (യോഹ: 20, 22–23)

വീണ്ടും തന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പു് അവിടുന്നു് പതിനൊന്നു് ശ്ലീഹന്മാർക്കു് പ്രത്യക്ഷനായി അരുളിച്ചെയ്തു: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി ഞാൻ നിങ്ങൾക്കു നൽകിയിട്ടുള്ള പ്രമാണങ്ങളെല്ലാം അനുസരിക്കുന്നതിനു സകല ജാതികളെയും പഠിപ്പിയ്ക്കുകയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തുകൊണ്ടു് അവരെ ശിഷ്യപ്പെടുത്തുവിൻ."

(മത്താ: 28: 18–20)

www.malankaralibrary.com



ശ്ലീഹന്മാരുടെ പ്രബോധനങ്ങൾ ക്രിസ്തുനാഥന്റെ പ്രബോധനങ്ങൾ തന്നെയാണ്. അതുനിമിത്തമാണല്ലൊ അവിടുന്ന് അരുളിയതു്: "വിശ്വസിച്ചു മാമോദീസാസ്വീകരിക്കുന്നവൻ രക്ഷപ്പെട്ടും. വിശ്വസിക്കാത്തവൻ കുററക്കാരനായി വിധിക്കപ്പെടും" (മക്കോ: 16–16) എന്നും ലോകാവസാനംവരെ താൻ അവരോടുകൂടി ഉണ്ടായിരിക്കുമെന്നും അവിടുന്ന് വാഗ്ദാനം ചെയ്തു.

പത്രോസിനെ ക്രിസ്തു ശ്ലീഹന്മാരുടെ തലവനായും സഭയുടെ അടിസ്ഥാനമായും തിരഞ്ഞെടുത്തു സഭ മുഴുവനിലും പത്രോസിന് അധികാരം നൽകി.

ഇങ്ങനെ മതപരമായ ഒരു സമൂഹം അഥവാ സഭ പണിയുന്നതിനുവേണ്ടതെല്ലാം ക്രിസ്തുനാഥൻ ചെയ്തു. ഒരു സമൂഹത്തിനാവശ്യമായ നാലുഘടകങ്ങളും സഭയിലുണ്ട്:

1. അംഗങ്ങൾ.
2. പൊതുവായ ഒരു ലക്ഷ്യം.
3. ആ ലക്ഷ്യം സാധിക്കുന്നതിനുവേണ്ട മാർഗ്ഗങ്ങൾ.
4. അംഗങ്ങളെ ഏകഘടകമായി ഭരിക്കുന്നതിനുള്ള അധികാരം.

## 1 അംഗങ്ങൾ

ക്രിസ്തു പന്ത്രണ്ടു ശ്ലീഹന്മാരെ പഠിപ്പിച്ച്, അവർക്ക് അധികാരം നൽകിയശേഷം അവരെ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും നിയോഗിച്ചു. പെന്തിക്കോസ്തി ദിവസംതന്നെ സഭയിൽ മൂവായിരം പേർ അംഗങ്ങളായി.

## 2 പൊതുവായ ലക്ഷ്യം

ആത്മാക്കളുടെ വിശുദ്ധീകരണവും രക്ഷയുമാണ് സഭാസമൂഹത്തിന്റെ പൊതുലക്ഷ്യം. ക്രിസ്തുനാഥനും അപ്പോസ്തലന്മാർക്കും ഇക്കാര്യത്തിൽ ഒരേ ഉദ്ദേശമേ ഉണ്ടായിരുന്നുള്ളു: "എന്റെ പിതാവു്

www.malankaralibrary.com



എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു." എന്നാണല്ലോ അവിടുന്ന് അരുളിച്ചെയ്തിട്ടുള്ളതു്. താൻ ലോകത്തിൽ വന്ന ആ ഉദ്ദേശം ലോകാവസാനത്തോളം തുടർന്നുകൊണ്ടുപോകുക എന്നതായിരുന്നു അപ്പോസ്തലന്മാരുടെ ചുമതല.

3. ഈ പൊതുവായ ലക്ഷ്യം എല്ലാവരും പൊതുവായ മാർഗ്ഗങ്ങളുപയോഗിച്ച് നേടണം. അപ്പോസ്തലന്മാർ പഠിപ്പിച്ച ക്രിസ്തുവിന്റെ പ്രബോധനങ്ങളിലുള്ള വിശ്വാസം, തന്റെ കല്പനകളുടെ പാലനം താൻ പ്രസാദവരസ്രോതസുകളായി സ്ഥാപിച്ചിട്ടുള്ള വിശുദ്ധ കൂദാശകളുടെ സ്വീകരണം—ഇവയെല്ലാമാണ് പൊതുവായ മാർഗ്ഗങ്ങൾ.

4. എല്ലാ അംഗങ്ങളും ഏക അധികാരത്തിൻ കീഴിലായിരിക്കണം. കേവലം യുക്തിയിൽ നിന്നുതന്നെ ഇക്കാര്യം ഗ്രഹിക്കാവുന്നതാകയാൽ കൂടുതൽ ചർച്ചയ്ക്കു് ആവശ്യമില്ല. നാഥനില്ലാക്കളരി പോലെയായാൽ ഒരു സമൂഹവും നിലനിൽക്കുകയില്ലല്ലൊ. ക്രിസ്തു പത്രോസിലും അദ്ദേഹത്തിന്റെ പിൻഗാമികളിലും സഭാപരമായ പരമാധികാരം നിക്ഷേപിക്കാൻ തിരുമനസ്സായി. ഇതു നാം പിന്നാലെ വിശദമായി ചർച്ചചെയ്യുന്നതായിരിക്കും.

ഇങ്ങനെ ഒരു സമൂഹത്തിന് ആവശ്യമായ നാലു ഘടകങ്ങളും ക്രിസ്തുനാഥൻ സ്ഥാപിച്ച സഭയിൽ പരിപൂർണ്ണമായി കാണാവുന്നതാണ്

ശ്ലീഹന്മാരുടെ നടപടിപ്പുസ്തകം വായിച്ചുനോക്കുക; ശ്ലീഹന്മാരുടെ പ്രസംഗങ്ങളും പരിശ്രമങ്ങളും മുഖേന സഭ ഓരോരോസ്ഥലത്തു് ഉണ്ടാകുന്നതും വർദ്ധിക്കുന്നതും വി: ലൂക്കോസ് വിവരിച്ചിട്ടുണ്ടു്. പെന്തിക്കോസ്തിദിവസംതന്നെ മൂവായിരംപേർ സഭയുടെ അംഗങ്ങളായി. നമ്മുടെ കർത്താവു് രക്ഷ പ്രാപിക്കേണ്ടവരെ എല്ലാ ദിവസവും സഭയിൽ വർദ്ധിപ്പിച്ചുകൊണ്ടുമിരുന്നു." (നട. 2; 47) "സഭയിൽ സമാധാനമുണ്ടായി, അതു അഭിവൃദ്ധിപ്പെട്ടും ഭയത്തിൽ

www.malankaralibrary.com



വ്യാപരിച്ചും പരിശുദ്ധാത്മാവിൻെറ ആശ്വാസത്താൽ വളർന്നും വന്നു." (നട. 9; 31)

വിശുദ്ധപൗലോസിൻെറ ലേഖനങ്ങളിൽ നിന്നു് സഭയെക്കുറിച്ചും സഭാനടപടികളെക്കുറിച്ചും നമുക്കു പല പുതിയ അറിവുകളും ലഭിക്കുന്നു.

* * *

"ഞാനും നിന്നോടു പറയുന്നു: നീ പാറയാകുന്നു. ഈ പാറമേൽ എൻെറ സഭയെ ഞാൻ പണിയും; നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതു സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടിരിക്കും." (മത്താ. 16: 18–19)

"നിങ്ങളുടെ വാക്കു കേൾക്കുന്നവൻ എൻെറ വാക്കു കേൾക്കുന്നു; നിങ്ങളെ നിരസ്സിക്കുന്നവൻ എന്നെയാകുന്നു നിരസിയ്ക്കുന്നതു്; എന്നെ നിരസിയ്ക്കുന്നവനോ എന്നെ അയച്ചവനെ നിരസിയ്ക്കുന്നു."

(ലൂക്കോസു്. 10; 16)

www.malankaralibrary.com

# അദ്ധ്യായം 6

## ക്രിസ്തുവിൻെറ സഭയിലെ പരിശുദ്ധാത്മപ്രവർത്തനം

ക്രിസ്തുനാഥൻ ദൈവമാണെന്നും താൻ ഒരു സഭയെ സ്ഥാപിച്ചുവെന്നും നാം കണ്ടുകഴിഞ്ഞു. ക്രിസ്തുസ്ഥാപിച്ച സഭയിൽ പരിശുദ്ധാത്മാവിൻെറ സാന്നിദ്ധ്യവും പ്രവർത്തനവും ഏതുപ്രകാരം ഉണ്ടായിരിക്കുന്നുവെന്നാണ് ഇനിയും നമുക്കു മനസ്സിലാക്കേണ്ടതു്.

ലോകാവസാനത്തോളം മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിനുള്ള ചുമതല നിർവ്വഹിക്കുന്നതിന് വേണ്ടിയാണെല്ലോ ക്രിസ്തു സഭയെ സ്ഥാപിച്ചതു്. പക്ഷെ, തൻെറ രക്ഷാകരവ്യാപാരങ്ങളുടെ നടത്തിപ്പിന് അവിടുന്ന് തെരഞ്ഞെടുത്തതു് മനുഷ്യരെയാണ്. മനുഷ്യർ ദുർബലരുമാണ്. ഏതു സമയത്തും മനുഷ്യനു

www.malankaralibrary.com



തെററിൽ അകപ്പെട്ടാം. എന്നാൽ, തെററിൽ വീഴാവുന്ന മനുഷ്യർ മൂലം തൻെറ സഭയുടെ ചുമതല നിർവഹണത്തിൽ തെററുപാററരുത് എന്ന് അവിടുന്ന നിശ്ചയിച്ചു. അതിനായി സഭയ്ക്ക് പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുകയും ആ വാഗ്ദാനം പെന്തിക്കോസ്തി ദിവസത്തിൽ നിറവേററുകയും ചെയ്തു.

അവിടുന്ന് തൻെറ അന്തിമ പ്രഭാഷണവേളയിൽ ശ്ലീഹന്മാരെ സമാശ്വസിപ്പിച്ചുകൊണ്ട് അരുളിച്ചെയ്തു: "ഞാൻ എൻെറ പിതാവിനോടു ചോദിക്കും. നിങ്ങളോടുകൂടി എന്നും ഇരിക്കേണ്ടതിനായി വേറൊരു പാറക്ലീത്തായെ അവൻ നിങ്ങൾക്കു നൽകും. ലോകത്തിനു സ്വീകരിക്കുവാൻ കഴിയാത്ത ആ സത്യാത്മാവിനെത്തന്നെ. എന്തെന്നാൽ, അതു അവനെ കണ്ടിട്ടുമില്ല, അവനെ അറിഞ്ഞിട്ടുമില്ല. നിങ്ങളോ, അവൻ നിങ്ങളോടുകൂടി വസിക്കയും നിങ്ങളിൽ, ഇരിക്കയും ചെയ്യുന്നതുകൊണ്ട്, അവനെ അറിയുന്നു." (യോഹ. 14, 16–17)

## സഭയിൽ പരിശുദ്ധാത്മാവിൻെറ പ്രവർത്തനം

ക്രിസ്തു പഠിപ്പിച്ചിട്ടുള്ളതെല്ലാം പരിശുദ്ധാത്മാവ് അപ്പോസ്തലന്മാരെ ഓർപ്പിക്കും: 'എൻെറ നാമത്തിൽ അയയ്ക്കുന്ന പരിശുദ്ധാത്മാവായ പാറക്ലീത്താ തന്നെ, നിങ്ങളെ സകലവും പഠിപ്പിക്കുകയും ഞാൻ നിങ്ങളോടുപറയുന്നവയെല്ലാം നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും"

(യോഹ. 14; 26)

എല്ലാസത്യത്തെക്കുറിച്ചുമുള്ള അറിവ് പരിശുദ്ധാത്മാവ് അപ്പോസ്തലന്മാർക്കു പ്രദാനം ചെയ്യും. "സത്യാത്മാവു വന്നുകഴിയുമ്പോൾ അവൻ സകല സത്യങ്ങളിലും നിങ്ങളെ നയിക്കും." (യോ. 16; 13)

പരിശുദ്ധാത്മാവ് ക്രിസ്തുവിനെക്കുറിച്ചു സാക്ഷ്യപ്പെടുത്തും: "എൻെറ പിതാവിൻെറ അടുക്കൽ നിന്നു നിങ്ങൾക്കു ഞാൻ അയ

www.malankaralibrary.com



കുന്ന പാറക്ക്ലീത്താ—ആ സത്യാത്മാവ്—വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തും". (യോഹ. 15; 26)

പെന്തിക്കോസ്തി ദിവസമാണ് സഭയുടെ ജന്മദിനം. നമ്മുടെ കർത്താവ് തന്റെ ഉയിർത്തെഴുനേല്പിനും സ്വർഗ്ഗാരോഹണത്തിനു മിടയ്ക്ക് അനേകം പ്രാവശ്യം ശ്ലീഹന്മാർക്കു പ്രത്യക്ഷനാകുകയും അനേകകാര്യങ്ങൾ അവർക്കു വെളിപ്പെടുത്തുകയും സഭയുടെ നില നിൽപ്പിനും വർദ്ധനവിനും ആവശ്യമായ എല്ലാ അധികാരവും അവർക്കു നൽകുകയും ചെയ്തു. എങ്കിലും അവർക്ക് പരിശുദ്ധാത്മ നൽവരങ്ങൾ സമൃദ്ധമായി ലഭിക്കേണ്ടിയിരുന്നു. "എന്നാൽ, സത്യം ഞാൻ നിങ്ങളോടു പറയുന്നു. ഞാൻ പോകുന്നതാണ് നിങ്ങൾക്കു നല്ലത്. ഞാൻ പോകുന്നില്ലെങ്കിൽ പാറക്ക്ലീത്താ നിങ്ങളുടെ അടുക്കലേക്കു വരുകയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്ക് ഞാൻ അയയ്ക്കും" (യോഹ. 16. 7) എന്നാണല്ലോ അവിടുന്നു അരുളിച്ചെയ്തിട്ടുള്ളത്. തൻമൂലമാണ് തന്റെ സ്വർഗ്ഗാരോഹണത്തിനു മുൻപ് താൻ ശ്ലീഹന്മാരോടു അരുളിച്ചെയ്തത്: "നിങ്ങൾ യറുശലേമിൽ നിന്നു അകല ലെപ്പോകാതെ, എന്നിൽ നിന്നു കേട്ട പിതാവിന്റെ വാഗ്ദാനം പാർത്തിരിക്കണം. യോഹന്നാൻ വെള്ളംകൊണ്ടു മാമോദീസാ നൽകി. നിങ്ങൾ വളരെ നാളുകൾ കഴിയുന്നതിനു മുമ്പായി പരിശുദ്ധാത്മാവിൽ മാമോദീസാ സ്വീകരിക്കും" (നടപടി. 1: 3–5). ഇസ്രായേലിന്റെ രാജ്യം അവിടുന്നു പുന:സ്ഥാപിക്കുമോയെന്നുള്ള ചില ശ്ലീഹന്മാരുടെ ചോദ്യത്തിന് ക്രിസ്തു മറുപടിയരുളി: "എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. അപ്പോൾ നിങ്ങൾ യറുശലേമിലും യുദാമുഴുവനിലും സമറായക്കാരുടെ സ്ഥലത്തും ഭൂമിയുടെ അതിർത്തികൾവരെയും എനിക്കു സാക്ഷികൾ ആകും." (നടപടി. 1: 8)

പരിശുദ്ധാത്മാവിന്റെ ആഗമനം ഇസ്രായേൽ രാജ്യത്തിന്റെ സ്ഥാപനത്തിനല്ല, പ്രത്യുത തന്റെ സഭയുടെ സ്ഥാപനത്തിനാണ്.

www.malankaralibrary.com



നമ്മുടെ കർത്താവിൻെറ കല്പനയനുസരിച്ച് അപ്പോസ്തലന്മാർ പരിശുദ്ധകന്യകമറിയത്തിൻെറ നേതൃത്വത്തിൽ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി.

പെന്തിക്കോസ്തിദിവസത്തിൽ പരിശുദ്ധാത്മാവ് അവരുടെ മേൽ അഗ്നിനാവിൻെറ സാദൃശ്യത്തിൽ ഇറങ്ങുകയും അവരെല്ലാവരും പരിശുദ്ധാത്മാവുകൊണ്ട് നിറയുകയും ചെയ്തു, ലോകത്തിൻെറ അദ്ധ്യാപകരാകേണ്ട അവർക്ക വിവിധ ഭാഷകളിൽ സംസാരിക്കുന്നതിനുള്ള വരം ലഭിക്കുകയും ചെയ്തു.

അപ്പോസ്തല നടപടികളിലെ ഈ വിവരണത്തിൽ നിന്നു-തന്നെ തൻെറ സഭകൊണ്ടുള്ള ക്രിസ്തുവിൻെറ ഉദ്ദേശമെന്തെന്ന് ഏകദേശമായിട്ടെങ്കിലും നമുക്ക് ഗ്രഹിക്കാവുന്നതാണ്. അവിടുന്നാണു സഭയുടെ സ്ഥാപകൻ. ആ സഭയുടെ നിലനില്പിനും വളർച്ചക്കും മനുഷ്യരുടെ സഹകരണം ആവശ്യമാണ്. അതിനുവേണ്ടി അവിടുന്നു ഏതാനുംപേരെ തെരഞ്ഞെടുത്തു പഠിപ്പിച്ചു. അവർ തൻെറ പ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും സാക്ഷികളും ആയിരിക്കുന്നതിനു പുറമേ മററുള്ളവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. ലോകാവസാനത്തോളം നിലനിൽക്കുന്നതിനാണ് അവിടുന്നു സഭയെ സ്ഥാപിച്ചത് എന്നും നാം ഈയവസരത്തിൽ ഓർക്കണം. അവർ ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും പുറപ്പെടുന്നതിനു മുൻപു പരിശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥനാപൂർവ്വം നോക്കിപ്പാർത്തിരിക്കണം. പരിശുദ്ധാത്മാവാണ് അവരെ സ്വഭാവാതീതമായ രീതിയിൽ നിയന്ത്രിക്കേണ്ടതും, അവരുടെ ഉപദേശങ്ങളിൽ തെറവരാതെ അവരെ സംരക്ഷിക്കേണ്ടതും.

ഒടുവിൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശ്ലീഹന്മാർ ക്രിസ്തുനാഥൻെറ ദൗത്യവാഹികളും സഭയുടെ കെട്ടുപണിക്കാരും ആത്മാക്കളുടെ സംരക്ഷകരും മനുഷ്യരുടെ ശുദ്ധീകരണത്തിനുള്ള ആയുധങ്ങളുമായി.

www.malankaralibrary.com



ഇങ്ങനെ സഭയുടെ ശക്തിയുടേയും ദൈവനിവേശത്തിന്റേയും നിദാനം സഭയുടെ ആരംഭംമുതൽക്കേ പരിശുദ്ധാത്മാവാണ്. ക്രിസ്തുവിന്റെ സഭ സ്വഭാവതീതമായി നടത്തപ്പെടുന്ന ഒരു സഭയാണ്. അവളുടെ ജ്ഞാനം ഉന്നതത്തിൽ നിന്നുള്ളതാണ് അല്ലാതെ ഈ ലോകത്തിൽ നിന്നുള്ളതല്ല.

ക്രിസ്തുനാഥന്റെ വാഗ്ദാനമനുസരിച്ച് തന്റെ പ്രബോധനങ്ങളെ ഓക്കുന്നതിനും പരിരക്ഷിക്കുന്നതിനും സഭയെ സഹായിക്കുന്നതു പരിശുദ്ധാത്മാവാണ്. ആ പ്രബോധനങ്ങളുടെ മുഴുവൻ അർത്ഥവും സഭയ്ക്ക് പരിശുദ്ധാത്മാവ് വ്യക്തമാക്കുകയും ആവശ്യമുള്ള സന്ദർഭങ്ങളിൽ അവ പ്രഖ്യാപിക്കുന്നതിനുള്ള പ്രേരണ നൽകുകയും ചെയ്യുന്നു.

സഭയിലെ ആദ്ധ്യാത്മികജീവിതത്തിന്റേയും പരിശുദ്ധിയുടേയും കാരണവും പരിശുദ്ധാത്മാവാണ്.

സഭയുടെ ഐക്യതയുടേയും ഘടനയുടെയും പ്രധാന കാരണം സഭയിലുള്ള പരിശുദ്ധാത്മവ്യാപാരമാകുന്നു.

സഭ ക്രിസ്തുവിന്റെ മൗതികശരീരമാണ്. (ഇതിനെക്കുറിച്ചു നാം പിന്നാലെ പ്രതിപാദിക്കുന്നതായിരിക്കും.) ആ മൗതിക ശരീരത്തിന്റെ ആത്മാവ്, ആ ശരീരത്തിന്റെ ചൈതന്യകാരണം പരിശുദ്ധാത്മാവാണ്. വി. അഗസ്തീനോസ് പ്രസ്താവിക്കുന്നു: "നമ്മുടെ ശരീരത്തിന് ആത്മാവ് എന്താണ്, അതുതന്നെയാണ് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ പരിശുദ്ധാത്മാവും."

* * *

"നാം തന്നെയും യൂദന്മാരാകട്ടെ, പുറജാതികളാകട്ടെ സ്വതന്ത്രരാകട്ടെ, എല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമായി മാമോദീസാ സ്വീകരിക്കുകയും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്കയും ചെയ്തിരിക്കുന്നു." (1. കോരി. 12; 13)

www.malankaralibrary.com

# അദ്ധ്യായം 7

## ക്രിസ്തുവിന്റെ സഭയുടെ ലക്ഷണങ്ങൾ

ക്രിസ്തുവിന്റെ സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമുണ്ടെന്നു നാം കണ്ടു. ക്രിസ്തുവിന്റെ നാമത്തിൽ വിശ്വാസികളെ പഠിപ്പിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും ഭരിക്കുന്നതിനും സഭയിലുള്ള പരിശുദ്ധാത്മപ്രവർത്തനം സഭയെ സഹായിക്കുന്നു. സഭ പഠിപ്പിക്കണം; അല്ലാത്തപക്ഷം ക്രിസ്തു വെളിവാക്കിയ വിശ്വാസസത്യങ്ങൾ മനുഷ്യർ അറിയുകയില്ല. സഭ ആളുകളെ വിശുദ്ധീകരിക്കണം; അതായതു് കൂദാശകൾ മുഖേന പ്രസാദവരം ആളുകൾക്കു നൽകണം. അല്ലാത്തപക്ഷം ആളുകൾ രക്ഷപെടുകയില്ല. സഭ ഭരിക്കണം; കാരണം സഭയെ ഒരു സമൂഹമായിട്ടാണു ക്രിസ്തുനാഥൻ സ്ഥാപിച്ചതു്. അധികാരിയില്ലാത്ത സമൂഹം നില നിൽക്കുകയില്ല.

ശ്ലീഹന്മാരുടെ മരണംവരെ മാത്രം നില നിൽക്കുന്നതിനുവേണ്ടിയല്ല ക്രിസ്തു അവർക്കു, പഠിപ്പിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും ഭരിക്കുന്നതിനുമുള്ള അധികാരങ്ങൾ നൽകിയതു്. ആ അധികാരങ്ങൾ ലോകാവസാനത്തോളം നിലനിൽക്കണം. അപ്പോസ്തല നടപടികളിലും വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിലും അപ്പോസ്തലന്മാരുടെ പിൻഗാമികൾ ഈ അധികാരങ്ങൾ പ്രയോഗിച്ചിരുന്നതായി നാം കാണുന്നുമുണ്ടു്.

തന്റെ സഭ ലോകാവസാനത്തോളം നില നിൽക്കണമെന്നാണു് നമ്മുടെ കർത്താവുദ്ദേശിച്ചതു്: “കണ്ടാലും ഞാൻ ലോകാ

www.malankaralibrary.com



വസാനത്തോളം നിങ്ങളോടുകൂടി ഉണ്ടായിരിയ്ക്കും" എന്നാണല്ലോ താൻ അരുളിച്ചെയ്തിട്ടുള്ളത്. തൻെറ സഭ ലോകാവസാനത്തോളം നിലനിന്നേ മതിയാവൂ. എങ്കിൽ മാത്രമേ സഭാസ്ഥാപനത്തിലുള്ള തൻെറ ഉദ്ദേശം നിറവേറുകയുള്ളൂ.

ക്രിസ്തു ദൈവമാണ്. ദൈവികമായ ജ്ഞാനം തനിയ്ക്കുണ്ട്. ഭൂതകാലവും വർത്തമാനവും ഭാവിയുമെല്ലാം തനിക്കു പ്രത്യക്ഷമാണ്.

ലോകത്തിൽ മനുഷ്യസ്ഥാപിതമായ വിഭിന്നക്രൈസ്തവ വിഭാഗങ്ങൾ ഉണ്ടാകുമെന്നും ഓരോന്നും ക്രിസ്തുവിൻെറ സഭയെന്ന് സ്വയം അവകാശപ്പെടുമെന്നും തൻമൂലം ആളുകൾതന്നേ കുഴങ്ങുമെന്നും ക്രിസ്തുനാഥനറിഞ്ഞിരുന്നു. അതിനാൽ താൻ സ്ഥാപിച്ച സഭയെ മനുഷ്യസ്ഥാപിതമായ സഭകളിൽ നിന്നു തിരിച്ചറിയുന്നതിനു സുനിശ്ചിതമായ ലക്ഷണങ്ങൾ നൽകുവാൻ അവിടുന്നു ബാധ്യസ്ഥനായിരുന്നു. അനന്തജ്ഞാനവും നന്മയും തന്നെയായ ക്രിസ്തുനാഥൻ അപ്രകാരമുള്ള ലക്ഷണങ്ങൾ തൻെറ സഭയ്ക്കു നൽകിയിട്ടില്ലെന്നു പറയുന്നതുതന്നെ, പരോക്ഷമായിട്ടെങ്കിലും തൻെറ ദൈവത്വത്തെ നിഷേധിക്കുകയാണ്.

എന്നാൽ ക്രിസ്തുനാഥനാകട്ടെ തൻെറ സഭയെ തിരിച്ചറിയുന്നതിനുള്ള ലക്ഷണങ്ങൾ നൽകിയിട്ടുണ്ടെന്നു വേദപുസ്തകത്തിൽ നിന്നു നമുക്കു ഗ്രഹിക്കാവുന്നതാണ്.

ഈ ലക്ഷണങ്ങളെല്ലാം ശരിയായി യോജിക്കുന്ന സഭ ഏതാണോ, അതാണ് ക്രിസ്തുവിനാൽ സ്ഥാപിതമായ സഭ.

ക്രിസ്തുവിൻെറ സഭയ്ക്കു് നാലു ലക്ഷണങ്ങളാണുള്ളത്: കാതോലികം, ശ്ലൈഹികം, ഏകം, വിശുദ്ധം. 381-ലെ നിഖ്യാവിശ്വാസപ്രമാണം സ്വീകരിക്കുന്നവരെല്ലാം വിശ്വാസപ്രമാണത്തിൽ കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിൽ വിശ്വസിക്കുന്നു എന്ന് ചൊല്ലുന്നുമുണ്ടല്ലോ.

ഇവ ഓരോന്നും നമുക്കു സംഗ്രഹമായി ചർച്ച ചെയ്യാം.

www.malankaralibrary.com



## 1 സത്യസഭ കാതോലികമായിരിക്കണം

കാതോലികം എന്ന ഗ്രീക്കുവാക്കിൻെറ അർത്ഥം സർവ്വവ്യാപ്തം എന്നാണു്.

ക്രിസ്തുനാഥൻ തൻെറ അപ്പോസ്തലന്മാരോടു ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുവാനും താൻ അവരെ പഠിപ്പിച്ചിട്ടുള്ളതു മുഴുവനും പഠിപ്പിക്കുവാനുമാണല്ലൊ അരുളിച്ചെയ്തിട്ടുള്ളതു്. താൻ മനുഷ്യവർഗ്ഗത്തിനു മുഴുവനും വേണ്ടിയാണല്ലൊ സഭയെ സ്ഥാപിച്ചതും. അപ്പോൾ തൻെറ സഭ കാതോലികമാണു്. എന്നു പറഞ്ഞാൽ ക്രിസ്തുവിൻെറ പ്രബോധനങ്ങൾ മുഴുവൻ പഠിപ്പിക്കുകയും ലോകത്തിലെല്ലായിടത്തും വ്യാപിച്ചിരിക്കുകയും ചെയ്യുന്ന സഭ എന്നാണർത്ഥം.

ക്രിസ്തുവിൻെറ സഭയിൽ നാലു വിധത്തിലുള്ള സാർവ്വത്രികത്വം ഉണ്ടായിരിക്കണം.

1 പ്രബോധനപരമായ സാർവ്വത്രികത്വം; അതായതു് ക്രിസ്തുവിൻെറ എല്ലാ പഠിപ്പിക്കലുകളും ഉൾക്കൊള്ളണം.

2 കാലസംബന്ധമായ സാർവ്വത്രികത്വം; അതായതു് പെന്തിക്കൊസ്തിദിവസം മുതൽ ലോകാവസാനം വരെ സഭ നിലനില്ക്കണം.

3 സ്ഥലസംബന്ധമായ സാർവ്വത്രികത്വം; അതായതു് ലോകം മുഴുവനിലും സഭ വ്യാപിച്ചിരിക്കണം; "എല്ലാ ജാതികളേയും പഠിപ്പിക്കുന്ന" സഭയായിരിക്കണം.

4 സംഖ്യാസംബന്ധമായുള്ള സാർവ്വത്രികത്വം; അതായതു് ഒററനോട്ടത്തിൽ തന്നെ തിരിച്ചറിയത്തക്കവണ്ണം കൂടുതൽ അംഗങ്ങൾ ക്രിസ്തുവിൻെറ സഭയിൽ ഉണ്ടായിരിക്കണം.

ക്രിസ്തുവിൻെറ സഭയ്ക്കു കാതോലികം എന്ന വിശേഷണപദം ആദ്യമായി നൽകിയതു് 107–ൽ ദിവംഗതനായ അന്ത്യോക്യായിലെ വി. ഇഗ്നാത്യോസാണു്.

www.malankaralibrary.com



അബ്രാഹാമിന്റെ സന്തതിയിൽ എല്ലാ തലമുറകളും അനുഗ്രഹീതമാകുമെന്നു യഹോവ വാഗ്ദാനം ചെയ്തിരുന്നു. അബ്രഹാമിന്റെ വംശത്തിൽ നിന്നു ജനിക്കാനിരുന്ന ക്രിസ്തുനാഥനെയാണ് ഈ പ്രവചനം പരാമർശിച്ചതു്. മനുഷ്യവർഗ്ഗത്തിനു് അനുഗ്രഹങ്ങൾ നൽകുന്നതിനു ക്രിസ്തുനാഥൻ സ്ഥാപിച്ച സഭയിൽ കൂടിയല്ലാതെ എപ്രകാരം സകല തലമുറകളും അനുഗ്രഹീതമാകുവാൻ സാധിക്കും? ഇങ്ങനെ എല്ലാ തലമുറകളും അനുഗ്രഹീതമാകണമെങ്കിൽ തന്റെ സഭ എല്ലാ ജാതികളുടെയും ഇടയിൽ പ്രചരിച്ചിരിക്കേണ്ടതല്ലേ?

മരണാസന്നനായ യാക്കോബ് തന്റെ ദർശനത്തിൽ ക്രിസ്തുവിന്റെ രാജ്യത്തിന്റെ വലിപ്പവും പ്രജകളുടെ ബാഹുല്യവും കണ്ടു പറഞ്ഞു: "അവൻ എല്ലാ ജാതികളുടെയും പ്രതീക്ഷ ആയിരിക്കും."

ഏശായാപ്രവാചകൻ ക്രിസ്തുനാഥനെക്കുറിച്ചും തന്റെ സഭയെക്കുറിച്ചും വളരെക്കാര്യങ്ങൾ പ്രവചിച്ചിട്ടുണ്ട്. തന്റെ ജീവിതത്തിലെ സംഭവങ്ങളോരോന്നായി അദ്ദേഹം പ്രവചിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ സഭയെക്കുറിച്ചു അദ്ദേഹം പറയുന്നു: "ദൈവത്തിന്റെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ മുകളിൽ സംസ്ഥാപിതമാകും; അതു കുന്നുകൾക്കു മേലായി ഉയർത്തപ്പെടും; സകല ജാതികളും അതിലേക്കൊഴുകിച്ചെല്ലും" (ഏശാ: 6. 2).

പ്രവാചകൻ ക്രിസ്തുവിന്റെ വിപുലസാമ്രാജ്യം കണ്ടു സന്തോഷിച്ചു്, ഭാവിസഭയുടെ പ്രഥമ പ്രവർത്തനരംഗമായിരുന്ന യറുസലേമിനോടു പറയുന്നു: "യറുസലേമെ, നീ എഴുന്നേററു പ്രകാശിക്കുക; നിന്റെ പ്രകാശം വന്നിരിക്കുന്നു. ദൈവത്തിന്റെ മഹത്വം നിന്റെ മേൽ ഉദിച്ചിരിക്കുന്നു. അന്ധകാരം ഭൂമിയെയും കൂടൽമഞ്ഞു് ജാതികളെയും മൂടുന്നു. എന്നാൽ, കർത്താവു നിന്റെ മേൽ ഉദിക്കും; അവന്റെ മഹത്വം നിന്റെ മേൽ പ്രത്യക്ഷമാകും. പ്രജാജാതികൾ നിന്റെ പ്രകാശത്തിലും രാജാക്കന്മാർ നിന്റെ ഉദയശോഭയിലും നടക്കും. നീ കണ്ണുയർത്തി ചുററും നോക്കുക;

www.malankaralibrary.com



ഇവർ എല്ലാവരും ഒന്നിച്ചു കൂടി നിന്റെ അടുക്കൽ വന്നിരിക്കുന്നു. നിന്റെ പുത്രന്മാർ ദൂരത്തുനിന്നുവരും നിന്റെ പുത്രിമാർ നിന്റെ പാർശ്വത്തിൽ എഴുന്നേല്ക്കും. കടലിലെ സമൂഹം നിന്റെ പക്കലേക്കു തിരിയും. പുറജാതികളുടെ ശക്തി നിന്റെ അടുക്കൽ വരും. അപ്പോൾ നീ കാണുകയും കുതിച്ചു ചാടുകയും നിന്റെ ഹൃദയം അത്ഭുതപ്പെട്ടു വികസിക്കുകയും ചെയ്യും" (ഇസ: 60: 1–5).

ദാവീദിന്റെ സങ്കീർത്തനങ്ങളിൽ പലതിലും ലോകരക്ഷകനെക്കുറിച്ചും തന്റെ ജീവിതസംഭവങ്ങളെക്കുറിച്ചും തന്റെ സഭയെക്കുറിച്ചുമുള്ള പരാമർശനങ്ങളുണ്ട്. യറുസലേമിൽ നിന്നു ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും സുവിശേഷ ദൗത്യവുമായി പോകുന്ന ശ്ലീഹന്മാരെക്കുറിച്ചു ദാവീദു പ്രസ്താവിക്കുന്നു: "അവരുടെ സ്വരം ഭൂമി മുഴുവനിലേക്കും പുറപ്പെട്ടു; അവരുടെ വാക്കുകൾ ലോകത്തിന്റെ അതിർത്തികളിലേക്കും." (സങ്കീ: 18; 5)

ലോകത്തിന്റെ എല്ലാഭാഗങ്ങളിലുംപോയി സുവിശേഷമറിയിക്കുവാനും വിശ്വസിക്കുന്നവരെ സഭയുടെ അംഗങ്ങളാക്കുവാനുമാണല്ലോ ക്രിസ്തു കല്പിച്ചതു്. അതു പോലെതന്നെ ലോകപരിത്രാണനത്തെകുറിച്ചും യുക്തിപൂർവ്വം ചിന്തിക്കുമ്പോൾ ക്രിസ്തുവിന്റെ സഭ സാർവത്രികമായിരുന്നേ മതിയാവു, എന്നു കാണാവുന്നതാണ്. എല്ലാമനുഷ്യരും രക്ഷ പ്രാപിക്കണം. മനുഷ്യർ രക്ഷ പ്രാപിക്കുന്നതിനുവേണ്ടിയാണ് ക്രിസ്തു സഭയെ സ്ഥാപിച്ചതു്. ആ സഭ എല്ലായിടത്തും ഉണ്ടായിരിക്കണം. എല്ലാ രാജ്യക്കാരെയും ജാതികളെയും ഉൾക്കൊള്ളുന്നതായിരിക്കണം. ലോകാവസാനത്തോളം ആ സഭ നില നിൽക്കുകയും വേണം. ആ സഭ ക്രിസ്തു പഠിപ്പിച്ചിട്ടുള്ള എല്ലാ ഉപദേശങ്ങളും പഠിപ്പിക്കുന്നതായിരിക്കണം. ആ സഭ ക്രിസ്തുവിന്റെ കാലം മുതൽ തന്നെ നിലനിന്നുപോരുന്നതുമായിരിക്കണം.

**ഇങ്ങനെ മുൻപു പ്രസ്താവിച്ച നാലുവിധത്തിലുള്ള സാർവ്വത്രികതയും കത്തോലിക്കാതിരുസഭയിൽ മാത്രമേ കാണപ്പെടുന്നുള്ളു.**

www.malankaralibrary.com



തന്നെയുമല്ലാ, ക്രിസ്തു പഠിപ്പിച്ചിട്ടുള്ള എല്ലാ വിശ്വാസ സത്യങ്ങളും കത്തോലിക്കാസഭയിൽ മാത്രമേ കാണുന്നുള്ളൂ, കാണുകയുമുള്ളൂ. മററുള്ള ക്രൈസ്തവ വിഭാഗങ്ങൾ തങ്ങൾക്കിഷ്ടമുള്ളവ മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. ഗ്രന്ഥപരിമിതിമൂലം വിശദാംശങ്ങളിലേക്കു കടക്കുന്നില്ല.

ക്രിസ്തുവിന്റെ കാലം മുതൽ ഇന്നുവരെ നിലനിൽക്കുന്ന സഭ, കത്തോലിക്കാസഭയാണ്. അനേകം മർദ്ദനങ്ങളെ, മനുഷ്യമനസ്സിനു ഞെട്ടലുണ്ടാക്കുന്ന രീതിയിലുള്ള മർദ്ദനങ്ങളെ കത്തോലിക്കാസഭ അതിജീവിച്ചിട്ടുണ്ട്. ഇന്നും ലോകത്തിന്റെ പല ഭാഗങ്ങളിലും, 'കത്തോലിക്കാസഭ മർദ്ദനങ്ങളനുഭവിക്കുന്നുണ്ട്. എങ്കിലും സഭയുടെ നേരെ നരകവാതിലുകൾ പ്രബലപ്പെടുകയില്ല.

ഒരു പ്രോട്ടസ്റ്റൻറ ചരിത്രകാരനായിരുന്ന മെക്കാളിപ്രഭു പ്രസ്താവിച്ചിട്ടുള്ളത് ഈയവസരത്തിൽ സ്മരണീയമാണ്: "റോമൻ കത്തോലിക്കാസഭയെപ്പോലെ നിരീക്ഷണാർഹമായ ഒരു ഭരണക്രമം ഇന്നു ലോകത്തിലില്ല; ഇതുവരെ ഉണ്ടായിട്ടുമില്ല. പുരാതന റോമിലെ സർവ്വദേവതാമണ്ഡപത്തിൽ നിന്നു ഹോമധൂപപടലം ഉയന്നുകൊണ്ടിരിക്കുകയും ഫ്ലേവിയൻ വിനോദരംഗത്തിൽ പുള്ളിപ്പുലികളും വ്യാഘ്രങ്ങളും കൂത്താട്ടുകയും ചെയ്തിരുന്ന പ്രാചീന കാലത്തിന്റെ ഓർമ്മ നമ്മിലുണ്ടാക്കുവാൻ കഴിയുന്നതായി ഈ സഭയല്ലാതെ മററു യാതൊരു സ്ഥാപനവും ഇന്നു് നിലവിലില്ല. ഇന്നുള്ള എല്ലാരാജ്യങ്ങളുടെയും ഇതര സഭകളുടെയും ആരംഭവും ഇവൾ കണ്ടിട്ടുണ്ട്. അവയുടെ എല്ലാം അന്ത്യവും കൂടി ദർശിക്കുന്നതിനു ഇവൾക്കിടവരുകയില്ലെന്നു ചിന്തിക്കുവാൻ കാരണം കാണുന്നില്ല. സാക്സൺ വർഗ്ഗക്കാർ ബ്രിട്ടനിൽ കാലുകുത്തുന്നതിനു മുമ്പും ഫ്രാങ്കുകാർ റൈൻനദി കടക്കുന്നതിനു മുമ്പും, യവനപണ്ഡിതന്മാരുടെ പ്രസംഗങ്ങൾ അന്ത്യോക്യയിൽ കേട്ടിരുന്നപ്പോഴും മെക്കായിലെ അമ്പലങ്ങളിൽ വിഗ്രഹങ്ങൾ പൂജിക്കപ്പെട്ടിരുന്നപ്പോഴും ഇവൾ ബഹുമാന്യയും പൂജ്യയുമായി കരുതപ്പെട്ടിരുന്നു. ന്യൂസീലൻഡു സ്വദേശിയായ വല്ലയാത്രക്കാരനും ലണ്ടനിൽ വന്നു്, നാലു ഭാഗ

www.malankaralibrary.com



ത്തും നീണ്ടു കിടക്കുന്ന ശൂന്യപ്രദേശത്തിന്റെ മദ്ധ്യത്തിൽ, ലണ്ടൻ പാലത്തിന്റെ ഇടിഞ്ഞു തകൎന്നു കിടക്കുന്ന ആൎക്കുകളിൽ ഒന്നിൽ നിന്നുകൊണ്ടു്, സെൻറ് പോൾസ് ദൈവാലയത്തിന്റെ നഷ്ടശിഷ്ടങ്ങളുടെ ചിത്രമെഴുതുന്ന കാലത്തിനു ശേഷവും അവൾ അക്ഷയമായ ഓജസ്സോടുകൂടെ നിലനിൽക്കുന്നുണ്ടാവാം." ഇന്നു് ഒരു സാൎവ്വത്രിക സുന്നഹദോസു് മാൎപ്പാപ്പാതിരുമേനി വിളിച്ചു കൂട്ടുന്നുവെന്നു സങ്കല്പിക്കുക. വിവിധ രാജ്യക്കാരും വിവിധനിറക്കാരും വിവിധ ഭാഷ സംസാരിക്കുന്നവരുമായ രണ്ടായിരത്തിഅഞ്ഞൂറോളം മെത്രാന്മാരായിരിക്കും ആ സുനഹദോസിനു ക്ഷണിക്കപ്പെടുക. കത്തോലിക്കാസഭയും അവളുടെ വൈദികന്മാരും ഇല്ലാത്ത നാടില്ല. ഉത്തരധ്രുവത്തിലെ എസ്കിമോ ജാതിക്കാരുടെ ഇടയിലും, ആഫ്രിക്കയിലെ വനാന്തരങ്ങളിൽ താമസിക്കുന്ന കാട്ടുജാതിക്കാരുടെ ഇടയിലും എന്നുവേണ്ടാ മനുഷ്യവാസമുള്ള സ്ഥലത്തെല്ലാം കത്തോലിക്കാസഭയിലെ വൈദികന്മാർ ജോലി ചെയ്യുന്നുണ്ടു്.

ജനസംഖ്യയിലും കത്തോലിക്കരെ അതിശയിക്കുന്ന യാതൊരു ക്രൈസ്തവ വിഭാഗമോ, മതമോ ലോകത്തിലില്ല. ഇന്നു ലോകത്തിൽ നാല്പത്തിയേഴുകോടി കത്തോലിക്കരുണ്ടു്.

കൎദ്ദിനാൾ ന്യൂമാൻ രേഖപ്പെടുത്തിയിരിക്കുന്നു: "ആദ്യശതകത്തിൽ സാൎവത്രികമായിരുന്ന സഭ ഇന്നു് എവിടെ? ഇതിനുള്ള മറുപടി ആൎക്കും നിഷേധിക്കാവുന്നതല്ല. കത്തോലിക്കാസഭയെന്നു് ആദ്യ നൂററാണ്ടുകളിൽ സംബോധന ചെയ്യപ്പെട്ടിരുന്ന സഭ തന്നെയാണു് ശരിയായ പിൻതുടൎച്ചയാലും ബാഹ്യാചാരങ്ങളാലും കത്തോലിക്കയെന്ന പേരാൽ ഇന്നു് അറിയപ്പെടുന്നതു്. ക്രിസ്തുവിന്റെ സഭയ്ക്കു് ഈ സംജ്ഞ എന്നും അന്വൎത്ഥമത്രെ"

*　　*　　*　　*

"സകല ജാതികളും സത്യം ഗ്രഹിക്കേണ്ടതിനായി (ദൈവരാജ്യത്തിന്റെ ഈ സുവിശേഷം ആദ്യമായി ലോകം മുഴുവനും പ്ര

www.malankaralibrary.com



സംഗിക്കപ്പെടണം. ഇതു കഴിഞ്ഞേ ലോകവസാനം ഉണ്ടാകുകയുള്ളൂ." (മത്തായി 24; 14)

"അനന്തരം താൻ അവരോട് അരുളിച്ചെയ്തു: നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം അറിയിക്കുവിൻ. വിശ്വസിച്ചു സ്നാനം സ്വീകരിക്കുന്നവർ രക്ഷപെടും. വിശ്വസിക്കാത്തവർ ശിക്ഷിക്കപ്പെടും." (മർക്കോ:16; 15—16)

"എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. നിങ്ങൾ യറുസലേമിലും യൂദാമുഴുവനിലും സമറായക്കാരുടെ സ്ഥലത്തും ഭൂമിയുടെ അതിർത്തികൾവരെയും എനിക്കു സാക്ഷികൾ ആകും" (നടപടി 1; 8)

## ക്രിസ്തുവിൻെറ സഭ ശ്ലൈഹികമാണു്

സഭ, ശ്ലൈഹികം അഥവാ അപ്പോസ്തലികമാണെന്നു പറയുമ്പോൾ നാം ഗ്രഹിക്കേണ്ടതു് ക്രിസ്തു സഭ സ്ഥാപിച്ചതു് ശ്ലീഹന്മാരിലും അവർ മൂലവും ആണെന്നും സഭയുടെ അദ്ധ്യക്ഷന്മാർ ശ്ലീഹന്മാരുടെ ഇടവിടാതുള്ള പിൻതുടർച്ചക്കാരാണെന്നും അവരുടെ പ്രബോധനങ്ങൾ ശ്ലീഹന്മാർ പഠിപ്പിച്ചവ തന്നെയാണെന്നും ആണു്.

### സഭ ശ്ലീഹന്മാരിലും അവർ മൂലവും സ്ഥാപിതമായിരിക്കണം

ക്രിസ്തു തൻെറ സഭ സ്ഥാപിക്കയും ലോകമെങ്ങും അതു പ്രചരിപ്പിക്കുന്നതിനു ശ്ലീഹന്മാരെ ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും അയയ്ക്കുകയും ചെയ്തുവെന്നു് നാം കണ്ടു. അവർക്കു സുവിശേഷം പ്രസംഗിക്കുന്നതിനും, സഭ ഓരോ സ്ഥലത്തും പ്രചരിപ്പിക്കുന്നതിനും, ആളുകളെ വിശുദ്ധീകരിക്കുന്നതിനും, ഭരിക്കുന്നതിനുമുള്ള അധികാരം ക്രിസ്തുവിൽ നിന്നുതന്നെയാണു ലഭിച്ചതു്. അവർ ആ അധികാരം തങ്ങളുടെ പിൻഗാമികൾക്കു നൽകി. താൻ തൻെറ ശ്ലീഹന്മാരോടു കൂടി ലോകാവസാനത്തോളം ഉണ്ടായിരിക്കുമെന്നു് സ്വർഗ്ഗാരോഹണത്തിനു മുൻപു ക്രിസ്തു അരുളി

www.malankaralibrary.com



ച്ചെയ്തു. ശ്ലീഹന്മാർ മരണത്തിനു വിധേയരാണ്. പക്ഷേ, അവിടുന്നു ശ്ലീഹന്മാരോടും അവരുടെ പിൻഗാമികളോടും കൂടെ ലോകാവസാനത്തോളം ഉണ്ടായിരിക്കുമെന്നാണ് ആ വാക്കുകളുടെ അർത്ഥം.

ക്രിസ്തു പത്രോസിനെ ശ്ലീഹന്മാരുടെ തലവനാക്കി. പത്രോസിനു ശ്ലീഹന്മാരുടെ മേൽ അവിടുന്നു പരമാധികാരം നല്കി. (നാം ഈ വിഷയം പിന്നാലെ ചർച്ച ചെയ്യുന്നതായിരിക്കും) "പത്രോസേ നീ പാറയാകുന്നു, ഈ പാറമേൽ എന്റെ സഭയെ ഞാൻ പണിയും" എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തു. പത്രോസാണു സഭയുടെ അടിസ്ഥാനം. മററുള്ള ശ്ലീഹന്മാർ പത്രോസിന്റെ അധികാരത്തിനു കീഴ്പ്പെട്ടവരാണ്. ഇങ്ങനെ പത്രോസിനാലോ മററു ശ്ലീഹന്മാരാലോ ഇവരുടെ പിൻഗാമികളാലോ പ്രചരിപ്പിക്കപ്പെട്ട സത്യസഭയായിരിക്കണം ശ്ലൈഹികമായ സഭ.

സഭയുടെ അദ്ധ്യക്ഷന്മാർ ശ്ലീഹന്മാരുടെ ഇടമുറിയാതുള്ള പിൻതുടർച്ചക്കാരായിരിക്കണം. ബാഹ്യമായും ആഭ്യന്തരമായും ഇടവിടാതുള്ള പിൻതുടർച്ചയായിരിക്കണം അത്.

ശ്ലീഹന്മാർക്കു പിൻഗാമികളുണ്ടാകുമെന്നും ഉണ്ടാകണമെന്നും ഉള്ളതിനാലാണല്ലോ താൻ അവരോടുകൂടി ലോകാവസാനത്തോളം ഉണ്ടായിരിക്കുമെന്ന് ക്രിസ്തു അരുളിച്ചെയ്തത്.

ശ്ലീഹന്മാർ പഠിപ്പിച്ച വിശ്വാസ സത്യങ്ങളിൽ നിന്നു അണുപോലും വ്യതിചലിക്കാതെയും അവരിൽ നിന്ന് അധികാരം പ്രാപിച്ചുമിരിക്കുന്ന ഇടയനാണ് യഥാർത്ഥപിൻഗാമി. ഒരു മെത്രാൻ സത്യവിശ്വാസത്തിൽ നിന്നു വ്യതിചലിച്ചാൽ അദ്ദേഹം ശ്ലീഹന്മാരുടെ പിൻഗാമിയല്ലാതായിത്തീരുന്നു. പഠിപ്പിക്കുവാനും ഭരിക്കുവാനും വിശുദ്ധീകരിക്കുവാനുമുള്ള അദ്ദേഹത്തിന്റെ അധികാരം അതോടെ നഷ്ടപ്പെടുന്നു.

രണ്ടാം ശതകത്തിലെ ഒരു വേദവിപരീതിയായ മാർസ്യനോടു തെർത്തുല്യൻ ചോദിക്കുന്നു: "നിന്നെ ആരയച്ചു? നിന്റെ നിയമനത്തിനു തെളിവുകൾ തരിക. അധികാരം അപഹരിക്കുന്ന

www.malankaralibrary.com



നീ, നിന്റെ അധികാരപത്രം കാണിക്കുക." പാഷണ്ഡികളോട് അവരുടെ മതത്തിന്റെ ഉത്ഭവം ശ്ലീഹന്മാരിൽ നിന്നാണെന്നു തെളിയിക്കുവാൻ അവർക്കു കഴിയുമോ എന്ന് തെർത്തുല്യൻ ചോദിക്കുന്നു: "അവരുടെ സഭ ആരിൽ നിന്നുത്ഭവിച്ചു എന്നും അവരുടെ മെത്രാന്മാരുടെ പിൻതുടർച്ച എങ്ങനെയെന്നും അവർ തെളിയിക്കുകയും അങ്ങനെ അവരുടെ ആദ്യമെത്രാനെ ഒരു ശ്ലീഹായോ, ശ്ലീഹന്മാരോട് ഐക്യത്തിൽ വർത്തിച്ചിരുന്ന മറ്റൊരു മെത്രാനോ ആണ് അഭിഷേകം ചെയ്തത് എന്നു സ്ഥാപിക്കുകയും ചെയ്യട്ടെ" (Lib. praescribt. Chap. 32)

ശ്ലൈഹികമായ സഭയുടെ പ്രബോധനങ്ങൾ ശ്ലീഹന്മാർ പഠിപ്പിച്ചവതന്നെയായിരിക്കണം. വിശുദ്ധ പൗലോസ് പറയുന്നതുപോലെ ശ്ലീഹന്മാർ പഠിപ്പിച്ചിട്ടുള്ളവയ്ക്കു വിപരീതമായി ഒരു വാനവദൂതൻ തന്നെ വന്നു പഠിപ്പിച്ചാലും ആ ദൂതൻ ശപിക്കപ്പെട്ടവനാകും.

* * * *

"ഞാനോ നിന്നോടു പറയുന്നു; നീ പാറയാകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല" (മത്തായി 16: 18)

'ഇനി നിങ്ങൾ അന്യന്മാരല്ല, പരദേശികളുമല്ല, വിശുദ്ധന്മാരുടെ നഗരത്തിലെ വാസികളും ദൈവത്തിന്റെ വീട്ടുകാരുമാകുന്നു. നിങ്ങൾ ശ്ലീഹന്മാരുടെയും പ്രവാചകന്മാരുടെയും അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്നു. പണിയുടെ മൂലയിലെ തലക്കല്ല് ഈശോമിശിഹാതന്നെയാകുന്നു." (എഫേസ്യ: 2; 19-20)

## ശ്ലൈഹികമായ സഭ കത്തോലിക്കാ സഭയാകുന്നു.

കത്തോലിക്കാസഭയിലെ വൈദിക മേലധ്യക്ഷന്മാരുടെ പിന്തുടർച്ച ചരിത്രപരമായി പഠിക്കുമ്പോൾ ഈ വസ്തുത വ്യക്തമാകു

www.malankaralibrary.com



ന്നതാണ്. ഇന്നു ഭാഗ്യമോടെ വാഴുന്ന പന്ത്രണ്ടാം പീയൂസ് മാർ പാപ്പാ പത്രോസിൻെറ 262-ാമത്തെ പിൻഗാമിയാണ്. അതു പോലെതന്നെ ഓരോ മെത്രാൻെറയും മുൻഗാമിയുടെ കണ്ണി എണ്ണി എണ്ണി ചെല്ലുമ്പോൾ അതു ഒരു ശ്ലീഹായിൽ ചെന്നു നിൽക്കുന്നതായി കാണുവാൻ സാധിക്കും. അതു വെറും ബാഹ്യമായ രീതിയിൽ മാത്രമുള്ള പിൻതുടർച്ചയല്ല; പ്രത്യുത, അപ്പോസ്തലന്മാർ പഠിപ്പിച്ചിട്ടുള്ള പ്രബോധനങ്ങൾ മുഴുവനും സ്വീകരിച്ചും പഠിപ്പിച്ചും അപ്പോസ്തലന്മാരുടെ തലവനായ വി. പത്രോസിൻെറ പിൻഗാമിയായ മാർപ്പാപ്പായോടു ഐക്യതയിൽ വർത്തിച്ചുകൊണ്ടുമുള്ള സജീവമായ ഒരു പിൻതുടർച്ചയാണ്. കത്തോലിയ്ക്കാസഭയ്ക്കല്ലാതെ ഇന്നു ലോകത്തിലുള്ള യാതൊരു ക്രൈസ്തവ വിഭാഗത്തിനും ഈ രീതിയിൽ, ബാഹ്യവും ആഭ്യന്തരവും (പ്രബോധനപരം) ആയ പിൻതുടച്ച അവകാശപ്പെടുവാനോ അവകാശപ്പെട്ടാൽ അതു തെളിയിക്കുവാനോ സാധിക്കുകയില്ല.

## ക്രിസ്തുവിൻെറ സഭ ഏകമാണ്.

മൂന്നുവിധത്തിലുള്ള ഏകത്വമാണ് സത്യസഭയിൽ കാണേണ്ടതു: ഭരണത്തിലുള്ള ഏകത്വം, വിശ്വാസത്തിലുള്ള ഏകത്വം, ആരാധനയിലുള്ള ഏകത്വം.

ക്രിസ്തുനാഥൻ തൻെറ അന്തിമപ്രഭാഷണത്തിനു ശേഷം നടത്തിയ ഹൃദയസ്പർശകമായ പ്രാർത്ഥനയിൽ തൻെറ സഭ എന്നും ഏകമായിരിക്കണമെന്നു അതിയായ ആഗ്രഹം പ്രകടിപ്പിച്ചു. താൻ ലോകത്തിലേക്കയയ്ക്കുന്ന ശ്ലീഹന്മാർക്കു വേണ്ടി മാത്രമല്ല, ശ്ലീഹന്മാർ മുഖാന്തിരം തന്നിൽ വിശ്വസിക്കുവാനിരിക്കുന്നവർക്കു വേണ്ടി കൂടിയുമായിരുന്നു അപ്പോൾ പ്രാർത്ഥിച്ചതു്. "നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു്, എൻെറ പിതാവേ, നീ എന്നിലും ഞാൻ നിന്നിലും എന്നപോലെ, അവരും തമ്മിൽ ഒന്നാകേണ്ടതിനു തന്നെ" (യോഹ: 17; 21.) ഇങ്ങനെയുള്ള ഐക്യം യാതൊരു വിധത്തി

www.malankaralibrary.com



ളുള്ള വിഭജനത്തിനും അവസരം നൽകുന്നതല്ല. ഭരണത്തിലും വിശ്വാസത്തിലും ആരാധനയിലുമുള്ള ഐക്യമുണ്ടെങ്കിൽ മാത്രമേ സഭയുടെ ഏകത്വം ശരിയാകയുള്ളൂ.

സഭയുടെ മേല്പറഞ്ഞ ഏകത്വത്തെക്കുറിച്ചുള്ള ചിന്ത വി. പൗലോസിന്റെ ലേഖനങ്ങളിൽ സ്പഷ്ടമായി കാണാം. സഭയെ ഒരു ശരീരമായി വി. പൗലോസ് കണക്കാക്കുന്നു. ഈ വസ്തുത കോറിന്ത്യർക്കും എഫേസ്യാക്കാർക്കും റോമാക്കാർക്കും ഉള്ള ലേഖനങ്ങളിൽ ശ്ലീഹാ പ്രസ്താവിക്കുന്നുണ്ട്: "ആകയാൽ അപ്പം ഒന്നായിരിക്കുന്നതുപോലെതന്നെ പലരായ നാം ഒരു ശരീരമാകുന്നു." (1 കോറി. 10;17)

അതു പോലെതന്നെ പ്രസ്തുതലേഖനം പന്ത്രണ്ടാം അദ്ധ്യായത്തിൽ സഭയെ ക്രിസ്തുവിന്റെ ശരീരമായി കണക്കാക്കി അദ്ദേഹം സവിസ്തരം പ്രസ്തുത തത്വം വിശദീകരിക്കുന്നു. അനേക വേദവാക്യങ്ങളുള്ളതുകൊണ്ട് അവ ഉദ്ധരിക്കുക എളുപ്പമല്ല. അവയിൽനിന്നു മനുഷ്യശരീരത്തിനും സഭയ്ക്കും തമ്മിൽ ശ്ലീഹാ നൽകിയിരിക്കുന്ന നാലുസാമ്യങ്ങൾ നാം ഗ്രഹിച്ചാൽ മതി.

1 ആകൃതിയിലും ജോലിയിലും സ്ഥാനത്തിലും വിവിധത്വമുള്ള അംഗങ്ങൾ കൂടിച്ചേർന്നതാണ് ശരീരം.

2 ഓരോ അംഗത്തിനും അതിനുള്ള പ്രത്യേക ചുമതലകളുണ്ട്. കണ്ണ് ചെവിയുടെ ജോലിയോ കൈയ് കാലിന്റെ ജോലിയോ ചെയ്യുന്നില്ല.

3 ഓരോ അവയവത്തിനും അതിനു നിർദ്ദിഷ്ടമായ ജോലി ചെയ്യുന്നതിനുള്ള പ്രത്യേക ശക്തി ലഭിച്ചിട്ടുണ്ട്.

4 ഈ രീതിയിലുള്ള വ്യത്യാസങ്ങളുണ്ടെങ്കിലും ഈ അവയവങ്ങളെല്ലാം അഖണ്ഡമായ ഒരു ശരീരത്തിന്റെ ഘടകങ്ങളാണ്.

ക്രിസ്തുവിന്റെ സഭയിൽ എല്ലാ ദേശക്കാരും നിറക്കാരും ജാതിക്കാരും ഉണ്ടെങ്കിലും അവരെല്ലാം യോജിച്ച് മനുഷ്യശരീരം

www.malankaralibrary.com



പോലെ ഒരു ഘടകമാകണം. ആത്മാവു ശരീരത്തിനു ജീവൻ നൽകുന്നു. അതുപോലെ സഭയ്ക്കു് ഏക വിശ്വാസം ചൈതന്യം നൽകണം. ശരീരത്തിലെ അവയവങ്ങളെ ശിരസ്സാണു നിയന്ത്രിക്കുന്നതു്. അതുപോലെ ക്രിസ്തുവിന്റെ ലോകവ്യാപകമായ സഭയ്ക്കു് ഒരു പരമാധികാരി ഉണ്ടായിരിക്കണം. ശരീരവും അതിന്റെ അവയവങ്ങളും തമ്മിലുള്ള ബന്ധംപോലെതന്നെയുള്ളതാണു് സഭയും വിശ്വാസികളും തമ്മിലുള്ള ബന്ധമെന്നു് സ്പഷ്ടമാക്കിക്കൊണ്ടു് ശ്ലീഹാ പ്രസ്താവിക്കുന്നു: "നിങ്ങൾ മിശിഹായുടെ ശരീരവും നിങ്ങളുടെ സ്ഥാനത്തെ അവയവങ്ങളുമാകുന്നു." (1 കോറി 12: 29) എഫേസ്യാക്കാർക്കുള്ള ലേഖനം നാലാം അദ്ധ്യായത്തിൽ, ക്രിസ്തു തന്റെ ശരീരത്തിന്റെ അഭിവൃദ്ധിക്കായി ചിലരെ ശ്ലീഹന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ പ്രസംഗകന്മാരായും ചിലരെ ഇടയന്മാരായും ചിലരെ ഉപദേഷ്ടാക്കളായും നിശ്ചയിച്ചിരിക്കുന്നു എന്നു് വി. പൗലോസ് എഴുതിയിരിക്കുന്നു.

ക്രിസ്തുവിന്റെ സഭയിൽ പരസ്പരവിരുദ്ധമായ ഉപദേശങ്ങൾക്കു സ്ഥാനമില്ല. ഒരു ശരീരത്തിന്റെ അവയവങ്ങൾ ഒരേ സമയം രണ്ടു ശിരസ്സുകളാൽ ഭരിക്കപ്പെടാവുന്നതാണോ? ക്രിസ്തുവിന്റെ സഭയിലും—അതു മനുഷ്യവർഗ്ഗം മുഴുവനേയും ഉൾക്കൊള്ളുന്ന സാർവ്വത്രികതയുള്ളതാണു്—ഒരു പരമാധികാരി മാത്രമെ ഉണ്ടാകുവാൻ പാടുള്ളു.

സഭയെ ക്രിസ്തുവിന്റെ മണവാട്ടിയായിട്ടാണു് വി: പൗലോസ് ചിത്രീകരിച്ചിട്ടുള്ളതു്. അദ്ദേഹം എഫേസ്യക്കാർക്കെഴുതിയ ലേഖനം അഞ്ചാം അദ്ധ്യായത്തിൽ മനോഹരമായ ഈ ആശയം സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. ഏക ഭാര്യാവ്രതം പഠിപ്പിച്ച ക്രിസ്തുനാഥനു തന്റെ സഭയാകുന്ന ഏക മണവാട്ടിയേ ഉള്ളു. വി. യോഹന്നാൻ ശ്ലീഹായും വെളിപാടിൽ സഭയെ ക്രിസ്തുവിന്റെ മണവാട്ടിയായി കാണുന്നുണ്ടു്: "പുതിയ യറുശലേം ആകുന്ന വിശുദ്ധ നഗരം തന്റെ ഭർത്താവിനായി അലങ്കരിച്ചിരിക്കുന്ന മണവാട്ടി

www.malankaralibrary.com



യെപ്പോലെ ഒരുങ്ങിയവളായി സ്വർഗ്ഗത്തിൽനിന്നു്, ദൈവത്തിൽ നിന്നു്, ഇറങ്ങുന്നതും ഞാൻ കണ്ടു." (വെളി. 21; 2)

## ക്രിസ്തുവിൻെറ സഭ ഭരണത്തിൽ ഏകമായിരിക്കണം.

"പത്രോസെ, നീ പാറയാകുന്നു. ഈ പാറമേൽ എൻെറ സഭയെ ഞാൻ പണിയും" എന്നാണല്ലോ ക്രിസ്തു അരുളിച്ചെയ്തതു്. 'സഭയെ' എന്ന ഏക വചനമാണു് ക്രിസ്തു ഇവിടെ ഉപയോഗിച്ചതു്. 'സഭകളെ' എന്ന ബഹുവചനം താൻ ഉപയോഗിച്ചില്ല. ഒരു ഭരണകർത്താവിൻെറ കീഴിലുള്ള ഒരു സമൂഹമെന്നു തന്നെയാണു് തൻമൂലം ക്രിസ്തു ഉദ്ദേശിച്ചതു്. പല ഭരണകർത്താക്കൾ സ്വതന്ത്രരായി വാഴുന്ന പല വിഭിന്ന സമൂഹങ്ങൾക്കു് ഇവിടെ സ്ഥാനമില്ല. ക്രിസ്തുനാഥൻ തൻെറ സഭയെ ഒരു നഗരം, ഒരു രാജ്യം, ഒരു തൊഴുത്തു് ഇവയോടുപമിച്ചിട്ടുണ്ടു്. ഒരു നഗരത്തിനു് പ്രധാന ഭരണാധികാരി ഒരാൾ മാത്രം. രാജ്യത്തിനും അതുപോലെതന്നെ. തൊഴുത്തു് (ആട്ടിൻപററം) ഒരു ഇടയൻെറ ശാസനയിലാണു്.

സഭ ഏക ഭരണാധികാരിയുള്ള ഒരു സ്ഥാപനമാണെന്നു് ശ്ലീഹന്മാരുടെ സുന്നഹദോസും പ്രഖ്യാപനം ചെയ്യുന്നുണ്ടു്. "തനിക്കുതന്നെ വിരോധമായി ഭിന്നിക്കുന്ന ഏതു രാജ്യവും നശിക്കും. തനിക്കുതന്നെ വിരോധമായി ഭിന്നിക്കുന്ന ഒരു ഭവനവും പട്ടണവും നിലനിൽക്കുകയില്ല" (മത്താ: 12; 25) എന്നരുളിച്ചെയ്ത ക്രിസ്തു, തൻെറ രാജ്യമായ സഭ ഏകഭരണത്തിൻ കീഴിലല്ല സ്ഥാപിക്കുകയുള്ളുവെന്നു യുക്തിപൂർവ്വം ആലോചിച്ചാൽ ഗ്രഹിക്കാവുന്നതല്ലേ? ക്രിസ്തുവിൻെറ സഭ 'ഒരേ ശരീരത്തോടും ഒരേ ആത്മാവോടും' ഇരിക്കേണ്ടതാണെന്നു വി: പൗലോസ് പ്രസ്താവിക്കുന്നു. ഏകഭരണത്തിലല്ലാതെ ഇതു സാധിക്കയില്ലല്ലോ. ശരീരത്തിനു് ഒരു ശിരസ്സു് എന്ന പോലെ സഭയ്ക്കും ഒരു അധികാരി മാത്രം.

www.malankaralibrary.com



ക്രിസ്തു സഭ സ്ഥാപിച്ചതു് ലോകത്തിലുള്ള എല്ലാവർക്കും വേണ്ടിയാണല്ലൊ. പ്രാദേശീകമായ അടിസ്ഥാനത്തിൽ തന്റെ സഭ സ്ഥിതിചെയ്യുന്നില്ല. ഉത്തരധ്രുവപ്രദേശത്തും ആഫ്രിക്കയിലെ വനങ്ങളിലും എന്നു വേണ്ടാ ലോകത്തിലെങ്ങുമുള്ള കത്തോലിക്കർ ക്രിസ്തു തന്റെ സഭയ്ക്കു നൽകിയ അധികാരിയുടെ കീഴിൽ, പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പായുടെ കീഴിൽ ഏക യോഗക്ഷേമമായി കഴിയുന്നു. അദ്ദേഹത്തിന്റെ കീഴിലുള്ള മെത്രാന്മാരും മെത്രാന്മാരുടെ കീഴിലുള്ളവൈദികരും സഭാഭരണം നിർവഹിക്കുന്നു.

## ക്രിസ്തുവിന്റെ സഭ വിശ്വാസത്തിൽ ഏകമായിരിക്കണം.

ക്രിസ്തുനാഥൻ അപ്പോസ്തലന്മാരെ സുവിശേഷദൗത്യം ലോകത്തിനു നൽകുവാൻ നിയോഗിച്ചതു് താൻ അവരോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ സകല ജാതികളെയും പഠിപ്പിക്കണമെന്ന അനുശാസനത്തോടുകൂടിയായിരുന്നു (മത്താ: 28; 19–20); അല്ലാതെ ഓരോ ശ്ലീഹായും തനിക്കിഷ്ടമുള്ളവ പഠിപ്പിക്കണമെന്നല്ല. ലോകം മുഴുവനിലും ഒരേ വിശ്വാസം തന്നെ പഠിപ്പിക്കപ്പെടണം. തന്മൂലം ക്രിസ്തുവിന്റെ സഭ വിശ്വാസത്തിൽ ഏകമായിരിക്കണം.

സഭയിൽ 'ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായും' ഉണ്ടായിരിക്കണമെന്നാണു് വി: പൗലോസ് അനുശാസിക്കുന്നതു് (എഫേ 4; 5). സഭ ജീവനുള്ള ശരീരം പോലെയാണു്; ജീവനുള്ള ശരീരത്തിൽ ഒരു മനസ്സുമാത്രം. അതുപോലെ സഭയിൽ ഒരു വിശ്വാസം മാത്രം. അദ്ദേഹം എഴുതുന്നു: "നമ്മുടെ കർത്താവു് ഈശോമിശിഹായുടെ പിതാവായ ദൈവത്തെ ഏക മനസ്സോടുകൂടിയും ഒരുവായ് ആയിട്ടും നിങ്ങൾ മഹത്വീകരിക്കേണ്ടതിനു തന്നെ" (റോമാ. 15; 6.) ശ്ലീഹാ റോമാക്കാരെ വീണ്ടും ഉൽബോധിപ്പിക്കുന്നു: "എന്റെ സഹോദരന്മാരെ, നിങ്ങൾ പഠിച്ചിട്ടുള്ള

www.malankaralibrary.com



ഉപദേശം വിട്ട് ഭിന്നതകളും ഇടർച്ചകളും ഉണ്ടാക്കുന്നവരിൽ നിന്നു (നാശം നേരിടാതെ) സൂക്ഷിച്ചുകൊള്ളണം; നിങ്ങൾ അവരിൽ നിന്ന് അകന്നു പോകണം എന്നു ഞാൻ നിങ്ങളോടപേക്ഷിക്കുന്നു." (റോമാ. 16; 17.) കോറിന്ത്യാക്കാർക്കുള്ള ലേഖനത്തിൽ ശ്ലീഹാ പ്രസ്താവിക്കുന്നു: "എന്റെ സഹോദരന്മാരെ, നിങ്ങൾക്കെല്ലാവർക്കും ഒരേ വചനം തന്നെ ആയിരിക്കണമെന്നും നിങ്ങളിൽ ഭിന്നതകൾ ഉണ്ടാകരുത്, മറിച്ച്, ഒരേ മനസ്സോടും ഒരേ വിചാരത്തോടും കൂടി നിങ്ങൾ പൂർണ്ണരായിരിക്കണമെന്നും നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നാമത്തിൽ ഞാൻ നിങ്ങളോടപേക്ഷിക്കുന്നു" (1 കോറി 1; 10). ക്രിസ്തുവിന്റെ സഭയിൽ വിശ്വാസത്തിന്റെ ഏകത്വം ഉണ്ടായിരിക്കണമെന്നാണല്ലോ വി. ശ്ലീഹായുടെ വാക്കുകൾ തെളിയിക്കുന്നത്.

ലോകം മുഴുവനിലുമുള്ള കത്തോലിക്കർ വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ ഏകത്വമാണു പാലിക്കുന്നത്. ഇഷ്ടംപോലെ വ്യാഖ്യാനിക്കുകയും, വിശ്വസിക്കുകയും ചെയ്യുന്ന പതിവ് കത്തോലിക്കാസഭയിലില്ല. അപ്പോസ്തലന്മാർ പഠിപ്പിച്ചിട്ടുള്ള എല്ലാ സത്യങ്ങളും ഈഷൽഭേദമെന്യേ സ്വീകരിക്കുന്ന സഭ കത്തോലിക്കാസഭ മാത്രമാണ്.

## ക്രിസ്തുവിന്റെ സഭ ആരാധനയിൽ ഏകത്വമുള്ളതായിരിക്കണം

വിശ്വാസത്തിന്റെ പ്രായോഗിക പ്രകടനമാണല്ലോ ആരാധന. ആരാധനയിൽ ഏകത്വമുണ്ടായിരിക്കേണ്ടതാണ്. മനുഷ്യരുടെ വിശുദ്ധീകരണത്തിനും ദൈവത്തെ ആരാധിക്കുന്നതിനും വേണ്ടിയുള്ള ക്രമങ്ങളെ സംബന്ധിച്ചു സഭ മുഴുവനിലും ഐക്യതയുണ്ടായിരിക്കണമെന്നു ചുരുക്കം.

കത്തോലിക്കർ എല്ലാവരും ഒരേ തിരുക്കർമ്മങ്ങളിൽ, വിശു

www.malankaralibrary.com



ശുകർബാനയിലും മററെല്ലാ ക്രദാശകളിലും, ഭാഗഭാക്കുകളാകുന്നു. സഭ സാർവത്രികമായതുകൊണ്ടു് ഭാഷയിലൊ രീതിയിലൊ വ്യത്യാസം കണ്ടേക്കാം. പക്ഷെ എല്ലാററിൻെറയും കാതൽ ഒന്നു തന്നെ. ക്രിസ്തുനാഥൻ നിശ്ചയിച്ചിട്ടുള്ളതൊന്നും മാററുവാൻ സഭയ്ക്കധികാരമില്ല.

* * * *

"നിങ്ങൾ ഏക ശരീരമായി ഏതിനായിട്ടു വിളിക്കപ്പെട്ടിരിക്കുന്നുവൊ, മിശിഹായുടെ ആ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ" (കൊലൊ: 3; 15).

"ഞാൻ നിങ്ങളെ കാണുവാൻ വന്നാലും ദൂരസ്ഥനായിരുന്നാലും നിങ്ങൾ ഒരേ ആത്മാവോടും ഒരേ മനസ്സോടും കൂടി നില്ക്കുന്നു എന്നും, സുവിശേഷത്തിൻെറ വിശ്വാസത്തിൽ ഒരുമിച്ചു വിജയിക്കുന്നു എന്നും നിങ്ങളെക്കുറിച്ചു കേൾക്കുവാൻ തക്കവണ്ണം മിശിഹായുടെ സുവിശേഷത്തിനു ചേരുന്ന വിധത്തിൽ മാത്രം വ്യാപരിക്കുവിൻ. (ഫിലിപ്പ്യ: 1; 27)

"അവർ നമ്മെ വിട്ടു പോയി; എന്നാൽ അവർ നമ്മിൽ നിന്നുള്ളവർ ആയിരുന്നു എങ്കിലോ നമ്മോടു കൂടി ഇരിക്കുമായിരുന്നു. എന്നാൽ നമ്മിൽ നിന്നുള്ളവരല്ലെന്നു് അറിയപ്പെടുവാൻ വേണ്ടി അവർ നമ്മെ വിട്ടുപോയി" (1 യോഹ: 2; 19.)

"സൂര്യൻെറ ഉദയം മുതൽ അസ്തമനം വരെ എൻെറ നാമം പുറജാതികളുടെ ഇടയിൽ വലുതാകുന്നു. എല്ലാ സ്ഥലങ്ങളിലും ബലിയുണ്ടു്. എൻെറ മഹനീയ നാമത്തിനു് ഏററം പരിശുദ്ധമായ ബലി അർപ്പിക്കപ്പെടുന്നു". (മലാക്കി. 1; 11)

## ക്രിസ്തുവിൻെറ സഭ വിശുദ്ധമാണു്.

ദൈവത്തോടുള്ള അടുപ്പത്തിലത്രെ വിശുദ്ധി സ്ഥിതിചെയ്യുന്നതു്. ദൈവവുമായി എത്ര കൂടുതൽ അടുക്കുന്നുവോ അത്രയും കൂടുതൽ വിശുദ്ധി ഒരുവനുണ്ടായിരിക്കും. സഭ പരിശുദ്ധമാണു് എന്നു

www.malankaralibrary.com



നാം പറയുമ്പോൾ നാലു കാര്യങ്ങളാണു് ആ പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നതു്.

1 അതിന്റെ സ്ഥാപകൻ പരിശുദ്ധനായിരിക്കണം.

2 സഭ അതിന്റെ ഉപദേശങ്ങളിൽ പരിശുദ്ധയായിരിക്കണം.

3 സഭ അതിന്റെ ലക്ഷ്യപ്രാപ്തിക്കായി ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ പരിശുദ്ധമായിരിക്കണം.

4 പരിശുദ്ധിയുടെ ഫലങ്ങൾ സഭാംഗങ്ങളിലും സഭയുടെ പ്രവർത്തനങ്ങളിലും എക്കാലത്തും പ്രകടമാകണം

ക്രിസ്തു സ്ഥാപിപ്പാനിരിക്കുന്ന സഭയെക്കുറിച്ചു് പ്രവചിക്കുമ്പോൾ പ്രവാചകന്മാർ ആ സഭയുടെ പരിശുദ്ധിയെക്കുറിച്ചു് പ്രസ്താവിക്കുന്നുണ്ടു്. ദാവീദു ദീർഘദർശി പാടുന്നു: "തന്റെ പരിശുദ്ധാലയമായ സീയോനിൽ അവനാൽ ഞാൻ രാജാവായി നിയമിക്കപ്പെട്ടിരിക്കുന്നു" (സങ്കീ: 2; 6). തന്റെ ആധ്യാത്മികമായ രാജ്യത്തെക്കുറിച്ചു രാജകീയ പ്രവാചകൻ മുഖേന ദിവ്യരക്ഷകൻ തന്നെയാണു് ഇപ്രകാരം അരുളിച്ചെയ്തതു്.

ഏശായദീർഘദർശി ഈ ആത്മീയ സാമ്രാജ്യമായ സഭയിലെ സ്ഥിതി വർണ്ണിക്കുന്നു: "ചെന്നായ് ആട്ടിൻകുട്ടിയോടുകൂടി വിഹരിക്കും. വ്യാഘ്രം വെള്ളാട്ടിൻ കുട്ടിയോടുകൂടി ശയിക്കും. എന്റെ പരിശുദ്ധമലയിൽ വച്ചു് അവർ തമ്മിൽ ഉപദ്രവിക്കുകയോ കൊല്ലുകയോ ചെയ്യുകയില്ല." (ഏശായാ 11. 6, 9)

ഏശായപ്രവാചകൻ സഭയെ ഒരു മണവാട്ടിയായി ചിത്രീകരിച്ചിട്ടുണ്ടു്. അതുപോലെ വി: പൗലോസും സഭയെ ക്രിസ്തുവിന്റെ മണവാട്ടിയായി ചിത്രീകരിച്ചുകൊണ്ടു പറയുന്നു: "ഭർത്താക്കന്മാരേ, മിശിഹാതന്നെയും തന്റെ സഭയെ സ്നേഹിക്കുകയും ജലത്തിലുള്ള മാമോദീസാകൊണ്ടും വചനം കൊണ്ടും അവളെ ശുദ്ധീകരിക്കുവാനും വെടിപ്പാക്കുവാനും അവളിൽ കറയോ, മുഖച്ചുളിവോ, ഇവയ്ക്കു തുല്യമായ എന്തെങ്കിലുമില്ലാതെ, എന്നല്ല, മലി

www.malankaralibrary.com



നതയില്ലാത്ത പരിശുദ്ധയായിരിക്കേണ്ടതിന്ന് തനിക്കായിട്ടുതന്നെ മഹത്വമുള്ളവളായി സഭയെ നിറുത്തുവാനും വേണ്ടി അവളെപ്രതി തന്നെത്തന്നെ ഏല്പിച്ചുകൊടുക്കുകയും ചെയ്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ." (എഫേ. 5, 25—29)

സഭാസ്ഥാപനത്തിൻെറ ഉദ്ദേശംതന്നെയും മനുഷ്യരുടെ വിശുദ്ധീകരണമാണല്ലൊ. അപ്പോൾ, സഭ വിശുദ്ധമായിരിക്കേണ്ടതു് ആവശ്യമാണു്. വിശുദ്ധമായ സഭയുടെ സ്ഥാപകനും വിശുദ്ധനായിരുന്നേ മതിയാവൂ. കത്തോലിക്കാസഭയുടെ സ്ഥാപകൻ ക്രിസ്തുതന്നെയാണു്. ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനുമായി താൻ ശ്ലീഹന്മാരെ നിയോഗിച്ചു. തൻെറ സഭ ലോകമെങ്ങും വ്യാപിച്ചു. ആസഭ ഒരു പരമാധികാരിയുടെ കീഴിലാണു്. ആ സഭ ഇന്നുംലോകത്തിലുണ്ടു്. നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല. ഇങ്ങനെ സത്യത്തിൽ അടിയുറച്ച വിശുദ്ധ സഭ കത്തോലിക്കാസഭ മാത്രമാണു്.

ആളുകളെ വിശുദ്ധിയിലേക്കു നയിക്കുന്നതിനു കത്തോലിക്കാസഭ ക്രിസ്തുവിൻെറ എല്ലാ പ്രബോധനങ്ങളും അവിടുന്നു സ്ഥാപിച്ച എല്ലാ കൂദാശകളും ഉപയോഗിക്കുന്നു. സഭയുടെ കല്പനകൾ പത്തു പ്രമാണങ്ങളിലും ദൈവീക നിയമങ്ങളിലും പ്രകൃതി നിയമങ്ങളിലും അധിഷ്ഠിതമാണു്. കത്തോലിക്കാസഭയുടെ വിശുദ്ധിയെ സഭയിൽ നടക്കുന്നഅത്ഭുതങ്ങൾ മുഖേന ദൈവം മുദ്ര കുത്തിയിട്ടുമുണ്ടു്. ലൂർദ്ദിലുംഫാത്തിമായിലും നടക്കുന്ന അത്ഭുത സംഭവങ്ങൾ കത്തോലിക്കാസഭയുടെ വിശുദ്ധിയെയല്ലെ വിളംബരം ചെയ്യുന്നതു്.?

കത്തോലിക്കാസഭയുടെ വിശുദ്ധിയുടെ ഫലങ്ങൾ സഭയിൽ സർവത്രദൃശ്യമാണു്. സഭയിലെ രക്തസാക്ഷികളെയും വേദസാക്ഷികളെയും വിശുദ്ധരെയും കുറിച്ചു് കൂടുതൽ കൂടുതൽ അന്വേഷിക്കുകയും പഠിക്കുകയും ചെയ്യുക. അപ്പോൾ ഇക്കാര്യം വിശദമാകും.

www.malankaralibrary.com



മൺമറഞ്ഞവരെ മാത്രമല്ല ഇന്ന ലോകത്തിൽ ക്രിസ്തുവിന്ന വേണ്ടി നിസ്വാൎത്ഥസേവനം ചെയ്യുന്ന അനേകായിരം വൈദികരേയും കന്യാസ്ത്രീകളേയും അൽമായ സഹോദരങ്ങളേയും കത്തോലിക്കാ സഭയിൽ കാണുവാൻ കഴിയും. കത്തോലിക്കാസഭയിലെ അംഗങ്ങളെല്ലാവരും വിശുദ്ധിയുള്ളവരാണെന്ന് ആരും അവകാശപ്പെടുന്നില്ല. ഗോതമ്പിൻെറ കൂടെ കളകളും കാണും. നല്ലമത്സ്യത്തിൻെറ കൂടെ ചീത്ത മത്സ്യവും വലയിൽ കാണും. പാപികളെ നല്ലവരാക്കുന്നതിനുവേണ്ടിയാണ് സഭ സ്ഥാപിക്കപ്പെട്ടിട്ടുള്ളതു് എന്നതുകൊണ്ടുതന്നെ സഭയിൽ പാപികളും കാണും എന്നറിയേണ്ടതാണ്.

*　　*　　*

"കുഞ്ഞാടുകളുടെ വേഷങ്ങളിൽ നിങ്ങളുടെ അടുക്കൽ വരുന്ന വ്യാജ പ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ. അകമേ അവർ കടിച്ചുകീറുന്ന ചെന്നായ്ക്കളാകുന്നു. അവരെ അവരുടെ ഫലങ്ങൾ കൊണ്ടു നിങ്ങൾ അറിഞ്ഞു കൊള്ളുവിൻ. മുള്ളുകളിൽ നിന്നു മുന്തിരിപ്പഴങ്ങളൊ, ഞെരിഞ്ഞിലുകളിൽ നിന്നു അത്തിപ്പഴങ്ങളൊ പറിക്കാറുണ്ടോ? ഇങ്ങനെതന്നെ നല്ല വൃക്ഷമൊക്കെയും നല്ല ഫലങ്ങൾ കായ്ക്കുന്നു; ചീത്തവൃക്ഷം ചീത്ത ഫലങ്ങൾ കായ്ക്കുന്നു. നല്ല വൃക്ഷത്തിനു ചീത്തഫലങ്ങൾ കായ്ക്കുവാനോ, ചീത്തവൃക്ഷത്തിനു നല്ല ഫലങ്ങൾ കായ്ക്കുവാനോകഴികയില്ല" (മത്താ: 7; 15—18.)

"സകലരേയും ജീവിപ്പിക്കുന്ന ദൈവകൃപ എല്ലാമനുഷ്യർക്കും വെളിപ്പെട്ടുവല്ലോ. അതു് അനുഗ്രഹീതമായ പ്രത്യാശയേയും മഹാദൈവവും നമ്മുടെ രക്ഷകനുമായ ഈശോമിശിഹായുടെ മഹത്വത്തിൻെറ വെളിപാടിനേയും പ്രതീക്ഷിച്ചുകൊണ്ടു് ദുഷ്ടതയും ലൗകിക ദുരാശകളും ഉപേക്ഷിക്കുവാനും ഇന്ദ്രിയ നിഗ്രഹത്തോടു കൂടിയും നീതിയോടുകൂടിയും ദൈവഭയത്തോടു കൂടിയും ഈ ലോകത്തിൽ ജീവിക്കുവാനും നമ്മെ പഠിപ്പിക്കുന്നു. നമ്മെ സകല ദുഷ്ടതയിൽ നിന്നു രക്ഷിക്കുകയും സൽ പ്രവൃത്തികളിൽ തീക്ഷ്ണതയുള്ള

www.malankaralibrary.com



ഒരു പുതിയ ജനമായി തനിക്കുവേണ്ടി ശുദ്ധീകരിക്കുകയും ചെയ്യുവാൻ അവൻ നമ്മെപ്രതി തന്നെത്തന്നെ നൽകിയവൻ അത്രെ" (തീത്തൂസ് 2; 11—14.)

"നമ്മുടെ പാപങ്ങൾ വഹിക്കുവാൻ അവൻ വെളിപ്പെട്ടു എന്നും അവനിൽ പാപം ഇല്ല എന്നും നിങ്ങൾ അറിയുന്നു. അവനിൽ നില നിൽക്കുന്ന ഒരുവനും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്ന ഒരുവനും അവനെ കണ്ടിട്ടില്ല, അവനെ അറിഞ്ഞിട്ടുമില്ല. എന്റെ മക്കളേ, ഒരു മനുഷ്യനും നിങ്ങളെ വഴി തെറ്റിക്കാതിരിക്കട്ടെ. മിശിഹാ തന്നെയും നീതിമാനായിരിക്കുന്നതുപോലെ നീതി പ്രവർത്തിക്കുന്നവൻ നീതിമാനാകുന്നു." (1 യോഹ. 3; 5-7) "പിതാവേ, നിന്റെ വചനം സത്യമായിരിക്കകൊണ്ടു് നിന്റെ സത്യത്തിൽ അവരെ വിശുദ്ധീകരിക്കേണമെ. നീ എന്നെ ലോകത്തിലേക്കയച്ചതുപോലെ ഞാൻ അവരെയും അയച്ചിരിക്കുന്നു. അവരും സത്യത്തിൽ വിശുദ്ധീകരിക്കപ്പെട്ടവരാകേണ്ടതിനു് അവർക്കു വേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു." (യോഹ 17; 17-19).

www.malankaralibrary.com

# അദ്ധ്യായം 8

## കത്തോലിക്കാസഭയ്ക്കു പുറമെ രക്ഷയുണ്ടോ?

ക്രിസ്തു സ്ഥാപിച്ച സഭ കത്തോലിക്കാസഭയാണെന്നു നാം ഗ്രഹിച്ചു കഴിഞ്ഞു. ഇനിയും നമുക്കു പരിഗണിക്കുവാനുള്ളത്, കത്തോലിക്കാസഭയ്ക്കു പുറമെ രക്ഷയുണ്ടോ എന്ന കാര്യമാണ്.

പാപം മൂലം അധ:പതിച്ച മനുഷ്യവർഗ്ഗത്തെ സ്വർഗ്ഗത്തിന് അവകാശിയാക്കുന്നതിന് പുത്രൻതമ്പുരാൻ മനുഷ്യനായി അവതരിച്ചു. അവിടുന്നു ഒരു സഭയെ സ്ഥാപിച്ചു. ആ സഭയിൽ ഉൾപ്പെട്ടു നിൽക്കുന്നതിന് എല്ലാവർക്കും കടമയുണ്ട്. വിശ്വസിക്കുന്നവൻ രക്ഷ പ്രാപിക്കും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും. ക്രിസ്തുവും സഭയും ഒന്നു തന്നെയാണ്; സഭ ക്രിസ്തുവിന്റെ ശരീരമാണ്; ക്രിസ്തുവിന്റെ തുടർച്ചയാണ്; ക്രിസ്തുവിന്റെ മണവാട്ടിയാണ്. തന്റെ രക്ഷാകരവ്യാപാരങ്ങൾ ലോകത്തിൽ തുടർന്നു കൊണ്ടു പോകുന്നതിനുവേണ്ടിയാണ് അവിടുന്നു സഭയെ സ്ഥാപിച്ചത്. ആകയാൽ ആ സഭയിലായിരിക്കേണ്ടതു് രക്ഷയ്ക്കു് അത്യാവശ്യമാണ്. ആ സഭയ്ക്കു പുറമേ രക്ഷയില്ല. ക്രിസ്തു സ്ഥാപിച്ച സഭ കത്തോലിക്കാസഭയാണ്. അതിനാൽ കത്തോലിക്കാസഭയ്ക്കു പുറമേ രക്ഷയില്ല.

പക്ഷേ, വളരെ അധികം തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു സംഗതിയാണ് കത്തോലിക്കാസഭയ്ക്കു പുറമേ രക്ഷയില്ലെന്നുള്ള തത്വം. കത്തോലിക്കാസഭയുടെ ശരീരത്തിൽ അംഗങ്ങളായി ചേ

www.malankaralibrary.com



രാത്ത സകലരും നരകത്തിൽ പോകുകയേ ഉള്ളൂ എന്നു് കത്തോലിക്കാസഭ പഠിപ്പിക്കുന്നതായിട്ടാണു് പലരും ഈ പ്രബോധനത്തെക്കുറിച്ചു് ധരിച്ചുവച്ചിരിക്കുന്നതു്. സഭ അങ്ങനെ പഠിപ്പിക്കുന്നില്ല. പ്രസ്തുത കാര്യത്തെ സംബന്ധിച്ചു് കത്തോലിക്കാസഭ ഇപ്രകാരമാണു് പഠിപ്പിക്കുന്നതു്:

ക്രിസ്തുവാണു് മനുഷ്യവർഗ്ഗത്തിന്റെ രക്ഷിതാവു്. താൻ മുഖേന മാത്രമേ രക്ഷയുള്ളൂ. ഒരിക്കൽ നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്യുകയുണ്ടായി: "മൂശ മരുഭൂമിയിൽ വച്ചു സർപ്പത്തെ ഉയർത്തിയതു് എങ്ങനെയോ, അങ്ങനെതന്നെ മനുഷ്യപുത്രനും, അവനിൽ വിശ്വസിക്കുന്ന ഒരു മനുഷ്യനും നശിച്ചു പോകാതെ, അവനു നിത്യജീവൻ ഉണ്ടാകേണ്ടതിനു ഉണർത്തപ്പെടേണ്ടിയിരിക്കുന്നു" (യോഹ 3: 14–15). വീണ്ടും: "വഴിയും സത്യവും ജീവനും ഞാനാകുന്നു. എന്നിൽ കൂടിയല്ലാതെ ഒരുത്തനും എന്റെ പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" (യോഹ 14: 6). ഇക്കാര്യത്തെക്കുറിച്ചു വി: പത്രോസു് യഹൂദന്മാരോടു പ്രസംഗിച്ചതു് വി: ലൂക്കോസു് രേഖപ്പെടുത്തിയിരിക്കുന്നു: "നിങ്ങൾ കുരിശിൽ തറയ്ക്കുകയും ദൈവം മരിച്ചവരുടെ ഇടയിൽ നിന്നു് ഉയിർപ്പിക്കുകയും ചെയ്ത നസ്രായനായ ഈശോമിശിഹായുടെ നാമത്തിൽ, അതെ, അതിനാൽതന്നെ ഇതാ ഇവൻ നിങ്ങളുടെ മുമ്പിൽ സൗഖ്യമുള്ളവനായി നില്ക്കുന്നു എന്നു നിങ്ങളും ഇസ്രായേൽ ജനം മുഴുവനും അറിഞ്ഞിരിക്കട്ടെ. പണിക്കാരായ നിങ്ങൾ ഉപേക്ഷിച്ചു കളഞ്ഞിട്ടു് മൂലയിലെ തലയായിത്തീർന്ന കല്ലു ഇവനാകുന്നു. വേറൊരുവൻമൂലവും രക്ഷയില്ല. രക്ഷ പ്രാപിക്കുവാൻ മനുഷ്യർക്കു നല്കപ്പെട്ടതായി ആകാശത്തിൻ കീഴിൽ വേറൊനാമം ഇല്ല." (നട: 4: 10–12). അതിനാൽ ക്രിസ്തു മുഖാന്തരമല്ലാതെ രക്ഷയില്ല. താൻെറ പരിത്രാണന കർമ്മങ്ങൾ വഴി നമുക്കു ദൈവത്തിന്റെ പ്രസാദവരത്തിനു അർഹതയുണ്ടായി; അങ്ങനെ നാം സ്വർഗ്ഗരാജ്യത്തിനു് അവകാശികളായി. രക്ഷ പ്രാപിക്കുന്നതിനു് ആത്മാ

www.malankaralibrary.com



വു് പ്രസാദവരത്തിൽ ആയിരിക്കേണ്ടതു് അത്യാവശ്യമാണു്. പക്ഷേ ലോകത്തിലേക്കു പ്രസാദവരം കൊണ്ടുവരപ്പെടുന്നതിനും മനുഷ്യർക്കു പരിത്രാണനത്തിന്റെ പൂർണ്ണ ഫലങ്ങൾ ലോകാവസാനം വരെ അഭംഗുരമായി കാത്തു സൂക്ഷിച്ചു് പ്രദാനം ചെയ്യുന്നതിനുമായി ദൈവം തന്റെ അനന്ത ബുദ്ധിയാൽ നിശ്ചയിച്ച ഏക മാർഗ്ഗമാണു് തിരുസഭ. ആ സഭ കത്തോലിക്കാസഭയാണു്.

കത്തോലിക്കാസഭയ്ക്കു പുറമേ രക്ഷയില്ല എന്നുള്ള തത്വം കൊണ്ടു് കത്തോലിക്കാസഭയിൽ പ്രത്യക്ഷമായി അംഗമാകാത്ത എല്ലാവരും ശിക്ഷിക്കപ്പെടും എന്നു അർത്ഥമാകുന്നില്ല. യഥാർത്ഥമായൊ, ആഗ്രഹത്താലൊ സഭയിലെ അംഗമാകാത്ത യാതൊരുവനും രക്ഷ പ്രാപിക്കുകയില്ലെന്നേ ഈ തത്വംകൊണ്ടുദ്ദേശിക്കപ്പെടുന്നുള്ളു. ഇതു് ഒന്നുകൂടി വിശദമാക്കാം: സഭയിലെ അംഗത്വം രണ്ടു വിധത്തിൽ ആകാമെന്നാണു് ദൈവശാസ്ത്രജ്ഞന്മാർ ഉൽബോധിപ്പിക്കുന്നതു്.

1 യഥാർത്ഥമായും പ്രത്യക്ഷമായും ഉള്ള അംഗത്വം. ഇതു് കത്തോലിക്കാസഭയിൽ ചേർന്നു നില്ക്കുന്ന ഒരാളുടേതുപോലെയുള്ള അംഗത്വമാണു്. പ്രത്യക്ഷമായി നാം സഭയുടെ എല്ലാ പ്രബോധനങ്ങളും വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു.

2 പരോക്ഷമായും ആഗ്രഹത്താലും ഉള്ളതു്. രക്ഷ പ്രാപിക്കുന്നതിനു് ആവശ്യമായ മാർഗ്ഗങ്ങളോടുള്ള മനസ്സിന്റെയും ഹൃദയത്തിന്റെയും അനുകൂലഭാവമാണു് ഇതിലടങ്ങിയിരിക്കുന്നതു്. അതായതു് സത്യമറിയുന്നതിനുള്ള യാതൊരു മാർഗ്ഗവുമില്ലാതെ തങ്ങൾക്കു ലഭിച്ചിട്ടുള്ള വെളിച്ചമനുസരിച്ചു ജീവിക്കുകയും രക്ഷയ്ക്കാവശ്യമുള്ള മാർഗ്ഗങ്ങളെല്ലാം ഉപയോഗിക്കുവാൻ സന്നദ്ധരായിരിക്കുകയും ചെയ്യുന്ന ആളുകൾ സഭ മുഖേന ക്രിസ്തു മനുഷ്യവർഗ്ഗത്തിനു നല്കുന്ന പ്രസാദവരത്തിൽ ഭാഗഭാക്കുകളാകും. അവർക്കു ലഭിച്ചിട്ടുള്ള വെളിച്ചമനുസരിച്ചു നോക്കുമ്പോൾ, അവരിൽ യാതൊരു പാപവും ഉണ്ടായിരിക്കരുതു്. ഇങ്ങനെയുള്ളവർക്കാണു

www.malankaralibrary.com



ങ്ങളുടെ ആവശ്യത്തിനുള്ള പ്രസാദവരം ലഭിക്കുന്നതു്. അവർ പരോക്ഷമായും ആഗ്രഹത്താലും സഭയുടെ അംഗങ്ങളാണു്. അവൎക്ക രക്ഷ കിട്ടും.

**1863** ആഗസ്റ്റ് പത്താം തീയതി ഇററലിയിലെ മെത്രാന്മാൎക്ക ഒൻപതാം പീയൂസ് മാർപ്പാപ്പാ അയച്ച ഒരു ലേഖനത്തിൽ, സഭ മൂലമെ രക്ഷ അന്വേഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു പ്രസ്താവിച്ചതിനു ശേഷം എഴുതുകയുണ്ടായി: "എല്ലാ മനുഷ്യരുടെയും ഹൃദയത്തിൽ ദൈവം ലേഖനം ചെയ്തിട്ടുള്ള പ്രകൃതിനിയമങ്ങളെ അനുസരിക്കുകയും ദൈവത്തെ അനുസരിക്കുന്നതിനുള്ള അവരുടെ സന്നദ്ധതയിൽ സത്യസന്ധവും യോഗ്യവുമായ ജീവിതം നയിക്കുകയും, എന്നാൽ നമ്മുടെ ഏററം പരിശുദ്ധമായ മതത്തെക്കുറിച്ചു അജയ്യമായ അജ്ഞതയിൽ (തങ്ങൾക്കു ദൂരീകരിക്കുവാൻ മാൎഗ്ഗമില്ലാത്ത അജ്ഞതയിൽ) ആയിരിക്കുകയും ചെയ്യുന്ന ആളുകൾ, ദൈവീകമായ പ്രകാശവും അനുഗ്രഹവുംമൂലം രക്ഷ പ്രാപിക്കുന്നു എന്നു് നമുക്കും നിങ്ങൾക്കും അറിയാം. കാരണം എല്ലാ മനുഷ്യരുടെയും മനസ്സിനെയും ഹൃദയത്തേയും വിചാരങ്ങളേയും ശീലങ്ങളേയും കാണുകയും പരിശോധിക്കുകയും അറിയുകയും ചെയ്യുന്ന ദൈവം തന്റെ പരമനന്മയിലും കരുണയിലും തന്റെ നിയമത്തിന്റെ മന:പൂൎവ്വമായ ലംഘനത്തിനുത്തരവാദിയല്ലാത്ത ഒരുവൻ നിത്യശിക്ഷ സഹിക്കുവാൻ അനുവദിക്കുന്നില്ല."

ഒൻപതാം പീയൂസ് മാർപ്പാപ്പാ തിരുമേനിയുടെ ഈ വാക്കുകൾ സ്പഷ്ടമാകയാൽ ഒരു വിശദീകരണം അതിനാവശ്യമില്ല. കത്തോലിക്കാസഭ സത്യസഭയാണെന്നു അറിഞ്ഞിട്ടും അതിൽ മന:പൂർവ്വം ചേരാതെ നിൽക്കുകയും ലോകത്തിൽ കാണുന്ന ക്രിസ്തീയ വിഭാഗങ്ങളിൽ സത്യമായ ഒന്നു് ഏതാണെന്നു് അന്വേഷിക്കാതിരിക്കുകയും ചെയ്യുന്നതു് ദൈവത്തിന്റെ കല്പനയേക്കാൾ മാനുഷികബഹുമാനവും ലൗകിക നിലയും കാര്യമായി പരിഗണിക്കുകയാകുന്നു.

www.malankaralibrary.com

# അദ്ധ്യായം 9

## കത്തോലിക്കാസഭയുടെ അധികാരങ്ങളും അപ്രമാദിത്വവും

ക്രിസ്തുനാഥൻ സ്ഥാപിച്ച കത്തോലിക്കാസഭയ്ക്കു് ക്രിസ്തു തൻെറ അധികാരങ്ങളെല്ലാം നൽകിയിട്ടുണ്ടു്. തൻെറ രക്ഷാകര വ്യാപാരങ്ങൾ തുടർന്നു കൊണ്ടുപോകേണ്ടതിനു സ്ഥാപിച്ച സഭയ്ക്കു തൻെറ അധികാരങ്ങൾ നൽകേണ്ടതു് ആവശ്യമായിരുന്നു. അല്ലെങ്കിൽ സഭയുടെ സ്ഥാപനോദ്ദേശംതന്നെ നിഷ്ഫലമാകും.

"സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. എൻെറ പിതാവു് എന്നെ അയച്ചതു പോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ആകയാൽ നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവർക്കു മാമോദീസാ നൽകി ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ. 28: 20) എന്നാണല്ലോ ക്രിസ്തുനാഥൻ ശ്ലീഹന്മാരോടരുളിച്ചെയ്തതു്. ആകയാൽ പഠിപ്പിക്കുവാനുള്ള അധികാരം താൻ അവർക്കു നൽകിയെന്നു സ്പഷ്ടം. "ഞാനോ ഇതാ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ടു്" എന്നു വാഗ്ദാനം ചെയ്തതിനാൽ ശ്ലീഹന്മാരുടെ പിൻഗാമികളോടുകൂടെ (തൻെറ സഭയോടുകൂടെ) അവിടുന്നു് ഉണ്ടായിരിക്കുമെന്നു് നാം കണ്ടു.

www.malankaralibrary.com



ഭരിക്കുവാനുള്ള അധികാരവും ശ്ലീഹന്മാർക്കു ലഭിച്ചു. ശ്ലീഹന്മാർ നിയമനിർമ്മാണം ചെയ്യുകയും വിധി നടത്തുകയും ശിക്ഷ നൽകുകയും ചെയ്യുവെന്നു വി. ലിഖിതങ്ങളിൽ നിന്നു നമുക്കു കാണാവുന്നതാണു്: "ഞാൻ സത്യമായി നിങ്ങളോടു പറയുന്നു നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതു് സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടിരിക്കും" (മത്താ. 18: 18) ദിവ്യരക്ഷകൻെറ ഈ വാക്കുകൾ ശ്ലീഹന്മാർക്കു ലഭിച്ച ഭരണാധികാരത്തെയാണു് വ്യക്തമാക്കുന്നതു്.

വിശുദ്ധീകരിക്കുവാനുള്ള അധികാരവും ശ്ലീഹന്മാർക്കു ലഭിച്ചിട്ടുണ്ടായിരുന്നു. "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെടും; എന്നാൽ ആരുടേതെങ്കിലും നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും" (യോഹ. 20: 22–23) എന്നുള്ള ക്രിസ്തുവിൻെറ വാക്കുകളും, വിശ്വസിക്കുന്നവർക്കു മാമ്മോദീസാ നൽകുവാനുള്ള തൻെറ നിർദ്ദേശവും വിശുദ്ധീകരിക്കുവാനുള്ള അധികാരത്തെയാണു് വ്യക്തമാക്കുന്നതു്. ഈ അധികാരങ്ങൾ ലോകാവസാനംവരെ നിലനിൽക്കേണ്ടതാണു്: 'ഞാനോ ഇതാ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടു കൂടെയുണ്ടു്, എന്ന വാഗ്ദാനംകൊണ്ടു് ശ്ലീഹന്മാരോടും അവരുടെ പിൻഗാമികളോടുംകൂടി ലോകാവസാനംവരെ അവിടുന്നു് ഉണ്ടായിരിക്കുമെന്നു് നമുക്കു് ഉറപ്പു നൽകി.

അവർക്കു ലഭിച്ച അധികാരപരിധികൾ ദൃശ്യമായിരുന്നു. അതായതു് ആ അധികാരങ്ങളുടെ ഉത്ഭവസ്ഥാനം, അധികാരപ്രയോഗം, ആ അധികാരപ്രയോഗത്തിനു കീഴ്പ്പെട്ടു നിൽക്കുന്നവർ തുടങ്ങിയവ അദൃശ്യങ്ങളായ എന്തോ അല്ലായിരുന്നു എന്നു സാരം.

## കത്തോലിക്കാസഭയുടെ അപ്രമാദിത്വം

കത്തോലിക്കാസഭയുടെ അപ്രമാദിത്വം എന്നു പറയുമ്പോൾ

www.malankaralibrary.com



എന്താണു നാം മനസ്സിലാക്കേണ്ടതു്? വിശ്വാസത്തെയൊ സന്മാർഗ്ഗത്തെയൊ സംബന്ധിച്ചു എന്തെങ്കിലും സഭ ഔദ്യോഗികമായി പാിപ്പിക്കുകയൊ വിശ്വസിക്കുകയൊ ചെയ്യുമ്പോൾ, പരിശുദ്ധാത്മാവിന്റെ പ്രത്യേക സഹായത്താൽ സഭയ്ക്കു തെററുപററാൻ പാടില്ല എന്നാണു്. ക്രിസ്തുവിന്റെ സഭയ്ക്കു തെററു പററാമെന്നു സമ്മതിയ്ക്കുന്നതു് യുക്തിഹീനവും ദൈവദോഷപരവുമാണെന്നു് സാമാന്യബുദ്ധിയാൽ മനസ്സിലാക്കാവുന്നതാണു്; കാരണം:

1. അസത്യം വിശ്വസിക്കുന്നതിനു ദൈവം മനുഷ്യനെ ശിക്ഷയിൻകീഴ് അനുശാസിക്കുന്നു എന്നു് സമ്മതിക്കേണ്ടതായി വരും. "വിശ്വസിക്കുന്നവൻ രക്ഷ പ്രാപിക്കും, വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും." 2. ഏതെങ്കിലും ഒരു പ്രബോധനം ദൈവത്തിൽ നിന്നാണൊ അല്ലയൊ എന്നറിവാൻ തക്കതായ യാതൊരു മാർഗ്ഗവും ഈ ലോകത്തിൽ ഇല്ല എന്നും സമ്മതിക്കേണ്ടിവരും. 3. മേല്പറഞ്ഞ വിധം തെററുപററാത്ത ഏതെങ്കിലും സ്ഥാപനമില്ലെങ്കിൽ ക്രിസ്തുനാഥന്റെ മരണത്തോടുകൂടി പഠിപ്പിക്കുക എന്നുള്ള തന്റെ കൃത്യം തീർന്നതായി കണക്കാക്കേണ്ടിവരും. സഭയുടെ സ്ഥാപനോദ്ദേശംതന്നെ നിഷേധിക്കേണ്ടിവരും. "സകല മനുഷ്യരും രക്ഷ പ്രാപിക്കണമെന്നും സത്യത്തിന്റെ അറിവിലേക്കു തിരിയണമെന്നും ഇച്ഛിക്കുന്ന നമ്മുടെ രക്ഷകനായ ദൈവം" (1 തിമോ. 2; 3—4) തന്റെ ആവിഷ്കൃത സത്യങ്ങൾ തെററുകൂടാതെ പഠിപ്പിക്കുന്ന ഒരു സ്ഥാപനം ലോകത്തിൽ നിലനിറുത്തിയില്ലെന്നു വിചാരിക്കുക സാദ്ധ്യമോ?

തെററുവരാതെ പഠിപ്പിക്കുന്ന, അധികാരമുള്ള ഒരു ദൈവീക സ്ഥാപനമായാണു് പുതിയ നിയമത്തിൽ സഭ ചിത്രീകരിക്കപ്പെട്ടിരിക്കുന്നതു്. സാത്താനും തിന്മയുടെ ശക്തികൾക്കും നശിപ്പിക്കുവാൻ കഴിയാത്ത ഉറച്ച പാറമേൽ സ്ഥാപിക്കപ്പെട്ട ഒരു ഭവനത്തോടാണു് ക്രിസ്തുനാഥൻ സഭയെ ഉപമിയ്ക്കുന്നതു്. (മത്താ. 16: 18; മത്താ. 7: 24, സങ്കീർ. 116: 5) സഭയ്ക്കു് അപ്രമാദി

www.malankaralibrary.com



ത്വമില്ലെങ്കിൽ സഭയുടെമേൽ നരകവാതിലുകൾ പ്രബലപ്പെട്ടു-പ്രബലപ്പെട്ടും എന്നെല്ലാം സമ്മതിക്കേണ്ടിവരും.

ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും ദൌത്യം ക്രിസ്തുനാഥന്റെ ദൌത്യം തന്നെയെന്നു പുതിയ നിയമം സാക്ഷിക്കുന്നതായി നാം കണ്ടു. അതിനാൽ ഏതാനും ചില വേദവാക്യങ്ങൾകൂടി തല്ക്കാലം ഉദ്ധരിച്ചാൽ മതിയാകും: "എന്റെ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു." (യോഹ. **20: 21**) സത്യത്തെക്കുറിച്ചു് സാക്ഷ്യപ്പെടുത്തുവാനാണതു്: (യോഹ. **18: 37** കാണുക.) "ഞാനയയ്ക്കുന്നവനെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു." (യോഹ. **13: 20**) വീണ്ടും വി: യോഹന്നാൻ "ഞങ്ങളോ ദൈവത്തിൽ നിന്നാകുന്നു. ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നു. ദൈവത്തിൽനിന്നല്ലാത്തവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നില്ല. ഇതുകൊണ്ടുതന്നെ സത്യാത്മാവിനെയും വഞ്ചകാത്മാവിനെയും നമുക്കു തിരിച്ചറിയാം." (**1** യോഹന്നാൻ **4**: 6)

ക്രിസ്തുനാഥൻ തന്റെ അന്തിമ പ്രഭാഷണവേളയിൽ ശ്ലീഹന്മാർക്കു പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തു: "ഞാൻ എന്റെ പിതാവിനോടു ചോദിക്കും, നിങ്ങളോടു കൂടി എന്നും ഇരിക്കേണ്ടതിനായി, വേറൊരു പാറക്ക്ലീത്തായെ അവൻ നിങ്ങൾക്കു തരും." പരിശുദ്ധാത്മാവു് ക്രിസ്തു പഠിപ്പിച്ചിട്ടുള്ളവയെ അവരെ ഓർമ്മിപ്പിക്കും. ക്രിസ്തുവിനെക്കുറിച്ചു പരിശുദ്ധാത്മാവു സാക്ഷിപ്പെടുത്തും. പരിശുദ്ധാത്മാവിന്റെ സഹായത്തോടുകൂടി സഭ ക്രിസ്തുവിനെ സാക്ഷിപ്പെടുത്തും: (നട. **1**: 9) അതിനാൽ സഭയിൽ അപ്രമാദിത്വം ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണു്.

തങ്ങളുടെ പ്രബോധനങ്ങൾ ദൈവത്തിന്റെ വചനമാണെന്നു ശ്ലീഹന്മാർ പ്രഖ്യാപിക്കുന്നുണ്ടു്: (നട. 4: **31**; 8: 14; **12**: **24**; 13: 44; **15**: 35; 1 കോറി. 15: 36; **2** തിമോ. **2**: 9)

www.malankaralibrary.com



ആ ദൈവവചനം പരിശുദ്ധാത്മാവിന്റെ സഹായത്താലാണ് അവർ സുവിശേഷിച്ചിരുന്നത്: (നട. 2: 4; 4: 31; 1 കോരി. 2: 4—16) അവരുടെ സുവിശേഷപ്രചരണംമൂലം സഭ ലോകത്തിൽ വ്യാപിച്ചു. സഭ "സത്യത്തിന്റെ തൂണും അടിസ്ഥാനവു" മാണെന്നു വി: പൗലോസു് പ്രസ്താവിക്കുന്നുമുണ്ട്. ഇങ്ങനെയുള്ള സഭയ്ക്കു് അസത്യം പഠിപ്പിക്കുവാൻ സാധിക്കുമോ? ഇല്ലെന്നുള്ളതു് തീർച്ചയാണു്. അപ്പോൾ സഭയ്ക്കു അപ്രമാദിത്വമുണ്ടായിരിക്കണമെന്നു സിദ്ധിക്കുന്നു.

'സത്യത്തിന്റെ തൂണും അടിസ്ഥാനവുമാകേണ്ട സഭ തെററു പഠിപ്പിക്കുവാൻ ഇടയാകുന്നുവെന്നുവച്ചാൽ അതിൽ നിന്നും അനേകം വിഷമപ്രശ്നങ്ങൾ ഉത്ഭവിക്കും. മനുഷ്യരക്ഷയ്ക്കു വേണ്ടി ദൈവം തെററു പഠിപ്പിക്കാൻ കഴിയുന്ന ഒരു സ്ഥാപനമേർപ്പെടുത്തിയെന്നു വിചാരിക്കാൻ കഴിയുമോ? അങ്ങനെ ദൈവം സ്ഥാപിച്ച സഭയ്ക്കു വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച പ്രബോധനങ്ങളിൽ തെററു പററാമെങ്കിൽ ആ സഭയുടെ പാഠങ്ങളിൽ ഏതു് ശരി, ഏതു് തെററു് എന്നു നമുക്കെങ്ങനെ അറിയാൻ കഴിയും? നാം സന്ദേഹസ്ഥിതിയിൽ വീണുപോകയൊ, തെററിൽ വീണുപോകയൊ ചെയ്യുകയില്ലേ? നമ്മുടെ ആത്മരക്ഷയെ ബാധിക്കുന്ന ഒരു കാര്യമാണിതു്. വിശ്വാസവും സംശയവും ഒരേ അവസരത്തിൽ ഒരേ സാഹചര്യത്തിൽ ഒരുവനിൽ ഉണ്ടായിരിക്കുക സാധ്യമല്ല. "വിശ്വാസംകൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാധിക്കയില്ല." (എബ്രാ. 11: 6) "വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും"

വിശ്വാസവും അപ്രമാദിത്വവും തമ്മിലുള്ള ബന്ധം അഭേദ്യമായ ഒന്നാണ്. വിശ്വാസ വിഷയങ്ങൾ പഠിപ്പിക്കേണ്ട സഭയ്ക്കു് തെററാവരമില്ലെങ്കിൽ സഭയുടെ പ്രബോധനം ദൈവീകമാണോ, വിശ്വസിക്കേണ്ടതാണോ എന്നു് നിശ്ചയിക്കുക സാധ്യമല്ല.

കത്തോലിക്കാസഭ പുതിയതായി വിശ്വാസവിഷയങ്ങളൊന്നും നിർമ്മിച്ചു പഠിപ്പിക്കുന്നില്ല. അങ്ങനെ ചെയ്യുവാൻ സഭയ്ക്കു് അധി

www.malankaralibrary.com



കാരവുമില്ല. വേദപുസ്തകാനുസൃതവും പാരമ്പര്യത്തിലുള്ളതുമായ വിശ്വാസസത്യങ്ങൾ സഭ പ്രഖ്യാപനം ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള വിശ്വാസ പ്രഖ്യാപനങ്ങൾക്കു ഓരോ കാലഘട്ടത്തിലും ആവശ്യം വന്നേക്കാം. നിഖ്യായിലും കുസ്തന്തീനോസ്‌പോലീസിലും എഫേസൂസിലും വച്ചു നടന്ന സാർവ്വത്രിക സുന്നഹദോസുകളിൽ പാഷണ്ഡതയ്ക്കെതിരായിട്ട് വിശ്വാസസത്യങ്ങൾ പ്രഖ്യാപിക്കുക ഉണ്ടായിട്ടില്ലേ? അതുപോലെ ഇന്നും സഭയിൽ സംഭവിക്കുന്നുണ്ട്. വെളിപ്പെടുത്തപ്പെട്ട സത്യങ്ങളുടെ ഭണ്ഡാകാരവും സൂക്ഷിപ്പുകാരിയുമാണ് സഭ. അവയിൽ നിന്നു സഭയെടുത്തു കൈകാര്യം ചെയ്യുന്ന എന്നേ വിശ്വാസപ്രഖ്യാപനങ്ങൾ തെളിയിക്കുന്നുള്ളു.

MALANKARA
LIBRARY

www.malankaralibrary.com

# അദ്ധ്യായം 10

## പത്രോസിന്റെയും അദ്ദേഹത്തിന്റെ പിൻഗാമിയായ റോമാ മാർപ്പാപ്പായുടെയും പരമാധികാരം

### പത്രോസിന്റെ പരമാധികാരം

മററ അപ്പോസ്തലന്മാരുടെമേൽ പത്രോസിനുള്ള പരമാധികാരം ക്രിസ്തു പല പ്രാവശ്യം വെളിപ്പെടുത്തിയിട്ടുണ്ട്:

1. "യേശു പീലിപ്പോസിന്റെ കേസറിയാപ്രദേശത്തു വന്നപ്പോൾ അവൻ ശിഷ്യരോട്: മനുഷ്യപുത്രനായ ഞാൻ ആരാകുന്നു? എന്നാണ് മനുഷ്യർ എന്നെക്കുറിച്ചു പറയുന്നത് എന്നു അന്വേഷണം ചെയ്തു ചോദിച്ചു. അവർ പറഞ്ഞു: ചിലർ സ്നാപകയോഹന്നാൻ എന്നും മററ ചിലർ ഏലിയാ എന്നും വേറെ ചിലർ യെറമിയാ അല്ലെങ്കിൽ പ്രവാചകരിൽ ഒരുവൻ എന്നും പറയുന്നു. അവൻ അവരോടു ചോദിച്ചു: എന്നാൽ ഞാൻ ആരാകുന്നു എന്നാണ നിങ്ങൾ പറയുന്നത്? ശെമഓൻകേപ്പാ മറുപടിയായി പറഞ്ഞു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു. യേശു അവനോട് മറുപടിയായി അരുളിച്ചെയ്തു: യോനായുടെ പുത്രനായ ശെമഓനേ, നീ ഭാഗ്യവാൻ. എന്തുകൊണ്ടെന്നാൽ സ–

www.malankaralibrary.com



ഗ്ഗത്തിലുള്ള എന്റെ പിതാവല്ലാതെ ജഡവും രക്തവുമല്ല ഇതു നിനക്കു വെളിപ്പെടുത്തിയതു്. ഞാനും നിന്നോടു പറയുന്നു: നീ കേപ്പായാകുന്നു. ഈ കേപ്പായിന്മേൽ എന്റെ പള്ളി ഞാൻ പണിയും; നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും; നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതു് സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടിരിക്കും." (മത്താ. **16: 13—19**) അന്ത്രയോസ് സ്വസഹോദരനായ ശെമഒാനെ ക്രിസ്തുനാഥന്റെ സന്നിധിയിൽ ആദ്യം കൊണ്ടുചെന്നപ്പോൾതന്നെ ദിവ്യരക്ഷകൻ അരുളിച്ചെയ്യുകയുണ്ടായി: "നീ യോനായുടെ പുത്രനായ ശെമഒാൻ ആകുന്നു. നീ കേപ്പാ എന്നു വിളിക്കപ്പെടും" (യോഹ: **1: 42**) ക്രിസ്തുനാഥന്റെ വാക്കുകൾ പത്രോസിനോടു മാത്രമായിരുന്നു. പൊതുവെ എല്ലാവരോടുമല്ലായിരുന്നു. 'ഞാനും നിന്നോടു പറയുന്നു' എന്നാണല്ലോ അവിടുന്നു് അരുളിച്ചെയ്തതു്. കൂടാതെ പത്രോസ്, ക്രിസ്തുവിനെ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു എന്നു ഏററു പറഞ്ഞപ്പോൾ, ഈ വസ്തുത സ്വർഗ്ഗസ്ഥനായ പിതാവാണു് പത്രോസിനു വെളിപ്പെടുത്തിയതെന്നു അരുളിച്ചെയ്തിട്ടു് അതിന്റെ തുടർച്ചയായിട്ടുതന്നെയാണു അവിടുന്നു ഏകവചനത്തിൽ 'നീ' എന്നുപയോഗിച്ചുകൊണ്ടു പത്രോസിനോടു സംസാരിക്കുന്നതു്. 'ഈ പാറമേൽ' എന്നതു് തന്നെക്കുറിച്ചുതന്നെയാണു് ക്രിസ്തു ഉപയോഗിച്ചതു് എന്ന വാദം വ്യാകരണനിയമങ്ങൾക്കും യുക്തിയ്ക്കും എതിരായ ഒന്നാണു്. ആയതിനാൽ പത്രോസാണു പാറ. പത്രോസാകുന്ന പാറമേൽ തന്റെ സഭയെ താൻ പണിയും എന്നരുളിച്ചെയ്തിട്ടു് നരകവാതിലുകൾ ആ സഭയോടു പ്രബലപ്പെടുകയില്ലെന്നു് ഉറപ്പു നൽകുകയും ചെയ്തു.

പാറ എന്ന രൂപകം മനസ്സിലാക്കുവാൻ വിഷമമില്ല. പാറമേൽ ഭവനം പണിയിച്ച ബുദ്ധിമാനായ മനുഷ്യനെക്കുറിച്ചു് ഇതിനുമുമ്പു് ക്രിസ്തു അരുളിച്ചെയ്തിട്ടുണ്ടു്: "മഴ പെയ്യുകയും നദികൾ

www.malankaralibrary.com



ഒഴുകിവരികയും കാററുകൾ ഊതുകയും അവ ആ വീടിന്മേൽ തട്ടുകയും ചെയ്തു; അതു വീണില്ല. എന്തെന്നാൽ അതിൻെറ അടിസ്ഥാനം പാറമേൽ വയ്ക്കപ്പെട്ടിരുന്നു.” (മത്താ: **7: 25**) മലമ്പ്രദേശമായ പലസ്തീനായിൽ പാറ, യുദ്ധസമയത്തു സുരക്ഷിതമായ കോട്ടയായും കൊടുങ്കാററിൽ അഭയസ്ഥാനമായും ഉപകരിച്ചിരുന്നു. യൂദന്മാരുടെ ഇടയിൽ കേപ്പാ എന്ന പദത്തിനു് അഭയസ്ഥാനം എന്ന വ്യംഗ്യാർത്ഥവും ഉണ്ടായിരുന്നു. ‘എൻെറ സഭ’ എന്നു നമ്മുടെ കർത്താവു് ആദ്യമായി ഉപയോഗിച്ചതും ഈ സന്ദർഭത്തിലാണെന്നു് നാം പ്രത്യേകം ഓർക്കേണ്ടതുണ്ടു്.

പാറ ഭവനത്തിനു ഉറപ്പു് നൽകുന്നതുപോലെ പത്രോസ് സഭയ്ക്കു ഉറപ്പു നൽകണം. നരകവാതിലുകൾ ആ സഭയോടു പ്രബലപ്പെടാതിരിക്കത്തക്കവണ്ണം പത്രോസ് സഭയ്ക്കു ഉറപ്പു് നൽകും. അതിനാൽ സഭയുടെ ഉറപ്പിൻെറ മൂലം പത്രോസാണെന്നു സിദ്ധിക്കുന്നു. സഭയാകുന്ന ദൈവീകഭവനത്തെ താങ്ങുകയും ബലപ്പെടുത്തുകയും ചെയ്യുന്ന പത്രോസിൻെറ ശക്തി, സഭയിലെ എല്ലാ അംഗങ്ങളിലും അനുഭവപ്പെടണം. ഒരു സമൂഹത്തിനു അതിലെ പരമാധികാരമാണു് ഉറപ്പു നൽകുന്നതു്; അതിനാൽ സഭയിൽ പത്രോസിൻെറ ഔദ്യോഗിക ചുമതല പരമാധികാരിയുടേതാണു്.

“സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും” എന്നു ക്രിസ്തുനാഥൻ, ‘നീ’ എന്നുള്ള ഏകവചനമുപയോഗിച്ചുതന്നെ പത്രോസിനോടു തുടർന്നു അരുളിച്ചെയ്യുന്നു. താക്കോലുകൾ എന്ന പദം അധികാരത്തെയാണു് സൂചിപ്പിക്കുന്നതു്. ‘താക്കോലുകൾ നൽകുക’ എന്നു പറഞ്ഞാൽ അധികാരം കൈമാറുക എന്നാണർത്ഥം. അധികാരമെന്ന അർത്ഥത്തിൽ താക്കോൽ എന്ന പദം ഏശായാപ്രവാചകനിലും വെളിപാടിലും ഉപയോഗിച്ചിട്ടുമുണ്ടു്. താക്കോൽക്കാരൻ എന്ന പദം ക്രിസ്തുവിനെക്കുറിച്ചുള്ളതാണു്. ഏശായാപ്രവാചകനിൽ നാം വായിക്കുന്നു: “ദാവീദി

www.malankaralibrary.com



ൻെറ ഭവനത്തിൻെറ താക്കോൽ ഞാൻ അവൻെറ സ്കന്ധങ്ങളിൽ വയ്ക്കും; അവൻ തുറക്കും, ഒരുത്തനും അടയ്ക്കുകയില്ല; അവൻ അടയ്ക്കും ആരും തുറക്കുകയും ഇല്ല." (ഏശാ:, 22: 22) ഈ വചനം മിശിഹായെക്കുറിച്ചുള്ളതാണെന്നു വെളിപാടിൽ നിന്നു നമുക്കു ഗ്രഹിക്കാം: "ദാവീദിൻെറ താക്കോലുകളുള്ളവനായി, താൻ തുറന്നാൽ ആരും അടയ്ക്കാതെയും താൻ അടച്ചാൽ ആരും തുറക്കാതെയുമുള്ളവനായി, സത്യവാനായിരിക്കുന്ന പരിശുദ്ധൻ ഇവ അരുളിച്ചെയ്യുന്നു." (വെളി. 3: 7) അവിടുന്ന് മരണത്തിൻെറയും നരകത്തിൻെറയും താക്കോലുകൾ (വെളി. 1: 18) ഉള്ളവനാണ്.

അപ്പോൾ 'സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും' എന്നുള്ള വാക്കുകളാൽ തൻെറ അധികാരം താൻ പത്രോസിനു നൽകും എന്ന് ക്രിസ്തു സൂചിപ്പിക്കുകയായിരുന്നു. സ്വർഗ്ഗരാജ്യം മുഴുവനിലുമാണ്—സഭ മുഴുവനിലുമാണ്—പത്രോസിൻെറ അധികാരം എന്നും ഈ വാക്കുകൾ സൂചിപ്പിക്കുന്നു. കാരണം സ്വർഗ്ഗരാജ്യം ഒന്നേയുള്ളു. ഈ അധികാരം മററുള്ള ശ്ലീഹന്മാർക്കു നൽകപ്പെട്ടില്ല. അതിനാൽ സഭ മുഴുവനിലും മററു ശ്ലീഹന്മാർക്ക് വി. പത്രോസിൻെറതുപോലുള്ള അധികാരമില്ല; മററുള്ള ശ്ലീഹന്മാരുടെ മേൽ പത്രോസിന് അധികാരമുണ്ട്. കാരണം മററുള്ള ശ്ലീഹന്മാരും സ്വർഗ്ഗരാജ്യത്തിലെ—സഭയിലെ—അംഗങ്ങളാണല്ലൊ.

'നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിയ്ക്കുന്നതു് സ്വർഗ്ഗത്തിൽ അഴിയ്ക്കപ്പെട്ടിരിക്കും" എന്നു നമ്മുടെ കർത്താവു് തുടർന്നു് അരുളിച്ചെയ്യുന്നു. 'കെട്ടുകയും അഴിയ്ക്കുകയും' എന്ന ശൈലി അന്നു് യഹൂദന്മാരുടെയിടയിൽ നടപ്പുണ്ടായിരുന്നതു്, ഏതെങ്കിലും കാര്യം വിലക്കിയിരിക്കുന്നു എന്നോ അനുവദിച്ചിരിക്കുന്നു എന്നോ പ്രഖ്യാപിക്കുന്നതിനെ സൂചിപ്പിക്കുന്നതിനായിരുന്നു. ഇതു അധികാരദ്യോതകമായ

www.malankaralibrary.com


ഒന്നാണ്. പത്രോസിനു മാത്രം നൽകിയ ഈ അധികാരം പി ന്നീട് പത്രോസ് കൂടെ നിൽക്കവേതന്നെ എല്ലാ ശ്ലീഹന്മാർക്കും നൽകപ്പെടുകയുണ്ടായി. (മത്താ. 18: 18) എങ്കിലും പത്രോസിനു നൽകപ്പെട്ട അധികാരം അതിന്റെ സാഹചര്യത്തിൽ വച്ചു നോക്കുമ്പോൾ മറ്റെല്ലാ ശ്ലീഹന്മാർക്കുമുള്ള അധികാരത്തിൽ നിന്നു പ്രത്യേകമായ ഒന്നാണെന്നു ഗ്രഹിക്കാം. പത്രോസിനു കീഴ്പ്പെട്ടു മാത്രമേ മററു ശ്ലീഹന്മാർക്കു ഈ അധികാരപ്രയോഗം പാടുള്ളു.

2 നമ്മുടെ കർത്താവു് തന്റെ മരണത്തിന്റെ തലേ ദിവസം രാത്രിയിൽ പത്രോസിനോടരുളിച്ചെയ്തു: "ശെമഓനെ, ഇതാ, സാത്താൻ നിങ്ങളെ ഗോതമ്പുപോലെ കൊഴിക്കുവാൻ അന്വേഷിക്കുന്നു. ഞാൻ നിന്റെ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കുവാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു. നീയും ഒരിക്കൽ നിന്റെ സഹോദരന്മാരെ വീണ്ടും ഉറപ്പിക്കുക". (ലൂക്കോ. 22: 31—32)

ശ്ലീഹന്മാരെല്ലാവരെയും വീഴ്ത്തുവാൻ സാത്താൻ പരിശ്രമിക്കുകയാണ്. ക്രിസ്തുനാഥൻ ശ്ലീഹന്മാരിൽ പത്രോസിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു. കാരണം പത്രോസ് മററുള്ളവരെ ഉറപ്പിക്കേണ്ടയാളാണ്. തങ്ങളിൽ വലിയവൻ ആരാണെന്നു ശ്ലീഹന്മാരുടെയിടയിൽ വാദം നടന്നുകൊണ്ടിരിക്കുമ്പോൾ അവരിൽ വലിയവൻ ചെറിയവനെപ്പോലെ ശുശ്രൂഷകനാകണമെന്ന് കർത്താവു് ഉപദേശിക്കുകയുണ്ടായി. ഈ സംഭവത്തെ തുടർന്നാണ് ക്രിസ്തു പത്രോസിനോട് ഇപ്രകാരം അരുളിച്ചെയ്തതെന്നുള്ളതും പ്രത്യേകം ഓർക്കേണ്ടതാണ്. ക്രിസ്തു തന്റെ ഉയിർത്തെഴുന്നേല്പിനുശേഷം മൂന്നാമത്തെ പ്രാവശ്യം ശ്ലീഹന്മാർക്കു പ്രത്യക്ഷനായപ്പോൾ പത്രോസിനു നൽകിയ പരമാധികാരത്തെ അവസാനമായി, സാർവ്വത്രികമായി പ്രഖ്യാപനം ചെയ്യുന്നു. പ്രാതൽ കഴിച്ചശേഷം യേശു ശെമഓൻ കേപ്പായോട് —"യോനായുടെ പുത്രനായ ശെമഓനേ, നീ ഇവരിലും അധികമായി എന്നെ സ്നേഹിക്കുന്നുവോ" എന്നു ചോ

www.malankaralibrary.com



ദിച്ചു. അവൻ അവനോട്: എന്റെ കർത്താവേ, ഉവ്വ്; ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. അവൻ അവനോടു അരുളിച്ചെയ്തു: എന്റെ കുഞ്ഞാടുകളെ എനിക്കായി നീ മേയിക്കുക. അവൻ രണ്ടാം പ്രാവശ്യവും അവനോടു യോനായുടെ പുത്രനായ ശെമഓനേ, നീ എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അവൻ അവനോട് എന്റെ കർത്താവേ, ഉവ്വ്; ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. ഈശോ അവനോടു അരുളിച്ചെയ്തു: എന്റെ ആടുകളെ എനിക്കായി നീ മേയ്ക്കുക. അവൻ മൂന്നാം പ്രാവശ്യം അവനോട് യോനായുടെ പുത്രനായ ശെമഓനെ നീ എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. എന്നാൽ നീ എന്നെ സ്നേഹിക്കുന്നുവോ എന്നു മൂന്നാം പ്രാവശ്യം അവൻ തന്നോടു ചോദിച്ചതുകൊണ്ടു കേപ്പാ ദുഃഖിച്ചു. അവൻ അവനോട്: എന്റെ കർത്താവേ, നീ എല്ലാം തിരിച്ചറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. ഈശോ അവനോടു അരുളിച്ചെയ്തു: എന്റെ പെണ്ണാടുകളെ എനിക്കായി നീ മേയ്ക്കുക." (യോഹ: 21: 15–17) ചില അകത്തോലിക്കർ അഭിപ്രായപ്പെടുന്നതുപോലെ, മൂന്നു പ്രാവശ്യം ക്രിസ്തുവിനെ തള്ളിപ്പറഞ്ഞു എന്ന കാരണത്താൽ ക്രിസ്തു പരമാധികാരം നിരസിക്കുകയല്ല, നേരേമറിച്ചു വാഗ്ദാനംചെയ്ത ആ പരമാധികാരത്തെ ഉറപ്പിച്ചു മുദ്രവയ്ക്കുയാണു് ചെയ്തതു്. തന്നെയുമല്ലാ പരമാധികാരം നടത്താൻ കടപ്പാടുള്ള വി. പത്രോസിന്റെ സ്നേഹം മററു ശ്ലീഹന്മാരുടെ സ്നേഹത്തേക്കാൾ വലുതായിരിക്കണമെന്നും ദിവ്യരക്ഷകൻ വ്യക്തമാക്കി. പത്രോസിനോടു മാത്രമാണു ചോദ്യം; പത്രോസിന്റേതു മാത്രമാണു് മറുപടി; പത്രോസിനുമാത്രമാണു് കുഞ്ഞാടുകളെയും ആടുകളെയും (മുട്ടാടുകളെയും) പെണ്ണാടുകളെയും മേയ്ക്കുവാനുള്ള അധികാരം നൽകിയതു്. ഇടയനടുത്ത അധികാരമാണു് ഈ വാക്കുകളിൽ ക്രിസ്തു പത്രോസിനു നൽകുന്ന

www.malankaralibrary.com



തെന്നു വ്യക്തം. ആ അധികാരമാകട്ടെ എല്ലാ ആട്ടുകളുടെമേലും ഉള്ളതാണു്.

ക്രിസ്തുനാഥന്റെ ഒരു സ്ഥാനമാണു് ഇടയൻ എന്നുള്ളതു്. താൻ നല്ല ഇടയനാണെന്നു് അവിടുന്നുതന്നെ അരുളിച്ചെയ്തിട്ടുണ്ടു്: (യോഹ: 10: 11) പ്രവചനങ്ങളിലും ക്രിസ്തുവിനെ ഇടയനായി ചിത്രീകരിച്ചിട്ടുണ്ടു്: "ഒരു ഇടയനെപ്പോലെ അവൻ തന്റെ അജഗണത്തെ മേയ്ക്കും" (ഏശയാ. 40: 11)

പഴയനിയമത്തിൽ മൂശ തന്റെ മരണത്തിനു മുൻപു്, തനിക്കു പകരം ഇസ്രായേൽക്കാരെ നയിപ്പാൻ വേറൊരാളെ നിയമിക്കണമെന്നു് യഹോവയോടു പ്രാർത്ഥിച്ചു: "കർത്താവിന്റെ ആളുകൾ ഇടയനില്ലാത്ത ആട്ടുകളെപ്പോലെ ആകാതിരിപ്പാൻ വേണ്ടി അവർക്കുമുമ്പു അകത്തു പ്രവേശിക്കുന്നവനും അവരെ പുറത്തേയ്ക്കു നയിക്കുന്നവനും അവരെ അകത്തേയ്ക്കു കൊണ്ടുവരുന്നവനും ആയി ഒരാളെ ആ സംഘത്തിന്റെ തലവനായി നിശ്ചയിക്കണമെന്നു് മൂശ ദൈവത്തോടു പ്രാർത്ഥിച്ചു." (സംഖ്യ 27: 16) ദൈവം മൂശയുടെ സ്ഥാനത്തു് ജോഷ്വായെ നിയമിച്ചു. അതുപോലെതന്നെയാണു് നമ്മുടെ ദിവ്യരക്ഷകനും, തന്റെ സഭയുടെ ഇടയനായി—പരമാധികാരിയായി—പ്രതിനിധിയായി, തന്റെ സ്വർഗ്ഗാരോഹണത്തിനു മുൻപു് പത്രോസിനെ നിയമിച്ചതു്. ഇങ്ങനെ അടിസ്ഥാനം, താക്കോൽക്കാരൻ, ഇടയൻ എന്നു തുടങ്ങിയ ക്രിസ്തുവിനുള്ള സ്ഥാനവും അധികാരവും താൻ പത്രോസിനു മാത്രമാണു് നൽകിയതു്. പത്രോസിനു മററു ശ്ലീഹന്മാരെക്കാൾ വിശേഷവിധിയായ ഒരു പ്രാധാന്യം ഉണ്ടെന്നുള്ളതു് വി. ലിഖിതങ്ങളിൽ നിന്നു അനായാസേന ഗ്രഹിക്കാവുന്നതാണു്. ക്രിസ്തു ആദ്യമായി യോനായുടെ പുത്രനായ ശെമഓനെ വിളിച്ചപ്പോൾ തന്നെ, ശെമഓനെന്ന നാമം മാററി പാറ എന്നർത്ഥമുള്ള കേപ്പാ എന്നു് ആക്കുന്നു. ശ്ലീഹന്മാരുടെ പേരുകൾ പ്രസ്താവിക്കുമ്പോൾ പത്രോസിന്റെ പേരാണു് ഒന്നാമതായി എല്ലാ സുവിശേ

www.malankaralibrary.com



ഷികന്മാരും പ്രസ്താവിക്കുന്നതു് (മത്താ. 10: 2; മർക്കോ. 3: 16; ലൂക്കോ. 6–13, 14) ശ്ലീഹന്മാരുടെ നേതാവായിട്ടാണ് ശ്ലീഹന്മാരും കർത്താവും പത്രോസിനെ പരിഗണിച്ചിരുന്നതു്. (മത്താ. 17: 1, 23—26; 26: 37—40; മർക്കോ. 5: 37; 9: 1; ലൂക്കോ. 5. 3—10; 8: 45) ശ്ലൈഹീക സംഘത്തിന്റെ വക്താവായിട്ടു പത്രോസ് പലയവസരങ്ങളിൽ പ്രത്യക്ഷപ്പെട്ടുന്നു. "ഇതാ എല്ലാം ഉപേക്ഷിച്ചു ഞങ്ങൾ അങ്ങയെ അനുഗമിച്ചിരിക്കുന്നു." എന്നു പറഞ്ഞതു് പത്രോസാണു്; "കർത്താവേ എന്റെ സഹോദരൻ എന്നോടു തെററു ചെയ്താൽ ഞാൻ അവനോട്ടു് എത്ര പ്രാവശ്യം ക്ഷമിക്കണം" (മത്താ. 18: 21) എന്നു ചോദിച്ചതും പത്രോസാണു്. മനുഷ്യനെ വഷളാക്കുന്ന വസ്തുക്കളെക്കുറിച്ചുള്ള ഉപമ വിശദമാക്കുവാൻ ക്രിസ്തുനാഥനോടപേക്ഷിയ്ക്കുന്നതും പത്രോസാണു്. (മത്താ. 15: 15); "കർത്താവേ, നീ ഈ ഉപമ അരുളിച്ചെയ്യുന്നതു ഞങ്ങളോടോ സകല മനുഷ്യരോടുംകൂടിയോ?" (ലൂക്കോ. 12: 41) എന്നു് ആരാഞ്ഞതും പത്രോസ്തന്നെ. നമ്മുടെ കർത്താവു് വിശുദ്ധ കർബാനയെക്കുറിച്ചു ചർച്ചചെയ്ത വേളയിൽ പല ശിഷ്യരും അങ്ങയെ വിട്ടു് പിരിഞ്ഞു പോയി. ആ സമയം "നിങ്ങളും പോകുവാൻ ഇച്ഛിക്കുന്നുവോ" എന്നു അവിടുന്നു് ശ്ലീഹന്മാരോടു് ചോദിച്ചപ്പോൾ ശ്ലീഹന്മാരുടെയെല്ലാം വക്താവായി പത്രോസാണു ഇപ്രകാരം പറയുന്നതു്: "എന്റെ കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിനക്കുണ്ടു്." (യോഹ. 6: 69)

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം യൂദാസ്കറിയോത്തായുടെ സ്ഥാനത്തു് മത്തിയാസിനെ തെരഞ്ഞെടുത്തതിൽ പ്രമുഖ പങ്കുവഹിച്ചതു് പത്രോസാണു്: (നട. 1: 22) സുവിശേഷം ആദ്യം പ്രസംഗിക്കുന്നതു പത്രോസാണു്: (നട. 2: 14); പത്രോസാണു് ആദ്യം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതു്: നട. 3: 6) പത്രോസാണു് സഭയിൽ ആദ്യം ന്യായവിധി നടത്തുന്നതു്: (നട 5: 1—10); സഭ എല്ലാവർക്കുംവേണ്ടിയുള്ളതാ

www.malankaralibrary.com



ണെന്നു പ്രഖ്യാപിക്കുന്നതും പത്രോസാണു്: (നട. 10); യറുശലേം സൂനഹദോസിൽ അധ്യക്ഷത വഹിക്കുന്നതും സഭാനടപടികളെ നിയന്ത്രിക്കുന്നതും പത്രോസുതന്നെ: (നട. 15). ഇങ്ങനെ വി. പത്രോസിന്റെ പരമാധികാരം സുവിശേഷങ്ങളിൽ നിന്നും ശ്ലീഹന്മാരുടെ നടപടികളിൽ നിന്നും അവിതർക്കിതമാംവണ്ണം തെളിയുന്നു.

വി. പത്രോസിന്റെ പരമാധികാരവാദത്തെ നിഷേധിക്കുന്നതിനുവേണ്ടി സഭാശത്രുക്കൾ കൊണ്ടുവരുന്ന ന്യായങ്ങൾ യുക്തിയ്ക്കും വി. ലിഖിതങ്ങൾ എഴുതപ്പെട്ട ഭാഷയുടെ ശൈലികൾക്കും അർത്ഥരീതിയ്ക്കും എതിരായുള്ളതാണെന്നു് നിഷ്പക്ഷബുദ്ധ്യാ പരിശോധിക്കുമ്പോൾ കാണാവുന്നതാണു്.

## മാർപ്പാപ്പായുടെ പരമാധികാരം

ക്രിസ്തുനാഥൻ വി. പത്രോസിനു് സാർവ്വത്രിക സഭയുടെ മേൽ പരമാധികാരം നൽകിയെന്നും ആ പരമാധികാരം വി. പത്രോസ് പ്രയോഗിച്ചുവെന്നും നാം കണ്ടുകഴിഞ്ഞു. അടുത്തതായി സാർവ്വത്രിക സഭയിൽ മാർപ്പാപ്പായുടെ പരമാധികാരത്തെക്കുറിച്ചാണു് നാം പരിചിന്തനം ചെയ്യേണ്ടതു്. പത്രോസിനു ക്രിസ്തുനാഥൻ നൽകിയ പരമാധികാരം കേവലം വ്യക്തിപരമായ ഒരാനുകൂല്യമല്ലായിരുന്നു. അദ്ദേഹത്തിനു് തന്റെ പരമാധികാരസ്ഥാനത്തു് പിൻഗാമികളുണ്ടായിരിക്കണം. പത്രോസിനു പരമാധികാരം വാഗ്ദാനം ചെയ്ത ശേഷം, പത്രോസാകുന്ന അടിസ്ഥാനത്തിൽ താൻ പണിയുന്ന സഭയ്ക്കെതിരായി നരകവാതിലുകൾ പ്രബലപ്പെടുകയില്ലെന്നാണല്ലോ ക്രിസ്തുനാഥൻ അരുളിച്ചെയ്തതു്. അപ്പോൾ പത്രോസ് മുഖേനെ സഭ ഉറപ്പുള്ളതും സുരക്ഷിതവും ആയിരിക്കുമെന്നാണല്ലോ ആ പ്രഖ്യാപനത്തിന്റെ അർത്ഥം. സഭ ലോകാവസാനത്തോളം നിലനിൽക്കുകയും ചെയ്യും; പത്രോസോ മരിച്ചു പോകും. അപ്പോൾ സഭയുടെ ഉറപ്പും സുരക്ഷിതത്വവും പത്രോസിന്റെ പിൻഗാമികളിൽക്കൂടിവേണം സഭയ്ക്കു ലഭിയ്ക്കുവാനെന്നു സിദ്ധിക്കുന്നുണ്ടു്.

www.malankaralibrary.com



സഭയെ ഒരു സമൂഹമായിട്ടാണ് ക്രിസ്തു സ്ഥാപിച്ചത്. ഒരു സമൂഹത്തിന്—ഒരു ദൃശ്യസംഘടനയ്ക്കു—ഒരു പരമാധികാരിയി ല്ലെങ്കിൽ ആ സമൂഹത്തിന്റെ സ്ഥാപനോദ്ദേശംതന്നെ വിഫല മാകും. ക്രിസ്തുവിന്റെ സഭ പത്രോസിന്റെ മരണശേഷവും ലോകാവസാനംവരെ ഉണ്ടായിരിക്കണം. അപ്പോൾ സഭയുടെ പരമാധികാരിയെന്നുള്ള നിലയിൽ പത്രോസിനു പിൻഗാമി ഉണ്ടായിരിക്കണം.

## വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമി റോമാമാർപ്പാപ്പായാണ്.

ഏ. ഡി. **35** മുതൽ **42** വരെ പത്രോസ് അന്ത്യോക്യയിൽ ഭരണം നടത്തുകയും 42-ൽ ഏവോദിയോസിനെ അന്ത്യോക്യ യിൽ സഭാഭരണത്തിനു വാഴിച്ചിട്ട് റോമിലേക്കു പോകയും ചെയ്തു എന്ന് എവുസേബിയസും (**265—340**) വി. ജെറോമും (**342—419**) പ്രസ്താവിക്കുന്നുണ്ട്. ഏ. ഡി 50—ൽ യഹൂദന്മാ രെ റോമിൽ നിന്നു നിഷ്കാസനം ചെയ്തുകൊണ്ട് ക്ലൗദിയസ് കല്പന പുറപ്പെടുവിച്ചപ്പോൾ പത്രോസ് റോമിൽ നിന്നു യറുസ ലേമിലേക്കു പ്രത്യാഗമിച്ചു. യറുസലേമിലെ സൂനഹദോസിൽ പ ത്രോസ് അദ്ധ്യക്ഷത വഹിച്ചു. പത്രോസു വീണ്ടും റോമിലേക്കു പോയി. 67-ൽ നീറോയുടെ മതമർദ്ദനവേളയിൽ വി. പത്രോസും വി. പൗലോസും രക്തസാക്ഷിമകുടം ചൂടി. ഇങ്ങനെ 42 മുതൽ **67**വരെ പത്രോസ് റോമാസിംഹാസനത്തിൽ വാണു. പത്രോസ് മററുള്ള സ്ഥലങ്ങളിൽ യാത്ര ചെയ്തിട്ടില്ലെന്നോ, സുവിശേഷം പ്രസംഗിച്ചിട്ടില്ലെന്നോ ഇതിൽ നിന്നു ധരിക്കേണ്ടതില്ല. പത്രോസി ന്റെ ആദ്യലേഖനത്തിൽ നിന്നും വി. ജറോമിന്റെ കൃതികളിൽ നിന്നും മനസ്സിലാക്കുന്നത് പത്രോസ്, പൊന്തോസ്, ഗലാത്യാ, കപ്പദോക്യാ, ബിഥിനിയാ എന്നിവിടങ്ങളിലും ഏഷ്യാമൈന റിലെ മററു പല പ്രദേശങ്ങളിലും സുവിശേഷം പ്രസംഗിച്ചിട്ടു ണ്ടെന്നാണ്.

www.malankaralibrary.com



അന്ത്യോക്യയിൽ പത്രോസ് വാഴിച്ച എവോദിയോസാണ് സാർവ്വത്രിക സഭയിൽ പത്രോസിൻെറ പിൻഗാമിയെന്ന സമ്മതിക്കുക യുക്തിക്കും ചരിത്രത്തിനും എതിരായ ഒരു സംഗതിയാണ്. അന്ത്യോക്യയിലെ ഭരണം മാത്രമെ എവോദിയോസിനെ പത്രോസ് ഏല്പിച്ചുള്ളു. സാർവ്വത്രികസഭയുട പരമാദ്ധ്യക്ഷൻ എന്നുള്ള പത്രോസിൻെറ പദവി എവോദിയോസിനെ ഏല്പിച്ചാൽ പിന്നീട് ഇരുപത്തിയഞ്ചു വർഷത്തേയ്ക്കു പത്രോസിനു പരമാധികാരം ഇല്ലായിരുന്നുവെന്നു പറയേണ്ടിവരും. ഒരാൾ സ്ഥാനമൊഴിയുമ്പോഴോ മരിക്കുമ്പോഴോ ആണ് ആ ആൾക്കു പിൻഗാമിയുള്ളതു് എന്നു് എല്ലാവർക്കും അറിയാം.

പത്രോസിൻെറ ലേഖനത്തിൽനിന്നു താൻ റോമായിൽ പോയി എന്നുള്ളതു് ഗ്രഹിക്കാവുന്നതാണ്. ബാബേലിലുള്ള തെരഞ്ഞെടുക്കപ്പെട്ട സഭയും എൻെറ പുത്രനായ മർക്കോസും നിങ്ങൾക്കു വന്ദനം പറയുന്നു" (1 പത്രോ. 5: 13) എന്നു് വിശുദ്ധ പത്രോസ് തന്നെ പ്രസ്താവിക്കുന്നുണ്ട്. 'ബാബേലിലെ സഭ' എന്നു് ശ്ലീഹാ പറഞ്ഞിരിക്കുന്നതു് റോമിലെ സഭയെ ഉദ്ദേശിച്ചായിരുന്നു. പുരാതനഗ്രന്ഥകാരന്മാരായ പപ്പിയാസ്, എവുസേബിയസ്, വി. ജെറോം, വി. അഗസ്തീനോസ് എന്നിവരെല്ലാം 'ബാബേൽ' എന്നു് വി. പത്രോസ് പ്രസ്താവിച്ചിട്ടുള്ളതു് റോമായെക്കുറിച്ചാണ് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. വി. യോഹന്നാൻെറ വെളിപാടിലും റോമായെക്കുറിച്ചു 'ബാബേൽ' എന്നാണുപയോഗിച്ചിരിക്കുന്നതെന്നുള്ളതു പ്രത്യേകം ഓർക്കേണ്ടതാണ്.

വി. പത്രോസ് പൗരസ്ത്യ ബാബേലിൽ, അഥവാ ബാബിലോണിൽ പോയിട്ടുള്ളതായി യാതൊരു ചരിത്രരേഖയോ പാരമ്പര്യമോ ഇല്ല. യൂഫ്രട്ടീസ് നദിയുടെ തീരത്തുള്ള ബാബേലുമല്ല വി. പത്രോസു് ഉദ്ദേശിച്ചതു്. കാരണം, അന്നു് അവിടെ യഹൂദന്മാരോ ക്രിസ്തുവിശ്വാസികളോ ഇല്ലായിരുന്നു. കായിറസ് എന്നു് ഇപ്പോൾ ഈജിപ്റ്റിൽ അറിയപ്പെടുന്ന സ്ഥലത്തിനും ബാബേൽ എന്നു പേരുണ്ടായിരുന്നു. പക്ഷേ, അതുമല്ല വി. പത്രോസ്

www.malankaralibrary.com



ഉദ്ദേശിച്ചതു്. കാരണം, അന്നു് അതൊരു കുഗ്രാമം മാത്രമായിരുന്നു. അവിടെ ശ്ലീഹാ പ്രസംഗിച്ചതായി യാതൊരു തെളിവോ പാരമ്പര്യമോ ഇല്ലതാനും. തൻമൂലം അക്കാലത്തു പലരും റോമായെ ആലങ്കാരികഭാഷയിൽ ബാബേൽ എന്നു വിളിച്ചിരുന്നതുപോലെ വി. പത്രോസും റോമായെ ബാബേൽ എന്നു വിളിച്ചതാണെന്നു സിദ്ധിക്കുന്നു. റോമിലെ ഏററവും പുരാതനമായ ഒരു പാരമ്പര്യമനുസരിച്ചു് ഒരു സെനററംഗമായ പൂദെൻസ് (Pudens) എന്നയാളിൻെറ ഭവനത്തിൽ വി. പത്രോസ് തൻെറ ആദ്യ റോമായാത്രയിൽ അതിഥിയായി താമസിച്ചിട്ടുണ്ടു്. പൂദെൻസിനെക്കുറിച്ചാണു് വി. പൗലോസ് തിമത്തിയോസിനുള്ള തൻെറ രണ്ടാം ലേഖനം നാലാം അദ്ധ്യായം 21–ാം വാക്യത്തിൽ പറയുന്നതു്. വി. പത്രോസ് പൂദെൻസിൻെറ ഭവനത്തിലായിരിക്കുമ്പോൾ വി. കുർബാന ചൊല്ലുന്നതിനുപയോഗിച്ച മരംകൊണ്ടുള്ള മേശ ഇപ്പോൾ ലാററൻ ബസ്ലിക്കായിൽ സൂക്ഷിച്ചിട്ടുണ്ടു്. പത്രോസിനു പൂദെൻസ് നൽകിയ ഒരു കസേരയും ഇന്നു റോമിലുണ്ടു്. എ. ഡി. 42–മുതൽ റോമിൽ നിലനിൽക്കുന്ന ഈ വിശ്വാസം അവഗണിക്കത്തക്കതല്ല.

3. ശ്ലീഹന്മാരുടെ ശിഷ്യന്മാരായ മൂന്നുപേർ വി. പത്രോസ് റോമിൽവച്ചു രക്തസാക്ഷിയായി എന്നു രേഖപ്പെടുത്തിയിട്ടുണ്ടു്. വി. പത്രോസിൻെറ ശിഷ്യനും തൻെറ മൂന്നാമത്തെ പിൻഗാമിയുമായ വി. ക്ലീമ്മീസ് റോമിൽവച്ചു് പത്രോസ് രക്തസാക്ഷിയായതിനെ കോറിന്ത്യാക്കാർക്കുള്ള തൻെറ ഒന്നാം ലേഖനത്തിൽ പരാമർശിച്ചിട്ടുണ്ടു്. പത്രോസു് റോമായിൽ വച്ചു മരണമടഞ്ഞുവെന്നു് അദ്ദേഹം വ്യക്തമായിപറയുന്നില്ല. അദ്ദേഹം അതു കണ്ടതായി പ്രസ്താവിക്കുന്നു. അദ്ദേഹം റോമിൽനിന്നുമാണെഴുതുന്നതു്. കൂടാതെ നീറോയുടെ മതപീഡനത്തിൽ മരമടഞ്ഞ അനേകംപേരുടെ കാര്യം പ്രസ്താവിക്കുന്നതിനിടയ്ക്കാണു് അദ്ദേഹം ഇക്കാര്യം രേഖപ്പെടുത്തിയിട്ടുള്ളതു്. നീറോയുടെ മതമർദ്ദനമാകട്ടെ റോമാപട്ടണത്തിൽ മാത്രമേ ഉണ്ടായിരുന്നുള്ളു.

www.malankaralibrary.com



അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസ് റോമാക്കാർക്കെഴുതിയ തന്റെ രണ്ടാം ലേഖനത്തിൽ, റോമിൽവച്ചുണ്ടായ വി. പത്രോസിന്റെ മരണത്തെക്കുറിച്ചു പറയുന്നുണ്ട്. ഇഗ്നാത്തിയോസ് അന്ത്യോക്യയിൽ വി. പത്രോസ് നിയമിച്ച എവോദിയോസിന്റെ പിൻഗാമിയായിരുന്നു. ഫ്രീജിയായിൽ ഹിയരോപ്പോലീസിലെ പപ്പിയാസും പത്രോസിന്റെ റോമാവാസത്തെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ട്. വി. മർക്കോസ് സുവിശേഷം എഴുതിയതു്, വി. പത്രോസ് റോമിൽ പ്രസംഗിച്ചതുകേട്ട ആളുകളുടെ അപേക്ഷയനുസരിച്ചാണെന്നുള്ള പപ്പിയാസിന്റെ സാക്ഷ്യം എവുസേബിയസ് രേഖപ്പെടുത്തിയിരിക്കുന്നു.

ഇനിയും പുരാതന ഗ്രന്ഥകാരന്മാരായ വി. ഇരനേയസ് കോറിന്ത്യായിലെ ദീവന്ന്യാസ്യോസ്, അലക്സാണ്ഡ്റിയായിലെ ക്ലീമീസ്, തെർത്തുല്യൻ, ഒരിജൻ റോമിലെ കായസ്, വി. അപ്രേം, വി. ഈവാനിയോസ് എന്നീ അനേകംപേരുടെ സാക്ഷ്യങ്ങൾ ഇക്കാര്യത്തിലുണ്ട്. ഇരനേയസ്, ഹിപ്പോളിററസ്, എവുസേബിയസ്, ഒപ്താത്തൂസ്, വി. അഗസ്തീനോസ് എന്നിവർ റോമിലെ മെത്രാന്മാരുടെ പട്ടിക നൽകുമ്പോൾ അവയിൽ ഒന്നാമത്തെ മെത്രാനായി വി. പത്രോസ് പരിഗണിയ്ക്കപ്പെടുന്നു. റോമിലെ സഭയുടെ സ്ഥാപകനും ഒന്നാമത്തെ ഭരണാധികാരിയും വിശുദ്ധ പത്രോസ്തന്നെയാണെന്ന് അവർ രേഖപ്പെടുത്തിയിട്ടുണ്ട്. വി. പൗലോസ് ഉദ്ദേശം 58-ൽ റോമാക്കാർക്കുള്ള തന്റെ ലേഖനമെഴുതുന്നതിനു വളരെ മുമ്പുതന്നെ റോമായിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നെന്നും അതിനുമുമ്പ് വി. പൗലോസ് റോമായിൽ പോയിട്ടേ ഇല്ലെന്നും പ്രസ്തുത ലേഖനം ഒന്നാം അദ്ധ്യായത്തിൽനിന്നു തന്നെ പ്രസ്പഷ്ടമായി ഗ്രഹിക്കാവുന്നതാണു്.

ഇനിയും നമുക്ക് ആരായേണ്ടതു്, പത്രോസിന്റെ പിൻഗാമികൾ ആദിമശതകങ്ങളിൽ സാർവ്വത്രികസഭയുടെമേൽ പരമാധികാരം പ്രയോഗിച്ചിരുന്നോ, എന്നാണു്. മതമർദ്ദനംമൂലം സഭയുടെ ആരംഭകാലത്തുള്ള പല വിലപിടിച്ച രേഖകളും നഷ്ടപ്പെ

www.malankaralibrary.com



ട്ടുപോയിട്ടുണ്ട്. എന്നിലും ലഭിച്ചിട്ടുള്ള രേഖകൾ റോമാമാർപ്പാപ്പായുടെ പരമാധികാരത്തെ ഉച്ചൈസ്തരം ഉൽഘോഷിക്കുന്നുണ്ട്.

വി. യോഹന്നാൻശ്ലീഹാ എഫേസൂസിൽ ജീവിച്ചിരിക്കുമ്പോൾ കോറിന്ത്യയിലെ ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായ ഭിന്നത തീർക്കുന്നതിന് റോമാമാർപ്പാപ്പായായ ക്ലെമൻറ് (90–99) ആണ് ഇടപെട്ടത്. കോറിന്ത്യയ്ക്ക് സമീപമുള്ള എഫേസൂസിൽ അന്നു ജീവിച്ചിരുന്ന വി. യോഹന്നാനെ അല്ല ഈ വിഷമസന്ധിയിൽ കോറിന്ത്യയിലെ മെത്രാൻ എഴുത്തുമൂലം അഭയം പ്രാപിച്ചത്. കോറിന്ത്യക്കാർക്ക് ക്ലെമൻറ് മാർപ്പാപ്പാ ഒരു ലേഖനമെഴുതി, ആ ലേഖനത്തോടൊപ്പം മാർപ്പാപ്പായുടെ പ്രതിപുരുഷന്മാരെയും കോറിന്ത്യായിലെ സഭ സസന്തോഷം സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്തു. മാർപ്പാപ്പായുടെ ഈ ലേഖനത്തിനു വി. ലിഖിതങ്ങളോടു ഏകദേശം തുല്യമായ ഒരു സ്ഥാനവും അവർ നൽകി.

വിക്ടർമാർപ്പാപ്പാ (189–198) രണ്ടാം ശതകത്തിൻെറ അവസാനഘട്ടത്തിൽ ഏഷ്യായിലുണ്ടായിരുന്ന സഭാനടപടികളിൽ ഇടപെടുകയുണ്ടായി. അതു വെറും ഇടപെടൽ മാത്രമല്ലായിരുന്നു; കല്പനയ്ക്കെതിരായി അനുസരണക്കേടുകാണിക്കുകയാണെങ്കിൽ, അങ്ങനെ പ്രവർത്തിക്കുന്നവരെ സഭയിൽ നിന്നു ബഹിഷ്കരിക്കുമെന്നാണ് വിക്ടർ പറഞ്ഞത്. ഉയിർപ്പുതിരുനാളായി, യഹൂദന്മാരുടെ പെസാഹാദിവസംതന്നെ തങ്ങൾ ആചരിക്കുമെന്ന് ഏഷ്യയിലുള്ള ചില പ്രാദേശികസഭാദ്ധ്യക്ഷന്മാർ വാശി പിടിച്ചു. വി. ഫിലിപ്പും ഇങ്ങനെ ആചരിച്ചിട്ടുള്ളതുമൂലം തങ്ങളുടെ നടപടി ശരിയാണെന്നായിരുന്നു അവരുടെ വാദം. റോമായാകട്ടെ യഹൂദന്മാരുടെ പെസഹാകഴിഞ്ഞുള്ള ഞായറാഴ്ചയാണ് ഉയിർപ്പുതിരുനാളായി കൊണ്ടാടിയിരുന്നത്. ഇക്കാര്യത്തിലാണ് വിക്ടർ ഇടപെട്ടത്. ഇതുപോലെതന്നെ മൂന്നാം നൂറ്റാണ്ടിൽ വാണിട്ടുള്ള മാർപ്പാപ്പാമാരും തങ്ങൾക്കുള്ള അധികാരങ്ങൾ പ്രയോഗിച്ചിട്ടുണ്ട്.

www.malankaralibrary.com



നിഖ്യായിലും കുസ്തന്തീനോസ്പോലീസിലും എഫേസൂസിലും കൽക്കദോനിയായിലും വച്ചു നടന്ന സൂനഹദോസുകളുടെ ചരിത്രം പഠിക്കുമ്പോൾ മാർപ്പാപ്പായുടെ പരമാധികാരം പകൽപോലെ തെളിഞ്ഞുകാണാം. അരിയോസിന്റെ പാഷണ്ഡതയെ ശപിക്കുവാൻ 325-ൽ സമ്മേളിച്ച നിഖ്യാസൂനഹദോസിൽ അദ്ധ്യക്ഷതവഹിച്ചതു് സ്പെയിനിലുള്ള കൊർദോവായിലെ ഓസിയൂസ് മെത്രാനായിരുന്നു. അദ്ദേഹത്തേക്കാൾ സ്ഥാനമുള്ള അലക്സാന്ത്രിയാ പാത്രിയർക്കീസും അന്ത്യോക്യാപാത്രിയർക്കീസും സൂനഹദോസിലുണ്ടായിരുന്നു. എങ്കിലും മാർപ്പാപ്പായുടെ പ്രതിപുരുഷനായി വന്ന ഓസിയൂസാണ് അദ്ധ്യക്ഷനായതു്. അതു മാത്രമോ? സൂനഹദോസ് നിശ്ചയങ്ങളിൽ ഓസിയൂസ് ഒപ്പുവച്ചശേഷം പാത്രിയർക്കീസന്മാർക്ക് മുമ്പു് ഒപ്പുവച്ചിരിക്കുന്നതു് മാർപ്പാപ്പാ അയച്ച വീത്തൂസ്, വിൻസെൻസിയൂസ് എന്നീ രണ്ടു വൈദികരാണ്.

381-ൽ നടന്ന കുസ്തന്തീനോസ്പോലീസിലെ സൂനഹദോസിൽ പാശ്ചാത്യരാജ്യങ്ങളിൽനിന്നുള്ള മെത്രാന്മാരില്ലായിരുന്നു. കേവലം 150 പൗരസ്ത്യമെത്രാന്മാർ മാത്രമേ അതിൽ സംബന്ധിച്ചിരുന്നുള്ളു. ഈ സൂനഹദോസിന് ഒരു സാർവ്വത്രികസൂനഹദോസിന്റെ പദവിയും അധികാരവും കൈവന്നതു്, ദമാസൂസ്മാർപ്പാപ്പാ സൂനഹദോസിനു അംഗീകാരം നൽകിക്കഴിഞ്ഞതിനു ശേഷം മാത്രമാണ്.

മിശിഹായിൽ രണ്ടാളുകളുണ്ടെന്നും പരിശുദ്ധകന്യകമറിയം ദൈവമാതാവല്ലെന്നും കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസായിരുന്ന നെസ്തോർ പഠിപ്പിച്ചപ്പോൾ ഉടനെതന്നെ വിവരം അലക്സാന്ത്രിയ പാത്രിയർക്കീസായിരുന്ന വി. സിറില്ലോസ് റോമാസിംഹാസനത്തെ അറിയിച്ചു. പത്തുദിവസത്തിനകം നെസ്തോർ തന്റെ അബദ്ധോപദേശങ്ങൾ പിൻവലിക്കാത്തപക്ഷം "നമ്മുടെ സിംഹാസനത്തിന്റെ അധികാരം താങ്കൾ അവലംബിച്ചുകൊണ്ടും നമുക്കു പകരവും നമ്മുടെ സ്ഥാനത്തും ഇതിനാൽ താങ്കൾക്കു നല്കപ്പെടുന്ന അധികാരത്താൽ" നെസ്തോറിനെ സ്ഥാനഭ്രംശം ചെയ്യു

www.malankaralibrary.com



വേറെ ആളിനെ നിയമിക്കണമെന്നാണ് സെലസ്തീനോസ് മാർപ്പാപ്പാ വിശുദ്ധ കുറില്ലോസിന് മറുപടി എഴുതിയത്. നെസ്തോറിൻെറ പാഷാണ്ഡതയെ ശപിക്കുന്നതിനാണ് 431-ൽ എഫേസൂസ് സൂനഹദോസ് സമ്മേളിച്ചത്. ആക്കാദിയൂസ്, പ്രൊജെക്റ്റാസ് എന്ന രണ്ടു മെത്രാന്മാരും പീലിപ്പോസ് എന്ന പട്ടക്കാരനുമാണ് മാർപ്പാപ്പായുടെ പ്രതിനിധികളായി സൂനഹദോസിൽ സംബന്ധിച്ചത്. അവർ തർക്കത്തിൽ ഇടപെടരുതെന്നും മററുള്ളവരുടെ അഭിപ്രായങ്ങൾ സംബന്ധിച്ചു വിധി പ്രസ്താവിക്കണമെന്നുമാണ് മാർപ്പാപ്പാ അവർക്കു നൽകിയ നിർദ്ദേശം. "വാദത്തിൽ സന്നിഹിതരാകുവാനും മുമ്പേതന്നെ നമ്മാൽ നിശ്ചയിക്കപ്പെട്ടവ നടപ്പിൽ വരുത്തുവാനും" താൻ പ്രതിനിധികളെ അയയ്ക്കുന്നു എന്നാണ് മാർപ്പാപ്പാ സൂനഹദോസിനെഴുതിയതും. മാർപ്പാപ്പായുടെ പരമാധികാരം സൂനഹദോസിൻെറ തുടർന്നുള്ള നടപടികളും പ്രത്യക്ഷമാക്കുന്നുണ്ട്. ഏകസ്വാഭാവവാദികളെ ശപിക്കുന്നതിനുവേണ്ടി 451-ൽ നടന്ന കൽക്കദോനിയാസൂനഹദോസിൽ സംബന്ധിച്ച 630 — മെത്രാന്മാരിൽ 628 പേരും പൗരസ്ത്യരായിരുന്നു. രണ്ടുപേർ മാത്രമേ പാശ്ചാത്യരായിരുന്നുള്ളു. അവർ മാർപ്പാപ്പായുടെ പ്രതിനിധികളുമായിരുന്നു. വേറെ രണ്ടു വൈദികന്മാർകൂടി മാർപ്പാപ്പായുടെ പ്രതിനിധികളായി സൂനഹദോസിൽ സംബന്ധിച്ചിരുന്നു. തൻെറ പ്രതിനിധികളുടെ കൈവശം മാർപ്പാപ്പാ കൊടുത്തയച്ച ലേഖനത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു. "ശ്ലൈഹിക സിംഹാസനത്താൽ നിയുക്തരായ പാസ്കാസീനൂസ് ലൂസേൻസിയൂസ്" എന്ന മെത്രാന്മാരും ബോനിഫാസ്, ബസേലിയോസ് എന്ന പട്ടക്കാരുമായ സഹോദരന്മാർമൂലം നിങ്ങളുടെ സൂനഹദോസിൽ നാം ആദ്ധ്യക്ഷം വഹിക്കുന്നു എന്നു നിങ്ങളുടെ സാഹോദര്യം അറിയണം. നമ്മുടെ പ്രതിനിധികൾവഴി നിങ്ങളുടെ പക്കലുള്ള നമ്മുടെ സാന്നിദ്ധ്യം നിങ്ങളിൽനിന്നു വേർപെട്ടിരിക്കുന്നതായി നിങ്ങൾ വിചാരിക്കരുത്". സൂനഹദോസിൽവച്ച് മാർപ്പാപ്പായുടെ ലേഖനത്തെക്കുറിച്ച് പിതാക്കന്മാർ പറയുന്നു:

www.malankaralibrary.com



"പത്രോസ് ലെഓൻ വഴി സംസാരിച്ചിരിക്കുന്നു" കൂടാതെ ദീയസ്കോറോസിനെ സ്ഥാനഭ്രംശം ചെയ്തപ്പോൾ മാർപ്പാപ്പയുടെ പ്രതിനിധികൾ പറഞ്ഞതിപ്രകാരമാണ്: "ഞങ്ങൾ മുഖേനയും പരിശുദ്ധ സൂനഹദോസു് മുഖേനയും ലെഓൻ മാർപ്പാപ്പാ, ദീയസ്കോറോസിനെ സ്ഥാനഭ്രംശം ചെയ്യുന്നു." ഇങ്ങനെ സൂനഹദോസുകളുടെ ചരിത്രം പരിശോധിച്ചുനോക്കുമ്പോൾ മാർപ്പാപ്പായല്ലാതെ മററാരും സാർവ്വത്രികസഭയുടെ മേൽ പരമാധികാരം അവകാശപ്പെട്ടിട്ടും പ്രയോഗിച്ചിട്ടും ഇല്ലെന്നുള്ളതു് ഓർക്കേണ്ട ഒരു വസ്തുതയാണ്.

ക്രിസ്തുവിൻെറ സഭയിലെ അംഗം ക്രിസ്തു തൻെറ സഭയ്ക്കു നൽകിയ അടിസ്ഥാനമായ പത്രോസിനോടു യോജിച്ചിരിക്കണം; ഇല്ലെങ്കിൽ അയാൾ സഭയ്ക്കു പുറത്താണ്. മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിക്കാത്ത ഒരാൾക്കും ക്രിസ്തുവിൻെറ സഭയുടെ അംഗമാകുക സാധ്യമല്ല. "ഒരു ദൈവവും ഒരു ക്രിസ്തുവും ഒരു വിശ്വാസവുമേയുള്ളു. കർത്താവിൻെറ വചനംമൂലം സ്ഥാപിതമായ സിംഹാസനവും ഒന്നു മാത്രമേയുള്ളു." (St. Cyprian, Epist. 40 ad pblem. n. 8) ഈ സിംഹാസനം റോമാമാർപ്പാപ്പായുടെ സിംഹാസനമത്രെ. അഞ്ചാം നൂററാണ്ടിൽ വി. ജെറോം, ദമാസൂസ് മാർപ്പാപ്പായോടു പറഞ്ഞ വാക്കുകൾ നമുക്കും ഇന്നു ഭാഗ്യമോടെ വാഴുന്ന മാർപ്പാപ്പായോടു പറയാവുന്നതാണ്: "ഞാൻ അങ്ങയുടെ പരിശുദ്ധതയോടു്, അതായതു പത്രോസിൻെറ സിംഹാസനത്തോടു്, ഐക്യത്തിലാണ്. ആ പാറയിന്മേലാണ് സഭ പണിയപ്പെട്ടിട്ടുള്ളതെന്നു് എനിക്കറിയാം. നോഹയുടെ പെട്ടകത്തിൽ അല്ലാത്ത ഏവനും ജലപ്രളയത്തിൽ നശിക്കും." (Epist. 20 ad Dam).

www.malankaralibrary.com

# അദ്ധ്യായം 11

## മാർപ്പാപ്പായുടെ അപ്രമാദിത്വം

മാർപ്പാപ്പായ്ക്കു് അപ്രമാദിത്വവരമുണ്ടു് എന്നുള്ള കത്തോലിക്കാസഭയുടെ പ്രബോധനത്തിനു് തെറ്റായ അർത്ഥവും വ്യാഖ്യാനവുമാണു് ചിലർ നൽകാറുള്ളതു്: മാർപ്പാപ്പായിക്കു പാപം ചെയ്യുവാൻ സാധിക്കുകയില്ല, മാർപ്പാപ്പാ ഒരിക്കലും യാതൊരുവിധത്തിലുള്ള തെറ്റും പ്രവർത്തിക്കുകയില്ല എന്നും മറ്റും കത്തോലിക്കാസഭ പഠിപ്പിക്കുന്നുവെന്നാണു് പല അകത്തോലിക്കസഹോദരങ്ങളുടെ ധാരണയും വ്യാഖ്യാനവും. ഇതു ശരിയല്ല. മറ്റുള്ള ഏതു വ്യക്തിയേയുംപോലെ മാർപ്പാപ്പായും പാപത്തിൽ വീണുപോകാവുന്നതാണു്. മറ്റുള്ളവരെപ്പോലെതന്നെ മാർപ്പാപ്പായും തന്റെ ആത്മരക്ഷ നേടേണ്ടതാണു്. മാർപ്പാപ്പായുടെ അപ്രമാദിത്വമെന്നാൽ എന്തു് എന്നു നാം ഗ്രഹിക്കുന്നതിനുമുൻപു വേറെ ചില കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ടു്:

“സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ” ക്രിസ്തുവിന്റെ സഭയ്ക്കു് അപ്രമാദിത്വം ഉണ്ടെന്നു നാം കണ്ടുകഴിഞ്ഞു. ശ്ലീഹന്മാരുടെ സംഘത്തിനുണ്ടായിരുന്ന അപ്രമാദിത്വം പത്രോസിനു തനിച്ചും ഉണ്ടായിരുന്നുവെന്നും പത്രോസിന്റെ പിൻഗാമിയാണു മാർപ്പാപ്പായെന്നും മുകളിൽ വ്യക്തമാക്കി.

“പഠിപ്പിക്കുന്ന സഭ” എന്നും “വിശ്വസിക്കുന്ന സഭ” എന്നും രണ്ടു ഘടകങ്ങൾ സഭയിലുണ്ടു്. “പഠിപ്പിക്കുന്ന സഭ” എന്നു പറയു

www.malankaralibrary.com


മ്പോൾ നാം വിവക്ഷിക്കുന്നതു് സഭയുടെ പ്രധാന ഇടയൻ എന്ന രീതിയിൽ വർത്തിക്കുന്ന റോമാമാർപ്പാപ്പായെയോ, പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പായുമായി യോജിച്ചുകൊണ്ടു് മെത്രാന്മാരെല്ലാവരുംകൂടിച്ചേർന്നുള്ള ഘടകത്തെയോ ആണു്. ഒരു മെത്രാനുമാത്രം ഈ പദവിക്കർഹതയില്ല. പഠിപ്പിക്കുന്ന സഭയ്ക്കും വിശ്വസിക്കുന്ന സഭയ്ക്കും അപ്രമാദിത്വമുണ്ടു്. ആദ്യത്തേതിന്റെ അപ്രമാദിത്വം പ്രവർത്തകമാണു്; വിശ്വാസസത്യങ്ങളും സദാചാരങ്ങളും ഔദ്യോഗികമായി പഠിപ്പിക്കുമ്പോൾ തെററു പററുകയില്ല. രണ്ടാമത്തേതിന്റേതു് അപ്രവർത്തകമാണു്: ഇപ്രകാരം പഠിപ്പിച്ചവ വിശ്വസിക്കുമ്പോൾ വിശ്വാസികൾക്കു തെററു പററുന്നില്ല. രണ്ടു വിധത്തിലാണു് സഭയിലെ അപ്രമാദിത്വം: (1) വിശ്വാസനിക്ഷേപത്തിൽ അഥവാ വിശ്വാസ ഭണ്ഡാകാരത്തിൽ (Deposit of faith) ഉള്ള എല്ലാം പ്രബോധനങ്ങളിലുമുള്ളതു്. ഇവ ശ്ലീഹന്മാർക്കു നമ്മുടെ കർത്താവു് വെളിപ്പെടുത്തിക്കൊടുത്തിട്ടുള്ളവയാണു്. (2) വിശ്വാസനിക്ഷേപത്തിൽ ഉള്ള പ്രബോധനങ്ങളുടെ സുരക്ഷിതസംരക്ഷണത്തിനു് ആവശ്യമായ എല്ലാ പ്രഖ്യാപനങ്ങളെയും സംബന്ധിക്കുന്നതു്. ഉദാഹരണമായി, ഏതെങ്കിലും ഒരു ഗ്രന്ഥം പാഷണ്ഡത പഠിപ്പിക്കുന്നു എന്നുള്ള പ്രഖ്യാപനം.

## വേദപുസ്തകവും പാരമ്പര്യവും

വേദപുസ്തകത്തിലും പാരമ്പര്യത്തിലും ഉള്ളവയാണു് വിശ്വാസനിക്ഷേപമെന്നുപറയുന്നതിലടങ്ങിയിരിക്കുന്നതു്. ദൈവനിവേശിതഗ്രന്ഥങ്ങളുടെ സമുച്ചയമാണു് വേദപുസ്തകം. ഇതിൽ പഴയനിയമവും പുതിയനിയമവുമുണ്ടു്.

ദൈവനിവേശിതമായി എഴുതപ്പെട്ടിട്ടില്ലെങ്കിലും പല വിധത്തിൽ സഭയിൽ തലമുറകളിൽ നിന്നു തലമുറകളിലേക്കു് വിശ്വാസികൾക്കു കൈമാറിക്കിട്ടിയിട്ടുള്ള വിശ്വാസപരമായ സംഗതികളാണു് പാരമ്പര്യത്തിലടങ്ങിയിട്ടുള്ളതു്. പാരമ്പര്യത്തിന്റെ ഉറവകൾ താഴെ പറയുന്നവയാണു്. (1) സഭാപിതാക്കന്മാരുടെ ലേഖ

www.malankaralibrary.com



നങ്ങൾ. A. D. 600—നമുമ്പു് ജീവിച്ചിരുന്ന പണ്ഡിതന്മാരും ഭക്തന്മാരുമായിരുന്ന മതഗ്രന്ഥകർത്താക്കളാണു് സഭാപിതാക്കന്മാർ. (2) വേദസാക്ഷികളുടെ സാക്ഷ്യങ്ങൾ, വേദസാക്ഷികൾ ഏതു സത്യത്തിനുവേണ്ടി പ്രാണൻ ഉപേക്ഷിക്കാൻ തയ്യാറായി എന്നുള്ള കാര്യം സഭയുടെ ആദിമശതകങ്ങളിലുള്ള വേദസാക്ഷികളുടെ നടപടികൾ എന്നറിയപ്പെടുന്ന ഗ്രന്ഥത്തിൽനിന്നു ഗ്രഹിക്കാവുന്നതാണു്. 3) മാർപ്പാപ്പാമാരുടെയും സൂനഹദോസുകളുടെയും പ്രബോധനങ്ങളും പ്രഖ്യാപനങ്ങളും. (4) ആദിമശതകങ്ങളിൽ നിർമ്മിതമായ ചിത്രങ്ങളും പ്രഖ്യാപനങ്ങളും ഭിത്തിയെഴുത്തുകളും. ഉദാഹരണമായി, റോമൻ ഭൂഗർഭാലയത്തിലുള്ളവ. (5) സാർവ്വത്രിക സഭയിൽ നിലവിലുള്ള നടപടികളും അനുഷ്ഠാനക്രമങ്ങളും

വേദപുസ്തകവും പാരമ്പര്യവും വിശ്വാസത്തിന്റെ ആധാരങ്ങളാണെന്നു കത്തോലിക്കർ വിശ്വസിക്കുന്നു. ക്രിസ്തുവിന്റെ പ്രബോധനങ്ങൾ നമ്മുടെ പക്കൽ എത്തിച്ചേർന്നിട്ടുള്ള രണ്ടു മാർഗ്ഗങ്ങളാണവ. രണ്ടിന്റെയും സംരക്ഷകയും വ്യാഖ്യാതാവും തിരുസഭയാണു്. ക്രിസ്തുവിന്റെ അപ്രമാദിത്വമുള്ള സഭയുടെ പരമാധികാരിയ്ക്കു് അപ്രമാദിത്വമുണ്ടായിരിക്കണം. അല്ലാത്തപക്ഷം തന്റെ സഭ എങ്ങനെ ലോകാവസാനത്തോളം തെറ്റിൽ ഉൾപ്പെടാതെ നിലനിൽക്കും? നരകവാതിലുകൾ സഭയോടു പ്രബലപ്പെടുകയില്ലെന്നുള്ള ദിവ്യരക്ഷകന്റെ വചസ്സുകൾ എങ്ങനെ നിവൃത്തിയാകും? പത്രോസിനുവേണ്ടിയുള്ള ക്രിസ്തുവിന്റെ പ്രാർത്ഥനയും സഹോദരന്മാരെ ഉറപ്പിക്കുവാനുള്ള അവകാശവും എങ്ങനെ ഫലപ്രദമാകും? വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ചുള്ള കാര്യങ്ങൾ പഠിപ്പിക്കുമ്പോൾ സഭയുടെ പരമാധികാരിയ്ക്കു് പ്രമാദം ഭവിക്കുക എന്നുള്ളതു് സഭയുടെ സ്ഥാപകനാദ്ദേശത്തെത്തന്നെ നിഷ്ഫലമാക്കുകയല്ലേ ചെയ്യുന്നതു്? മാർപ്പാപ്പായുടെ അപ്രമാദിത്വത്തെക്കുറിച്ചു് കത്തോലിക്കാസഭ പഠിപ്പിക്കുന്നതു് താഴെ പറയുന്നവിധമാണു്.

www.malankaralibrary.com



സാർവ്വത്രികസഭയുടെ തലവനെന്ന നിലയിൽ തന്റെ പരമമായ ശ്ലൈഹികാധികാരമുപയോഗിച്ചുകൊണ്ടു്, വിശ്വാസത്തെയോ, സന്മാർഗ്ഗത്തെയോ സംബന്ധിച്ചുള്ള തത്വങ്ങൾ നിർണ്ണയംചെയ്തു്, അവസാന തീരുമാനമായി മാർപ്പാപ്പാ പഠിപ്പിക്കുമ്പോൾ, ക്രിസ്തുനാഥൻ പത്രോസിനു വാഗ്ദത്തം ചെയ്ത ദൈവീകമായ സഹായത്തിന്റെ ശക്തിമൂലം മാർപ്പാപ്പായ്ക്കു് തെററു പററുക സാദ്ധ്യമല്ല. മാർപ്പാപ്പായ്ക്കു അപ്രമാദിത്വവരം ഉണ്ടായിരിക്കേണ്ടതിനു് മൂന്നു കാര്യങ്ങൾ ആവശ്യമാണെന്നു് ഇതിൽ നിന്നു വ്യക്തമാകുന്നു:

1) സാർവ്വത്രികസഭയുടെ തലവനെന്നുള്ള നിലയിൽ മാർപ്പാപ്പാ ഔദ്യോഗികസ്ഥാനത്തു നിന്നു പഠിപ്പിക്കുകയായിരിക്കണം.

2) വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ചുള്ള കാര്യങ്ങൾ മാത്രമായിരിക്കണം.

3) ഇവയെ സംബന്ധിച്ചുള്ള തത്വങ്ങൾ നിർണ്ണയംചെയ്തുള്ള അവസാന തീരുമാനമായിരിക്കണം.

യുദ്ധം, കൃഷി, കച്ചവടം മുതലായവയെ സംബന്ധിച്ച് മാർപ്പാപ്പാ എന്തെങ്കിലും പ്രഖ്യാപിച്ചാൽ അതു് അപ്രമാദിത്വമുള്ളതായിരിക്കണമെന്നില്ല. ഒരു സ്വകാര്യവ്യക്തിയുടെ അഭിപ്രായമായി മാത്രം അതു പരിഗണിച്ചാൽ മതി.

മാർപ്പാപ്പായ്ക്കു പുതിയ വിശ്വാസസത്യങ്ങൾ പഠിപ്പിക്കുവാൻ അവകാശമില്ല. വിശ്വാസഭണ്ഡാകാരത്തിലുള്ള സത്യങ്ങളെ വ്യാഖ്യാനിക്കുന്നതിനും അവയെക്കുറിച്ചു വിശ്വാസികളുടെയിടയിൽ സംശയം ഉണ്ടാകുമ്പോൾ അവസാന തീരുമാനം ചെയ്യുന്നതിനും മാത്രമേ മാർപ്പാപ്പായ്ക്കു അവകാശമുള്ളു. വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ചുള്ള മാർപ്പാപ്പായുടെ പ്രഖ്യാപനങ്ങൾ ഓരോരോ കാലത്തു്, അവ ആവശ്യമായി വരുന്ന സന്ദർഭങ്ങളിലാണു് സംഭവിക്കുന്നതു്.

www.malankaralibrary.com



1870-ൽ നടന്ന വത്തിക്കാൻ സൂനഹദോസാണു് മാർപ്പാപ്പായുടെ അപ്രമാദിത്വം ഔദ്യോഗികമായി പ്രഖ്യാപിച്ചതു്. അതുകൊണ്ടു്, മാർപ്പാപ്പായ്ക്കു് അപ്രമാദിത്വമില്ലെന്നായിരുന്നു അതിനു മുൻപു സഭയുടെ പഠനമെന്നു ധരിക്കുന്നതു തെറ്റാണു്. സൂനഹദോസുകളുടെ സഹായം കൂടാതെതന്നെ മാർപ്പാപ്പാമാർ പല പാഷണ്ഡതകളെയും ശപിച്ചിട്ടുണ്ടു്. സഭ മുഴുവനും അതു് സ്വീകരിച്ചിട്ടുമുണ്ടു്. മാർപ്പാപ്പായ്ക്കു അപ്രമാദിത്വമുണ്ടെന്നുള്ള വിശ്വാസം പുരാതനകാലംമുതൽ സഭയിലുണ്ടായിരുന്നു. സഭ അപ്രമാദിത്വമുള്ളതാണു് എന്ന വിശ്വാസത്തിൽ ഇതും അടങ്ങിയിരുന്നു. എന്നാൽ അതു് ഔദ്യോഗികമായി പ്രഖ്യാപനം ചെയ്യപ്പെട്ടിരുന്നില്ല. 325-ൽ മാത്രമാണല്ലൊ പുത്രൻതമ്പുരാൻ യഥാർത്ഥ ദൈവമാണെന്നുള്ള ഔദ്യോഗിക പ്രഖ്യാപനമുണ്ടായതു്. അതിനു മുൻപു് പുത്രൻതമ്പുരാൻ ദൈവമായിരുന്നില്ലയോ? ആയിരുന്നു. പുത്രൻതമ്പുരാൻ ദൈവമാണെന്നുള്ള വിശ്വാസമാണു് സഭയിലുണ്ടായിരുന്നതും. പക്ഷേ, പരിശുദ്ധത്രിത്വത്തിലെ രണ്ടാമാളായ പുത്രൻ തമ്പുരാൻ ദൈവമല്ലാ എന്നുള്ള പാഷണ്ഡോപദേശം ഉണ്ടായപ്പോൾ സൂനഹദോസു് ആ പാഷണ്ഡതയെ ശപിക്കുകയും സത്യവിശ്വാസം ഔദ്യോഗികമായി പ്രഖ്യാപിക്കുകയുമാണുണ്ടായതു്. അതുപോലെ മാർപ്പാപ്പായുടെ അപ്രമാദിത്വം ഔദ്യോഗികമായി പ്രഖ്യാപനം ചെയ്യേണ്ട സമയമായി എന്നു് വത്തിക്കാൻ സൂനഹദോസിനു ബോധ്യപ്പെട്ടതിനാലാണു് 1870-ൽ ഈ വിശ്വാസസത്യം ഔദ്യോഗികമായി പ്രഖ്യാപനം ചെയ്യപ്പെട്ടതു്.

www.malankaralibrary.com

# അദ്ധ്യായം 12

## കത്തോലിക്കാസഭയും വേദപുസ്തകവും

കത്തോലിക്കാസഭയെക്കുറിച്ച് അകത്തോലിക്കസഹോദരങ്ങളുടെയിടയിൽ ഉള്ള മറെറാരു തെററിദ്ധാരണ, കത്തോലിക്കർക്കു വേദപുസ്തകമില്ല, വേദപുസ്തകം വായിക്കുവാൻ അനുവാദമില്ല എന്നുള്ളതാണ്. ലൂഥറും അനുയായികളുമാണ് വേദപുസ്തകത്തെ കത്തോലിക്കാസഭയുടെ പക്കൽ നിന്നും കണ്ടെടുത്തു ലോകത്തിനു പ്രദാനം ചെയ്തത് എന്നു വാദിക്കുന്നവരും അകത്തോലിക്കരുടെയിടയിൽ ഉണ്ട്. അതിനാൽ വേദപുസ്തകംസംബന്ധിച്ചുള്ള കത്തോലിക്കാസഭയുടെ നിലപാട് ആരായുന്നതു ഉപയോഗപ്രദമായിരിക്കും. വേദപുസ്തകമെന്നാലെന്ത്? ദൈവനിവേശിത ഗ്രന്ഥങ്ങളെന്ന് സഭ സകാരണം അംഗീകരിച്ചു പ്രഖ്യാപിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടെ സമുച്ചയമാണ് വേദപുസ്തകം. വേദപുസ്തകത്തിലുൾപ്പെട്ട ഗ്രന്ഥങ്ങൾ പല കാലങ്ങളിലായി പലർ എഴുതിയിട്ടുള്ളതാണ്. വേദപുസ്തകം പഴയനിയമമെന്നും പുതിയനിയമമെന്നും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. പഴയനിയമത്തിൽ നാല്പത്തിയാറു പുസ്തകങ്ങളും പുതിയ നിയമത്തിൽ ഇരുപത്തിയേഴു പുസ്തകങ്ങളുമാണുള്ളതു്. ഇവയിൽ ചില പുസ്തകങ്ങൾ പലർ ചേർന്നാണെഴുതിയിട്ടുള്ളതു്.

വേദപുസ്തകം ദൈവനിവേശിതഗ്രന്ഥങ്ങളുടെ സമുച്ചയമാണെന്നു മുൻപു പ്രസ്താവിച്ചുവല്ലൊ. ദൈവംതന്നെ ആ പുസ്തകങ്ങളു

www.malankaralibrary.com



ടെ കർത്താക്കളെ, താൻ പ്രധാന ഗ്രന്ഥകർത്താവെന്ന നിലയിൽ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്തുവെന്നാണ് ദൈവനിവേശിതമെന്നു പറയുമ്പോൾ നാം ഗ്രഹിക്കേണ്ടതു്. 'പ്രോവിദെന്തീസ്സിമൂസ്' എന്നു തുടങ്ങുന്ന ചാക്രികലേഖനത്തിൽ പതിമൂന്നാം ലെയോമാർപ്പാപ്പാ പ്രസ്താവിക്കുന്നു: "വി. ഗ്രന്ഥങ്ങളെഴുതിയവർ ആശയങ്ങൾ തെററുകൂടാതെ ഗ്രഹിക്കുകയും മനസ്സിൽ അവയെ അല്പ വ്യത്യാസംപോലുമില്ലാതെ രൂപപ്പെടുത്തുകയും വിശ്വസ്തതാപൂർവ്വം എഴുതുന്നതിനാഗ്രഹിക്കുകയും, അവയെ മാത്രം പ്രമാദരഹിതമായി പ്രകടിപ്പിക്കുകയും ചെയ്യത്തക്കവണ്ണം ദൈവം തന്റെ പ്രകൃത്യതീതശക്തിയാൽ അവരെ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അല്ലാത്തപക്ഷം ദൈവം അവയുടെ കർത്താവാകുന്നതെങ്ങനെ?" ദൈവതോന്നിപ്പുമൂലമാണെങ്കിലും അവർ സ്വാതന്ത്ര്യമായിട്ടാണെഴുതിയതു്.

പഴയനിയമത്തെ യഹൂദന്മാർ രണ്ടായി തരംതിരിച്ചിരുന്നു: 'പ്രോട്ടോകാനോനിക്കൽ' (Protocanonical) 'ദെവുത്തരോകാനോനിക്കൽ' (Deuterocanonical). പലസ്തീനായിലെ യഹൂദന്മാർ ഉപയോഗിച്ചിരുന്നതു പ്രോട്ടോകാനോനിക്കൽ ഗ്രന്ഥങ്ങൾ മാത്രമാണ്. എന്നാൽ അലക്സാണ്ഡ്റിയായിലുള്ള യഹൂദന്മാർ ദെവുത്തരോകാനോനിക്കൽ ഗ്രന്ഥങ്ങളും സ്വീകരിച്ചിരുന്നു. തോബിയാസ്, യൂദിത്ത്, ജ്ഞാനത്തിന്റെ പുസ്തകം, നാളാഗമം, ബാറൂക്ക്, മക്കബായക്കാരുടെ രണ്ടു പുസ്തകങ്ങൾ, ദാനിയേലിന്റെ പുസ്തകം, എസ്തേറിലെ ചില ഭാഗങ്ങൾ ഇവയാണ് ദെവുത്തരോകാനോനിക്കൽ ഗ്രന്ഥങ്ങൾ. ഈ ഗ്രന്ഥങ്ങളിൽ നിന്നു് ദിവ്യരക്ഷകൻ പ്രത്യക്ഷമായി ഉദ്ധരിച്ചിട്ടില്ലെങ്കിലും താൻ ഉപയോഗിച്ചിട്ടുള്ള മുന്നൂററിഅൻപതു് ഉദ്ധരണികളിൽ മുന്നൂറും ഗ്രീക്കുസെപ്ത്വാജിന്തയിൽ നിന്നാണ്. അതായതു് ദെവുത്തരോകാനോനിക്കൽ ഗ്രന്ഥങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുള്ള പുസ്തകത്തിൽ നിന്നാണ്. കത്തോലിക്കാസഭ ഈ പുസ്തകങ്ങളും ദൈവനിവേശിതങ്ങളായി കരുതുന്നു. പ്രോട്ടസ്റ്റൻറുകാർ അവയെ അപ്പോക്രിഫാ എന്ന പേരിൽ തള്ളുകയാണ് ചെയ്യുന്നതു്.

www.malankaralibrary.com



പുതിയനിയമഗ്രന്ഥങ്ങൾ ഇന്നു നാം കാണുന്ന വിധത്തിൽ നമുക്കു ലഭിച്ചിട്ടുള്ളതു് സഭയുടെ സൂക്ഷ്മശ്രദ്ധമൂലമാണു്. ക്രിസ്തു മതത്തിൻെറ ആദിമശതകങ്ങളിൽ അബദ്ധോപദേശങ്ങൾ പ്രചരിപ്പിക്കുന്നതിനു പലരും ചെയ്തിരുന്നതു് ശ്ലീഹന്മാരുടെ പേരിൽ പുസ്തകങ്ങൾ എഴുതുകയായിരുന്നു. ഭക്തിനിമിത്തവും ചിലർ സുവിശേഷങ്ങളുടെ രൂപത്തിലുള്ള ഗ്രന്ഥങ്ങൾ നിർമ്മിച്ചിരുന്നു. ഇങ്ങനെ നാം ഇന്നു കാണുന്ന പുതിയ നിയമവും ഈ പുസ്തകങ്ങളുമെല്ലാം കൂടിക്കുഴഞ്ഞു് വിശ്വാസികളുടെ പക്കൽ ചെന്നുചേർന്നിരുന്നു. ഇതിനുംപുറമേ, ഇന്നു പുതിയനിയമത്തിലുള്ള പല ഗ്രന്ഥങ്ങളും ദൈവനിവേശിതങ്ങളാണോയെന്നു ചില സഭാപണ്ഡിതന്മാർ സംശയം ഉന്നയിച്ചിരുന്നു. താഴെ പ്രസ്താവിക്കുന്ന പുസ്തകങ്ങളെക്കുറിച്ചും പുസ്തകഭാഗങ്ങളെക്കുറിച്ചുമാണു് സംശയം ഉണ്ടായിരുന്നതു്:– എബ്രായക്കാർക്കുള്ള ലേഖനം, വി. പത്രോസിൻെറ രണ്ടാം ലേഖനം, വി. യാക്കോബു്, വി. യൂദാ എന്നിവരുടെ ലേഖനങ്ങൾ, വി. യോഹന്നാൻെറ രണ്ടാമത്തെയും മൂന്നാമത്തെയും ലേഖനങ്ങൾ, വെളിപാടു്, ലൂക്കോസ് 22; 43–44, വി. മർക്കോസ് 16; 9–20, വി. യോഹന്നാൻ 7; 53; 8; 11.

അതിനാൽ ഇക്കാര്യത്തിൽ എന്തെങ്കിലും ഒരു തീരുമാനം ചെയ്യേണ്ടതും കുഴഞ്ഞുമറിഞ്ഞു കിടന്ന ഈ പ്രശ്നത്തിനു് ഒരു പരിഹാരം കണ്ടുപിടിക്കേണ്ടതും സഭയുടെ ആവശ്യമായിത്തീർന്നു. ഇന്നു് കത്തോലിക്കാവേദപുസ്തകത്തിൽ കാണുന്ന ഗ്രന്ഥങ്ങളെല്ലാം തന്നെ ദൈവനിവേശിതമാണെന്നു് മുന്നൂറ്റിതൊണ്ണൂറ്റിനാലിൽ (394) ഹിപ്പോയിൽ കൂടിയ സൂനഹദോസു് പ്രഖ്യാപനം ചെയ്തു. അതിനുശേഷം 397–ലും 419–ലും കാർത്തേജിൽ കൂടിയ സൂനഹദോസുകൾ വീണ്ടും ആ പ്രഖ്യാപനം ആവർത്തിച്ചു. അവസാനമായി 1441–ൽ ഫ്ളോറൻസിലും 1546–ൽ ട്രെൻറിലും കൂടിയ സാർവത്രികസൂനഹദോസുകൾ ഈ പ്രഖ്യാപനങ്ങൾ ഒന്നുകൂടി ആവർത്തിച്ചു. ഇതാണു് വേദപുസ്തകഗ്രന്ഥങ്ങളുടെ സംക്ഷിപ്ത ചരിത്രം.

www.malankaralibrary.com



ഇങ്ങനെ, കത്തോലിക്കാസഭയാണ് വേദപുസ്തകത്തെ ലോകത്തിനു പ്രദാനം ചെയ്തത്. വേദപുസ്തകത്തിലുള്ള ഗ്രന്ഥങ്ങൾ ദൈവനിവേശിതങ്ങളാണെന്നു നാം അറിയുന്നത് സഭയുടെ പ്രഖ്യാപനംമൂലമാണ്. സഭയുടെ പ്രബോധനാധികാരത്തെ വകവയ്ക്കാതിരിക്കുകയും സഭയ്ക്കു പുറമേ നിൽക്കുകയും ചെയ്യുന്നവർക്ക് തങ്ങൾക്കു വേദപുസ്തകമുണ്ടെന്ന് യുക്തിപൂർവ്വം തെളിയിക്കുക സാദ്ധ്യമല്ല. കത്തോലിക്കാസഭയുടെ അപ്രമാദിത്വവും പ്രബോധനാധികാരവും നിഷേധിച്ച ലൂഥർപ്രഭൃതികളാകട്ടെ വേദപുസ്തകത്തിലെ ഗ്രന്ഥങ്ങൾ ദൈവനിവേശിതമാണെന്നു കാണിക്കുവാൻ 'ആത്മാവിന്റെ ആന്തരികസാക്ഷ്യ'മെന്ന (The inward testimony of the spirit) ന്യായമാണ് ഉപയോഗിച്ചത്. പക്ഷേ, ഈ ന്യായം സ്വീകാര്യമല്ല. ലൂഥറിനും കൂട്ടർക്കും തോന്നുന്നതിനെതിരായി വേറെ ആളുകൾക്കു തോന്നുവാൻ പാടില്ലായ്കയില്ല. ഓരോരുത്തനും തനിക്കു പരിശുദ്ധാത്മാവാണ് തോന്നിച്ചതെന്നു വാദിക്കുകയും ചെയ്യും. വേറെ ചിലർ പറയും, വേദപുസ്തകം വായിച്ചാൽ അതു ദൈവനിവേശിതമാണെന്നു ഗ്രഹിക്കുവാൻ സാധിക്കുമെന്ന്. പക്ഷേ, ഈ വാദവും ശരിയല്ല. അങ്ങനെ ഗ്രഹിക്കാത്ത ആളുകൾ ഉണ്ടായിക്കൂടെന്നില്ല. വേദപുസ്തകം ദൈവനിവേശിതമാണെന്നു തെളിയിക്കുവാൻ വേദപുസ്തകത്തിലുള്ള തെളിവുകൾ തന്നെ സ്വീകരിക്കുക യുക്തിഭംഗവുമാണ്. അപ്പോൾ വേദപുസ്തകമല്ലാതെ ശരിയായ ഒരു മാനദണ്ഡം, തെററുവരാൻ പാടില്ലാത്ത ഒരു മാനദണ്ഡം, ഉണ്ടായിരിക്കണമെന്നു സിദ്ധിക്കുന്നു. ആ മാനദണ്ഡമാണ് സഭയുടെ അപ്രമാദിത്വമുള്ള പ്രബോധനാധികാരം.

## വേദപുസ്തകം മാത്രമാണോ വിശ്വാസത്തിന്റെ ആധാരം?

നങ്ങൾ വിശ്വസിക്കേണ്ട സകല സത്യങ്ങളും വേദപുസ്തകത്തിൽ ഉണ്ട്; അഥവാ, വേദപുസ്തകം മാത്രമാണ് വിശ്വാസത്തിന്റെ ആധാരം എന്നു ശഠിക്കുന്ന പല അകത്തോലിക്കാസഹോദരങ്ങളുമുണ്ട്. അവരുടെ ഈ അഭിപ്രായം യുക്തിക്കും ചരിത്രത്തിനും എതിരാണ്. കാരണങ്ങൾ:

www.malankaralibrary.com



1\. വേദപുസ്തകമാണ് വിശ്വാസത്തിന്റെ ഏക ആധാരമെങ്കിൽ വിശ്വാസസത്യങ്ങൾ ക്രിസ്തുതന്നെ എഴുതണമായിരുന്നു. അവിടുന്ന് അതു ചെയ്തില്ല. അല്ലെങ്കിൽ തന്റെ ശ്ലീഹന്മാരെല്ലാവരും വിശ്വാസസത്യങ്ങളടങ്ങിയ ഗ്രന്ഥങ്ങൾ എഴുതുവാൻ കല്പിക്കണമായിരുന്നു. അതും താൻ ചെയ്തില്ല. നേരെമറിച്ച് ക്രിസ്തു ദൈവരാജ്യം പ്രസംഗിച്ചു; ശ്ലീഹന്മാരെ പഠിപ്പിച്ചു. അവർ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവാനും ജനതയെ പഠിപ്പിക്കുവാനും കല്പിക്കുകയും, പ്രബോധനാധികാരമുള്ള ഒരു സഭയെ സ്ഥാപിക്കുകയുമാണ് ദിവ്യരക്ഷകൻ ചെയ്തത്.

2\. സാഹചര്യങ്ങളുടെ നിർബ്ബന്ധംമൂലമാണ് ശ്ലീഹന്മാരിൽ ചിലർ വി. ഗ്രന്ഥങ്ങളെഴുതുകയുണ്ടായത്. എഴുതപ്പെട്ട പുസ്തകങ്ങൾ മററു ശ്ലീഹന്മാർ എല്ലാവരും ഉപയോഗിച്ചുവെന്നും കരുതാൻ ന്യായമില്ല. വി. യോഹന്നാന്റെ സുവിശേഷം ഒന്നാം നൂററാണ്ടിന്റെ അവസാനഘട്ടത്തിലാണെഴുതപ്പെട്ടത്.

3\. പുതിയനിയമം ഇന്നുള്ള നിലയിൽ കൂട്ടിച്ചേർക്കപ്പെട്ടത് നാലാം നൂററാണ്ട് അവസാനത്തിൽ മാത്രമായിരുന്നു.

4\. വേദപുസ്തകം മാത്രമാണ് വിശ്വാസത്തിന്റെ ആധാരമെങ്കിൽ വേദപുസ്തകം എഴുതപ്പെട്ടതുകൊണ്ടുമാത്രം മതിയാവുകയില്ല. എല്ലാവർക്കും വേദപുസ്തകം ഉണ്ടായിരിക്കണം; ഉണ്ടായിരുന്നാൽ മാത്രം പോരാ, എല്ലാവരും വിദ്യാഭ്യാസം ഉള്ളവരും വേദപുസ്തകം പണ്ഡിതോചിതമായി ഗ്രഹിക്കുന്നവരും ആയിരിക്കണം. ഇതൊന്നും സാദ്ധ്യമല്ല. അച്ചടിയന്ത്രം കണ്ടുപിടിച്ചതുതന്നെ വേദപുസ്തകമെഴുതപ്പെട്ട് അനേക നൂററാണ്ടുകൾ കഴിഞ്ഞതിനുശേഷമാണ്. മനുഷ്യർ പല ഭാഷകൾ സംസാരിക്കുന്നവരാണ്. വേദപുസ്തകമാണ് വിശ്വാസത്തിന്റെ ഏക ആധാരമെങ്കിൽ വേദപുസ്തകം ആ ഭാഷകളിൽ യാതൊരു തെററും വരാതെ ക്രിസ്തുമതത്തിന്റെ ആരംഭകാലത്തുതന്നെ പരിഭാഷപ്പെടുത്തേണ്ടിയിരുന്നു.

www.malankaralibrary.com



5. വേദപുസ്തകം മാത്രമാണ് വിശ്വാസത്തിന്റെ ആധാരമെന്നു പറയുന്നവർക്ക് അതിനുള്ള തെളിവ് എവിടെ നിന്നു നൽകുവാൻ സാധിക്കും? വേദപുസ്തകത്തിൽ നിന്നോ? അങ്ങനെയുള്ള യാതൊരു പ്രസ്താവനയും വേദപുസ്തകത്തിലില്ല. അതിനെതിരായിട്ടുള്ള പ്രസ്താവനകൾ വേദപുസ്തകത്തിലുണ്ടു താനും.

(i) "ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ദൈവത്തിന്റെ വചനത്താലും ആകുന്നു" (റോമ. 10; 17).

(ii) "വളരെ സാക്ഷികൾ മുഖേന എന്നിൽനിന്നു കേട്ടവയെത്തന്നെ മററുള്ളവരെയും പഠിപ്പിക്കുവാൻ കഴിവുള്ള വിശ്വാസികളായ ആളുകളെ നീ ഭരമേൽപ്പിക്കുക" (2 തിമോ. 2; 2).

(iii) "ആകയാൽ എന്റെ സഹോദരന്മാരേ, നിങ്ങൾ ഉറച്ചു നിൽക്കയും ഞങ്ങളുടെ വാക്കുമൂലമോ ലേഖനം മൂലമോ നിങ്ങൾ പഠിച്ചിട്ടുള്ള കല്പനകളെ മുറുകെ പിടിക്കയും ചെയ്യുവിൻ" (2 തെസ്സ. 2; 15).

(iv) "ഈശോ ചെയ്ത മററനേകം കാര്യങ്ങൾകൂടിയുണ്ട്. അവ ഒരോന്നും എഴുതപ്പെട്ടിരുന്നു എങ്കിൽ, എഴുതപ്പെടുന്ന പുസ്തകങ്ങൾക്കു ലോകംതന്നെയും മതിയാകയില്ലായിരുന്നു എന്നു ഞാൻ കരുതുന്നു" (യോഹ. 21; 25).

(v) "നിങ്ങൾക്കു എഴുതുവാൻ എനിക്കു വളരെ കാര്യങ്ങളുണ്ടായിരുന്നാലും കടലാസ്സും മഷിയുംകൊണ്ടു അവയെഴുതുവാൻ എനിക്കു മനസ്സില്ല. സന്തോഷം പൂർണ്ണമാകേണ്ടതിനു നിങ്ങളുടെ അടുക്കൽ വരാമെന്നും നമുക്കു മുഖത്തോടുമുഖമായി സംസാരിക്കാമെന്നും ഞാൻ പ്രതീക്ഷിക്കുന്നു" (2 യോഹ. 12).

(vi) "നിനക്കു എഴുതുവാൻ എനിക്കു വളരെ കാര്യങ്ങളുണ്ടായിരുന്നു. എന്നാൽ മഷിയും തൂവലും കൊണ്ടു നിനക്കെഴുതുവാൻ ഞാൻ കരുതുന്നില്ല" (3 യോഹ. 13).

6. എഴുതപ്പെട്ടിട്ടുള്ളതെല്ലാംനമ്മുടെ പക്കൽ വന്നുചേർന്നിട്ടില്ല. ഇതിനു വേദപുസ്തകത്തിൽതന്നെ തെളിവുണ്ട്. സംഖ്യകൾ,

www.malankaralibrary.com



ജോഷ്വാ, രാജാക്കന്മാർ എന്നീ ഗ്രന്ഥങ്ങളിൽ കാണുന്ന ചില സൂചനകൾ പഴയ നിയമം മുഴുവനും നമുക്കു ലഭിച്ചിട്ടില്ലെന്നു കാണിക്കുന്നു. പുതിയനിയമത്തിൽ കൊലോസ്യർക്കുള്ള ലേഖനം നാലാം അദ്ധ്യായം പതിനാറാംവാക്യത്തിൽ നാം വായിക്കുന്നു: "ഈ ലേഖനം നിങ്ങളുടെയിടയിൽ വായിച്ചശേഷം ലാദീക്കിയാക്കാരുടെ സഭയിലും വായിക്കുവാൻ ഇടയാക്കണം. ലാദീക്കിയായിൽ നിന്നു് എഴുതിയിട്ടുള്ളതു് നിങ്ങളുംവായിക്കണം." പക്ഷെ, "ലാദീക്കിയായിൽനിന്നു് എഴുതീട്ടുള്ള" ആ ലേഖനം നമുക്കു ലഭിച്ചിട്ടില്ല.

7. വേദപുസ്തകം മാത്രമാണുപ്രമാണമെന്നു ശ്ലീഹന്മാരും കരുതിയില്ല. ഛേലാകർമ്മത്തെ അനുകൂലിച്ചു് പൗലോസും ബർന്നബാസും പ്രസംഗിച്ചു. ഛേലാകർമ്മം ആവശ്യമാണെന്നും അല്ലെന്നുമുള്ള അഭിപ്രായഗതികൾ സഭയിൽ ഉണ്ടായി. യറുസലേമിൽ കൂടിയ ആദ്യസൂനഹദോസ് ഛേലാകർമ്മം ആവശ്യമില്ലെന്നാണു് തീരുമാനിച്ചതു്. അന്നുവരെ എഴുതപ്പെട്ടിട്ടുള്ള വേദപുസ്തകം (പഴയനിയമം) മാത്രം അടിസ്ഥാനമാക്കി ശ്ലീഹന്മാർ പ്രവർത്തിച്ചിരുന്നെങ്കിൽ ഛേലാകർമ്മം വേണമെന്നാണു് തീരുമാനിക്കേണ്ടിയിരുന്നതു്.

8. ഞായറാഴ്ച ആചാരം ശിശുസ്നാനം എന്നിവയ്ക്കു വേദപുസ്തകത്തിൽ സ്പഷ്ടമായ തെളിവുകളില്ല. വേദപുസ്തകം മാത്രമാണു് പ്രമാണമെന്നൽഘോഷിക്കുന്ന പലരും ഇതു രണ്ടും ആചരിക്കുന്നുമുണ്ടു്.

9. വേദപുസ്തകം മുഴുവനും എഴുതപ്പെട്ടശേഷം അതു മാത്രമാണു് പ്രമാണം എന്നുള്ള വാദവും ശരിയല്ല. മൂശയുടെ പുസ്തകം എഴുതപ്പെട്ടശേഷം അവ ഓരോരുത്തർക്കും വിതരണം ചെയ്യാതെ, വാഗ്ദത്തത്തിൻെറ പെട്ടകത്തിൽ സൂക്ഷിക്കണമെന്നും ഏഴുസംവത്സരത്തിലൊരിക്കൽ ആചാര്യന്മാർ ജനങ്ങളെ വായിച്ചു കേൾപ്പിക്കണമെന്നും എന്തു കൊണ്ടു് യഹോവാ കല്പിച്ചു? ബാബേലിലെ അടിമത്തത്തിനുശേഷം പഴയ എബ്രായഭാഷ ജനങ്ങളുടെ സംസാരഭാഷയല്ലാതായി. പക്ഷേ ജനങ്ങളുടെ സംസാരഭാഷയിലേക്കു, അന്നുവരെ എഴുതപ്പെട്ട ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തിയുമില്ല.

www.malankaralibrary.com



10. വേദപുസ്തകം മാത്രമാണ് വിശ്വാസത്തിന്റെ ഏക ആധാരമെങ്കിൽ വേദപുസ്തകം ഒന്നിച്ചു ലഭിക്കുന്നതിനുമുൻപ് ജീവിച്ചിരുന്ന വിശ്വാസികളുടെ സ്ഥിതിയെന്ത്? വേദപുസ്തകംമൂലമോ വിശ്വാസചൈതന്യം ലഭിച്ചിട്ടാണോ ലക്ഷക്കണക്കിനാളുകൾ ആദിമശതകങ്ങളിൽ ഉത്തമജീവിതം നയിച്ചതും ക്രിസ്തുവിനുവേണ്ടി രക്തസാക്ഷികളായതും? വേദപുസ്തകമാണോ അനേകകോടികളെ സഭയിലേക്കു കൊണ്ടുവന്നിട്ടുള്ളത്?

## വേദപുസ്തകവും ഇഷ്ടംപോലെയുള്ള വ്യാഖ്യാനവും

വേദപുസ്തകം ഓരോ വ്യക്തിക്കും ഇഷ്ടംപോലെ വ്യാഖ്യാനിക്കാവുന്നതാണെന്നുള്ള ധാരണ തികച്ചും തെററാണ്. അങ്ങനെയുള്ള വ്യാഖ്യാനങ്ങളുടെ ഫലമായിട്ടാണ് ഇന്ന് ഏകദേശം ആയിരത്തോളം ക്രൈസ്തവ വിഭാഗങ്ങളുണ്ടായിട്ടുള്ളത്. പരസ്പരവിരുദ്ധമായ വ്യാഖ്യാനങ്ങൾ വേദപുസ്തകത്തിലെ വാചകങ്ങൾക്കുണ്ടാകയില്ല. പരസ്പരവിരുദ്ധമായിട്ടുള്ളത് പരിശുദ്ധാത്മാവ് ആർക്കും തോന്നിക്കയുമില്ല. ഒരു മനുഷ്യൻ തന്റെ ആയുസ്സുമുഴുവനും ചെലവഴിച്ചാലും വേദപുസ്തകസംബന്ധമായ കാര്യങ്ങളിൽ ഗഹനത നേടുകയുമില്ല. വേദപുസ്തകത്തിലെ ഗ്രന്ഥങ്ങളുടെ മൂലഭാഷ, ശൈലി, ചരിത്രപരമായ പശ്ചാത്തലം, വേദപുസ്തകവാക്യങ്ങളുടെ പരസ്പരയോജ്യത ഇവയെല്ലാം പരിഗണിക്കേണ്ടവയാണ്. വി. പൗലോസിന്റെ ലേഖനങ്ങളെക്കുറിച്ച് വി. പത്രോസ് പ്രസ്താവിക്കുന്നു: "അവയിൽ ഗ്രഹിക്കുവാൻ പ്രയാസമുള്ള ചില കാര്യങ്ങളുണ്ട്. പഠിപ്പില്ലാത്തവരും വിശ്വാസത്തിൽ അസ്ഥിരന്മാരുമായുള്ളവർ മററു തിരുവെഴുത്തുകളെപ്പോലെതന്നെ തങ്ങളുടെ നാശത്തിനായി അവയെ വളച്ചുതിരിക്കുന്നു" (2 പത്രോ. 3; 15-16). അപ്പോസ്തലനടപടി എട്ടാം അദ്ധ്യായത്തിൽ, ഫീലിപ്പോസ് ഷണ്ഡനോടു ചോദിക്കുന്നു: "നീ വായിക്കുന്നതു ഗ്രഹിക്കുന്നുവോ" എന്ന്. ഷണ്ഡൻ ഏശായാദീർഘദർശിയുടെ പുസ്തകമാണു വായിച്ചുകൊണ്ടിരുന്നത്. അയാൾ ഫീലിപ്പോസിനോടു: "ആരെങ്കിലും

www.malankaralibrary.com



എനിക്കുപദേശിച്ചുതരാതിരുന്നാൽ ഗ്രഹിക്കുവാൻ എനിക്കു എങ്ങനെ സാധിക്കും?" എന്നു ചോദിയ്ക്കുന്നു.

ഇങ്ങനെ ദുർഗ്രഹമായ ഭാഗങ്ങളുള്ള വേദപുസ്തകം ഓരോ വ്യക്തിക്കും ഇഷ്ടംപോലെ വ്യാഖ്യാനിക്കാമെന്നു പറയുന്നതു് അബദ്ധമാണു്. വേദപുസ്തകം സ്വതന്ത്രവ്യാഖ്യാനവിധേയമാണെന്നു പഠിപ്പിച്ച ലൂഥർതന്നെ പിന്നീടു് അതിനെക്കുറിച്ചു് വിലപിക്കയുണ്ടായി. ലൂഥറിന്റെ വ്യാഖ്യാനം സ്വീകരിക്കാതിരുന്ന തന്റെ പിൻഗാമികളെ അയാൾ ശപിയ്ക്കുപോലും ചെയ്തിട്ടുണ്ടു്! വേദപുസ്തകത്തെ ലോകത്തിനു പ്രദാനംചെയ്ത കത്തോലിക്കാസഭയാണു് വേദപുസ്തകത്തിന്റെ ഉത്തമസംരക്ഷകയും അധികൃതവ്യാഖ്യാതാവും. സഭയ്ക്കുള്ള പ്രബോധനാധികാരം സഭ ശരിയായി ഉപയോഗിക്കുന്നു.

കത്തോലിക്കാവേദപുസ്തകത്തിൽ എഴുപത്തിമൂന്നു ഗ്രന്ഥങ്ങളുണ്ടു്. പ്രോട്ടസ്റ്റൻറുകാർക്കാകട്ടെ അറുപത്തിയാറു ഗ്രന്ഥങ്ങളേയുള്ളു. ഏഴു ഗ്രന്ഥങ്ങൾ അവർ പരിത്യജിച്ചിരിക്കയാണു്. അതിനവർ പറയുന്ന കാരണങ്ങൾ കഴമ്പില്ലാത്തവയാണെന്നു് മനസ്സിലാക്കാൻ യാതൊരു വിഷമവുമില്ല. അവർ ഇപ്പോൾ ഉപയോഗിക്കുന്ന അറുപത്തിയാറു പുസ്തകങ്ങൾ ദൈവനിവേശിതങ്ങളാണെന്നു തീരുമാനിച്ച സഭ (കത്തോലിക്കാതിരുസഭ) തന്നെയാണു് അവർ നിഷേധിക്കുന്ന ഏഴു പുസ്തകങ്ങളും ദൈവനിവേശിതങ്ങളെന്നു പ്രഖ്യാപിച്ചിട്ടുള്ളതു്. സഭയുടെ അപ്രമാദിത്വമുള്ള പ്രബോധനാധികാരം മാത്രമാണു് ആ അറുപത്തിയാറു പുസ്തകങ്ങളെപ്പോലെ ഈ ഏഴുപുസ്തകങ്ങളും ദൈവനിവേശിതങ്ങളെന്നു കരുതുവാനുള്ള മാനദണ്ഡം.

ഏഴു പുസ്തകങ്ങൾ ഉപേക്ഷിക്കുകമാത്രമല്ല, സ്വീകരിച്ചിട്ടുള്ള അറുപത്തിയാറുപുസ്തകങ്ങളിൽ പലതിലും ചില വാക്കുകൾ കൂട്ടിച്ചേർത്തും ചിലതു വിട്ടുകളഞ്ഞും പ്രോട്ടസ്റ്റൻറുകാർ വേദപുസ്തകത്തെ സ്വന്തയിഷ്ടപ്രകാരം ബലാൽക്കാരം ചെയ്യുകയാണുണ്ടായതു്. സ്ഥലപരിമിതി മൂലം ഏതാനും ചില ഉദാഹരണങ്ങൾ മാത്രം കാണിക്കാം. ലൂഥർ വേദപുസ്തകത്തിൽ ചെയ്ത തിരുത്തലുകളാണിവ:

www.malankaralibrary.com



വി. യോഹന്നാൻെറ സുവിശേഷം 2-ാം അദ്ധ്യായം 4-ാം വാക്യത്തിൽ, ക്രിസ്തു "സ്ത്രീയേ, എനിക്കും നിനക്കും എന്തു്?" എന്നു പറഞ്ഞിരിക്കുന്നിടത്തു് ഒരു "തമ്മിൽ" കൂട്ടിച്ചേർത്തു്, "സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്തു്?" എന്നാക്കി. പ. കന്യകമറിയത്തിനു് യാതൊരു സ്ഥാനവുമില്ലെന്നു കാണിക്കുവാനാണിങ്ങനെ ലൂഥർ ചെയ്തതു്. റോമാക്കാർക്കുള്ള ലേഖനം 3-ാംഅദ്ധ്യായം 28-ാം വാക്യം: "അതുകൊണ്ടു മനുഷ്യൻ നീതീകരിക്കപ്പെടുന്നതു നിയമത്തിൻെറ പ്രവർത്തികളാലല്ല, വിശ്വാസത്താലാകുന്നു എന്നു നാം കരുതുന്നു" എന്നതു് വിശ്വാസത്താൽ 'മാത്ര'മാകുന്നു എന്നാക്കി. അതുപോലെ റോമാക്കാർക്കെഴുതിയ ലേഖനം 3, 20-ലും ഒരു 'മാത്രം' കൂട്ടിച്ചേർത്തു: "അതുകൊണ്ടു നിയമത്തിൻെറ പ്രവൃത്തികളാൽ (മാത്രം) യാതൊരു ജഡവും അവൻെറ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല."

2 പത്രോസ് 1, 10-ൽ "അതിനാൽ എൻെറ സഹോദരന്മാരേ, സൽപ്രവൃത്തികൾകൊണ്ടു നിങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പുള്ളതാക്കുവാൻ അധികമായി ശ്രദ്ധിക്കുവിൻ" എന്ന വാക്യത്തിൽ നിന്നു് 'സൽപ്രവൃത്തികൾകൊണ്ടു്' എന്ന പദം ലൂഥർ മാററിക്കളഞ്ഞു. വിശ്വാസംകൊണ്ടുമാത്രം മനുഷ്യൻ നീതീകരിക്കപ്പെടുമെന്നുള്ള തൻെറ പുതിയ ഉപദേശസ്ഥാപനത്തിനാണു് ലൂഥർ അപ്രകാരം ചെയ്തതു്. സൽപ്രവൃത്തി രക്ഷയ്ക്കാവശ്യമാണെന്നു് യാക്കോബുശ്ലീഹായുടെ ലേഖനം പ്രസ്പഷ്ടമായി പറയുന്നതിനാൽ ലൂഥർ പ്രസ്തുത ലേഖനം തിരസ്കരിക്കുകതന്നെ ചെയ്തു. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെ സൂചിപ്പിക്കുന്നതിനാൽ മക്കബായക്കാരുടെ പുസ്തകം അയാൾ സ്വീകരിക്കുന്നില്ല. ഇനിയുമുണ്ടു് ധാരാളം ഉദാഹരണങ്ങൾ. ലൂഥറിൻെറ ബൈബിളിൽ രണ്ടായിരം തെററുകളുണ്ടെന്നാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്.

വേദപുസ്തകം ലൂഥറും കൂട്ടരും ഒന്നുമല്ല, ലോകത്തിനു നൽകിയതു് കത്തോലിക്കാസഭ വേദപുസ്തകത്തെ എററം പാവനമായി

www.malankaralibrary.com



പരിഗണിക്കുകയും അച്ചടിയന്ത്രം ഉണ്ടാകുന്നതിനുമുൻപ് കത്തോലിക്കാസഭയിലെ സന്യാസസഭാംഗങ്ങൾ നിഷ്കർഷാപൂർവ്വം വേദപുസ്തകം പകർത്തി എഴുതുകയും, വിശ്വാസികളുടെ പാരായണത്തിനുവേണ്ടി ദൈവാലയങ്ങളിൽ സൂക്ഷിക്കുകയും ചെയ്തുവന്നു. അക്കാലത്ത് വേദപുസ്തകം മുഴുവനും പകർത്തി എഴുതുകയെന്നുള്ളത് എത്രമാത്രം ശ്രമസാധ്യമായ ഒന്നായിരുന്നുവെന്ന് പരിഗണിക്കുമ്പോഴാണ്, സഭ, വേദപുസ്തകത്തിന് എത്ര വലിയ പരിഗണന നൽകിയെന്നു മനസ്സിലാകുന്നത്. അച്ചടിയന്ത്രം കണ്ടുപിടിച്ചതിനുശേഷം ലൂഥർ ജർമ്മൻഭാഷയിലേക്ക് വേദപുസ്തകം പരിഭാഷപ്പെടുത്തുന്നതിനുമുൻപുതന്നെ കത്തോലിക്കാസഭ ഉന്നത ജർമ്മൻഭാഷയിൽ പതിന്നാലു പതിപ്പുകളും താഴ്ന്ന ജർമ്മൻഭാഷയിൽ അഞ്ചു പതിപ്പുകളും പ്രസിദ്ധീകരിക്കയുണ്ടായി. അതുപോലെ **1450** മുതൽ **1520** വരെ വേദപുസ്തകത്തിന്റെ **156** ലത്തീൻ പതിപ്പുകളും 6 ഹീബ്രൂ പതിപ്പുകളും സഭ വിശ്വാസികൾക്കു നൽകി. ലൂഥറിന്റെ പുതിയനിയമ തർജ്ജിമ **1522**-ലും പഴയനിയമതർജ്ജിമ **1534**-ലും ആണ് വെളിച്ചം കണ്ടതെന്നു നാം ഓർക്കണം. ലൂഥറിന്റെ പരിഭാഷ പുറത്തുവരുന്നതിനു മുൻപ് ഫ്രഞ്ചുഭാഷയിൽ **10**-ഉം ഇറ്റാലിയൻ ഭാഷയിൽ **11**-ഉം ബൊഹേമിയൻ ഭാഷയിൽ **2**-ഉം ഫ്ളേമിഷിൽ **1**-ഉം, ലിമോസിനിൽ **1**-ഉം, റഷ്യനിൽ **1**-ഉം പതിപ്പുകൾ സഭ പുറപ്പെടുവിച്ചിട്ടുണ്ട്.

കത്തോലിക്കർക്കു വേദപുസ്തകം വായിക്കുവാൻ അനുവാദം ഇല്ല എന്നുള്ള ആരോപണം പരമാബദ്ധമായ ഒന്നാണ്. തെറ്റുകൾ ഉള്ളതും സഭയുടെ അംഗീകാരമില്ലാത്തെ, വേദപുസ്തകമെന്ന് അവകാശപ്പെടുന്നതുമായ ഗ്രന്ഥം വായിക്കരുതെന്നേ സഭ പറയുന്നുള്ളു. കത്തോലിക്കർ സത്യവേദപുസ്തകം വായിക്കുന്നതിന് സഭ പ്രോത്സാഹിപ്പിക്കുകയാണുചെയ്യുന്നത്. പല സഭാപിതാക്കന്മാരും മാർപ്പാപ്പാമാരും വിശ്വാസികൾ സത്യവേദപുസ്തകം വായിക്കണമെന്ന് ശക്തിയുക്തം ഉൽബോധിപ്പിച്ചിട്ടുണ്ട്. പ്രതിദിനം വേ

www.malankaralibrary.com



ദപുസ്തകം വായിക്കുന്ന വിശ്വാസികൾക്കു് മാർപ്പാപ്പാമാർ അനുഗ്രഹങ്ങൾ കല്പിച്ചനുവദിച്ചിട്ടുമുണ്ടു്.

അകത്തോലിക്കരുടെ പക്കലുള്ള ബൈബിളുകൾതമ്മിൽ തന്നെ സാരമായ വ്യത്യാസമുള്ളവയാണു്. തെററുള്ളതൊന്നും സത്യവേദപുസ്തകമല്ല. കത്തോലിക്കാസഭയ്ക്കു മാത്രമേ സത്യവേദപുസ്തകമുള്ളൂ. കത്തോലിക്കാസഭയെ നിഷേധിക്കുന്നവർക്കു് തങ്ങൾക്കു വേദപുസ്തകമുണ്ടെന്നു് ന്യായമായി അവകാശപ്പെടുവാനും അവകാശപ്പെട്ടാൽത്തന്നെ ശരിയായരീതിയിൽ തെളിയിച്ചു് സ്ഥാപിക്കുവാനും സാദ്ധ്യമല്ല. സഭ വേദപുസ്തകത്തെ നൽകി. വേദപുസ്തകമല്ല സഭയെ നൽകിയതു്.



MALANKARA
LIBRARY

www.malankaralibrary.com

# അദ്ധ്യായം 13

## ബന്ധവിമോചനങ്ങൾ

ബന്ധവിമോചനങ്ങളെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ പ്രബോധനം അകത്തോലിക്കരുടെയിടയിൽ വളരെയധികം തെററിദ്ധരിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. പാപത്തിന്റെ മോചനമോ പാപം ചെയ്യുവാനുള്ള ലൈസൻസോ ആണ് ബന്ധവിമോചനമെന്നത്രേ അകത്തോലിക്കരായ പല സഹോദരങ്ങളും ധരിച്ചുവച്ചിട്ടുള്ളത്. ഈ ധാരണ ശരിയല്ല. ബന്ധവിമോചനത്തെക്കുറിച്ചു ചർച്ചചെയ്യുന്നതിനുമുൻപ് ചില കാര്യങ്ങൾ പ്രസ്താവിക്കുന്നത് ആ ചർച്ചയ്ക്കു സഹായമായിരിക്കുമെന്ന് കരുതുന്നു.

ഒരു മനുഷ്യൻ ഒരു ക്രിമിനൽകുററം ചെയ്തു എന്ന് സങ്കല്പിക്കുക. അയാൾ ന്യായാധിപന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്നു. ആ കുററംചെയ്ത സാഹചര്യം, അതിനെക്കുറിച്ച് അയാൾക്കു തോന്നുന്ന സങ്കടം, അനുതാപം, അയാളുടെ ബന്ധുജനങ്ങളുടെ വിഷമാവസ്ഥ ഇവയെല്ലാം ആ ന്യായാധിപൻ പരിഗണിച്ച് കുററക്കാരനെ ശിക്ഷിക്കുന്നുവെന്നും കരുതുക. തന്റെ കുററത്തെക്കുറിച്ച് അനുതാപമുള്ള ഒരുവനോട് ന്യായാധിപനും സഹതാപം തോന്നാതിരിക്കുകയില്ല. അയാളോട് ന്യായാധിപൻ അല്പം കാരുണ്യം കാണിച്ചേക്കാം. ഇങ്ങനെയുള്ള കാരുണ്യം കുററത്തെ പ്രോത്സാഹിപ്പിക്കാനല്ല പ്രത്യുത കുററവാളിയെ നന്നാക്കാനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ശിക്ഷിക്കപ്പെട്ടിട്ടുള്ള ഒരുവന്റെ ജയിൽ–ജീവിതകാലത്തുള്ള സൽസ്വഭാവം നിമിത്തം ശിക്ഷ ഗവണ്മെ

www.malankaralibrary.com



ൻറിൽ നിന്നു് ഇളച്ചുകൊടുക്കുന്നതും നാം കാണുന്നുണ്ടല്ലോ. കുററങ്ങൾക്കു ഗവണ്മെൻറു് ശിക്ഷകൾ വച്ചിട്ടുണ്ടു്. ഗവണ്മെൻറിനു് കുററത്തിൻെറ തിന്മ ഇല്ലാതാക്കുവാൻ സാധിക്കുകയില്ല. പക്ഷേ കുററത്തിൻെറ ശിക്ഷയെ ലഘൂപ്പെടുത്തുകയോ ശിക്ഷ ഇളച്ചുകൊടുക്കുകയോ ചെയ്യുവാൻ കഴിയും

പാപം ദൈവത്തിനെതിരായുള്ള ഒരു കുററമാണു്; അതു് ദൈവനിയമം ലംഘിച്ചുകൊണ്ടു് ദൈവത്തെ നിന്ദിക്കുന്നു. അതു് പ്രമാണലംഘനത്തിനുള്ള ശിക്ഷ അർഹിക്കുകയും ചെയ്യുന്നു. പാപം ഒരുവനെ ദൈവത്തിൻെറ ശത്രുവാക്കുന്നു. പാപത്തിനു് നിത്യശിക്ഷയും കാലത്തിനടുത്ത ശിക്ഷയുമുണ്ടു്. കുമ്പസാരമോ ഉത്തമ മനഃസ്താപമോ മുഖേന പാപത്തിൻെറ നിത്യശിക്ഷ ഇല്ലാതാക്കപ്പെടുന്നു. പക്ഷേ കാലത്തിനടുത്ത ശിക്ഷ കുററക്കാരൻ അനുഭവിക്കേണ്ടി തീരും. ഈ കാലത്തിനടുത്ത ശിക്ഷയെക്കുറിച്ചു് വേദപുസ്തകത്തിൽനിന്നു് നമുക്കു ഗ്രഹിക്കാവുന്നതാണു്. മൂശയുടെ കുററം യഹോവാ ക്ഷമിച്ചുവെങ്കിലും വാഗ്ദത്തനാട്ടിൽ മൂശ പ്രവേശിക്കുവാൻ താൻ അനുവദിച്ചില്ല. ദാവീദിൻെറ വ്യഭിചാരവും കൊലയും ദൈവം ക്ഷമിച്ചു. എങ്കിലും ആ പാപങ്ങളുടെ പരിഹാരമായിട്ടു് ദാവീദിൻെറ മകൻ മരിക്കുമെന്നു് നാഥാൻ ദീർഘദർശിവഴി യഹോവാ ദാവീദിനെ അറിയിക്കുകയുണ്ടായി.

ഇങ്ങനെ പാപം ക്ഷമിക്കപ്പെട്ടാലും അതിൻെറ കാലത്തിനടുത്ത ശിക്ഷ നിലനില്ക്കുന്നതിനാൽ പാപത്തിനുള്ള പ്രായശ്ചിത്തം പാപം ക്ഷമിക്കപ്പെട്ടുകിട്ടിയ വ്യക്തി അനുഷ്ഠിക്കേണ്ടതു് ആവശ്യമാണു്. ലോകത്തിൽ ഒരുവനുണ്ടാകുന്ന കഷ്ടപ്പാടുകൾ ക്ഷമയോടു സഹിക്കുക, സ്വയം പ്രായശ്ചിത്തപ്രവൃത്തി അനുഷ്ഠിക്കുക, പുണ്യപ്രവൃത്തികൾ നിർവ്വഹിക്കുക, ദാനധർമ്മങ്ങൾ ചെയ്യുക എന്നിങ്ങനെ ഈ ലോകത്തിൽ വച്ചുതന്നെ പലവിധത്തിൽ ഒരുവനു് തൻെറ പാപങ്ങളുടെ കാലത്തിനടുത്ത ശിക്ഷയെ ലഘൂകരിക്കുകയോ നിശ്ശേഷം ഇല്ലാതാക്കുകയോ ചെയ്യാവുന്നതാണു്. ഈ

www.malankaralibrary.com



ലോകത്തിൽവച്ച് ഒരുവന് കാലത്തിനടുത്തശിക്ഷ ഇളച്ചു കിട്ടപ്പെട്ടിട്ടില്ലെങ്കിൽ ശുദ്ധീകരണസ്ഥലത്തിൽ കിടന്നുകൊണ്ട് ആ ശിക്ഷ അനുഭവിക്കേണ്ടിവരും. തന്മൂലമാണ്, കുമ്പസാരത്തിനു ശേഷം വൈദികൻ പാപം മോചിക്കുന്നെങ്കിലും എന്തെങ്കിലും പരിഹാരമോ പ്രായശ്ചിത്തമോ അനുഷ്ഠിക്കുവാൻ നിർദ്ദേശിക്കുന്നത്. പക്ഷേ ഒരുവൻെറ പാപങ്ങളുടെ കാലത്തിനടുത്ത ശിക്ഷ എന്താണെന്ന് വൈദികനറിഞ്ഞുകൂടാ. അത് ദൈവത്തിനുമാത്രം അറിയാം. ഇനിയും ദണ്ഡവിമോചനമെന്നുപറഞ്ഞാൽ എന്താണെന്നും അതിൻെറ ചരിത്രം എന്താണെന്നും നമുക്കൊന്നു പരിശോധിക്കാം.

<u>ക്ഷമിക്കപ്പെട്ട പാപത്തിൻെറ കാലത്തിനടുത്ത ശിക്ഷ സഭ ഇളവുചെയ്തുകൊടുക്കുന്നതാണ് ദണ്ഡവിമോചനം.</u> "നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കപ്പെടുന്നത് സ്വർഗ്ഗത്തിലും അഴിക്കപ്പെടും" (മത്താ. 16:19) എന്ന് ക്രിസ്തു പത്രോസിനോടരുളിച്ചെയ്തു. ഈ അധികാരംതന്നെ അവിടുന്നു പിന്നീട് എല്ലാ അപ്പോസ്തലന്മാർക്കും നൽകുകയുണ്ടായി (മത്തായി. 18: 19).

സ്വർഗ്ഗപ്രവേശനത്തിനു തടസ്സമായി നിൽക്കുന്ന സകലതിനേയും ഇല്ലാതാക്കുവാനുള്ള അധികാരമാണ് ഈ വാക്കുകൾമൂലം അപ്പോസ്തലന്മാർക്കും അങ്ങനെ സഭയ്ക്കും ക്രിസ്തു പ്രദാനംചെയ്തത്. പാപം ക്ഷമിക്കപ്പെട്ടുവെങ്കിലും പാപത്തിൻെറ കാലത്തിനടുത്ത ശിക്ഷ അനുഭവിക്കാതെ യാതൊരു വ്യക്തിക്കും സ്വർഗ്ഗപ്രവേശനം സാധ്യമല്ലല്ലോ. അപ്പോൾ ആ കാലത്തിനടുത്ത ശിക്ഷയേയും ഇളവുചെയ്തുകൊടുക്കുവാനുള്ള അധികാരം സഭയ്ക്കുണ്ട്. സഭ വിശ്വാസികളുടെ സ്നേഹമുള്ള മാതാവാണ്. തൻെറ മകൻ തെററിനെക്കുറിച്ച് യഥാർത്ഥമായിട്ട് മനഃസ്താപപ്പെടുകയും മേലാൽ തെററു ചെയ്യാതിരിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നുവെന്ന് അറിയുന്നപക്ഷം ഒരു തള്ള ആ മകൻെറ കുററത്തിനുള്ള ശിക്ഷ

www.malankaralibrary.com

# അദ്ധ്യായം 13

## ദണ്ഡവിമോചനങ്ങൾ

ദണ്ഡവിമോചനങ്ങളെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ പ്രബോധനം അകത്തോലിക്കരുടെയിടയിൽ വളരെയധികം തെററിദ്ധരിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. പാപത്തിന്റെ മോചനമോ പാപം ചെയ്യുവാനുള്ള ലൈസൻസോ ആണ് ദണ്ഡവിമോചനമെന്നത്രേ അകത്തോലിക്കരായ പല സഹോദരങ്ങളും ധരിച്ചുവച്ചിട്ടുള്ളത്. ഈ ധാരണ ശരിയല്ല. ദണ്ഡവിമോചനത്തെക്കുറിച്ചു ചർച്ചചെയ്യുന്നതിനുമുൻപ് ചില കാര്യങ്ങൾ പ്രസ്താവിക്കുന്നത് ആ ചർച്ചയ്ക്കു സഹായമായിരിക്കുമെന്ന് കരുതുന്നു.

ഒരു മനുഷ്യൻ ഒരു ക്രിമിനൽകുററം ചെയ്തു എന്ന് സങ്കല്പിക്കുക. അയാൾ ന്യായാധിപന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്നു. ആ കുററംചെയ്ത സാഹചര്യം, അതിനെക്കുറിച്ച് അയാൾക്കു തോന്നുന്ന സങ്കടം, അനുതാപം, അയാളുടെ ബന്ധുജനങ്ങളുടെ വിഷമാവസ്ഥ ഇവയെല്ലാം ആ ന്യായാധിപൻ പരിഗണിച്ച് കുററക്കാരനെ ശിക്ഷിക്കുന്നുവെന്നും കരുതുക. തന്റെ കുററത്തെക്കുറിച്ച് അനുതാപമുള്ള ഒരുവനോട് ന്യായാധിപനും സഹതാപം തോന്നാതിരിക്കുകയില്ല. അയാളോട് ന്യായാധിപൻ അല്പം കാരുണ്യം കാണിച്ചേക്കാം. ഇങ്ങനെയുള്ള കാരുണ്യം കുററത്തെ പ്രോത്സാഹിപ്പിക്കാനല്ല പ്രത്യുത കുററവാളിയെ നന്നാക്കാനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ശിക്ഷിക്കപ്പെട്ടിട്ടുള്ള ഒരുവന്റെ ജയിൽ– ജീവിതകാലത്തുള്ള സൽസ്വഭാവം നിമിത്തം ശിക്ഷ ഗവണ്മെ

www.malankaralibrary.com



ഇളവുചെയ്തു കൊടുക്കുവാൻ സഭയോടപേക്ഷിക്കുക പതിവായിരുന്നു. സഭ ആ അപേക്ഷകരുടെ യോഗ്യതകളെപ്രതി മററുള്ളവരുടെ കാലത്തിനടുത്ത ശിക്ഷ മുഴുവനായോ ഭാഗികമായോ ഇളവുചെയ്തു കൊടുത്തിരുന്നു. ഒരു മാസം, മൂന്നു മാസം എന്നു തുടങ്ങിയുള്ള കാലാവധികൾ വച്ചുകൊണ്ടോ മുഴുവനായോ സഭ അപ്രകാരം ഇളവുചെയ്തു കൊടുത്തിരുന്നു. അതുപോലെ, ക്രിസ്തുവിൻെറയും സഭയിലെ വിശുദ്ധരുടേയും യോഗ്യതകളെപ്രതി സഭ ആ കാലത്തിനടുത്ത ശിക്ഷ ഇന്നും ഇളവുചെയ്തു കൊടുക്കുന്നു. ആദിമ ശതകങ്ങളിൽ ചെയ്തിരുന്നതുപോലെ ഒരു മാസം, മൂന്നു മാസം എന്നു തുടങ്ങിയുള്ള കാലാവധിവച്ചോ, പൂർണ്ണമായോ ഇളവുചെയ്തു കൊടുക്കുന്നതിനാണ് ഒരു മാസത്തെ ദണ്ഡവിമോചനം, പൂർണ്ണദണ്ഡവിമോചനം എന്നൊക്കെ നാം ഇന്നു പറയുന്നത്. അല്ലാതെ ചില കത്തോലിക്കർപോലും ധരിച്ചിട്ടുള്ളതുപോലെ ശുദ്ധീകരണസ്ഥലത്തിൽ ഒരാൾ അത്രയുംനാൾ കുറച്ചു കിടന്നാൽമതി എന്നു സഭ തീരുമാനിക്കുകയല്ല ചെയ്യുന്നത്.

ഒരു വ്യക്തിയുടെ കാലത്തിനടുത്ത ശിക്ഷ എന്തുമാത്രമുണ്ടെന്നും ശുദ്ധീകരണസ്ഥലത്തിൽ അയാൾ കിടന്നുകൊണ്ട് എന്തുമാത്രം പരിഹാരം ചെയ്യണമെന്നും ദൈവത്തിനുമാത്രമേ അറിയാവൂ.

സഭ തൻെറ അധികാരമുപയോഗിച്ച് ഒരു വ്യക്തിക്കു നൽകുന്നതാണല്ലോ ദണ്ഡവിമോചനം. നിർദ്ദിഷ്ടമായ പ്രാർത്ഥനകളോ സുകൃതപ്രവൃത്തികളോ മുഖേന ഒരു വ്യക്തിക്ക് ജീവിച്ചിരിക്കുന്ന മററൊരാൾക്കുവേണ്ടി ദണ്ഡവിമോചനം നേടുവാൻ സാധിക്കുകയില്ല. മററൊരാളുടെ മാനസാന്തരത്തിനോ നല്ല ജീവിതത്തിനോ വേണ്ടി അയാളുടെ സുകൃതപ്രവൃത്തികളും പരിഹാര കൃത്യങ്ങളും ഉപകരിച്ചേക്കാം. പക്ഷേ അയാൾക്ക് കാലത്തിനടുത്ത ശിക്ഷ ഇളവുചെയ്തുകിട്ടുന്ന ദണ്ഡവിമോചനങ്ങൾ തനിക്കായി നേടാം. അതുപോലെതന്നെ ശുദ്ധീകരണസ്ഥലത്തിലുള്ളവർക്കുവേണ്ടിയും അയാൾക്കു ദണ്ഡവിമോചനങ്ങൾ നേടാം. അതിൻെറ അർത്ഥം സഭ ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ കാലത്തിനടുത്ത ശിക്ഷ

www.malankaralibrary.com



ഇളവുചെയ്തുകൊടുക്കുന്നു എന്നല്ല; സഭ തന്റെ വിശ്വാസികളുടെയും വിശുദ്ധരുടെയും യോഗ്യതകളെയും സർവ്വോപരി ക്രിസ്തുവിന്റെ അനന്തമായ യോഗ്യതകളെയും ദൈവമുൻപാകെ അർപ്പിച്ചുകൊണ്ടു് ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ കാലത്തിനടുത്ത ശിക്ഷ ഇളവുചെയ്തുകൊടുക്കുവാൻ ദൈവത്തോടു് പ്രാർത്ഥിക്കുന്നു എന്നാണു്.

ദണ്ഡവിമോചനം പൂർണ്ണമെന്നും അപൂർണ്ണമെന്നും രണ്ടായി തിരിച്ചിട്ടുണ്ടെന്നു് മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പൂർണ്ണ ദണ്ഡവിമോചനമെന്നു പറയുന്നതു് പാപത്തിന്റെ കാലത്തിനടുത്ത ശിക്ഷയുടെ പൂർണ്ണമായ മോചനമത്രെ.

പൂർണ്ണമായ ദണ്ഡവിമോചനം നൽകപ്പെടുന്ന ആളിന്റെ ആദ്ധ്യാത്മികസ്ഥിതി അനുസരിച്ചായിരിക്കും അതു് അയാൾക്കു ലഭിക്കുക. മുഴുവൻ ദണ്ഡവിമോചനം അതിൽനിന്നു് അയാൾക്കു ലഭിക്കുന്നില്ലെങ്കിൽതന്നെയും ഭാഗികമായതു ലഭിക്കും. ആ ഉദ്ദേശത്തിലാണു് സഭ പൂർണ്ണ ദണ്ഡവിമോചനം നൽകുന്നതും. പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുന്ന സൽകൃത്യങ്ങൾ ഒരുവൻ ഒരുദിവസത്തിൽ പല പ്രാവശ്യം അനുഷ്ഠിച്ചാലും സഭയുടെ പ്രത്യേകമായ പ്രസ്താവനയില്ലെങ്കിൽ ദിവസത്തിൽ ഒരു പൂർണ്ണദണ്ഡവിമോചനമേ ഒരാൾക്കു ലഭിക്കുകയുള്ളൂ. സാധാരണരീതിയിൽ പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ കുമ്പസാരം, വിശുദ്ധ കുർബാനാനുഭവം, പള്ളിയോ പരസ്യപ്രാർത്ഥനസ്ഥലമോ സന്ദർശിക്കുക, മാർപ്പാപ്പായുടെ നിയോഗങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥന എന്നിവയാണു്.

ഏതെങ്കിലും പ്രത്യേക പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്നതിനുള്ള കുമ്പസാരം ദണ്ഡവിമോചനം ലഭിക്കുന്നതിനു വ്യവസ്ഥ ചെയ്തിട്ടുള്ള ദിവസത്തിനുമുൻപു് എട്ടു ദിവസത്തിനകം നടത്തിയാൽ മതി. വിശുദ്ധ കുർബാനാനുഭവം ആ ദിവസത്തിനുമുൻപുള്ള ദിവസം നടത്തിയാലും മതി. അല്ലെങ്കിൽ രണ്ടും ആ ദിവസം

www.malankaralibrary.com



തന്നെയോ ആ ദിവസത്തിനുശേഷമുള്ള എട്ടുദിവസങ്ങൾക്കകമോ നടത്തിയാൽ മതി.

താഴെപ്പറയുന്ന ഭക്തകൃത്യങ്ങൾ അനുഷ്ഠിച്ചാൽ എല്ലാ വിശ്വാസികൾക്കും പൂർണ്ണദണ്ഡവിമോചനം ലഭിക്കാവുന്നതാണ്.

(1) വിശുദ്ധ കുർബാന എഴുന്നെള്ളിച്ചു വച്ചിരിക്കുന്ന സ്ഥലത്ത് ജപമാലനമസ്കാരത്തിലെ അഞ്ചു രഹസ്യങ്ങളെങ്കിലും ഭക്തിപൂർവ്വം ധ്യാനിച്ച് ആ പ്രാർത്ഥന നടത്തുക. കുമ്പസാരവും വിശുദ്ധ കുർബാനാനുഭവവും ഇതിനു നടത്തിയിരിക്കണം.

(2) തനിച്ചോ മററുള്ളവരോടു ചേർന്നോ മനഃസ്താപത്തോടും ഭക്തിയോടുംകൂടി കുരിശിന്റെ വഴി നടത്തുന്ന ഓരോ തവണയും ഓരോ പൂർണ്ണദണ്ഡവിമോചനം ലഭിക്കും. കൂടാതെ ആ ദിവസം തന്നെ വിശുദ്ധ കുർബാന സ്വീകരിക്കുകയോ ഒരുമാസത്തിനകം പത്തു തവണ കുരിശിന്റെവഴി നടത്തിയതിനുശേഷം വിശുദ്ധ കുർബാന സ്വീകരിക്കുകയോ ചെയ്താൽ വേറൊരു പൂർണ്ണദണ്ഡവിമോചനം ലഭിക്കും.

(8) ക്രൂശിതരൂപത്തിന്റെ മുമ്പാകെ "എത്രയും നല്ലവനും മാധുര്യമുള്ളവനുമായ ഈശോയെ" എന്നുള്ള പ്രാർത്ഥന ചൊല്ലി മററുള്ള സാധാരണ വ്യവസ്ഥകൾ നിർവ്വഹിച്ചാൽ ഒരു പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്നതാണ്.

പ്രത്യേകമായിട്ട് പ്രസ്താവിച്ചിട്ടില്ലെങ്കിൽ ഭാഗികമായ ദണ്ഡവിമോചനത്തിനുവേണ്ടി നിർദ്ദിഷ്ടമായ പ്രവൃത്തി ഒരു ദിവസത്തിൽ പല പ്രാവശ്യം നിർവ്വഹിക്കുമ്പോഴൊക്കെയും ആ ദണ്ഡവിമോചനം ലഭിക്കുന്നതാണ്. ഒരു ദണ്ഡവിമോചനം കാലത്തിനുള്ള ശിക്ഷയെ എത്രമാത്രം ഇല്ലാതാക്കുന്നുവെന്ന് ദൈവത്തിനു മാത്രം അറിയാം.

"എന്നാൽ പാപം എങ്ങനെയോ അതുപോലെയല്ല ദാനം. എന്തുകൊണ്ടെന്നാൽ ഒരുത്തന്റെ പാപംനിമിത്തം വളരെപ്പേർ മ

www.malankaralibrary.com




രിച്ചുവെങ്കിൽ, ഈശോമിശിഹാ എന്ന ഏകമനുഷ്യൻമൂലം ദൈവത്തിൻെറ കൃപയും അവൻെറ ദാനവും വളരെപ്പേരിൽ എത്രയുമധികമായി വർദ്ധിച്ചിരിക്കും. ഒരുത്തൻെറ പാപം എങ്ങനെയോ അങ്ങനെയല്ല ദാനം. ഒരുത്തനിൽനിന്നുണ്ടായ വിധി ശിക്ഷയ്ക്കായിഭവിച്ചു. ദാനമോ വളരെ പാപങ്ങളിൽനിന്നും നീതീകരണത്തിന് ഹേതുവായിത്തീൎന്നു. ഒരുത്തൻെറ പാപംമൂലം മരണം ഭരണം നടത്തിയെങ്കിൽ കൃപയുടെയും ദാനത്തിൻെറയും നീതീകരണത്തിൻെറയും സമൃദ്ധി പ്രാപിച്ചവർ ഈശോമിശിഹാ എന്ന ഏകൻ നിമിത്തം ജീവനിൽ അധികമായി ഭരണം നടത്തും. ആകയാൽ ഒരുത്തൻെറ പാപം നിമിത്തം സകല മനുഷ്യർക്കും ശിക്ഷയുണ്ടായതെങ്ങനെയോ അങ്ങനെതന്നെ ഒരുത്തൻെറ നീതി നിമിത്തം സകല മനുഷ്യർക്കും ജീവിതത്തിനായിട്ടുള്ള നീതീകരണവുമുണ്ടാകും. ഒരു മനുഷ്യൻെറ അനുസരണമില്ലായ്മനിമിത്തം വളരെപ്പേർ പാപികളായതെങ്ങനെയോ അങ്ങനെതന്നെ ഒരുത്തൻെറ അനുസരണം നിമിത്തം വളരെപ്പേർ നീതിമാന്മാരായും തീരുന്നു. നിയമത്തിനു ലഭിച്ച പ്രവേശനം പാപം വർദ്ധിക്കുവാൻ ആയിരുന്നു. പാപം വർദ്ധിക്കുന്നതെവിടെയോ അവിടെ കൃപയും സമൃദ്ധി പ്രാപിച്ചു. പാപം മരണത്താൽ ഭരണം നടത്തിയതെങ്ങനെയോ അതുപോലെ കൃപയും നമ്മുടെ കൎത്താവായ ഈശോമിശിഹാമൂലം നീതിയാൽ നിത്യായുസിനായി ഭരണം നടത്തേണ്ടതിനുതന്നെ."
(റോമാ. 5, 15–21)

ദണ്ഡവിമോചനം പാപം ചെയ്യുവാനുള്ള ലൈസൻസാണെന്നും സഭ അതു പണത്തിനുവേണ്ടി വിൽക്കുന്നതാണെന്നുമുള്ള പരമാബദ്ധമായ ധാരണ പല അകത്തോലിക്കരുടെയിടയിലും പരന്നിട്ടുണ്ട്. പ്രോട്ടസ്റ്റൻറുവിപ്ലവത്തിൻെറ ആരംഭത്തോടുകൂടി ലൂഥറും അനുയായികളുമാണ് ഇങ്ങനെ ഒരു ധാരണ പ്രചരിപ്പിച്ചത്. ദണ്ഡവിമോചനത്തെക്കുറിച്ചുള്ള സഭയുടെ സാക്ഷ്യത്തെ തെറ്റിദ്ധരിച്ചതിൻെറ ഫലമായിട്ടാണ് അതിനെ പണം വാങ്ങിക്കൊണ്ടു നൽകുന്ന പാപമോചനച്ചീട്ടായിട്ട് ലൂഥർ വ്യാഖ്യാനി

www.malankaralibrary.com



ച്ചതു്. ആയിരത്തിയഞ്ഞൂറിപ്പതിനാലിൽ പത്താം ലെയോ മാർപ്പാപ്പാ വിശുദ്ധ പത്രോസിന്റെ ദൈവാലയം പൂർത്തിയാക്കുന്നതിനു വേണ്ടി ഒരു സഹായധനാഭ്യർത്ഥന പുറപ്പെടുവിച്ചു. കുമ്പസാരവും കുർബ്ബാനാനുഭവവും നടത്തി ഉത്തമമായ ആദ്ധ്യാത്മികസ്ഥിതിയിൽ ദൈവാലയപൂർത്തീകരണത്തിനു് സംഭാവന നൽകുന്നവർക്കു് മാർപ്പാപ്പാ ഒരു ദണ്ഡവിമോചനവും അനുവദിച്ചു. ദാനധർമ്മമെന്നുള്ള സൽപ്രവൃത്തിയായി പരിഗണിച്ചിട്ടായിരുന്നു മാർപ്പാപ്പാ അങ്ങനെ ചെയ്തതു്. പാവപ്പെട്ടവർ ഈ ദാനധർമ്മത്തിനു പകരം പ്രത്യേക പ്രാർത്ഥനകൾ ചൊല്ലിയാൽ മതിയെന്നും മാർപ്പാപ്പാ തന്റെ കല്പനയിൽ പ്രത്യേകം പ്രസ്താവിച്ചിരുന്നു. ഇക്കാലത്തെപ്പോലെ അന്നു് പത്രങ്ങളോ റേഡിയോയോ മററു വാർത്താവിനിമയ സൗകര്യങ്ങളോ ഇല്ലാതിരുന്നതിനാൽ മാർപ്പാപ്പായുടെ കല്പന ജനങ്ങളെ അറിയിക്കുന്നതിനുവേണ്ടി പ്രാസംഗികന്മാർ നിയോഗിക്കപ്പെട്ടു. ജോൺ ടെററ്സൽ എന്നൊരു ഡോമിനിക്കൻ വൈദികനായിരുന്നു ജർമ്മനിയിൽ ദണ്ഡവിമോചനത്തെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളെ അറിയിക്കുവാൻ നിയുക്തനായതു്. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ഒരുപക്ഷേ ജർമ്മനിയിലുള്ള പലരും തെററിദ്ധരിച്ചിരിക്കാം. ഒരുപക്ഷേ പള്ളിപണിക്കു് കൂടുതൽ പണം കിട്ടുന്നതിനുവേണ്ടി അദ്ദേഹം തന്റെ പ്രസംഗത്തിൽ ചില അതിശയോക്തികൾ പ്രയോഗിച്ചിരിക്കാം. അങ്ങനെയാണെങ്കിൽപോലും ആ വൈദികനു തെററിപ്പോയി എന്നുള്ളതല്ലാതെ ദണ്ഡവിമോചനത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനത്തെ എതിർക്കുന്നതിനു് ലൂഥറിനു തക്ക കാരണമൊന്നുമില്ലായിരുന്നു.



www.malankaralibrary.com

# അദ്ധ്യായം 14

## ശുദ്ധീകരണസ്ഥലം

കത്തോലിക്കാസഭയുടെ പ്രബോധനങ്ങളിൽ തെററിദ്ധരിക്കപ്പെട്ടിട്ടുള്ള മറെറാന്നാണ് ശുദ്ധീകരണസ്ഥലത്തെ പരാമർശിച്ചുള്ളത്. ശരിയായവിധം ഗ്രഹിക്കുകയാണെങ്കിൽ ഏററം സമാശ്വാസദായകവും യുക്തിയുക്തവുമായ ഒന്നാണ് ശുദ്ധീകരണസ്ഥലത്തിന്റെ ആസ്തിക്യം. പ്രോട്ടസ്റ്റൻവിപ്ലവംതുടങ്ങിയ കാലത്തേക്ക് ലൂഥർ ഈ പ്രബോധനത്തെക്കുറിച്ച് എതിരഭിപ്രായം പറഞ്ഞതേയില്ല. പക്ഷേ, ഒടുവിൽ ലൂഥർ ശുദ്ധീകരണസ്ഥലത്തിന്റെ ആസ്തിക്യം നിഷേധിക്കുകതന്നെ ചെയ്തു. കാരണം ഈ പ്രബോധനം അത്രകണ്ട് കത്തോലിക്കാമയമായ ഒന്നാണ്. ഇക്കാലത്തെ പല പ്രോട്ടസ്റ്റൻറുകാരും ശുദ്ധീകരണസ്ഥലമെന്നുള്ള പദമുപയോഗിക്കുന്നില്ലെങ്കിലും കാര്യത്തിൽ ഈ പ്രബോധനത്തെ പിൻതാങ്ങുന്നുണ്ട്.

ദൈവവരപ്രസാദത്തിൽ മരിക്കുകയും എന്നാൽ ലഘുപാപങ്ങളിൽനിന്ന് വിമുക്തരാകാതിരിക്കുകയും പാപത്തിനു ശരിയായിട്ടുള്ള പരിഹാരം ചെയ്യാതിരിക്കുകയും ചെയ്തിട്ടുള്ളവർ കാലത്തിനടുത്ത ശിക്ഷ അനുഭവിക്കുന്ന ഒരു സ്ഥലമോ അവസ്ഥയോ ആണ് ശുദ്ധീകരണസ്ഥലം. യുക്തി, വിശുദ്ധ ലിഖിതം, പാരമ്പര്യം, ആദിമ ശതകങ്ങളിലുള്ള സഭാപിതാക്കന്മാരുടെ ഉപദേശങ്ങൾ എന്നിവ ശുദ്ധീകരണസ്ഥലത്തിന്റെ ആസ്തിക്യം വെളിവാക്കുന്നുണ്ട്.

www.malankaralibrary.com



കാലത്തിനടുത്ത ശിക്ഷയെക്കുറിച്ച് നാം കഴിഞ്ഞ അദ്ധ്യായത്തിൽ അല്പമൊന്നു ചർച്ചചെയ്തതാണ്. ദൈവം പാപം ക്ഷമിച്ചുവെങ്കിലും തങ്ങളുടെ പാപങ്ങളുടെ കാലത്തിനടുത്ത ശിക്ഷ നീക്കിക്കിട്ടുന്നതിനുവേണ്ടി തക്കതായ പരിഹാരം ചെയ്യാതെ എത്രയോപേർ മരണം പ്രാപിക്കുന്നു. അവക്ക് നേരിട്ടു സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ല. അവർ നരകത്തിൽ പോകുമെന്നു വിചാരിക്കുക ദൈവനീതിയേയും കാരുണ്യത്തേയും ഒരുപോലെ ചോദ്യംചെയ്യുകയാണ്. അതുപോലെതന്നെ എത്രയോപേർ ചെറിയ ചെറിയ പാപങ്ങളോടുകൂടി മരിക്കുന്നു. ഉദാഹരണമായി ഏററം നല്ല ക്രിസ്ത്യാനിയായി മററുള്ളവരാൽ കരുതപ്പെടുന്ന ഒരു വ്യക്തി മരിക്കുന്നു എന്നു വിചാരിക്കുക. അയാൾ തന്റെ ആത്മാവിന്റെ വരപ്രസാദത്തെ നഷ്ടമാക്കിയിട്ടില്ല. കാരണം ഗുരുതരമായ, മാരകമായ പാപമൊന്നും അയാൾ ചെയ്തിട്ടില്ല. പക്ഷെ അയാൾക്ക് തന്റെ നല്ല ജീവിതത്തെക്കുറിച്ച് അല്പം ആത്മപ്രശംസയുണ്ട്, തന്മൂലം അയാൾ മററുള്ളവരെ വിധിച്ചിട്ടുള്ളതു് ഈ ചിന്തയോടുകൂടിത്തന്നെയാണ്. ഇതിനെക്കുറിച്ച് അയാൾ പശ്ചാത്തപിച്ചിട്ടുമില്ല. ഈ ആൾ മരിച്ചാൽ നേരിട്ടു സ്വർഗ്ഗത്തിൽ പ്രവേശിക്കുക സാധ്യമോ? ഇല്ലെന്നു നിശ്ചയം. കാരണം വേദപുസ്തകപ്രകാരം അശുദ്ധമായ യാതൊന്നും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. (സുഭാ. 7: 25; ഏശ. 25: 8; ഹബ. 1: 13; വെളിപാടു് 21: 27)

ഇങ്ങനെ ലഘുപാപങ്ങളോടുകൂടിയോ, പാപം ക്ഷമിക്കപ്പെട്ടുവെങ്കിലും അതിനു പരിഹാരം ചെയ്യായ്കനിമിത്തം കാലത്തിനടുത്ത ശിക്ഷ മാററിക്കിട്ടാതെയോ മരിച്ചാൽ ഒരുവന് നേരിട്ടു സ്വർഗ്ഗത്തിൽ പോകുവാൻ സാധ്യമല്ല. നരകത്തിൽ പോകുവാൻ തക്കവണ്ണം അവൻ അത്ര ദുഷ്ടനുമല്ല. അങ്ങനെയുള്ളവർ ശുദ്ധീകരിക്കപ്പെട്ടതിന്റെശേഷം സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു എന്നാണ് കത്തോലിക്കാസഭ പഠിപ്പിക്കുന്നതു്.

www.malankaralibrary.com



ദൈവം നീതിമാനാകുന്നു. അതേസമയംതന്നെ ദൈവം കാരുണ്യവാനുമാണെന്നു് നാം ഓർക്കണം. മാനുഷികനീതിപോലും കുററങ്ങളുടെ ഗുരുത്വവും ലഘുത്വവും അനുസരിച്ചുള്ള ശിക്ഷയാണു നൽകുക. ഒരു കൊലപാതകിക്കും ചെറുതായ മോഷണം ചെയ്യുആൾക്കും നീതിമാനായ ഒരു ന്യായാധിപൻ ഒരേ ശിക്ഷതന്നെ നൽകുകയില്ലെന്നു് നമുക്കറിയാം. നീതിനടത്തുന്നതിനുവേണ്ടി അയാൾ കൊലപാതകിയ്ക്കു് വലിയ ശിക്ഷയും മററവനു് ചെറിയ ശിക്ഷയും നൽകുന്നു. അതുപോലെതന്നെയാണു് ദൈവവും പാപികളോടു പ്രവർത്തിക്കുന്നതു്.

ഇനിയും വിശുദ്ധ ലിഖിതങ്ങളിലുള്ള തെളിവുകൾ നമുക്കു പരിശോധിക്കാം. വിശുദ്ധ ലിഖിതങ്ങളിൽ ശുദ്ധീകരണസ്ഥലമെന്നുള്ള പദം ഉപയോഗിച്ചിട്ടില്ല. അതുകൊണ്ടു് ശുദ്ധീകരണസ്ഥലത്തെക്കുറിച്ചു വേദപുസ്തകം പഠിപ്പിക്കുന്നില്ല എന്നു പറയുന്നതു് തെററാണു്. പരിശുദ്ധത്രിത്വം എന്ന പദം വിശുദ്ധ ലിഖിതങ്ങളിൽ ഒരിടത്തും ഉപയോഗിച്ചിട്ടില്ലാത്തതിനാൽ പരിശുദ്ധത്രിത്വത്തെക്കുറിച്ചു് വേദപുസ്തകം പഠിപ്പിക്കുന്നില്ലെന്നു് പറയാൻ സാധിക്കുമോ? പരിശുദ്ധത്രിത്വത്തെക്കുറിച്ചുള്ള ആശയം വേദപുസ്തകത്തിൽ പലയിടത്തും കാണുന്നുണ്ടു്. ആ ആശയങ്ങൾ സ്വീകരിച്ചുകൊണ്ടു് പരിശുദ്ധത്രിത്വമെന്നുള്ള പദപ്രയോഗം വേദശാസ്ത്രജ്ഞന്മാർ ആ ആശയത്തിനു നൽകുകയാണുണ്ടായതു്. ഇതുപോലെതന്നെയാണു് ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള ആശയവും വേദപുസ്തകത്തിൽ സ്ഥിതിചെയ്യുന്നതു്. ആ ആശയം സ്വീകരിച്ചുകൊണ്ടു് വേദശാസ്ത്രജ്ഞന്മാർ മരണാനന്തരമുള്ള കാലത്തിനടുത്ത ശിക്ഷയനുഭവിക്കുന്ന ജീവിതാവസ്ഥയ്ക്കോ സ്ഥലത്തിനോ ശുദ്ധീകരണസ്ഥലമെന്ന പേരുപയോഗിക്കുകയാണുണ്ടായതു്. പദമല്ല കാര്യം, പദം പ്രതിനിധാനം ചെയ്യുന്ന ആശയമാണു കാര്യമായതു്.

ക്രിസ്തുവിൻെറകാലത്തും അതിനു മുമ്പും യഹൂദന്മാർ തങ്ങളുടെ പരേതർക്കുവേണ്ടി പ്രാർത്ഥിക്കുക പതിവായിരുന്നു. മക്കബായക്കാരുടെ

www.malankaralibrary.com



രണ്ടാം പുസ്തകം പന്ത്രണ്ടാം അദ്ധ്യായം 43 മുതൽ 46 വരെയുള്ള വാക്യങ്ങൾ ഈ പതിവിനെക്കുറിച്ചുള്ള അറിവ് നമുക്കു നൽകുന്നുണ്ട്: യഹൂദസൈന്യത്തിന്റെ തലവനായിരുന്ന യൂദാസ് ഒരു യുദ്ധത്തിനുശേഷം യുദ്ധത്തിൽ മൃതിയടഞ്ഞ തന്റെ അനുയായികളുടെ പാപങ്ങൾ ക്ഷമിക്കപ്പെടുന്നതിനുവേണ്ടി ബലിയർപ്പിക്കുന്നതിന് ഒരു പണപ്പിരിവു നടത്തി പന്തീരായിരം ദ്രാക്മാനാണയങ്ങൾ യറുസലേം ദേവാലയത്തിലേക്ക് കൊടുത്തയച്ചതായി നാം വായിക്കുന്നു. കൂടാതെ 46–ാം വാക്യത്തിൽ "ആകയാൽ മരിച്ചവർ തങ്ങളുടെ പാപങ്ങളിൽനിന്ന് വിമുക്തരാകുന്നതിനായി അവർക്കുവേണ്ടി പ്രാർത്ഥിക്കുക പരിശുദ്ധവും അഭിലഷണീയവുമായ ഒരു ചിന്തയാണ്" എന്നു പറഞ്ഞിരിക്കുന്നു. സ്വർഗ്ഗത്തിലുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ട ആവശ്യമില്ല. നരകത്തിലുള്ളവർക്കുവേണ്ടി പ്രാർത്ഥിച്ചതുകൊണ്ടു് പ്രയോജനവുമില്ല; അപ്പോൾ ഇവ രണ്ടിനുമിടയ്ക്ക് ഒരു സ്ഥാനമോ അവസ്ഥയോ ഉണ്ടെന്ന് യഹൂദന്മാർ വിശ്വസിച്ചിരുന്നു. മക്കബായക്കാരുടെ ഗ്രന്ഥങ്ങൾ പ്രൊട്ടസ്റ്റൻറുകാർ വേദപുസ്തകത്തിലുൾപ്പെടുത്തിയിട്ടില്ലെന്നുള്ളത് ശരി തന്നെ. ഈ പുസ്തകങ്ങൾ ഈശ്വരനിവേശിതങ്ങളല്ലെന്ന് അവർ പറയുന്നതു വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെയും കേവലം ചരിത്രപരമായ ഒരു പുസ്തകം എന്നുള്ള നിലയ്ക്കെങ്കിലും അവയ്ക്കു വില കല്പിക്കാവുന്നതാണല്ലൊ. പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥന നിരർത്ഥകമാണെങ്കിൽ ക്രിസ്തു തീർച്ചയായും അതിനെ എതിർക്കുമായിരുന്നു എന്നുള്ളതു് നിസ്സംശയമാണ്. പക്ഷേ, താൻ ഒരിക്കലെങ്കിലും യഹൂദന്മാരുടെയിടയിലുണ്ടായിരുന്ന ഈ പതിവിനെ ആക്ഷേപിച്ചിട്ടില്ല. എന്നുമാത്രമല്ല, മരണാനന്തരം ഒരുവൻ തന്റെ പാപങ്ങൾക്ക് പരിഹാരം ചെയ്യുന്ന ഒരു സ്ഥാനം ഉണ്ടെന്ന് പഠിപ്പിക്കുകകൂടി ചെയ്തിട്ടുണ്ട്.

വിശുദ്ധ മത്തായിയുടെ സുവിശേഷം അഞ്ചാം അദ്ധ്യായം 23 മുതൽ 26 വരെയുള്ള വാക്യങ്ങളിൽ നാം വായിക്കുന്നു: "ആകയാൽ നീ ബലിപീഠത്തിങ്കൽ നിന്റെ വഴിപാടു കൊണ്ടുവരികയും

www.malankaralibrary.com



നിൻെറ സഹോദരൻ നിന്നോട്ട് എന്തെങ്കിലും വിരോധം വച്ചുകൊണ്ടിരിക്കുന്നുവെന്ന് അവിടെവച്ചു നീ ഓർക്കുകയും ചെയ്താൽ നിൻെറ വഴിപാട്ട് അവിടെ ബലിപീഠത്തിൽ വച്ചിട്ട് നീ ചെന്ന് ഒന്നാമതായി സഹോദരനോട്ട് സമാധാനപ്പെടുക. നിൻെറ ശത്രു നിന്നെ ന്യായാധിപന് ഏല്പിക്കുകയും, ന്യായാധിപൻ നിന്നെ സേവകന് ഏല്പിക്കുകയും, നീ കാരാഗൃഹത്തിൽ ചെന്നുൾപ്പെടുകയും ചെയ്യാതിരിക്കേണ്ടതിന്, ശത്രുവിനോടുകൂടി നീ വഴിയിലായിരിക്കുമ്പോൾത്തന്നെ വേഗത്തിൽ അവനോട്ട് സമാധാനപ്പെട്ടുകൊള്ളുക. അല്ലാഞ്ഞാൽ ഒടുവിലത്തെ കാശുകൂടെയും കൊടുത്തു വീട്ടുവോളം നീ അവിടെനിന്നു പുറത്തു വരികയില്ലായെന്ന് സത്യമായി ഞാൻ നിന്നോട്ട് പറയുന്നു.” ‘വഴിയിലായിരിക്കുമ്പോൾ’ എന്നതു് ജീവിച്ചിരിക്കുമ്പോൾ എന്നുള്ള അർത്ഥത്തിലാണ് ഇവിടെ പ്രയോഗിച്ചിട്ടുള്ളതു്. അപ്പോൾ മരണാനന്തരം അവസാനത്തെ കാശുപോലും കൊടുത്തുതീരുന്നതുവരെ പുറത്തു പോരാൻ സാധിക്കാത്ത ഒരു സ്ഥാനമുണ്ട്. വിശുദ്ധ മത്തായിയുടെ സുവിശേഷം **12**-ാം അദ്ധ്യായം **32**-ാം വാക്യത്തിൽ പറയുന്നു: “ആരെങ്കിലും മനുഷ്യപുത്രനു വിരോധമായി ഒരു വാക്കു പറഞ്ഞാൽ അതു് അവനോട്ട് ക്ഷമിക്കപ്പെടും. എന്നാൽ പരിശുദ്ധാത്മാവിനു വിരോധമായി പറയുന്ന ഒരുത്തനോടും ഈ ലോകത്തിലാകട്ടെ—വരുവാനിരിക്കുന്ന ലോകത്തിലാകട്ടെ അതു ക്ഷമിക്കപ്പെടുകയില്ല”. ഈ വാചകത്തിൽനിന്ന് നാം മനസ്സിലാക്കുന്നതു് പാപങ്ങൾ ക്ഷമിക്കപ്പെടുന്ന ഒരു മരണാനന്തരസ്ഥിതി ഉണ്ടെന്നുള്ളതാണ്. സഭാപിതാക്കന്മാരായ വിശുദ്ധ അഗസ്തീനോസ് (City of God, **21**, **24**), മഹാനായ വിശുദ്ധ ഗ്രിഗറി (Dial. **4**, **39**) എന്നിവർ അഭിപ്രായപ്പെടുന്നതു് വരുവാനിരിക്കുന്ന ലോകത്തിൽ ചില പാപങ്ങൾ ക്ഷമിക്കപ്പെടുന്നില്ലെങ്കിൽ ഈ വാചകത്തിന് യാതൊരർത്ഥവുമില്ലെന്നാണ്.

വിശുദ്ധ പൗലോസ് കോറിന്ത്യക്കാർക്കെഴുതിയ ഒന്നാംലേഖനം മൂന്നാം അദ്ധ്യായം **11** മുതൽ **15** വരെയുള്ള വാക്യങ്ങളും ഇ

www.malankaralibrary.com



ത്തരുണത്തിൽ ഓർക്കേണ്ടതാണ്. പ്രത്യേകിച്ച് പതിനഞ്ചാം വാക്യം: "എന്നാൽ ആരുടെ പണി വെന്തുപോകുമോ അവൻ നഷ്ടം സഹിക്കും. അവനാകട്ടെ രക്ഷിക്കപ്പെട്ടും. എങ്കിലും തീയിൽക്കൂടി എന്നപോലത്രേ". വിശുദ്ധ അമ്പ്രോസ്, വിശുദ്ധ ജറോം, വിശുദ്ധ ഗ്രിഗറി, വിശുദ്ധ അഗസ്തീനോസ് എന്നിവർ അഭിപ്രായപ്പെടുന്നതു് ഇവിടെ ശുദ്ധീകരണസ്ഥലത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നതെന്നാത്രേ. വിശുദ്ധപൗലോസ് കോറിന്ത്യക്കാർക്കെഴുതിയ ഒന്നാംലേഖനം പതിനഞ്ചാം അദ്ധ്യായം 29-ാം വാക്യം നോക്കുക: "അല്ലെങ്കിൽ മരിച്ചവർ ഉയിർക്കാത്തപക്ഷം മരിച്ചവർക്കുവേണ്ടി മാമോദീസാ സ്വീകരിക്കുന്നതെന്തിന്?" ഇവിടെ മരിച്ചവർക്കുവേണ്ടി സ്വീകരിക്കുന്ന മാമോദീസാ എന്നു പറഞ്ഞിരിക്കുന്നതു് വിശ്വാസികൾ തങ്ങളുടെ മരിച്ചുപോയവർക്കുവേണ്ടി നടത്തിയിരുന്ന പ്രാർത്ഥനകളെയും അനുഷ്ഠിച്ചിരുന്ന തപക്രിയകളെയും കുറിച്ചാണ്. ഈ വാചകത്തിൽ നിന്നു നാം ഗ്രഹിക്കുന്നതു് ആദിമക്രിസ്ത്യാനികൾ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നുവെന്നാണ്. ഇവിടെ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെ വിശുദ്ധ ശ്ലീഹാ അപലപിക്കുകയല്ല ചെയ്യുന്നതു്, പ്രത്യക്ഷമായിട്ടു പറഞ്ഞിട്ടില്ലെങ്കിലും ശുദ്ധീകരണസ്ഥലത്തിൻെറ ആസ്തിക്യവും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ ആവശ്യകതയും സൂചിപ്പിക്കുന്ന ഭാഗങ്ങളാണ് മേലുദ്ധരിച്ചതു്. ഈ ഭാഗങ്ങളെക്കുറിച്ച് സഭ ഈ രൂപത്തിലാണ് പഠിപ്പിക്കുന്നതു്. അപ്രമാദിത്വമുള്ള സഭയുടെ പ്രബോധനം തെററുകയില്ലെന്നും നാം മുൻപു കണ്ടതാണല്ലോ. കൂടാതെ പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ ആവശ്യകതയെ പ്രസ്പഷ്ടമായി ചർച്ചചെയ്യേണ്ട ആവശ്യം അന്നില്ലായിരുന്നു. കാരണം പുതിയനിയമം എഴുതപ്പെട്ടകാലത്തു് യഹൂദന്മാരുടെയിടയിലും ആദിമക്രിസ്ത്യാനികളുടെയിടയിലും പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥന പതിവായിരുന്നു. ആദിമശതകങ്ങളിൽ ക്രിസ്ത്യാനികളുടെ മൃതദേഹങ്ങൾ സംസ്ക്കരിച്ചിരുന്ന റോമൻ ഭൂഗർഭാലയങ്ങളിൽ ഈ പതിവിനുള്ള

www.malankaralibrary.com



പ്രത്യക്ഷതെളിവുകൾ ഉണ്ട്. മിക്കവരുടേയും ശവകുടീരങ്ങളിൽ അവിടെ സംസ്കരിച്ചിട്ടുള്ളവരുടെ ആത്മാവിനുവേണ്ടി പ്രാർത്ഥന യാചിക്കുകയും പ്രാർത്ഥനാവാക്യങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഇനിയും ആദിമശതകങ്ങളിലുള്ള സഭാപിതാക്കന്മാരുടെ അഭിപ്രായം പരിശോധിച്ചുനോക്കാം.

രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന ആളാണ് തെർത്തുല്യൻ. 222–ലാണ് അദ്ദേഹം ദിവംഗതനായത്. അദ്ദേഹം ഒരിക്കൽ ഒരു വിധവയോടു പ്രസ്താവിക്കുകയുണ്ടായി: അവൾ അവളുടെ ഭർത്താവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാത്തപക്ഷം അവിശ്വസ്തത എന്നകുററത്തിന് പാത്രമാകുമെന്നു. (P. L. Col. 912)

പ്രായശ്ചിത്തത്തിനു സമയമില്ലാതെ മരിക്കുന്നവരുടെ ആത്മാക്കൾ ശുദ്ധീകരണസ്ഥലത്തുകൂടി കടന്നുപോകുന്നതിനെക്കുറിച്ച് അലക്സാണ്ഡ്റിയായിലെ ക്ലമൻറ വിവരിക്കുന്നുണ്ട് (P. G. ix, Col. 322).

സഭയുടെ നിയമത്തെ എതിർത്തുകൊണ്ട് മരിച്ച ഒരുവന്റെ ആത്മശാന്തിക്കായുള്ള ബലിയും പ്രാർത്ഥനകളും വിശുദ്ധ സിപ്രിയാൻ നിരോധിക്കുകയുണ്ടായി (P. L. iv col. 399)

ഒരിജൻ ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള പ്രബോധനം സ്പഷ്ടമായി ചർച്ചചെയ്യുന്നുണ്ട് (P. G. xiii col. 445–448). നാലാം ശതകമായപ്പോഴേയ്ക്കും സഭയുടെ ആരാധനക്രമത്തിൽ പരേതർക്കുവേണ്ടിയുള്ള അനേകം പ്രാർത്ഥനകൾ സ്ഥലംപിടിച്ചു കഴിഞ്ഞിരുന്നു.

തെവോദോസിയോസ് ചക്രവർത്തിയുടെ ശവസംസ്കാരവേളയിൽ വിശുദ്ധ അമ്പ്രോസ് ചെയ്ത പ്രസംഗത്തിൽ താഴെക്കാണുന്ന വിധം പ്രസ്താവിക്കുകയുണ്ടായി: "ഓ! കർത്താവേ, നിന്റെ ദാസനായ തെവോദോസിയോസിനു നീ നിന്റെ വിശുദ്ധന്മാർക്കായി തയ്യാറാക്കിയിട്ടുള്ള ആശ്വാസം നൽകേണമേ. ഞാൻ അവനെ

www.malankaralibrary.com



സ്നേഹിച്ചിരുന്നു. അതിനാൽ ജീവിക്കുന്നവരുടെ സ്ഥലത്തേക്ക് ഞാൻ അവനെ പിന്തുടരും. എൻെറ പ്രാർത്ഥനകളും വിലാപങ്ങളുംവഴി അവൻ കർത്താവിൻെറ വിശുദ്ധ പർവ്വതത്തിലേക്ക് പ്രവേശിക്കുന്നതുവരെ ഞാൻ അവനെ വിട്ടുപിരിയുകയില്ല" (P.L. xvi, col. 1367).

വിശുദ്ധ അഗസ്റ്റീനോസ് പ്രസ്താവിക്കുന്നു: "കാരുണ്യത്തിന് അനർഹരാകത്തക്കവണ്ണം ചീത്തയല്ലാതെയും എന്നാൽ ഉടനടിയുള്ള സന്തോഷത്തിന് അവകാശികളായിത്തീരുവാൻ തക്കവണ്ണം നല്ലവരല്ലാതെയും ഈ ജീവിതം കടന്നുപോയിട്ടുള്ള പലരുണ്ട്" (City of God, 21, 24).

വിശുദ്ധ അഗസ്റ്റീനോസിൻെറ മാതാവായ വിശുദ്ധ മോനിക്ക തൻെറ മരണസമയത്ത് മകനോടു പറയുകയാണ്: "എൻെറ മകനേ, എൻെറ ഈ ശരീരത്തെ എവിടെയെങ്കിലും സംസ്കരിക്കുക. അതേപ്പററിയുള്ള ശ്രദ്ധ നിന്നെ അസ്വസ്ഥനാക്കാതിരിക്കട്ടെ. നിന്നോടു ഞാൻ ആവശ്യപ്പെടുന്നത് ഇത്രമാത്രമാണ്: നീ എവിടെയായിരുന്നാലും, കർത്താവിൻെറ ബലിപീഠത്തിൽ എന്നെ നീ അനുസ്മരിക്കണം. (Confenssions, xi 27).

മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന നിരർത്ഥകമല്ലെന്നുമാത്രമല്ല, നാം നമ്മുടെ പരേതർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതിൻെറയും തപശ്ചര്യകൾ അനുഷ്ഠിക്കേണ്ടതിൻെറയും ആവശ്യകതയുംകൂടിയാണ് ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള സഭയുടെ സുന്ദരമായ പ്രബോധനം നമുക്കു വെളിവാക്കുന്നത്. ശുദ്ധീകരണസ്ഥലത്തിൽ കിടക്കുന്ന ആത്മാക്കൾക്ക് സ്വയം യോഗ്യത നേടുവാനുള്ള സൗകര്യമോ സന്ദർഭമോ ഇല്ലതന്നെ. ഒരുവന് ഈ ലോകത്തിൽവച്ചുമാത്രമേ സ്വർഗ്ഗസമ്പാദനത്തിനുള്ള യോഗ്യത നേടുവാൻ സാധിക്കുകയുള്ളു.

ഈ ആശയങ്ങൾ മനസിൽ വച്ചുകൊണ്ട് നമുക്കു നമ്മെത്തന്നെ കൂടുതൽ വിശുദ്ധീകരിക്കാം. ശുദ്ധീകരണസ്ഥലംവഴി ദൈവം കാണിക്കുന്ന നീതിക്കും കാരുണ്യത്തിനും സ്നേഹത്തിനും നമുക്ക് നമ്മുടെ ജീവിതംകൊണ്ട് പ്രതിനന്ദി കാണിക്കാം.

www.malankaralibrary.com

# അദ്ധ്യായം 15

## വിശുദ്ധന്മാരോടുള്ള വണക്കം

ഇന്ന് ഇൻഡ്യയിലെ പല പൊതുസ്ഥാപനങ്ങളിലും ഗൃഹങ്ങളിലും മഹാത്മഗാന്ധിയുടെ പടം വച്ചിട്ടുണ്ട്. മഹാത്മഗാന്ധിയുടെ പടം കാണുമ്പോൾ ആ മഹാനെക്കുറിച്ചും അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചും നാം ചിന്തിക്കുക സാധാരണമാണ്. ഭാരതീയജനതയുടെ അഭിവൃദ്ധിക്കുവേണ്ടി നിരവധി ത്യാഗങ്ങൾ സഹിക്കുകയും ഭാരതത്തെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുകയും ചെയ്തതു് മഹാത്മഗാന്ധിയാണെന്നു് നാം അനുസ്മരിക്കുന്നു. രാഷ്ട്രപിതാവെന്ന് നാം അദ്ദേഹത്തെ സംബോധന ചെയ്യുന്നു.

ഗാന്ധിജയന്തി നാം ആഘോഷിക്കുന്നു. അദ്ദേഹത്തിന്റെ പ്രതിമകളും പടങ്ങളും നാം നാട്ടിലെങ്ങും കാണുന്നു. പല പൊതുസ്ഥാപനങ്ങളും അദ്ദേഹത്തിന്റെ പേരിൽ ഉയർന്നുവരുന്നു. എന്തിനാണ് ഇവയെല്ലാം? കാരണമുണ്ട്. സ്വരാജ്യസ്നേഹം മഹത്തായ പ്രവൃത്തികളും മഹത്തായ മാതൃകകളുംമുഖേന മാത്രമേ വളരുകയുള്ളു. കൂടാതെ രാജ്യത്തിനുവേണ്ടി ജീവിക്കുകയും കഷ്ടപ്പെടുകയും ചെയ്യുന്നവരെ എങ്ങനെയാണു് മാനിക്കേണ്ടതെന്നു് രാജ്യത്തിനറിയാം.

ദൈവംതന്നെ ദൈവരാജ്യമെന്നു പേർ വിളിച്ച ഒരു രാജ്യം മനുഷ്യരുടെയിടയിലുണ്ട്. മററു രാജ്യങ്ങൾക്കുള്ളതുപോലെ ആ രാജ്യത്തിനും ധീരചരിതരും സാധാരണപ്രജകളുമുണ്ട്. ആ രാജ്യത്തി

www.malankaralibrary.com



ങ്ങം മററു രാജ്യങ്ങളെപ്പോലെയുള്ള സേവനവൃത്തികളും പ്രതിസന്ധിഘട്ടങ്ങളുമുണ്ട്. ആ രാജ്യത്തിൻെറ സേവനത്തിൽ സവിശേഷമായി ശോഭിച്ച അനേകം വ്യക്തികളുണ്ട്. മനുഷ്യവർഗ്ഗത്തെ സേവിക്കുന്നതിനുവേണ്ടി ആ രാജ്യം മുന്നേറുന്നതിന് തങ്ങളുടെ ജീവിതം ഉഴിഞ്ഞുവച്ചവരാണ് അവർ. ആ രാജ്യമാണ് കത്തോലിക്കാസഭ. അങ്ങനെയെങ്കിൽ പ്രസ്തുത രാജ്യം അവരെ ബഹുമാനിക്കേണ്ടതല്ലേ? നാം മഹാത്മഗാന്ധിയെ ബഹുമാനിക്കുന്നെങ്കിൽ, വന്ദിക്കുന്നുവെങ്കിൽ എന്തുകൊണ്ടു നമുക്ക് വിശുദ്ധന്മാരെ വന്ദിച്ചുകൂടാ; വണങ്ങിക്കൂടാ? വിശുദ്ധന്മാർ ക്രിസ്തുമതത്തിലെ ധീരചരിതരാണ്.

ലൗകികരാജ്യങ്ങൾ തങ്ങളുടെ ധീരചരിതരെ കഴിയുന്നവിധത്തിലെല്ലാം ബഹുമാനിക്കുന്നതുപോലെതന്നെ ക്രിസ്തുവിൻെറ സഭയും പ്രവർത്തിക്കുകയാണ്. ലൗകികഭരണാധികാരികൾ തങ്ങളുടെ രാജ്യത്തിനുവേണ്ടി മഹത്തായ സേവനം ചെയ്തിട്ടുള്ളവരെ ബഹുമാനിക്കുന്നതുപോലെതന്നെ യുക്തിപൂർവ്വമാണ് കത്തോലിക്കാസഭ വിശുദ്ധന്മാരെ ബഹുമാനിക്കുന്നത്.

വിശുദ്ധന്മാരെ വണങ്ങുന്നതും വന്ദിക്കുന്നതും അവരോടു പ്രാർത്ഥിക്കുന്നതും ശരിയല്ലെന്നും അതു ദൈവത്തിനു നൽകേണ്ട ബഹുമാനമെടുത്ത് സൃഷ്ടികൾക്കു കൊടുക്കുകയാണെന്നും പറയുന്ന അകത്തോലിക്കസഹോദരങ്ങളുണ്ട്. പക്ഷെ കത്തോലിക്കാസഭയുടെ പ്രബോധനവും അനുഷ്ഠാനരീതികളും ശരിക്കു ഗ്രഹിക്കാതെയാണ് അവർ അങ്ങനെ പറയുക.

വിശുദ്ധരോടുള്ള വണക്കവും അപേക്ഷയും സംബന്ധിച്ച് ത്രെന്തോസ് സാർവ്വത്രികസൂനഹദോസ് പാസാക്കിയ നിശ്ചയം ഇക്കാര്യത്തിലുള്ള കത്തോലിക്കാസഭയുടെ പ്രബോധനത്തെ കാണിക്കുന്നതാണ്: "ക്രിസ്തുവിനോടുകൂടി വാഴുന്ന വിശുദ്ധർ മനുഷ്യർക്കുവേണ്ടി തങ്ങളുടെ പ്രാർത്ഥനകളെ ദൈവത്തിനു സമർപ്പിക്കുന്നു. ദൈവത്തിൻെറ പക്കൽ നിന്നും ഗുണങ്ങൾ ലഭിക്കുന്നതിന്, നമ്മു

www.malankaralibrary.com



ടെ ഏക വീണ്ടെടുപ്പുകാരനും രക്ഷകനുമായ തന്റെ പുത്രൻ യേശുക്രിസ്തുവഴി അവരുടെ പ്രാർത്ഥനകളും സഹായവും അപേക്ഷിക്കുന്നതു് നല്ലതും പ്രയോജനകരവുമാണ്. സ്വർഗ്ഗത്തിൽ നിത്യസൌഭാഗ്യം അനുഭവിക്കുന്ന വിശുദ്ധരോട്ട് പ്രാർത്ഥിക്കേണ്ടതില്ലെന്നും, വിശുദ്ധർ മനുഷ്യർക്കുവേണ്ടി പ്രാർത്ഥിക്കുന്നില്ലെന്നും നമുക്കോരോരുത്തർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ അവരോടപേക്ഷിക്കുന്നതു് വിഗ്രഹാരാധനയാണെന്നും ദൈവവചനത്തിനു വിപരീതമാണെന്നും, അതു് ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയ്ക്കുള്ള ഏകമദ്ധ്യസ്ഥനായ യേശുക്രിസ്തുവിനോടുള്ള ബഹുമാനത്തിന് എതിരാണെന്നും നടിക്കുകയും ചെയ്യുന്നവർ തെററായവിധത്തിലാണ് ചിന്തിക്കുന്നതു്". വേദപുസ്തകം പരിശോധിച്ചുനോക്കുമ്പോൾ മദ്ധ്യസ്ഥപ്രാർത്ഥനയുടെ അനേകം ഉദാഹരണങ്ങൾ കാണുവാൻ സാധിക്കും: അബിമേലേക്ക് അബ്രഹാമിന്റെ പ്രാർത്ഥന ആവശ്യപ്പെടുവാൻ യഹോവ കല്പിക്കയുണ്ടായി. മരുഭൂമിയിൽവച്ച് മൂശ ഇസ്രായേലിലെ പാപികൾക്കുവേണ്ടി ദൈവകാരുണ്യം യാചിക്കുന്നു: "കോപത്തെ വെടിഞ്ഞു് അവരെ നശിപ്പിക്കാതിരിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ടവനായ മൂശ അപേക്ഷിച്ചില്ലായിരുന്നുവെങ്കിൽ ദൈവം അവരെ നശിപ്പിച്ചുകളയുമായിരുന്നുവെന്നു് അവിടുന്നു പറഞ്ഞു" (സങ്കീർത്തനം 105: 23). സ്നേഹിതന്മാർക്കുവേണ്ടിയുള്ള യോബിന്റെ പ്രാർത്ഥന താൻ കേൾക്കുമെന്നു യഹോവ അരുളിച്ചെയ്തു. വിശുദ്ധ പൗലോസ് തന്റെ ലേഖനങ്ങളിൽ തുടർച്ചയായി സഹോദരന്മാരുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നുണ്ട്: "എന്റെ സഹോദരന്മാരേ ദൈവത്തിന്റെ പക്കൽ എനിക്കുവേണ്ടിയുള്ള പ്രാർത്ഥനകൊണ്ടു് എന്നോടുകൂടി നിങ്ങൾ അദ്ധ്വാനിക്കണമെന്നു് നമ്മുടെ കർത്താവീശോമിശിഹായെക്കൊണ്ടും പരിശുദ്ധാത്മാവിന്റെ സ്നേഹത്തെക്കൊണ്ടും നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു". "എന്റെ സഹോദരന്മാരേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" (1 തെസ.5-25). വിശുദ്ധ യാക്കോബുശ്ലീഹാ പറയുന്നു: "എന്നാൽ നിങ്ങൾക്കു സൗഖ്യം ഉണ്ടാകേണ്ടതിനായി നിങ്ങളുടെ കുററങ്ങൾ

www.malankaralibrary.com



ഒരുവൻ മറെറാരുവനോട് ഏററുപറയുകയും ഒരുത്തൻ മറെറാരുത്തനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുവിൻ. നീതിമാൻെറ പ്രാർത്ഥനയ്ക്ക് വലിയ ശക്തിയുണ്ട്." ജീവിച്ചിരിക്കുന്ന നീതിമാന്മാരുടെ പ്രാർത്ഥനയ്ക്ക് ശക്തിയുണ്ടെങ്കിൽ സ്വർഗ്ഗീയമഹിമയിൽ കഴിയുന്നവരുടെ പ്രാർത്ഥനയ്ക്ക് എന്തുമാത്രം ശക്തിയുണ്ടായിരിക്കും! ജീവിച്ചിരിക്കുന്ന ഒരുവന് തൻെറ മറെറാരു സഹോദരനുവേണ്ടി പ്രാർത്ഥിക്കാമെങ്കിൽ എന്തുകൊണ്ട് ദൈവത്തെ ദർശിച്ചു കഴിയുന്ന ഒരു വിശുദ്ധന് ലോകത്തിലുള്ളവർക്കുവേണ്ടി പ്രാർത്ഥിച്ചുകൂടാ? അവർ ജീവിച്ചിരുന്നപ്പോൾ മററുള്ളവരെക്കുറിച്ചു അവർക്കുണ്ടായിരുന്ന ദൈവികസ്നേഹം ദൈവസന്നിധിയിലായിരിക്കുമ്പോൾ അവർക്കു നഷ്ടപ്പെട്ടുവെന്നോ?

വിശുദ്ധർ സ്വർഗ്ഗത്തിൽ മാലാഖമാരെപ്പോലെതന്നെ ദൈവത്തെ ദർശിക്കുന്നു. സ്വർഗ്ഗത്തിൽ മാലാഖമാരുടെ സ്ഥിതിതന്നെയാണ് അവർക്കുള്ളത്: "അവർ സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെയാണ്" (മർക്കോസ് 12: 25). മാലാഖമാരും വിശുദ്ധരും സ്വർഗ്ഗത്തിൽ ഒരു സമൂഹമെന്നപോലെ കഴിഞ്ഞുകൂടുന്നുവെന്ന് വെളിപാടുപുസ്തകത്തിൽ നിന്നു് നാം ഗ്രഹിക്കുന്നുണ്ട്. ലോകത്തിൽ നടക്കുന്ന കാര്യങ്ങൾ സ്വർഗ്ഗവാസികൾ അറിയുന്നുണ്ടെന്ന് നമ്മുടെ കർത്താവിൻെറ വാക്കിൽ നിന്നുതന്നെ നമുക്കു ഗ്രഹിക്കാവുന്നതാണ്: "ഇങ്ങനെ അനുതാപംകൊണ്ടാവശ്യമില്ലാത്ത തൊണ്ണൂറെറാമ്പതു് നീതിമാന്മാരെപ്പററി എന്നതിലധികമായി അനുതപിക്കുന്ന ഒരു പാപിയെപ്പററി സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകുമെന്നു് ഞാൻ നിങ്ങളോടുപറയുന്നു" (ലൂക്കോസ്, 15: 7).

മാലാഖമാർ മനുഷ്യരുടെ കാര്യങ്ങളിൽ വളരെയധികം താല്പര്യമുള്ളവരാണ്. മാലാഖമാരെക്കുറിച്ചു് വിശുദ്ധപൗലോസ് പറയുന്നു: "ഇതാ, അവരെല്ലാം രക്ഷയെ അവകാശപ്പെടുത്തുവാനിരിക്കുന്നവർക്കുവേണ്ടിയുള്ള ശുശ്രൂഷയ്ക്കായി അയയ്ക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ? (എബ്ര. 1: 14). മാലാഖമാർ മനുഷ്യർക്കുവേ

www.malankaralibrary.com



ണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്നുള്ളതു് വേദപുസ്തകത്തിൽനിന്നുതന്നെ നമുക്കു മനസ്സിലാക്കാം. റഫായേൽമാലാഖ, തോബിയാസിനോടു പറയുന്നു: "കണ്ണുനീരോടുകൂടി നീ പ്രാർത്ഥിച്ചിരുന്നപ്പോഴും മരിച്ചവരെ സംസ്കരിച്ചിരുന്നപ്പോഴും ഭക്ഷണം ഉപേക്ഷിച്ചു്, മരിച്ചവരെ പകൽ നിന്റെ വീട്ടിൽ ഒളിച്ചുവെയ്ക്കുകയും രാത്രിയിൽ അവരെ സംസ്കരിക്കുകയും ചെയ്തിരുന്നപ്പോഴും നിന്റെ പ്രാർത്ഥന ഞാൻ കർത്താവിനു സമർപ്പിച്ചു" (തോബിയാസ് 12: 12). വെളിപാടു പുസ്തകത്തിൽ നാം വായിക്കുന്നു: "വേറൊരു മാലാഖ വന്നു് ബലിപീഠത്തിന്റെ സമീപത്തുനിന്നു. അവനു് ഒരു സ്വർണ്ണധൂപകലശമുണ്ടു്. സിംഹാസനത്തിനു മുൻപിലുള്ള സ്വർണ്ണബലിപീഠത്തിൽ സകല വിശുദ്ധന്മാരുടെയും പ്രാർത്ഥനകളോടുകൂടി സമർപ്പിക്കുവാനായി വളരെ സുഗന്ധദ്രവ്യങ്ങൾ അവനു കൊടുക്കപ്പെട്ടു. സുഗന്ധദ്രവ്യങ്ങളുടെ ധൂപം—വിശുദ്ധന്മാരുടെ പ്രാർത്ഥനകൾ—മാലാഖമാരുടെ കയ്യിൽ നിന്നു് ദൈവസന്നിധിയിൽ കയറി" (വെളി. 8, 3–4).

വിശുദ്ധന്മാരോടുള്ള പ്രാർത്ഥന ആദിമശതകങ്ങളിൽ സഭയിൽ ഉണ്ടായിരുന്നു. റോമിലുള്ള ഭൂഗർഭാലയങ്ങൾ ഈ വസ്തുത വെളിപ്പെടുത്തുന്നുണ്ടു്. അക്കാലത്തു് ഭൂഗർഭാലയങ്ങൾ ശവസംസ്കാരത്തിനും ആരാധനയ്ക്കുമായി വിശ്വാസികൾ ഉപയോഗിച്ചിരുന്നു. ഭൂഗർഭാലയങ്ങളിലുള്ള മിക്ക ലിഖിതങ്ങളും പരിശുദ്ധന്മാരോടുള്ള അപേക്ഷയും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും സൂചിപ്പിക്കുന്നവയാണു്. ഏതാനും ഉദാഹരണങ്ങൾ:– "വിശുദ്ധാത്മാക്കളേ, മാർസിയൂസിനെയും, സെവരുസിനെയും നമ്മുടെ സഹോദരന്മാരെയും അനുസ്മരിക്കുവിൻ"; "വിശുദ്ധ സോദരികളേ, നിങ്ങളുടെ പ്രാർത്ഥനകളിൽ ഔറലിയൂസു് റെപ്പന്തീനൂസിനെ ഓർക്കുവിൻ; "ഒരു വർഷവും അമ്പത്തിരണ്ടുദിവസവും ജീവിച്ചിരുന്ന മത്രോണാ മത്രൊണേത്താ, നിന്റെ മാതാപിതാക്കന്മാർക്കു വേണ്ടി പ്രാർത്ഥിക്കുക". (Roma sotterranea, Northcot and Brownbow; Cfr. also Mgr. Stapyton Barne, The early Church)

www.malankaralibrary.com



ആദിമശതകങ്ങളിൽ ജീവിച്ചിരുന്ന പിതാക്കന്മാരും പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. നാലാം ശതകത്തിൽ ജീവിച്ചിരുന്ന വിശുദ്ധ ജറോം പ്രസ്താവിക്കുന്നു: "ശ്ലീഹന്മാരും രക്തസാക്ഷികളും ശരീരത്തോടുകൂടെ ഇഹലോകത്തിലായിരുന്നപ്പോൾ തങ്ങളെപ്പററിത്തന്നെ അതീവമായ ഉൽക്കണ്ഠ പ്രദർശിപ്പിക്കേണ്ടിയിരുന്നെങ്കിലും ഇതരർക്കുവേണ്ടി അവർ പ്രാർത്ഥിച്ചിരുന്നുവെങ്കിൽ, അവരുടെ വിജയത്തിനും കിരീടധാരണത്തിനും ശേഷം എത്രകണ്ടു കൂടുതൽ അവർ അപരർക്കുവേണ്ടി ദൈവതിരുമുൻപാകെ അഭ്യർത്ഥിക്കുകയില്ല! ആയുധപാണികളായ അറുനൂറുപേരോട് ക്ഷമിക്കണമെന്ന് മൂശ തനിച്ച് ദൈവത്തോടപേക്ഷിച്ചു. മിശിഹായുടെ അനുഗാമിയും പ്രഥമ രക്തസാക്ഷിയുമായ സ്റ്റീഫൻ തൻെറ പീഡകർക്കുവേണ്ടി പ്രാർത്ഥിച്ചതായി നാം കാണുന്നു. ഇപ്പോൾ സ്വർഗ്ഗത്തിൽ മിശിഹായോട് സഹവാസം ചെയ്യുന്നവർ അന്നത്തേക്കാൾ ബലഹീനരാണെന്നോ? പ്രേഷിതനായ പൗലോസ് പ്രാർത്ഥനവഴി തൻെറകൂടെ കപ്പലിലുണ്ടായിരുന്ന 270 പേരെ രക്ഷിച്ചുവെന്ന് പറയപ്പെടുന്നു. മരണത്തിനുശേഷം മിശിഹായുടെ സമീപവർത്തിയായപ്പോൾ ആ വിശുദ്ധൻെറ അധരങ്ങൾ അടയ്ക്കപ്പെടുകയും ലോകമാസകലം തൻെറ സുവിശേഷം സ്വീകരിച്ചവർക്കായി മിശിഹായോട് ഒരു വാക്കുപോലും പറയുന്നതിന് അദ്ദേഹത്തിനു നിർവാഹമില്ലാതാകുകയും ചെയ്യുന്നു നാം വിചാരിക്കണമെന്നോ"? (Adv. Vigil. 6)

ഫൗസ്തൂസ് എന്ന മനിക്കേയൻപാഷണ്ഡി, ക്രിസ്ത്യാനികൾ വേദസാക്ഷികളെ അനുസ്മരിക്കുന്നത് വിഗ്രഹാരാധനയാണെന്ന് പ്രസ്താവിച്ചപ്പോൾ വിശുദ്ധ അഗസ്തീനോസ് എഴുതി: "ഈ ആരോപണം മറുപടി അർഹിക്കുന്നതായില്ല" (Contra Faustum, l. 20, c. 21). അതിനുശേഷം അദ്ദേഹം വിശുദ്ധരോടുള്ള അപേക്ഷയെ സംബന്ധിച്ച് സഭയ്ക്കുള്ള നിലപാട് വിശദീക

www.malankaralibrary.com



രിക്കുന്നു. ദൈവം മാത്രമാണ് സർവ്വവ്യാപി. മാലാഖമാരും വിശുദ്ധരും സർവ്വവ്യാപികളല്ലല്ലൊ; പിന്നെ എങ്ങനെയാണ് ഒരേസമയത്തു് ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുള്ള പ്രാർത്ഥന ഒരു വിശുദ്ധന് കേൾക്കുവാൻ സാധിക്കുന്നതെന്ന് ചിലർ ചോദിക്കുന്നുണ്ട്. വിശുദ്ധന്മാർക്ക് അവരുടെ ശക്തികൊണ്ട് മാത്രം നമ്മുടെ പ്രാർത്ഥന കേൾക്കുവാൻ സാധിക്കുകയില്ല. ദൈവത്തിൽ കൂടിയാണ് അവർ നമ്മുടെ അപേക്ഷകൾ കേൾക്കുക. സർവ്വവ്യാപിയായ ദൈവം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും നടക്കുന്ന പ്രാർത്ഥന കേൾക്കുകയും, തന്നെ മുഖാമുഖം ധ്യാനിച്ചു സൗഭാഗ്യമടയുന്ന വിശുദ്ധർക്ക് ഈ പ്രാർത്ഥനകൾ തന്നിൽക്കൂടി പ്രദർശിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ദൈവത്തിൽക്കൂടി മാത്രമാണ് വിശുദ്ധർ നമ്മുടെ പ്രാർത്ഥന കേൾക്കുന്നതു്.

അങ്ങനെയാണെങ്കിൽ ദൈവത്തോടു നേരിട്ടു പ്രാർത്ഥിച്ചാൽ പോരയോ? വിശുദ്ധരുടെ മദ്ധ്യസ്ഥം എന്തിന്, എന്നുള്ള ഒരു ചോദ്യം ചിലർ ചോദിച്ചേക്കാം. അതിനുള്ള മറുപടി നാം ദൈവത്തോടു നേരിട്ടു പ്രാർത്ഥിച്ചാലും ദൈവം കേൾക്കുമെങ്കിലും നമ്മുടെ ബലഹീനതനിമിത്തം ആ പ്രാർത്ഥനയ്ക്കു് ശക്തി കുറഞ്ഞുപോകാനിടയുണ്ട്; ദൈവസന്നിധിയിൽ നമ്മേക്കാൾ കൂടുതൽ സ്വാധീനമുള്ള വിശുദ്ധാത്മാക്കൾ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നപക്ഷം അതിനു കൂടുതൽ ഫലമുണ്ടാകും എന്നുള്ളതാണ്.

വിശുദ്ധർ ക്രിസ്തുവിനോടുകൂടി വാഴുന്നവരാണ്. "ജയിക്കുന്നവന്, ഞാൻ ജയിക്കുകയും എന്റെ പിതാവിനോടുകൂടി അവന്റെ സിംഹാസനത്തിൽ ഇരിക്കുകയും ചെയ്തതുപോലെതന്നെ, എന്നോടുകൂടി എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ ഞാൻ (വരം) നൽകും" (വെളിപാട് **3: 21**) ക്രിസ്തുവിനോടുകൂടി തന്റെ സിംഹാസനത്തിൽ ഇരിക്കുകയെന്നുള്ളതു് വിശുദ്ധരുടെ മദ്ധ്യസ്ഥപ്രാർത്ഥനയെയാണ് സൂചിപ്പിക്കുക: ക്രിസ്തുവിന്റെ സ്നേഹിതന്മാരെന്നുള്ളനിലയ്ക്കു് അവർ ശക്തിയുള്ളവരാണ്. നമ്മെ അവർ സഹാ

www.malankaralibrary.com



യിക്കുമ്പോഴാണ് വാസ്തവത്തിൽ അവർ ക്രിസ്തുവിനോടുകൂടി സിംഹാസനത്തിൽ ഇരിക്കുക.

മനുഷ്യരുടെയും ദൈവത്തിൻെറയും ഇടയ്ക്കുള്ള ഏക മദ്ധ്യസ്ഥൻ ഈശോമ്ശിഹായാകുന്നു എന്നു വിശുദ്ധപൗലോസ് തിമോത്തിയോസിനെഴുതിയ ഒന്നാം ലേഖനം രണ്ടാം അദ്ധ്യായം അഞ്ചാംവാക്യത്തിൽ പ്രസ്താവിച്ചിട്ടുള്ളതുകൊണ്ട് മററു മദ്ധ്യസ്ഥന്മാരില്ല, വിശുദ്ധന്മാർ മുഖേനയുള്ള പ്രാർത്ഥന ശരിയല്ല, എന്നു വാദിക്കുന്ന ചില അകത്തോലിക്കസഹോദരങ്ങളുണ്ട്. ക്രിസ്തു മാത്രമാണ് പ്രഥമപ്രധാനനായ മദ്ധ്യസ്ഥൻ. മററുള്ള വിശുദ്ധരുടെ മദ്ധ്യസ്ഥതയാകട്ടെ ക്രിസ്തുവിൻെറ യോഗ്യതകളിൽ ആശ്രയിച്ചുള്ളതാണ്. ക്രിസ്തുമുഖേനയാണ് വിശുദ്ധർ അപേക്ഷിക്കുക. വിശുദ്ധർക്കുള്ള ശക്തി ക്രിസ്തുവിൽ നിന്ന് ലഭിച്ചിട്ടുള്ളതാണ്. അതിനാൽ വേദപുസ്തകത്തിലെ ഈ വാചകം മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് ഒരിക്കലും എതിരായ ഒന്നല്ല. ക്രിസ്തുനാഥൻെറ മദ്ധ്യസ്ഥത്തിന് യാതൊരു കോട്ടവും വരാതെയാണല്ലോ തനിക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന് വിശുദ്ധ പൗലോസ് തൻെറ സഹോദരങ്ങളോട് പലപ്പോഴും അഭ്യർത്ഥിച്ചിട്ടുള്ളത്.

കത്തോലിക്കർ വിശുദ്ധന്മാരെ വണങ്ങുന്നു, വന്ദിക്കുന്നു, ബഹുമാനിക്കുന്നു; അവരുടെ മദ്ധ്യസ്ഥപ്രാർത്ഥനകളിൽ അഭയം തേടുന്നു. വിശുദ്ധന്മാരെയൊ കന്യകമറിയാമിനെയൊ കത്തോലിക്കർ ആരാധിക്കുന്നില്ല. ആരാധന ദൈവത്തിനു മാത്രമുള്ളതാണ്.



www.malankaralibrary.com

# അദ്ധ്യായം 16

## പ്രതിമാവന്ദനം

കത്തോലിക്കർ വിഗ്രഹാരാധനക്കാരാണ്, കത്തോലിക്കരുടെ ദൈവാലയങ്ങളിൽ ബിംബങ്ങളുണ്ട്; കത്തോലിക്കർ ആ ബിംബങ്ങളെ ആരാധിക്കുന്നു എന്നെല്ലാം ചില അകത്തോലിക്കസഹോദരങ്ങൾ പ്രസ്താവിക്കുന്നുണ്ട്. ഈ പ്രസ്താവനകൾ അജ്ഞതയുടെയൊ തെററിദ്ധാരണയുടെയൊ ഫലമായിട്ട് ഉണ്ടാകുന്നവയാണ്. ഈ ആരോപണങ്ങളെക്കുറിച്ച് ചർച്ചചെയ്ത് അവയുടെ യാഥാർത്ഥ്യം ഗ്രഹിക്കുന്നതിനുവേണ്ടി ചില കാര്യങ്ങൾ ആമുഖമായി പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

1) ആരാധന ദൈവത്തിനു മാത്രമേ നൽകുവാൻ പാടുള്ളു. ദൈവത്തിനു നൽകുന്ന ആരാധനയ്ക്ക് Latria (ലാത്രിയ) എന്ന പദമാണ് തിരുസഭ ഔദ്യോഗികമായി ഉപയോഗിക്കുന്നത്.

2) വിശുദ്ധരെ ആരാധിക്കുവാൻ പാടില്ല. അവരെ വണങ്ങാം, ബഹുമാനിക്കാം, വന്ദിക്കാം. Dulia (ദൂളിയ) എന്ന പദത്താലാണ് വിശുദ്ധർക്കു നൽകുന്ന വന്ദനത്തെ സഭ വിവക്ഷിയ്ക്കുന്നത്.

3) പരിശുദ്ധ കന്യകമറിയം എല്ലാ വിശുദ്ധരെയുംകാൾ ശ്രേഷ്ഠയായതിനാൽ അത്യുന്നതമായ വന്ദനത്തിന് അവിടുന്ന് അർഹയാണ്. ഈ അത്യുന്നതമായ വന്ദനത്തെ Hyperdulia (ഹീപ്പർദൂളിയ) എന്ന് സഭ സംബോധന ചെയ്യുന്നു.

www.malankaralibrary.com



4) വണക്കം രണ്ടുവിധമാകാം. അനന്യസംബന്ധം (Absolute) എന്നും അന്യസംബന്ധം (Relative) എന്നും. ഒരാളുടെ യോഗ്യതമൂലം അയാൾക്കുതന്നെ നൽകുന്ന വണക്കമാണു് അനന്യസംബന്ധം. ഇൻഡ്യൻ പ്രസിഡൻറിനു് നാം നൽകുന്ന ബഹുമാനം ഇങ്ങനെയുള്ളതാണു്. ഒരു വസ്തു ഏതിൻെറ പ്രതീകമാണൊ അഥവാ ഏതിനെ പ്രതിനിധീകരിക്കുന്നുവൊ അതിൻെറ യോഗ്യതയനുസരിച്ചു് ആ വസ്തുവിനു നൽകുന്ന വണക്കമാണു് അന്യസംബന്ധം. ഉദാഹരണമായി ഗാന്ധിജിയുടെ പ്രതിമയെ നാം വണങ്ങുന്നു. ആ വണക്കം നാം ഗാന്ധിജിക്കു നൽകുന്നതാണു്. ഇൻഡ്യൻ ദേശീയപതാകയെ നാം ബഹുമാനിക്കുന്നു, അഥവാ വണങ്ങുന്നു. ആ വണക്കം ഇൻഡ്യൻ രാഷ്ട്രത്തിനു നൽകുന്നതാണു്. അല്ലാതെ ആ തുണിക്കഷണത്തിനല്ല.

ഇനിയും നമുക്കു പരിഗണിക്കുവാനുള്ളതു് വിഗ്രഹാരാധന എന്നു പറഞ്ഞാൽ എന്താണെന്നാണു്. ഒരു വിഗ്രഹത്തിനു നൽകുന്ന ആരാധന അഥവാ ദൈവികബഹുമാനം എന്നാണല്ലൊ വിഗ്രഹാരാധനയുടെ വാച്യാർത്ഥം. ഈ വാച്യാർത്ഥത്തിൽ നിന്നു് വിഗ്രഹാരാധനയുടെ ശരിയായ സ്വഭാവം ഗ്രഹിക്കാം. സത്യദൈവത്തിനു പകരം അസത്യദൈവത്തെ പൂജിക്കുക, ദൈവമല്ലാത്തതിനു് ദൈവികമായ ആരാധന നൽകുക; സത്യദൈവമല്ലാത്ത യഥാർത്ഥമൊ അയഥാർത്ഥമൊ ആയ ഏതെങ്കിലും വസ്തുവിനു് ദൈവബഹുമാനം നൽകുക—ഇവയെല്ലാം വിഗ്രഹാരാധനയാണു്.

വിഗ്രഹാരാധന മൂന്നുതരമുണ്ടു് ഒന്നു്: കല്ലോ, കൊത്തുരൂപമോ, ചിത്രമോ ദൈവമെന്നുകരുതി അവയ്ക്കു് ദൈവികബഹുമാനം നൽകുക. രണ്ടു്: ഏതെങ്കിലും കല്ലിനൊ, ബിംബത്തിനൊ, പ്രതിമയ്ക്കോ പ്രത്യേക ദൈവികശക്തിയുണ്ടെന്നു് പരിഗണിച്ചോ അവയിൽ ദൈവത്തിൻെറ പ്രത്യേകസാന്നിദ്ധ്യമുണ്ടെന്നു വിചാരിച്ചോ അവയെ ആരാധിക്കുക. മൂന്നാമതു് വേറൊരുവിധത്തിലുള്ള വിഗ്രഹാരാധനയുണ്ടു്: കല്ലിനും മരത്തിനും പ്രതിമയ്ക്കും ദൈവത്തിൻെറ

www.malankaralibrary.com



യൊ ദൈവലക്ഷണങ്ങളുടെയൊ ചിഹ്നം നൽകുന്നവെങ്കിലും യഥാർത്ഥത്തിൽ ആ ലക്ഷണങ്ങൾക്ക് വസ്തുപരവും ദൈവികവുമായ യാഥാർത്ഥ്യം ഇല്ലാത്തതിനാൽ ഉളവാകുന്ന വിഗ്രഹാരാധന. കാരണം അവയിൽകൂടി മനുഷ്യർ തങ്ങളുടെ സങ്കല്പസൃഷ്ടികൾക്ക് ദൈവികാരാധന നൽകുകയാണ്.

ഒരു കാര്യം ഇവിടെ പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഈ ചിഹ്നങ്ങൾക്ക് (Symbols) വസ്തുപരവും ദൈവികവുമായ യാഥാർത്ഥ്യം ഉണ്ടെങ്കിൽ അവയെ ബഹുമാനിക്കുന്നത് വിഗ്രഹാരാധനയാകുകയില്ല. കാരണം ആ ബഹുമാനം അവ ഏതിനെ ലക്ഷീകരിക്കുന്നുവോ അതിനാണ് നൽകപ്പെടുന്നത്.

കത്തോലിക്കർക്ക് വിഗ്രഹങ്ങളും ബിംബങ്ങളും ഇല്ല. പ്രതിമകൾ മാത്രമേയുള്ളു. ക്രൈസ്തവഭാഷയിൽ അസത്യദൈവത്തിന്റെ രൂപം കൊത്തിയുണ്ടാക്കിയിട്ടുള്ളതാണ് ബിംബമെന്നും വിഗ്രഹമെന്നും പറയുന്നത്. ദൃശ്യമായരീതിയിൽ കൊത്തിയോ, വരച്ചോ മററാ നിർമ്മിക്കപ്പെടുന്ന ഒരുവന്റെ ഛായയ്ക്കു് സ്വരൂപമെന്നുപറയുന്നതിനാൽ കത്തോലിക്കർ ക്രിസ്തുവിന്റെയൊ വിശുദ്ധന്മാരുടെയൊ പ്രതിമകൾക്ക് വിശുദ്ധരൂപമെന്നു പറയുക പതിവാണ്.

ഇനിയും നമുക്കു പ്രതിപാദിക്കാനുള്ളതു് ദൈവം സ്വരൂപനിർമ്മാണത്തെ വിലക്കിയിട്ടുണ്ടോ എന്നാണ്. കത്തോലിക്കർ പ്രതിമകളുണ്ടാക്കുന്നതിനാൽ അവർ ഒന്നാം പ്രമാണത്തെ ലംഘിക്കുന്നുവെന്നു് ചില അകത്തോലിക്കസഹോദരങ്ങൾ പറയുന്നുണ്ട്.

"എന്റെ മുൻപാകെ നിനക്കു വേറെ ദേവന്മാരുണ്ടാകരുതു്, മുകളിൽ ആകാശത്തിലൊ, താഴെ ഭൂമിയിലൊ, ഭൂമിക്കടിയിൽ സമുദ്രത്തിലൊ ഉള്ള യാതൊന്നിന്റെയും സ്വരൂപമൊ തക്ഷിതസാധനമൊ നീ ഉണ്ടാക്കരുതു്" എന്നുള്ള വാചകമാണ് കത്തോലിക്കർക്കെതിരായി ചില അകത്തോലിക്കസഹോദരങ്ങൾ എടുത്തുകാണിക്കുന്നതു്. തക്ഷിതസാധനമെന്നുപറഞ്ഞാൽ കൊത്തിയുണ്ടാ

www.malankaralibrary.com



ക്കപ്പെടുന്ന സാധനമെന്നാണർത്ഥം. പ്രോട്ടസ്റ്റൻറ പുസ്തകങ്ങളിലാകട്ടെ തക്ഷിതസ്വരൂപമെന്നാണ് തർജ്ജിമ ചെയ്യപ്പെട്ടിരിക്കുന്നതു്. തക്ഷിത സാധനമെന്നു തർജ്ജിമചെയ്യപ്പെട്ടിരിക്കുന്നിടത്തു് എബ്രായഭാഷയിൽ ഉപയോഗിച്ചിരുന്ന പദം 'പെസൽ' എന്നാണു്. കള്ളദൈവന്മാരുടെ ബിംബങ്ങളെ കുറിക്കുവാനാണു് ഈ പദം സാധാരണ എബ്രായഭാഷയിൽ പ്രയോഗിക്കാറുള്ളതു്. അതിനാൽ ആ വാക്കു് ഇംഗ്ലീഷിലുള്ള Image എന്ന പദത്തോടൊ മലയാളഭാഷയിലുള്ള സ്വരൂപമെന്നപദത്തോടൊ തുല്യമല്ല. അതിനെ Idol എന്നോ വിഗ്രഹമെന്നോ പരിഭാഷപ്പെടുത്തേണ്ടതാണു്. (Vide: Hebrew and English lexicon of the old Testament, Oxford in 1906 by Drs. Brown, Driven and Briggs). ശരിയായ ഈ തർജ്ജിമ വച്ചുകൊണ്ടു നോക്കുമ്പോൾ ഈ കല്പനയുടെ ഉദ്ദേശം സ്പഷ്ടമാകും. മാത്രമല്ല "നീ അവയെ ആരാധിക്കുകയൊ അവയ്ക്കു ശുശ്രൂഷ ചെയ്യുകയൊ അരുതു്" എന്നു് അടുത്ത വാക്യത്തിൽ നാം കാണുന്നു. അപ്പോൾ ആരാധനയ്ക്കുവേണ്ടി സ്വരൂപങ്ങളും തക്ഷിതസാധനങ്ങളും ഉണ്ടാക്കരുതെന്നാണു് യഹോവ ആഗ്രഹിച്ചിരുന്നതു്. യാതൊന്നിൻെറയും സ്വരൂപം ഉണ്ടാക്കരുതെന്നുള്ള കേവലം വാച്യമായ ആശയമാണു് ഈ കല്പനയ്ക്കുള്ളതെങ്കിൽ യറുസലേം ദൈവാലയത്തിൽ മാലാഖമാരുടെ രൂപങ്ങൾ ഉണ്ടാക്കിവയ്ക്കുന്നതിനൊ ശുദ്ധതയുടെ ശുദ്ധസ്ഥലത്തു് സാക്ഷിയിൻ പെട്ടകം നിർമ്മിച്ചുവച്ചു്, യഹോവയുടെ നാമം വിളിച്ചു് ആ പെട്ടകത്തിൻെറ മുൻപിൽ ബലികഴിക്കുകയും ധൂപം അർപ്പിക്കുകയും ഒക്കെ ചെയ്യുന്നതിനൊ യഹോവ അനുവദിക്കുമായിരുന്നുവോ? ദൈവകല്പന അനുസരിച്ചാണല്ലൊ യഹൂദന്മാർ ഇപ്രകാരം പ്രവർത്തിച്ചതു്.

ഈ അവസരത്തിൽ വിജാതീയരുടെ വിഗ്രഹാരാധനയെക്കുറിച്ചു് മൂശയും മററ വിശുദ്ധ ലിഖിത കർത്താക്കളും പ്രസ്താവിച്ചിരുന്ന ആശയങ്ങൾകൂടി വച്ചു നോക്കുന്നപക്ഷം വിഗ്രഹാരാധനയുടെ

www.malankaralibrary.com



ശരിയായ സ്വഭാവം മനസ്സിലാക്കാം. "കാണുവാനൊ കേൾക്കുവാനൊ ഭുജിക്കുവാനൊ ഘ്രാണിക്കുവാനൊ നിർവാഹമില്ലാത്തതും മനുഷ്യകരങ്ങളാൽ നിർമ്മിതവുമായ ദൈവങ്ങളെ നിങ്ങൾ വന്ദിക്കും." എന്നാണ് മൂശ വിഗ്രഹാരാധനക്കാരെക്കുറിച്ച് പ്രവചിച്ചിരിക്കുന്നത്. അതുപൊലേതന്നെ ശലോമോൻെറ ജ്ഞാനത്തിൻെറ പുസ്തകം പതിമൂന്നാം അദ്ധ്യായം പത്താം വാക്യം മുതൽ പത്തൊൻപതാം വാക്യംവരെ വിഗ്രഹാരാധനയെക്കുറിച്ച് ചർച്ച ചെയ്യുന്നു. അതുപോലെതന്നെ പതിന്നാലും പതിനഞ്ചും അദ്ധ്യായങ്ങളും.

പുറപ്പാടുപുസ്തകത്തിൽ നാം വായിക്കുന്ന ദൈവകല്പന, അകത്തോലിക്കസഹോദരങ്ങൾ പറയുന്നതുപോലെയുള്ള വാച്യാർത്ഥത്തിൽ എടുക്കുകയാണെങ്കിൽ യാതൊരുതരത്തിലുള്ള പ്രതിമയും ചിത്രവും കളിപ്പാവകൾപോലും ഉണ്ടാക്കിക്കൂടാ; പക്ഷേ മേൽ പ്രസ്താവിച്ചതിൽനിന്നും ആരാധനയ്ക്കായി സ്വരൂപങ്ങൾ ഉണ്ടാക്കുവാൻ പാടില്ല എന്നാണ് ആ കല്പനയുടെ അർത്ഥമെന്ന് നാം മനസ്സിലാക്കിക്കഴിഞ്ഞു.

കത്തോലിക്കർ പ്രതിമയെ ആരാധിക്കുന്നുണ്ടോ എന്നാണ് ഇനിയും നാം നോക്കേണ്ടത്. സത്യദൈവത്തിനല്ലാതെ മറ്റൊന്നിനും ആരാധന നൽകുവാൻ പാടില്ല എന്നു നമുക്കറിയാം. നമ്മുടെ വീടുകളിൽ നമ്മുടെ മാതാപിതാക്കന്മാരുടെ പടങ്ങൾ വയ്ക്കുകയും അവരുടെ ഓർമ്മദിവസങ്ങളിൽ ആ പടങ്ങൾ പുഷ്പമാല്യങ്ങൾകൊണ്ട് നാം അലങ്കരിക്കുകയും ചെയ്യാറില്ലേ? മാതാപിതാക്കന്മാരോടുള്ള ബഹുമാനമല്ലെ ഇങ്ങനെ ചെയ്യുന്നതിന് നമ്മെ പ്രേരിപ്പിക്കുന്നത്? ആ പടങ്ങൾ കാണുമ്പോൾ നമ്മുടെ മാതാപിതാക്കന്മാരെ നാം ഓർക്കുന്നില്ലെ?

അതുപോലെതന്നെ കത്തോലിക്കർ ക്രിസ്തുവിൻെറയും അവിടുത്തെ മാതാവിൻെറയും വിശുദ്ധരുടെയുമെല്ലാം പ്രതിമകൾ നിർമ്മിക്കുന്നതിലും ആ പ്രതിമകളുടെ മുൻപിൽ വണക്കം പ്രദർശി

www.malankaralibrary.com



പ്പിച്ച് അവരോടപേക്ഷിക്കുന്നതിലും പ്രേരകമായ കാര്യം ക്രിസ്തുവിനോടും വിശുദ്ധരോടുമുള്ള ബഹുമാനമനോഭാവമാണ്.

പൂർവ്വികസഭയിൽ പ്രതിമാവന്ദനം പതിവായിരുന്നു. പ്രതിമ ഏതാളിനെ ലക്ഷീകരിക്കുന്നുവൊ ആ ആളിനാണ് ബഹുമാനം പോകുന്നതെന്നാർക്കാണറിഞ്ഞുകൂടാത്തതു്? ഗാന്ധിജിയുടെ പ്രതിമയെ ബഹുമാനിക്കുന്നതു് ഗാന്ധിജിയോടുള്ള ബഹുമാനം പ്രദർശിപ്പിക്കുന്നതിനാണെന്നു് സമ്മതിക്കുന്നവർതന്നെയാണു് കത്തോലിക്കർ വിഗ്രഹാരാധനക്കാരാണെന്നു് ആരോപിക്കുന്നതും.

പ്രതിമാഭഞ്ജകനായ ലെയോ തൃതീയൻ എന്ന ചക്രവർത്തി 726-ൽ പ്രതിമാഭഞ്ജനം ആരംഭിച്ചുകൊണ്ടു് പുറപ്പെടുവിച്ച വിളംബരം പിൻവലിക്കുന്നതിനു് അന്നു മാർപ്പാപ്പാ ആയിരുന്ന ഗ്രിഗോറിയോസ് മൂന്നാമൻ ചക്രവർത്തിയോടാവശ്യപ്പെടുകയുണ്ടായി. 787-ൽ കുസ്തന്തീനോസ്പോലീസിൽ കൂടിയ ഏഴാം സാർവത്രിക സൂനഹദോസിൽ മുന്നൂറിഅൻപതു മെത്രാന്മാർ സന്നിഹിതരായിരുന്നു. ആ സൂനഹദോസിന്റെ നിശ്ചയങ്ങൾ പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയെക്കുറിച്ചും പ്രതിമാവന്ദനത്തെക്കുറിച്ചും ചെയ്തിട്ടുള്ള നിശ്ചയങ്ങൾ, പൂർവ്വികസഭയുടെ വിശ്വാസം സ്പഷ്ടമാക്കുന്നവയാണു്. "പുണ്യമാർഗ്ഗത്തിലൂടെ ചരിക്കുന്നപക്ഷം ദൈവത്തോടു നമ്മെ രമ്യപ്പെടുത്തുവാൻ ശക്തമായ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥം സിദ്ധിക്കുന്നതിനു വിശുദ്ധ മാലാഖമാരെയും അപ്പോസ്തലന്മാരെയും, പ്രവാചകന്മാരെയും രക്തസാക്ഷികളെയും വിശുദ്ധ പിതാക്കന്മാരെയും വിശിഷ്യ സ്വർഗ്ഗശക്തികളെല്ലാററിനെക്കാളും ഉയർത്തപ്പെട്ടിരിക്കുന്ന ദൈവമാതാവിനെയും സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്നു് ദിവ്യരക്ഷകനും അവിടുത്തെ ശിഷ്യന്മാരും പ്രവാചകന്മാരും നമ്മെ പഠിപ്പിച്ചിരിക്കുന്നു. എന്നുതന്നെയല്ല മനുഷ്യാവതാരംചെയ്ത ഈശോയുടെയും, നമ്മുടെ അമ്മയായ അമലോത്ഭവമാതാവിന്റെയും, മനുഷ്യാകൃതിയിൽ കാണപ്പെട്ട അശരീരികളായ ദൈവദൂതന്മാരുടെയും, അപ്പോസ്തലന്മാരുടെയും, പ്രവാചകന്മാരു

www.malankaralibrary.com



ടെയും രക്തസാക്ഷികളുടെയും പ്രതിമകൾ വന്ദിക്കുവാനും അവവഴി അവയുടെ മൂലത്തെ സ്മരിക്കുന്നതിനും തൻമൂലം ദിവ്യരക്ഷകനായ മിശിഹായുടെ വിശുദ്ധിയിൽ ഭാഗഭാക്കാകുന്നതിനുമായി ദൈവാലയങ്ങളിലെല്ലായിടത്തും അവയെ സ്ഥാപിക്കുവാനും കല്പിച്ച പിതാക്കന്മാരുടെ ചട്ടപ്രകാരം പരിശുദ്ധവും ജീവദായകവുമായ കുരിശിനെയും തിരുശ്ശേഷിപ്പുകളെയും നാം ബഹുമാനിക്കുകയും വിശുദ്ധവും വന്ദ്യവുമായ പ്രതിമകളെ സ്വീകരിച്ച് നാം അവയെ വണങ്ങുകയും ചെയ്യുന്നു.”

വിശുദ്ധ കുരിശിനു പുറമേ, നമ്മുടെ ദിവ്യരക്ഷകൻെറയും അമലോത്ഭവദൈവമാതാവിൻെറയും വിശുദ്ധ ദൈവദൂതന്മാരുടെയും പുണ്യവാന്മാരുടെയും രൂപങ്ങൾ ദൈവാലയങ്ങളിലും മററു സ്ഥലങ്ങളിലും വയ്ക്കുന്നതു് ഉചിതമാണെന്നും പ്രതിമയ്ക്കു നൽകുന്ന ബഹുമാനം അതിനെ സൂചിപ്പിക്കുന്ന വ്യക്തിയ്ക്കു് സിദ്ധിക്കുന്നതുകൊണ്ടും പ്രതിമയെ ബഹുമാനിക്കുന്നവൻ അതു ആരുടെ പ്രാതിനിധ്യം വഹിക്കുന്നുവോ ആ ആളെ ബഹുമാനിക്കുന്നതുകൊണ്ടും ദൈവത്തിനു മാത്രം അർഹമായ ശ്രേഷ്ഠപൂജ അഥവാ ആരാധന അവക്കു നൽകുവാൻ പാടില്ലെങ്കിലും ദൂളിയ എന്നറിയപ്പെടുന്ന വന്ദനം അവർക്കു പ്രദാനംചെയ്യുന്നതു് ന്യായമാണു്.” (Vide ‘Mansi, History of the councils’ Vol.12, p.130)

## തിരുശേഷിപ്പുകളുടെ വണക്കം

പരിശുദ്ധരോടുള്ള പ്രാർത്ഥനയെക്കുറിച്ചും പ്രതിമാവന്ദനത്തെക്കുറിച്ചും നാം ശരിക്കു് ഗ്രഹിച്ചുകഴിഞ്ഞുവെങ്കിൽ തിരുശേഷിപ്പുകളോടുള്ള വണക്കത്തെക്കുറിച്ചും വന്ദനത്തെക്കുറിച്ചും ഗ്രഹിക്കുന്നതിൽ വിഷമമില്ല.

ലൗകികമണ്ഡലത്തിലേക്കു നാം നോക്കുമ്പോൾ ലൗകികവീരപുരുഷന്മാരുടെ ഭവനങ്ങളും അവരുപയോഗിച്ചിരുന്ന സാധനങ്ങളും പൂജ്യമായി സൂക്ഷിക്കപ്പെടുന്നതും സാധാരണ ജനങ്ങൾ അവ കാണുന്നതിന് ഉത്സാഹിക്കുന്നതും നാം കാണുന്ന സംഗതികളാണ്.

www.malankaralibrary.com



ഗാന്ധിജി ഉപയോഗിച്ചിരുന്ന സാധനങ്ങൾ ഇൻഡ്യൻ രാഷ്ട്രം അഭിമാനപൂർവ്വം പൂജ്യവസ്തുക്കളായി കരുതുന്നില്ലേ? ആ സാധനങ്ങൾക്കുള്ള മേന്മ ഗാന്ധിജി അവ ഉപയോഗിച്ചിരുന്നു എന്നുള്ളതു മാത്രമല്ലേ? ഗാന്ധിജിയോടുള്ള ബഹുമാനമാണല്ലോ അവയെ പൂജ്യമായിട്ടു കരുതുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. ഇതുപോലെ വിശുദ്ധരായി ജീവിച്ചിട്ടുള്ളവരുടെ തിരുശേഷിപ്പുകളുടെ നേർക്ക് നാം ബഹുമാനം കാണിക്കുമ്പോഴും അവയെ വന്ദിക്കുമ്പോഴും അവ ആരെ ലക്ഷീകരിക്കുന്നുവോ അവരെയാണ് നാം ബഹുമാനിക്കുന്നതും വന്ദിക്കുന്നതും.

തിരുശേഷിപ്പുകൾക്ക് അവയിൽ എന്തെങ്കിലും അത്ഭുതശക്തിയുണ്ടെന്ന് കത്തോലിക്കർ വിശ്വസിക്കുന്നില്ല. തന്റെ പരിശുദ്ധരുടെ ബഹുമാനം വർദ്ധിതമാക്കുന്നതിനുവേണ്ടി ചിലപ്പോൾ കാരുണ്യവാനായ ദൈവം ഈ തിരുശേഷിപ്പുകൾ മുഖേന പ്രത്യേക അനുഗ്രഹങ്ങൾ ആളുകൾക്ക് നൽകിയേക്കാം. അതുകൊണ്ട് തിരുശേഷിപ്പുകളെ വണങ്ങുന്നവർക്കെല്ലാം പ്രത്യേക അനുഗ്രഹം ലഭിക്കുമെന്ന് അർത്ഥമാക്കേണ്ടതില്ല.

പഴയനിയമത്തിലേക്കു നാം നോക്കുമ്പോൾ വിശുദ്ധ ജീവിതം നയിച്ച് മൃതനായ ഒരാളുടെ ശരീരംമൂലം പ്രത്യേകമായ ഒരു അത്ഭുതം നടന്നതായി കാണാം: "എലിസേവൂസ് ദീർഘദർശിയുടെ മരണാനന്തരം മോവാബ്യർ യഹൂദരെ ആക്രമിച്ചിരുന്ന ഒരു വേളയിൽ, മരിച്ച ഒരുവന്റെ ശരീരം സംസ്കരിക്കുന്നതിന് യഹൂദർ കൊണ്ടുപോകയായിരുന്നു. മോവാബ്യർ വരുന്നതു കണ്ടിട്ട് അവർ പെട്ടന്ന് ആ മൃതശരീരം എലിസേവൂസിന്റെ അസ്ഥികളെ സ്പർശിച്ച മാത്രയിൽ ആ മനുഷ്യനു ജീവനുണ്ടാകുകയും അയാൾ എഴുനേററു നിൽക്കുകയും ചെയ്തു" (4 രാജാക്കന്മാർ 13: 21). പ്രവാചകന്മാരോടുള്ള സ്നേഹം ദൈവം ഇങ്ങനെ പ്രത്യക്ഷപ്പെടുത്തിയെങ്കിൽ തീർച്ചയായും തന്റെ വിശുദ്ധരോടുള്ള സ്നേഹവും ദൈവത്തിന് അത്ഭുതങ്ങൾ മുഖേന പ്രത്യക്ഷപ്പെടുത്താം.

www.malankaralibrary.com

# അദ്ധ്യായം 17

## പരിശുദ്ധ കന്യകമറിയം

കത്തോലിക്കാസഭയിൽ പരിശുദ്ധ കന്യകമറിയത്തോട് സവിശേഷമായ വണക്കം ഉള്ളതുകൊണ്ട് കന്യകമറിയത്തെ കത്തോലിക്കർ ആരാധിക്കുന്നുവെന്നൊരു ധാരണ എങ്ങനെയൊ ചില അകത്തോലിക്കരുടെയിടയിൽ പരന്നിട്ടുണ്ട്. ഇത് ഭീമമായ തെററിദ്ധാരണയുടെയും നരകുലപരിത്രാണനത്തിൽ കന്യകമറിയത്തിനുള്ള സവിശേഷസ്ഥാനത്തെക്കുറിച്ചുള്ള അജ്ഞതയുടെയും ഫലമാണ്.

കന്യകമറിയത്തെ എത്രയും തരംതാഴ്ത്തുന്നുവോ അത്രയും തങ്ങൾ ക്രിസ്തുവിനെ ബഹുമാനിക്കുകയാണ്, ക്രിസ്തുവിനു സേവനം ചെയ്യുകയാണ് എന്നു ചില പ്രോട്ടസ്റ്റൻറുകാർ കരുതുന്നുവെന്ന് തോന്നിപ്പോകും, കന്യകമറിയത്തെക്കുറിച്ചുള്ള അവരുടെ ചില പ്രസ്താവനകൾ വായിക്കുമ്പോൾ. മനുഷ്യരുടെയിടയിൽ അമ്മയെ ദുഷിച്ചിട്ടല്ലല്ലോ മകനോടുള്ള ബഹുമാനം കാണിക്കുക! തന്റെ അമ്മയെ അപഹസിക്കുന്നതും അമ്മയെ തരംതാഴ്ത്തി പറയുന്നതും ഏതൊരു മകനാണിഷ്ടപ്പെടുക?

കന്യകമറിയം ഒരു സൃഷ്ടിമാത്രമാണ്. അവൾക്ക് എത്രതന്നെ ഔന്നത്യമുണ്ടെങ്കിലും ദൈവത്തോടു യാതൊരുവിധത്തിലും അവൾ തുല്യയല്ല. ആരാധന ദൈവത്തിനുമാത്രമെ നൽകുവാൻ പാടുള്ളു. കത്തോലിക്കർ കന്യകമറിയത്തെ ആരാധിക്കുന്നില്ല. ദൈവമൊഴിച്ച് മററാരെയും ആരാധിക്കുക പാപമാണെന്നത്രെ

www.malankaralibrary.com



കത്തോലിക്കാസഭ പഠിപ്പിക്കുന്നതു്. എന്നാൽ പരിശുദ്ധർക്കു നൽകുന്നതിൽ കൂടുതൽ വണക്കവും ബഹുമാനവും കത്തോലിക്കാസഭ കന്യകമറിയത്തിനു നൽകുന്നുണ്ടു്. കാരണം അവൾ പരിശുദ്ധരേക്കാൾ ശ്രേഷ്ഠയാണു്. അവൾ ദൈവമാതാവാണു്. എങ്കിലും ക്രിസ്തുവിനു നൽകുന്ന ആരാധനപോലുള്ളതല്ല കന്യകമറിയത്തിനു നൽകുന്ന വണക്കം. കന്യകമറിയത്തിനു നൽകുന്ന വണക്കത്തിന് സഭ ഉപയോഗിക്കുന്ന പദം "ഹിപ്പർ ഡൂളിയ" അഥവാ ശ്രേഷ്ഠവന്ദന എന്നാണെന്നു് ഉപരി പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

പരിത്രാണനകർമ്മത്തിൽ കന്യകമറിയത്തിനുള്ള സ്ഥാനം അവാച്യമായ ഒന്നാണു്. പുത്രൻതമ്പുരാൻ അവളുടെ നിർമ്മല ശരീരത്തിൽനിന്നാണു് ശരീരമെടുത്തതു്. ക്രിസ്തുവിൻെറ മാംസവും രക്തവും കന്യകമറിയത്തിൻെറ മാംസവും രക്തവുമായിരുന്നു. ശരീരിയായിത്തീർന്ന വചനത്തിൻെറ മാതാവെന്നുള്ള—ദൈവമാതാവെന്നുള്ള—ആ മഹനീയ പദവി ഒരു സൃഷ്ടിക്കു ലഭിക്കാവുന്നതിൽ ഏററം വലുതായ ഒന്നാണെന്നുള്ളതു് പ്രസ്പഷ്ടമാണല്ലൊ. ദൈവമായ ക്രിസ്തുവിനെ, മകനെന്നു് സംബോധന ചെയ്യുവാൻ കന്യകമറിയത്തിനു് ഭാഗ്യം ലഭിച്ചു. തൻമൂലമാണു് "ദൈവമാതാവെന്ന നിലയിൽ പരിശുദ്ധകന്യകയ്ക്കുള്ള സ്ഥാനമാഹാത്മ്യം ഒരു വിധത്തിൽ അനന്തമാണു്" എന്നു് വിശുദ്ധ തോമസു്അക്വീനാസു് അഭിപ്രായപ്പെടുന്നതു്. ഭാഗ്യസ്മരണാർഹനായ ഒൻപതാം പീയൂസ്‌ മാർപ്പാപ്പാ ദൈവമാതൃത്വത്തെ സംബോധന ചെയ്യുന്നതു് "സർവ്വശക്തൻെറ അവർണ്ണ്യമായ അത്ഭുതം എന്നും, അവിടുത്തെ അത്ഭുതങ്ങളുടെ മകുടം എന്നും" അത്രെ. (Bulla Ineffabilis Deus). ദൈവത്തിൻെറ സർവ്വശക്തിയാണു് തൻെറ മഹിമയുടെ കാരണമെന്നു് പരിശുദ്ധകന്യകതന്നെ ഉൽഘോഷിക്കുന്നു: "ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തു" (ലൂക്കോസ്‌ 1: 49).

മനുഷ്യവർഗ്ഗത്തിൻെറ പരിത്രാണനകർമ്മത്തിൽ പരിശുദ്ധ കന്യകമറിയത്തെ ദൈവം പ്രത്യേകം ഭാഗഭാക്കാക്കുകയുണ്ടായി.

www.malankaralibrary.com



വാനാരൂപികളും മനുഷ്യരും ഒരുപോലെ കന്യകമറിയത്തെ സ്തുതിക്കുന്നതു കാണുക: "നന്മനിറഞ്ഞവളേ നിനക്കുസ്വസ്തി. സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളേ, കർത്താവു നിന്നോടുകൂടിയുണ്ട്." ഇതു ഗബ്രിയേൽ മാലാഖയുടെ വാക്കുകളാണ്. ദൂതൻ അവളെ അറിയിക്കുന്നു: "പരിശുദ്ധാത്മാവു വരും, അത്യുന്നതൻെറ ശക്തി നിൻെറമേൽ ആവസിക്കും. ഇതിനാൽ നിന്നിൽനിന്നു പിറക്കുന്നവൻ പരിശുദ്ധനാകുന്നു; അവൻ ദൈവത്തിൻെറ പുത്രൻ എന്നു വിളിക്കപ്പെടുകയും ചെയ്യും. (ലൂക്കാ 1; 28—35;) എലിശ്ബാ മറിയത്തിൻെറ സ്വസ്തികേട്ടപ്പോൾ പ്രജ അവളുടെ ഉദരത്തിൽ കുതിച്ചുചാടി. എലിശ്ബാ പരിശുദ്ധാത്മാവുകൊണ്ടു നിറയുകയും ചെയ്തു. അവൾ മറിയത്തോടു് ഉച്ചസ്വരത്തിൽ വിളിച്ചു പറഞ്ഞു: "നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു. നിൻെറ ഉദരത്തിൻെറ ഫലവും അനുഗ്രഹിക്കപ്പെട്ടതാകുന്നു. എൻെറ കർത്താവിൻെറ അമ്മ എൻെറ അടുക്കൽ വരുവാനുള്ള ഈ ഭാഗ്യം എനിക്കു് എവിടെ നിന്നു്?" (ലൂക്കോസ് 1; 41—43). മറിയം പറഞ്ഞു: "എൻെറ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു. എൻെറ ആത്മാവു് എൻെറ രക്ഷിതാവായ ദൈവത്തിൽ ആനന്ദിച്ചു. എന്തെന്നാൽ, അവൻ തൻെറ ദാസിയുടെ താഴ്മയെ തൃക്കൺ പാർത്തു. ഇതാ ഇതുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു കീർത്തിക്കും" (ലൂക്കോസ് 1; 46—48). ഇങ്ങനെ വിശുദ്ധ ലിഖിതത്തിൽനിന്നുതന്നെ മറിയത്തിൻെറ മഹനീയ പദവി ഗ്രഹിക്കുന്നതിനു് നമുക്കു സാധിക്കും. പുതിയനിയമത്തിൽ കന്യകമറിയത്തെക്കുറിച്ചു് ധാരാളം പരാമർശനങ്ങൾ നടത്തിയിട്ടില്ലെന്നുള്ളതുകൊണ്ടു് വിശുദ്ധ ലിഖിതകർത്താക്കൾ കന്യകമറിയത്തിനു് വലിയ സ്ഥാനം നൽകിയിരുന്നില്ലാ എന്നുള്ള ആരോപണം തെററായ ഒന്നാണ്. വാക്കുകളുടെ ആധിക്യമല്ല, വാക്കുകൾ വെളിപ്പെടുത്തുന്ന ആശയത്തിൻെറ ഗഹനതയാണു് പ്രാധാന്യമർഹിക്കുന്നതു്. ഒരു ചിത്രത്തിനുപയോഗിച്ചിട്ടുള്ള ക്യാൻവാസിൻെറ വലിപ്പമനുസരിച്ചല്ലല്ലോ ചിത്രത്തിൻെറ മേന്മ

www.malankaralibrary.com


നിർണ്ണയിക്കപ്പെടുന്നതു്. മാലാഖമാരും വിശുദ്ധരും മറിയത്തെ പ്രകീർത്തിക്കുന്നതിൽ ഉൽസുകരായിരിക്കുമ്പോഠം സഭ നിശബ്ദയായിരിക്കണമോ?

ആദിമസഭയിൽ പരിശുദ്ധ കന്യകമറിയത്തോടുള്ള വണക്കം നിലവിലുണ്ടായിരുന്നുവെന്നുള്ളതിനു് റോമൻ ഭൂഗർഭാലയങ്ങഠം ധാരാളം തെളിവുകഠം നൽകുന്നുണ്ടു്. കന്യകമറിയത്തിൻെറ ഗുണഗണങ്ങഠം പ്രസ്പഷ്ടമാക്കുകയും അവളുടെ മദ്ധ്യസ്ഥതയുടെ ശക്തി വെളിവാക്കുകയും ചെയ്യുന്ന ചിത്രങ്ങഠം റോമിലെ ഭൂഗർഭാലയങ്ങളിൽ ധാരാളമുണ്ടു്. സഭാപിതാക്കന്മാരുടെ കൃതികഠം പരിശോധിച്ചാൽ കന്യകമറിയത്തോടുള്ള ഭക്തി ആദിമശതകങ്ങളിൽ സഭയിൽ എങ്ങനെ നിലവിലിരുന്നുവെന്നു് കാണാം. വിശുദ്ധ ഇരനേയസ്, വിശുദ്ധ ഗ്രീഗറി നസ്യാൻസൻ, നീസായിലെ വിശുദ്ധ ഗ്രീഗറി, വിശുദ്ധ എഫ്രേം, വിശുദ്ധ അഗസ്തീനോസു്, വിശുദ്ധ ജറോം, വിശുദ്ധ പത്രോസു് ക്രിസോലഗസു്, വിശുദ്ധ പ്രോക്ലൂസു്, സെലൂച്ചിയായിലെ വിശുദ്ധ ബേസിൽ എന്നിവരുടെ ഗ്രന്ഥങ്ങഠം പരിശോധിച്ചുനോക്കുകയാണെങ്കിൽ പരിശുദ്ധ കന്യകമറിയത്തെക്കുറിച്ചു് ഇന്നത്തെ കത്തോലിക്കർ വിശ്വസിക്കുന്ന കാര്യങ്ങഠം ആ ഗ്രന്ഥങ്ങളിൽ കാണാം. വിശുദ്ധ പ്രോക്ലൂസു് പ്രസ്താവിക്കുന്നു: "അവളിൽക്കൂടി എല്ലാ സ്ത്രീകളും അനുഗ്രഹീതരായി.... .... .... .... ....ഹവ്വായുടെ രോഗം ശമിച്ചു. മാതാവു്, കർത്താവിൻെറ ദാസി, മേഘം, മണവറ, കർത്താവിൻെറ പെട്ടകം, ഈ പേരുകളിൽ കന്യകമറിയം അറിയപ്പെടുകയും വണങ്ങപ്പെടുകയും ചെയ്യുന്നു." വിശുദ്ധ അമ്പ്രോസ് പ്രസ്താവിക്കുന്നു: "കന്യകമറിയത്തിൻെറ ചാരിത്ര്യവും ജീവിതവും നിൻെറ മുമ്പിൽ എപ്പോഴും ഉണ്ടായിരിക്കട്ടെ. പഠിക്കുമ്പോഠം പഠിപ്പിക്കുന്ന ആളിൻെറ മാഹാത്മ്യം പഠനത്തിനു് ഉത്തേജകമാണു്. ദൈവത്തിൻെറ മാതാവെന്നുള്ള നിലയേക്കാഠം മാഹാത്മ്യമുള്ള പദവി വേറെ എന്തുണ്ടു്?" വിശുദ്ധ ബൊനവഞ്ചുര പ്രസ്താവിക്കുന്നു: "സർവ്വശക്തനു് ഈ ലോകത്തേക്കാഠം പൂർണ്ണമായതും വിസ്താരമുള്ളതുമായ

www.malankaralibrary.com



ലക്ഷോപലക്ഷം ലോകങ്ങളെ സൃഷ്ടിക്കാം. പക്ഷെ, ദൈവമാതൃസ്ഥാനത്തേക്കാൾ മഹത്വമുള്ളതും പൂർണ്ണതയുള്ളതുമായ ഒരു പദവി സൃഷ്ടിക്കുക സാദ്ധ്യമല്ല".

## മറിയം നിത്യകന്യകയായിരുന്നു

കന്യകമറിയത്തെ തരം താഴ്ത്തി കാണിക്കുന്നതിനുവേണ്ടി ചില പ്രോട്ടസ്റ്റൻറുകാർ കന്യകമറിയം ക്രിസ്തുവിനെ പ്രസവിച്ചതിനുശേഷം കന്യകാത്വം പാലിച്ചില്ലാ എന്നു് അഭിപ്രായപ്പെടുന്നുണ്ടു്. അവരുടെ ഈ വാദത്തിന് തെളിവായി അവർ ചില വേദപുസ്തകവാക്യങ്ങൾ എടുത്തു കാണിക്കുന്നുണ്ടു്: "അവൾ തന്റെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചതുവരെ അവൻ അവളെ അറിഞ്ഞുമില്ല" (മത്തായി 1: 25) എന്ന വാചകം എടുത്തുകൊണ്ടു് ക്രിസ്തുവിന്റെ ജനനത്തിനുശേഷം കന്യകത്വത്തിനു ഭംഗം വരത്തക്കരീതിയിൽ യൗസേപ്പും മറിയവും ഭാര്യാഭർത്തൃജീവിതം നയിച്ചുവെന്നാണ് അവർ പറയുന്നതു്. 'കടിഞ്ഞൂൽപുത്രൻ' എന്നുള്ള പദംകൊണ്ടു് മററു മക്കൾ ദൈവമാതാവിന് ഉണ്ടായി എന്നാണു് അവർ സ്ഥാപിയ്ക്കുന്നതു്. പക്ഷെ, വേദപുസ്തകത്തിലെ ഭാഷാശൈലി ശരിക്കു ഗ്രഹിക്കാതെയുള്ള ഒരു വാദഗതിയാണ് ഇതു്. യഹൂദരുടെയിടയിൽ കടിഞ്ഞൂൽപുത്രൻ അഥവാ ആദ്യജാതൻ എന്നുള്ള പദം നമ്മൾ ഉപയോഗിക്കുന്ന അർത്ഥത്തിൽ അല്ല ഉപയോഗിച്ചുപോന്നതു്. ഒരു സ്ത്രീയ്ക്കു് ഒരു മകൻ മാത്രം ഉണ്ടായിരുന്നാലും പലമക്കൾ ഉണ്ടായാലും അവൾ ആദ്യമായി പ്രസവിക്കുമ്പോൾ ജനിക്കുന്ന മകൻ കടിഞ്ഞൂൽ പുത്രൻ തന്നെയാണു്. ആദ്യജാതനെക്കുറിച്ചുള്ള മൂശയുടെ നിയമം, പുറപ്പാടുപുസ്തകം 34-ാം അദ്ധ്യായം 19-ഉം 20-ഉം വാക്യങ്ങൾ ഇതിനുദാഹരണങ്ങളാണു്: "ആദ്യം ജനിക്കുന്നതൊക്കെയും, നിന്റെ ആടുകളുടെയും കന്നുകാലികളുടെയും കൂട്ടത്തിൽ കടിഞ്ഞൂലായ ആൺ ഒക്കെയും, എനിക്കുള്ളതാകുന്നു. എന്നാൽ, കഴുതയുടെ കടിഞ്ഞൂലിനെ ആട്ടിൻകുട്ടിയെ കൊണ്ടു് വീണ്ടുകൊള്ളണം. വീണ്ടുകൊള്ളുന്നില്ലെങ്കിൽ അതിന്റെ കഴുത്തു് ഒടിച്ചുകളയണം. നിന്റെ പുത്രന്മാരിൽ ആദ്യജാതനെ ഒക്കെയും വീണ്ടുകൊള്ളണം".

www.malankaralibrary.com



മേലുദ്ധരിച്ച വിശുദ്ധ ലിഖിതപ്രസ്താവത്തിൽനിന്നു് ആദ്യം ജനിക്കുന്നതു്, രണ്ടാമതു പ്രസവം നടന്നാലും ഇല്ലെങ്കിലും കടിഞ്ഞൂൽ അഥവാ ആദ്യജാതൻ എന്ന പേരിലാണു് യഹൂദന്മാർ വ്യവഹരിച്ചിരുന്നതെന്നു് മനസ്സിലാക്കാവുന്നതാണു്. ഇനിയും "വരെ" (donec) എന്നുള്ള പദമാണു് തങ്ങളുടെ വ്യാഖ്യാനത്തിനു് ഉറപ്പായി അവർ ഉപയോഗിക്കുന്നതു്. നാലാം നൂറ്റാണ്ടിൽ ഹെൽവീദിയസ് എന്നയാളാണു് ഈ "വരെ" എന്നുള്ള വാക്കു വച്ചുകൊണ്ടു് പരിശുദ്ധ ജനനിയുടെ കന്യകത്വത്തെ ആദ്യമായി നിഷേധിക്കുവാൻ ഒരുമ്പെട്ടതു്. വിശുദ്ധ ജറോം വേദപുസ്തകത്തിൽ "വരെ" എന്നുള്ള പ്രയോഗത്തിന്റെ അനേകം ഉദാഹരണങ്ങൾ കാണിച്ചുകൊണ്ടു് ഹെൽവീദിയസ്സിന്റെ അഭിപ്രായത്തെ ഖണ്ഡിക്കുകയുണ്ടായി. വേദപുസ്തകശൈലി, ശരിയായിട്ടു ഗ്രഹിക്കാത്തതുകൊണ്ടാണു് ഇന്നും ഈ "വരെ" എന്നുള്ള പദം എടുത്തുകൊണ്ടു് പരിശുദ്ധ ജനനിയുടെ കന്യകത്വത്തെ ചില അകത്തോലിക്കർ ചോദ്യംചെയ്യുന്നതു്. എബ്രായാ, സുറിയാനി എന്നീ ഭാഷകളിൽ "വരെ" എന്നുള്ള പദം എന്തു സംഭവിക്കുന്നുവെന്നല്ലാതെ എന്തു സംഭവിക്കുവാനിരിക്കുന്നു എന്നു് കാണിക്കുന്നില്ല. "ഭൂമുഖത്തു വെള്ളം വാറിയതുവരെ അതു തിരിച്ചുവന്നില്ല". വെള്ളം വാറിയശേഷം ആ പക്ഷി തിരിച്ചുവന്നു എന്നു് അതുകൊണ്ടർത്ഥമാകുന്നില്ല. "നിങ്ങളുടെ വാർദ്ധക്യംവരെ ഞാൻ സ്ഥിതിചെയ്യുന്നു" (ഏശാ. 46:4) എന്നു് യഹോവാ അരുളിച്ചെയ്തിട്ടുള്ളതിനാൽ അവരുടെ വാർദ്ധക്യത്തിനുശേഷം ദൈവമില്ലെന്നു വിചാരിക്കാമോ?! വീണ്ടും 110-ാം സങ്കീർത്തനം 1-ാം വാക്യത്തിൽ നാം വായിക്കുന്നു: "യഹോവ എന്റെ കർത്താവിനോടരുളിച്ചെയ്യുന്നു. ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുംവരെ നീ എന്റെ വലത്തുഭാഗത്തിരിക്കുക". ശത്രുക്കൾ പാദപീഠമായശേഷവും നിത്യമായി ദൈവപുത്രൻ അതേസ്ഥാനത്തുതന്നെ ഇരിക്കുമെന്നു് സ്പഷ്ടമല്ലേ? അതുപോലെതന്നെ "ശാവോളിന്റെ പുത്രിയായ മൽക്ക

www.malankaralibrary.com



ലീന് അവൾ മരിച്ചദിവസംവരെ പുത്രനുണ്ടായിരുന്നില്ല" (2ശമുവേൽ 6: 23) എന്ന് എഴുതിയിരിക്കുന്നു. അവളുടെ മരണത്തിനു ശേഷം അവൾക്കു പുത്രനുണ്ടായി എന്ന് സുബുദ്ധിയുള്ളവർ പറയുമോ?

ക്രിസ്തുവിന് സഹോദരന്മാരുണ്ടായിരുന്നുവെന്ന് വേദപുസ്തകത്തിൽ കാണുന്നതുകൊണ്ടു കന്യകമറിയത്തിന് വേറെ മക്കളുണ്ടായിരുന്നുവെന്ന് ചില അകത്തോലിക്കർ പ്രസ്താവിക്കുന്നുണ്ട്. ഇതും വേദപുസ്തകം ശരിയായി പഠിക്കാത്തതുകൊണ്ടുണ്ടാകുന്ന ഒരു തെററാണ്. സഹോദരൻ എന്നുള്ള പദം മലയാളഭാഷയിലെന്നതുപോലെതന്നെ എബ്രായ, സുറിയാനി എന്നീ ഭാഷകളിലും ചാർച്ചക്കാരെ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുക പതിവാണ്. അപ്പൻവഴിക്കോ അമ്മവഴിക്കോ ഉള്ള ബന്ധം നിമിത്തം സഹോദരസ്ഥാനമുള്ളവക്കും നേരെ ജ്യേഷ്ഠനും അനുജനും ഒന്നുപോലെ 'ആഹോ' എന്ന പദമാണ് സുറിയാനിഭാഷയിലുള്ളതു്. ആ പദമാണ് ഇവിടെയുമുള്ളതു്. ഇതുംകൂടാതെ ഈ പദം ഇതിലും വ്യാപകമായ അർത്ഥത്തിലും വേദപുസ്തകത്തിലുപയോഗിച്ചിട്ടുണ്ട്. "അവർ എന്റെ സഹോദരന്മാരെ എന്നിൽനിന്നു അകററിക്കളഞ്ഞു". (ജോബ് 19: 13). അനന്തിരവനുപോലും സഹോദരൻ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. ലാബാൻ യാക്കോബിന്റെ അമ്മയുടെ സഹോദരനായിരുന്നു. എങ്കിലും ലാബാൻ യാക്കോബിനോടു പറയുന്നു "നീ എന്റെ സഹോദരനാകകൊണ്ട് വെറുതെ എന്നെ സേവിക്കണമോ? (ഉല്പത്തി. 29: 15) രക്തബന്ധംമൂലം അകന്ന സഹോദരത്വം ഉള്ളവക്കും സഹോദരൻ എന്നുള്ള പദംതന്നെയാണ് വേദപുസ്തകത്തിൽ ഉപയോഗിച്ചിട്ടുള്ളതു്. ഈ അർത്ഥത്തിൽ ഈ പദം ലേവ്യാക്കാരുടെ പുസ്തകം 1-ാം അദ്ധ്യായം 4-ാം വാക്യത്തിൽ പ്രയോഗിച്ചിട്ടുണ്ട്.

അതുകൊണ്ട് വേദപുസ്തകത്തിലെ ഭാഷാശൈലിയനുസരിച്ച് ക്രിസ്തുവിനു സഹോദരന്മാരുണ്ടായിരുന്നു എന്നുള്ള ഭാഗം എടുത്തുകൊണ്ട് കന്യകമറിയാമിനു മററു മക്കൾ ഉണ്ടായിരുന്നു എന്നു പ

www.malankaralibrary.com



റയുവാൻ സാധ്യമല്ല. പരിശുദ്ധ ജനനിയ്ക്കു് വേറെ മക്കളുണ്ടായിരുന്നുവെങ്കിൽ എന്തുകൊണ്ടാണു് കുരിശിൽവച്ചു നമ്മുടെ കർത്താവു് തൻെറ അമ്മയെ യോഹന്നാന ഭരമേല്പിച്ചതു്? കൂടാതെ ക്രിസ്തുവിൻെറ സഹോദരന്മാർ എന്നു പറയപ്പെടുന്നവരുടെ അമ്മയായി കന്യകമറിയത്തെക്കുറിച്ചു് എന്തുകൊണ്ടു വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ല? അതേസമയത്തുതന്നെ നമ്മുടെ കർത്താവിനെക്കുറിച്ചു് പരിശുദ്ധ ജനനിയുടെ മകനെന്നു് വേദപുസ്തകത്തിൽ തെളിവായി പ്രസ്താവിച്ചിട്ടുണ്ടെന്നും നാം ഓർക്കണം.

കൂടാതെ സഭയുടെ ആരംഭകാലംമുതൽ നിലവിലുള്ള പാരമ്പര്യം, സൂനഹദോസ് നിശ്ചയങ്ങൾ ഇവയെല്ലാംതന്നെ പരിശുദ്ധ ജനനി നിത്യകന്യകയായിരുന്നുവെന്നു് തെളിയിക്കുന്നുണ്ടു്.

## മാതാവിൻെറ അമലോത്ഭവം

പരിശുദ്ധകന്യകമറിയം അമലോത്ഭവയാണെന്നുള്ള കത്തോലിക്കാസഭയുടെ പ്രബോധനത്തെക്കുറിച്ചു് വലുതായ തെററിധാരണ ചില അകത്തോലിക്കസഹോദരങ്ങളുടെയിടയിൽ ഉണ്ടു്. ക്രിസ്തുവിനുള്ളതുപോലുള്ള ജനനമാണു് കന്യകമറിയത്തിനുമുള്ളതെന്നു് കത്തോലിക്കാസഭ പഠിപ്പിക്കുന്നതായിട്ടാണു് ഈ അകത്തോലിക്കസഹോദരങ്ങൾ ധരിച്ചുവച്ചിരിക്കുന്നതു്. 1854 ഡിസംബർ 8-ാം തീയതി ഒൻപതാം പീയൂസ് മാർപ്പാപ്പാ പരിശുദ്ധ കന്യക അമലോത്ഭവയാണെന്നു് താഴെപ്പറയുന്ന വാക്കുകളിൽ പ്രഖ്യാപനംചെയ്തു: "ഏററം പരിശുദ്ധ കന്യകമറിയം, അവൾ ഗർഭത്തിൽ ഉരുവായ നിമിഷംതന്നെ സർവ്വശക്തനായ ദൈവത്തിൻെറ പ്രത്യേകമായ അനുഗ്രഹവും ആനുകൂല്യവും നിമിത്തം മനുഷ്യവർഗ്ഗത്തിൻെറ രക്ഷിതാവായ യേശുക്രിസ്തുവിൻെറ യോഗ്യതകളെപ്രതി ഉത്ഭവപാപത്തിൻെറ സകല മാലിന്യങ്ങളിൽനിന്നും സംരക്ഷിക്കപ്പെട്ടു എന്നുള്ള പ്രബോധനം ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടിട്ടുള്ള ഒന്നാണു്; തന്മൂലം അതു് എല്ലാ വിശ്വാസികളാലും സദാ ഉറപ്പായി വിശ്വസിക്കപ്പെടേണ്ടതാണു്".
(Bulla Ineffabilis Deus)

www.malankaralibrary.com



അതിനാൽ പരിശുദ്ധ കന്യകമറിയം അമലോത്ഭവയാണെന്നു പറയുമ്പോൾ അതിൻെറ അർത്ഥം അവൾ ഉത്ഭവപാപരഹിതയായാണ് ജനിച്ചതു എന്നത്രേ. മറിയത്തിൻെറ ആത്മാവും ശരീരവും യോജിച്ച ആ സമയത്തു് ദൈവത്തിൻെറ പ്രത്യേകമായ അനുഗ്രഹത്താലും ശക്തിയാലും അവൾ ഉത്ഭവപാപരഹിതയായി സൃഷ്ടിക്കപ്പെടുകയാണുണ്ടായതു്.

നാം ഈ ഗ്രന്ഥത്തിൻെറ ആദ്യഭാഗത്തു കണ്ടതുപോലെ ആദത്തിൻെറ പാപംമൂലമാണ് മനുഷ്യവർഗ്ഗം ഉത്ഭവപാപത്തിൽ വീണുപോയതു്. മനുഷ്യവർഗ്ഗത്തിൻെറ തലവൻ എന്നുള്ള നിലയിൽ ആദത്തിൻെറ പാപം അദ്ദേഹത്തിൻെറ പിൻഗാമികളിലേക്ക് പകന്നു. പാപംമൂലം ആദത്തിനു് പ്രസാദവരം നഷ്ടമായി. സ്വർഗ്ഗരാജ്യത്തിനുള്ള അവകാശവും നഷ്ടപ്പെട്ടു. ഉത്ഭവപാപം, മനുഷ്യവർഗ്ഗത്തിനു ആദംമുഖേന ലഭിക്കേണ്ടിയിരുന്ന പ്രസാദവരവും സ്വർഗ്ഗരാജ്യത്തിനുള്ള അവകാശവും നഷ്ടപ്പെടുത്തി.

എന്നാൽ കന്യകമറിയം സൃഷ്ടിക്കപ്പെട്ട ആ നിമിഷത്തിൽ തന്നെ, അതായതു് അവളുടെ ആത്മാവു് സൃഷ്ടിക്കപ്പെട്ടു് തൻെറ അമ്മയുടെ ഉദരത്തിൽവച്ചു് സ്വശരീരവുമായി യോജിക്കപ്പെട്ട ആ ക്ഷണത്തിൽതന്നെ ക്രിസ്തുവിൻെറ യോഗ്യതകളെപ്രതി ദൈവം അവളുടെ ആത്മാവിനെ പ്രസാദവരംകൊണ്ടു് അലങ്കരിച്ചു. വിശുദ്ധ യെറമിയായും വിശുദ്ധ സ്നാപകയോഹന്നാനും അമ്മയുടെ ഗർഭത്തിൽവച്ചുതന്നെ ശുദ്ധീകരിക്കപ്പെട്ടവരാണു്. എന്നാൽ കന്യകമറിയം ശുദ്ധീകരിക്കപ്പെട്ടതു് ആവിധത്തിലല്ല. പ്രസാദവരത്തിൽ സൃഷ്ടിക്കപ്പെടുകയാണു ചെയ്തതു്.

എല്ലാ മനുഷ്യരും ആദാംമുഖേന പാപംചെയ്തുവെങ്കിലും ദൈവമാതാവാകുവാനിരുന്ന കന്യകമറിയാമിനെ ആ ഉത്ഭവപാപത്തിൽനിന്നു് ദൈവം നേരത്തേതന്നെ ഒഴിവാക്കുകയാണുണ്ടായതു്. അങ്ങനെയാണെങ്കിൽ ക്രിസ്തുമുഖേനയാണോ കന്യകമറിയാം രക്ഷപ്രാപിച്ചതെന്നു് ഒരു ചോദ്യമുണ്ടാകാം. അതെ, എന്നതന്നെയാണു മറുപടിയും.

www.malankaralibrary.com



ഈ തത്വം വ്യക്തമാക്കുവാനായി ഡൺസ് സ്കോട്ട് (Duns Scotus) പരിത്രാണനത്തെ രണ്ടുവിധത്തിൽ വിഭജിച്ചു വ്യാഖ്യാനിക്കുന്നുണ്ട്: ദ്രോഹത്തിനു പരിഹാരം ചെയ്തുകൊണ്ടുള്ള പരിത്രാണനവും (Reparative redemption) പാപസ്ഥിതിയിൽ പതിയ്ക്കാതെ മുൻകൂട്ടി സംരക്ഷിച്ചുകൊണ്ടുള്ള പരിത്രാണനവും (Preservative Redemption). ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി പരിഹാരംചെയ്ത് നമ്മെ രക്ഷിച്ചു. നമ്മെ സംബന്ധിച്ചിടത്തോളം പരിഹാരപരമായ പരിത്രാണനമാണ് ക്രിസ്തു സാധിച്ചത്. എന്നാൽ ക്രിസ്തുവിൻെറ യോഗ്യതകളെപ്രതി കന്യകമറിയാമിനെ ദൈവം പാപത്തിൽനിന്നും സംരക്ഷിച്ചതിനാൽ, ക്രിസ്തുവിൻെറ യോഗ്യതയാണ് കന്യകമറിയാം പാപത്തിൽ ഉൾപ്പെടാതെ ഉളവാകുന്നതിനു കാരണമായി ഭവിച്ചത് എന്നുള്ളതു വ്യക്തമാണല്ലൊ. അതിനാൽ കന്യകമറിയാം ക്രിസ്തു നിമിത്തംതന്നെയാണ് രക്ഷിക്കപ്പെട്ടത്. കന്യകമറിയാമിനെ സംബന്ധിച്ചിടത്തോളം പരിത്രാണനം ഒരു മുൻസംരക്ഷണപരിത്രാണനം (Preservative redemption) ആയിരുന്നു.

## അമലോത്ഭവത്തിനുള്ള തെളിവുകൾ

കന്യകമറിയാം അമലോത്ഭവയാണെന്ന് വേദപുസ്തകം സ്പഷ്ടമായി പ്രസ്താവിക്കുന്നില്ലെങ്കിലും പരോക്ഷമായി ഈ പ്രബോധനം വിശുദ്ധ ലിഖിതങ്ങളിൽ കാണാവുന്നതാണ്. ഗബ്രിയേൽ മാലാഖ പരിശുദ്ധ കന്യകയെ അഭിസംബോധനം ചെയ്യുന്നു: "കൃപനിറഞ്ഞവളെ നിനക്കു സ്വസ്തി. കർത്താവു നിന്നോടുകൂടെ. നീ സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു". "കൃപ നിറഞ്ഞവളെ" എന്നുള്ള ആ സംബോധന കന്യകമറിയാം ദൈവികമായ കൃപയുടെ അഥവാ പ്രസാദവരത്തിൻെറ പരിപൂർണ്ണത ഉള്ളവളാണു എന്നു സൂചിപ്പിക്കുന്നു. അപ്പോൾ തൻെറ ജീവിതത്തിൻെറ ഒരു നിമിഷത്തിൽപോലും അവൾ പ്രസാദവരത്തിന് അന്യയല്ലായിരുന്നു എന്ന് സമ്മതിക്കുകതന്നെവേണം. നമ്മെപ്പോലെ ഉത്ഭവപാപ

www.malankaralibrary.com



ത്തിലാണ് കന്യകമറിയാം ജനിച്ചതെങ്കിൽ, ദൈവത്തിന്റെ മുമ്പിൽ അല്പ നിമിഷത്തേക്കെങ്കിലും അവൾ പാപാധീനയായിരുന്നെങ്കിൽ, എങ്ങനെ താൻ കൃപ നിറഞ്ഞവളായിരിക്കും? അവൾ സ്ത്രീകളിൽ അനുഗ്രഹീതയാണ്. കാരണം ദൈവമാതാവാണ് എന്നതുതന്നെ.

ദൈവം ഓരോരുത്തർക്കും അവനവന്റെ ജീവിതസ്ഥിതിയനുസരിച്ചുള്ള അനുഗ്രഹങ്ങൾ നൽകുന്നുണ്ട്. തന്റെ മാതാവായി പരിശുദ്ധ കന്യകമറിയത്തെ പുത്രൻതമ്പുരാൻ തിരഞ്ഞെടുത്തു: "ഇതാ ഒരു കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും; നമ്മുടെ ദൈവം നമ്മോടുകൂടെ എന്നർത്ഥമായ അമ്മാനുവേൽ എന്ന് അവർ അവന് പേർ വിളിക്കും" എന്ന് പ്രവാചകൻ മൂലം കർത്താവിനാൽ അരുളിച്ചെയ്യപ്പെട്ടത് നിവൃത്തിയാകേണ്ടതിനു" ആയിരുന്നു (വി. മത്തായി, 23). പാപത്തോടുള്ള അത്യധികമായ വെറുപ്പുമൂലമാണ് പുത്രൻതമ്പുരാൻ നിർമ്മലയായ ഒരു കന്യകയെ തന്റെ മാതാവായി തിരഞ്ഞെടുത്തത്. ഒരു നിമിഷനേരത്തേക്കെങ്കിലും അവൾ പാപത്തിന് അധീനയായിരുന്നുവെന്ന് സമ്മതിക്കുക, അവളുടെ ദൈവമാതൃത്വപദവിയുടെ മഹനീയതയ്ക്ക് ഭംഗം വരുത്തുന്നതല്ലേ? സ്ത്രീയ്ക്കും സർപ്പത്തിനും തമ്മിൽ ശത്രുത ഉളവാകും എന്ന് ഏദൻതോട്ടത്തിൽവച്ചുള്ള യഹോവയുടെ വാഗ്ദാനവും നാം ഓർക്കുക.

ക്രിസ്തുവിന്റെ ശരീരം മാതാവിന്റെ ശരീരം തന്നെയാണ്. ക്രിസ്തുവിന്റെ അമ്മ ഒരു നിമിഷത്തേക്കെങ്കിലും പാപത്തിന് അധീനയായിരുന്നുവെന്ന് സമ്മതിക്കുക ക്രിസ്തുവിന്റെതന്നെ സ്ഥാനമഹിമയ്ക്ക് കളങ്കം ചേർക്കുന്നതാണ്. കാരണം, ശരീരത്തെ സംബന്ധിച്ചിടത്തോളം ക്രിസ്തു പൂർണ്ണമായി പരിശുദ്ധ മറിയത്തോടാണ് കടപ്പെട്ടിരിക്കുന്നത്. സ്വർഗ്ഗീയ പിതാവ് അശരീരി ആണല്ലോ. അതിനാൽ ക്രിസ്തുവിന്റെ മാംസവും രക്തവും തന്റെ മാതാവിന്റെ മാംസത്തിൽ നിന്നുള്ള മാംസവും രക്തത്തിൽനിന്നുള്ള രക്തവുമാണ്. ഇങ്ങനെയിരിയ്ക്കെ, മാതാവ് ഒരിയ്ക്കലെങ്കിലും പിശാ

www.malankaralibrary.com



ചിന്റെ അടിമയായിരുന്നു (ജന്മപാപത്തിനടിപ്പെട്ടിരുന്നു) എന്നു സമ്മതിച്ചാൽ ക്രിസ്തുവിന്റെ ആ പാവന ശരീരവും ഒരിക്കൽ പിശാചിന്റെ അടിമത്തത്തിലായിരുന്നു എന്നു വരും. ഇതു ദൈവത്തോടുചെയ്യുന്ന ഒരു അവഹേളനവും പിശാചിനു് നൽകുന്ന ഒരു സ്തുതിയുമായിരിയ്ക്കും. ഇങ്ങനെ യുക്തികൊണ്ടു നോക്കിയാൽപോലും പരിശുദ്ധ കന്യകമറിയം അമലോത്ഭവയായിരിക്കേണ്ടതു് ആവശ്യമാണു്. ദിവ്യജനനിയെ അമലോത്ഭവയായി സൃഷ്ടിക്കുവാൻ ദൈവത്തിനു സാധിക്കുമായിരുന്നു. കാരണം അതു് ആവശ്യവും യോഗ്യവും ആയിരുന്നു. അതിനാൽ ദൈവം അങ്ങനെ ചെയ്തു. (Potuit, debuit, ergo fecit: Duns scotus)

## പരിശുദ്ധ ജനനിയുടെ സ്വർഗ്ഗാരോപണം

ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് 1950 നവംബർ 1-ാം തിയതി പരിശുദ്ധ ജനനിയുടെ സ്വർഗ്ഗാരോപണം സാർവ്വത്രികസഭ മുഴുവൻ വിശ്വസിക്കേണ്ട ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു.

## സ്വർഗ്ഗാരോപണവും സ്വർഗ്ഗാരോഹണവും രണ്ടും രണ്ടാണു്

നമ്മുടെ കർത്താവു് സ്വർഗ്ഗാരോഹണം ചെയ്യുകയാണുണ്ടായതു്. തന്റെ സ്വന്തശക്തിയാലാണു് അതു് സംഭവിച്ചതു്. എന്നാൽ, മാതാവു് സ്വർഗ്ഗത്തിലേക്കു് സ്വന്തശക്തിയാൽ കയറിയെന്നല്ല, നേരെമറിച്ചു് ശരീരത്തോടുകൂടി സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ടുവെന്നാണു് സഭ നമ്മെ പഠിപ്പിക്കുന്നതു്. ഈ വിശ്വാസസത്യം "മുണിഫിച്ചെന്തിസ്സിമുസു് ദേവൂസ്" (Munificentissimus Deus) എന്നു തുടങ്ങുന്ന ചാക്രികലേഖനം വഴി പ്രഖ്യാപനം ചെയ്തുകൊണ്ടു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിക്കുന്നു: "ആകയാൽ വിനീതമായ പ്രാർത്ഥനകൾ വീണ്ടും വീണ്ടും സർവ്വേശ്വരസന്നിധിയിൽ അർപ്പിക്കുകയും സത്യത്തിന്റെ അരൂപിയുടെ പ്രകാശം അഭ്യർത്ഥിക്കുകയും ചെയ്തതിനുശേഷം കന്യകമറി

www.malankaralibrary.com



യത്തിനു് പ്രത്യേക വരങ്ങൾ നൽകിയനുഗ്രഹിച്ച സർവ്വശക്തനായ ദൈവത്തിൻെറ സ്തുതിക്കും മരണത്തിൻെറയും പാപത്തിൻെറയും ജേതാവും നിത്യരാജാവുമായ തൻെറ പുത്രൻെറ ബഹുമാനത്തിനും, അഖിലസഭയുടെ ആനന്ദത്തിനും സന്തോഷത്തിനുമായി നമ്മുടെ കർത്താവായ ഈശോമിശിഹായുടെയും ഭാഗ്യപ്പെട്ട ശ്ലീഹന്മാരായ പത്രോസിൻെറയും പൗലോസിൻെറയും നമ്മുടേയും അധികാരത്തോടെ നാം പ്രസ്താവിക്കുകയും അധ്യവസാനം ചെയ്യുകയും ചെയ്യുന്നു: എപ്പോഴും കന്യകയും അമലോത്ഭവയുമായ ദൈവമാതാവു് ഭൗതീക ജീവിതാനന്തരം ശരീരത്തോടും ആത്മാവോടുംകൂടി സ്വർഗ്ഗീയമഹത്വത്തിലേക്കു് ആരോപിക്കപ്പെട്ടുവെന്നതു് ആവിഷ്കൃതമായ ഒരു വിശ്വാസസത്യമാകുന്നു. ആകയാൽ, ആരെങ്കിലും നാം അധ്യവസാനം ചെയ്തിട്ടുള്ളതു നിഷേധിക്കുകയൊ, മനഃപൂർവ്വം സംശയിക്കുവാൻ ധൈര്യപ്പെടുകയൊ ചെയ്യുന്നെങ്കിൽ—അങ്ങനെ സംഭവിക്കാതിരിക്കട്ടെ—അയാൾ ദിവ്യവും കാതോലികവുമായ വിശ്വാസത്തിൽനിന്നു വ്യതിചലിച്ചിരിക്കുന്നുവെന്നു് അറിഞ്ഞിരിക്കട്ടെ.

സഭാപാരമ്പര്യം അനുസരിച്ചു് പരിശുദ്ധ ജനനിയുടെ മൃതശരീരം സംസ്കരിച്ചിരുന്ന കല്ലറ ശ്ലീഹന്മാർ തുറന്നു നോക്കിയപ്പോൾ ആ മൃതശരീരം അവിടെ അവർ കണ്ടില്ല. പകരം ഒരു ലില്ലി അവിടെ പുഷ്പിച്ചു നിൽക്കുന്നതാണവർ കണ്ടതു്. ആ മൃതശരീരം അഴിഞ്ഞു പോകുന്നതിനുള്ള സമയമായിട്ടില്ലായിരുന്നു. അതു മോഷ്ടിച്ചുകൊണ്ടുപോകേണ്ട ആവശ്യവും ആർക്കും ഇല്ല. കന്യകമറിയാമിൻെറ ശരീരം സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ടുവെന്നാണു് ആരംഭംമുതൽ സഭയിൽ നിലവിലിരിക്കുന്ന വിശ്വാസം. യുക്തിയും സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങളും ഈ വിശ്വാസത്തിനു് ഉപോൽബലകങ്ങളുമാണു്.

ജന്മപാപത്തിനുള്ള ശിക്ഷകളിൽ ഒന്നാണു് ശരീരം ദ്രവിക്കുക എന്നതു് നമ്മുടെ കർത്താവിനെ ഗർഭം ധരിക്കുകയും പ്രസവിക്കുകയും പാലൂട്ടി വളർത്തുകയും സ്വകരങ്ങളിൽ വഹിക്കുകയും

www.malankaralibrary.com



ആശ്ലേഷിക്കുകയും ചെയ്യുവളാണ് പരിശുദ്ധ മറിയം. ഉത്ഭവപാപം കൂടാതെ ജനിച്ചവളുമാണ് അവൾ. അവളുടെ ശരീരം പുഴുവിനും ചിതലിനും ഇരയായി, മണ്ണായിത്തീരുവാൻ അവളുടെ ഓമൽകുമാരൻ ഇഷ്ടപ്പെട്ടുമോ? സ്വർഗ്ഗത്തിൽ താൻ മഹിമയോടിരിക്കുമ്പോൾ അവൾ ശരീരത്തോടുകൂടിത്തന്നെ സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കണമെന്നല്ലേ ആ മകൻ അഭിലഷിക്കുകി? നരകുലപരിത്രാണനത്തിൽ തന്നോടുകൂടി അതുല്യമായ പങ്കുവഹിച്ച തന്റെ മാതാവിനെ എല്ലാവിധത്തിലും മഹത്വമുള്ളവളാക്കുവാൻ ക്രിസ്തു സന്നദ്ധനാകയില്ലേ? ഈ ചോദ്യങ്ങൾക്കെല്ലാം ഉവ്വ് എന്നുതന്നെ മറുപടി. ഇങ്ങനെ യുക്തിയിൽക്കൂടി ചിന്തിക്കുമ്പോൾ പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണം യുക്ത്യനുസൃതമാണെന്നു കാണാവുന്നതാണ്.

സഭാപിതാക്കന്മാരുടെ അഭിപ്രായമാണ് ഇനി പരിഗണിക്കേണ്ടതു്. വിശുദ്ധ ബൊനവൻതൂര 'പാട്ടുകളി'ലെ 8-ാം അദ്ധ്യായം 5-ാംവാക്യമായ "സന്തോഷങ്ങളിൽ മുഴുകിയും തന്റെ പ്രിയന്റെമേൽ ചാരിയും മരുഭൂമിയിൽ നിന്നു് കയറിവരുന്ന ഇവൾ ആരാകുന്നു" എന്ന വേദപുസ്തകവാക്യം കന്യകമറിയത്തിൽ ആരോപിച്ചുകൊണ്ടു് പ്രസ്താവിക്കുന്നു: "ഇതിൽനിന്നുമറിയം ശരീരത്തോടുകൂടി അവിടെയാണെന്നു് നിശ്ചയിക്കുവാൻ സാധിക്കും. സ്വർഗ്ഗീയാനന്ദം പരിപൂർണ്ണമാകണമെങ്കിൽ സ്വർഗ്ഗത്തിൽ ഒരാളായി ആനന്ദം അനുഭവിക്കണം. ആളെന്നു പ്രസ്താവിക്കുന്നതു് ആത്മാവല്ല, ആത്മാവും ശരീരവുംകൂടിയാണ്. അതിനാൽ ആത്മാവും ശരീരവും സംയുക്തമായി സ്വർഗ്ഗത്തിലുണ്ടു്. അല്ലാത്തപക്ഷം പരിപൂർണ്ണമായ ആനന്ദം ഇല്ല." (De Assumptione, sermo 2). "എന്റെ പാദങ്ങളുടെ ആസ്ഥാനം ഞാൻ മഹത്വപ്പെടുത്തും" (ഏശായാ 60: 13) എന്ന വാക്കുകൾ എടുത്തുകൊണ്ടു് പറവായിലെ വിശുദ്ധ അന്തോണിയൂസ് പ്രസ്താവിക്കുന്നു: "ഇതിൽ നിന്നു്

നിങ്ങൾക്കു വെളിവായികാണാം, നമ്മുടെ കർത്താവിൻെറ പാദം ചവിട്ടിയിരുന്ന ശരീരത്തോടുകൂടി കന്യകമറിയം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെന്നു”.

പ്രാചീന കാലം മുതൽക്കുതന്നെ മാതാവിൻെറ സ്വർഗ്ഗാരോപണത്തിരുനാൾ, കത്തോലിക്കാസഭയിൽ നിലവിലിരുന്നു. കത്തോലിക്കാസഭ മാത്രമല്ല പ്രാചീനകാലത്തു സഭയിൽ നിന്നു വിട്ടുപോയ പൗരസ്ത്യസഭകൾപോലും ഇന്നും സ്വർഗ്ഗാരോപണത്തിരുനാൾ അഥവാ ശൂനോയൊതിരുനാൾ കൊണ്ടാടുന്നുമുണ്ട്.



www.malankaralibrary.com

# അദ്ധ്യായം 18

## ദൈവമാതാവിന്റെ ജപമാല

പരിശുദ്ധ കന്യകമറിയത്തിന്റെ ഏററം മഹനീയസ്ഥാനം ശരിയായി ഗ്രഹിച്ചിട്ടുള്ള കത്തോലിക്കാസഭയിൽ, ദിവ്യജനനീയോടുള്ള ഭക്തി പ്രകടിപ്പിക്കുന്നതിനും അവളുടെ സഹായം തേടുന്നതിനും ഉപയുക്തമായ നിരവധി ഭക്താനുഷ്ഠാനങ്ങളും പ്രാർത്ഥനകളും നിലവിലുണ്ട്. ഇവയിൽ പ്രമുഖമായ ഒന്നാണ് ജപമാല പ്രാർത്ഥന.

എണ്ണത്തിനുവേണ്ടിയുള്ള സൗകര്യം കരുതിയാണ് ജപമാല എന്നു പറയുന്ന ആ മാല ഉപയോഗിക്കുന്നതു്. സാധാരണ ഒരു ജപമാലയിൽ അൻപത്തിമൂന്നു നന്മനിറഞ്ഞമറിയം ചൊല്ലുവാനുള്ള മണികളും ആറ് ആകാശങ്ങളിലിരിക്കുന്ന നമസ്കാരം ചൊല്ലുവാനുള്ള മണികളും ഉണ്ട്. അൻപത്തിമൂന്ന് എന്ന എണ്ണം മനസ്സിൽ വച്ചുകൊണ്ട് ജപമാലപ്രാർത്ഥനയ്ക്കു അൻപത്തിമൂന്നുമണി ജപം എന്നും പേരുണ്ട്. കൊന്തനമസ്കാരം എന്ന പേരിലും ഇതറിയപ്പെടുന്നു.

പ്രാചീനകാലത്തുള്ള സന്യാസസഭകളിൽ, മരിച്ചുപോയ ആളുടെ ആത്മശാന്തിക്കായി വിശുദ്ധ ബലി അർപ്പിക്കുകയും അതിൽ സംബന്ധിക്കുകയും ചെയ്യുന്നതുകൂടാതെ 150 സങ്കീർത്തനങ്ങളൊ, അതിന്റെ ഒരു ഭാഗമൊ ചൊല്ലുക പതിവായിരുന്നു. സന്യാസസഭയിൽവച്ചു മരിച്ചുപോയ ഒരു സഹോദരനുവേണ്ടി ആ

www.malankaralibrary.com



സഭയിൽപ്പെട്ട ഓരോ വൈദീകനും ഒരു വിശുദ്ധ കർബാന അർപ്പിക്കുകയും അൻപതു് സങ്കീർത്തനങ്ങൾ ചൊല്ലുകയും ചെയ്യണമെന്നു് 800 A. D-ൽ വി. ഗാൾ (St. Gall) കല്പന പുറപ്പെടുവിക്കയുണ്ടായി. ചില ഉപകാരികളുടെ ആത്മശാന്തിക്കുവേണ്ടി ഓരോ സന്യാസിയും അൻപതു സങ്കീർത്തനങ്ങൾ രണ്ടുപ്രാവശ്യം ചൊല്ലുകയും ഓരോ വൈദികനും ഒരു വിശുദ്ധ കർബാന വീതം അർപ്പിക്കുകയും ചെയ്യണമെന്നു് ചില സന്യാസസഭകളിൽ നിയമം ഉണ്ടായിരുന്നു. സങ്കീർത്തനങ്ങൾ സന്യാസികൾ ഒന്നിച്ചു പാടുകയായിരുന്നു പതിവു്. ക്രമേണ ചില സന്യാസസഭകളിൽ തുണസഹോദരന്മാർ (Lay Brothers) ഒരു പ്രത്യേകവിഭാഗമായിത്തീർന്നു. അവരിൽ മിക്കവരും അക്ഷരാഭ്യാസം ഇല്ലാത്തവർ ആയിരുന്നതിനാൽ അത്രയും ആകാശങ്ങളിലിരിക്കുന്ന നമസ്കാരമൊ, നന്മനിറഞ്ഞമറിയമൊ ചൊല്ലിയാൽ മതി എന്നൊരു നിയമമുണ്ടായി. ഇപ്രകാരം കൃത്യ എണ്ണമനുസരിച്ചുള്ള പ്രാർത്ഥന നടത്തുന്നതിനുവേണ്ടി ഒരു ചരടിൽ ഏററം ചെറിയ ലോഹഗോളങ്ങളോ അസ്ഥിക്കഷണങ്ങളോ അവർ ഉപയോഗിച്ചുപോന്നു. ഈ ഭക്തകൃത്യം സാധാരണജനങ്ങളുടെ ഇടയിലേക്കും വ്യാപിച്ചു. ഇന്നത്തെ നിലയിൽ നാം കാണുന്ന രീതിയിലുള്ള കൊന്ത സൗകര്യാത്ഥം താമസിയാതെ ഉപയോഗത്തിൽ വന്നു. ആവത്തനം കേവലം യാന്ത്രികമായ രീതിയിലാകരുതെന്നുള്ള ചിന്തമൂലം സഭാധികൃതർ ക്രിസ്തുവിൻെറ ജീവിതത്തിലെ ഓരോ സംഭവവും ഓരോ ദശകത്തോടുകൂടി ധ്യാനവിഷയമാക്കി. അങ്ങനെയാണു് ഇന്നു കാണുന്നരീതിയിലുള്ള പതിനഞ്ചു് "ദിവ്യരഹസ്യങ്ങൾ" ജപമാലയോടുകൂടി ഘടിപ്പിക്കപ്പെട്ടതു്. 11-ാം നൂററാണ്ടിൻെറ ആരംഭത്തിൽ ജീവിച്ചിരുന്ന വിശുദ്ധ ഡോമിനിക്കിനു് കന്യകമറിയാം പ്രത്യക്ഷയായി, ജപമാലഭക്തി പ്രചരിപ്പിക്കുന്നതിനുള്ള നിർദ്ദേശം നല്കി. അദ്ദേഹം അതനുസരിച്ചു പ്രവത്തിച്ചു. അന്നു സഭയ്ക്കെതിരായി ഉയർന്നുവന്ന പാഷണ്ഡതയെ തുരത്തുന്നതിനു് തിരുസഭ ഉപയോഗിച്ച ശക്തിമത്തായ ആയുധം ജപമാലപ്രാത്ഥനയായിരുന്നു.

www.malankaralibrary.com



1858-ൽ ദൈവജനനി ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടപ്പോൾ തൃക്കയ്യിൽ അവിടുന്നു ഒരു ജപമാല വഹിച്ചിരുന്നുവെന്നുമാത്രമല്ല, ജപമാല പ്രാർത്ഥന ചൊല്ലുന്നതിനു ബർണ്ണദീത്തായെ (ഈ പെൺകുട്ടിയ്ക്കാണു മാതാവു് ലൂർദ്ദിൽ പതിനെട്ടു പ്രാവശ്യം തുടരെ പ്രത്യക്ഷപ്പെട്ടതു്) പ്രേരിപ്പിക്കുകയും ചെയ്തു. 1917-ൽ ഫാത്തിമായിൽവച്ചു് നി ഷ്കളങ്കരായ മൂന്നു കുട്ടികൾക്കു് കന്യകമറിയം പ്രത്യക്ഷയാകയും ജപമാലഭക്തിയുടെ ആവശ്യകതയെക്കുറിച്ചു് ലോകത്തെ ഉത്ബോധിപ്പിക്കുകയും ചെയ്തു. അന്ധകാരശക്തികൾ ലോകത്തെ വലയം ചെയ്തിരിക്കുന്ന ഇക്കാലത്തു് ലോകത്തിന്റെ ധാർമ്മികമായ നിലനില്പിനും സഭയുടെ ഭദ്രതയ്ക്കും ജപമാലപ്രാർത്ഥന എന്ന ഭക്തകൃത്യം ഒരു പ്രത്യൗഷധമാണു് എന്നുതന്നെ പറയാം. നമുക്കേവർക്കും ഈ ഭക്തകൃത്യം ശരിയായരീതിയിൽ അനുഷ്ഠിക്കാം.

പരിശുദ്ധ കന്യകയോടു് കൂടുതൽ ബഹുമാനം പ്രകടിപ്പിക്കുന്നതിനും അവളുടെ ജീവിതത്തിലെ ഗുണഗണങ്ങൾ വിശ്വാസികളുടെ ജീവിതത്തിൽ പകർത്തുന്നതിനുംവേണ്ടി, കത്തോലിക്കാസഭയിൽ ആ നല്ല അമ്മയുടെ നേർക്കുള്ള അനേകം ഭക്തകൃത്യങ്ങളും സംഘടനകളും നിലവിലുണ്ടു്. ലീജിയൻഓഫ്മേരി, സൊഡാലിററി, കർമ്മലമാതാവിന്റെ ഉത്തരീയസഭ എന്നിവ ഈ ഭക്തസംഘടനകളിൽ ചിലതാണു്. "കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എന്നെ ഭാഗ്യവതിയെന്നു വിളിയ്ക്കും".

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ, സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ!

www.malankaralibrary.com

# അദ്ധ്യായം 19

## കത്തോലിക്കാസഭയേക്കുറിച്ചുള്ള മുൻവിധിയും ദുഷ്പ്രചരണങ്ങളും

"ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ അതു നിങ്ങൾക്കു മുൻപേ എന്നെ ദ്വേഷിച്ചു എന്നറിഞ്ഞുകൊള്ളുവിൻ. നിങ്ങൾ ലോകത്തിൽനിന്നുള്ളവരായിരുന്നുവെങ്കിൽ ലോകം സ്വന്തമായുള്ളതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ ഞാൻ നിങ്ങളെ ലോകത്തിൽനിന്നും തിരഞ്ഞെടുത്തതുകൊണ്ടു് നിങ്ങൾ ലോകത്തിൽനിന്നുള്ളവരല്ല. അതുകൊണ്ടാണു് ലോകം നിങ്ങളെ ദ്വേഷിക്കുന്നതു്" (യോഹ. 15: 18–19).

ആരംഭംമുതൽ ഇന്നുവരെ സഭ അധിക്ഷേപങ്ങൾക്കും ദുഷ്പ്രചരണങ്ങൾക്കും ഇരയായിത്തീർന്നിട്ടുണ്ടു്. കത്തോലിക്കാതിരുസഭയ്ക്കല്ലാതെ ലോകത്തിലുള്ള യാതൊരു സ്ഥാപനത്തിനും ഉണ്ടായിട്ടില്ലാത്തതും ഉണ്ടാകാത്തതുമായ ഒരവസ്ഥയാണിതു്. നമ്മുടെ നാട്ടിൽതന്നെ കത്തോലിക്കാസഭയെക്കുറിച്ചു് അകത്തോലിക്കസഹോദരങ്ങളുടെയിടയിൽ വളരെ വളരെ വിചിത്രതരങ്ങളായ ധാരണകളാണു് നിലവിലുള്ളതു്. ചിലർ മുൻവിധികളുടെ മഞ്ഞക്കണ്ണാടിയിൽക്കൂടിമാത്രമേ സഭയെ വീക്ഷിക്കുവാൻ ഒരുമ്പെടുന്നുള്ളു. മററു ചിലക്കാകട്ടെ കത്തോലിക്കാസഭയെയും സഭയുടെ പ്രബോധനങ്ങളെയുംകുറിച്ചു് വലുതായ അജ്ഞതയാണുള്ളതു്. വേറൊരു കൂട്ടർ കത്തോലിക്കാസഭയോടു് കേവലമായ വെറുപ്പും വിദ്വേഷവും പ്രക

www.malankaralibrary.com



ടിപ്പിക്കുന്നു. കത്തോലിക്കാസഭയേക്കുറിച്ച് ദുഷ്പ്രചരണങ്ങൾ നടത്തുന്നതിൽ അവർക്ക് വലിയ ഔൽസുക്യമാണുള്ളത്. സഭയെക്കുറിച്ച് തങ്ങൾ കേൾക്കുന്ന ദുഷ്പ്രചരണങ്ങളുടെ യാഥാർത്ഥ്യത്തെക്കുറിച്ച് ഒട്ടുംതന്നെ അന്വേഷിക്കാതെ അവ വിശ്വസിക്കുന്നതിനും അവർ തയ്യാറാണ്.

നമ്മുടെ മിക്ക അകത്തോലിക്കസഹോദരങ്ങളും കത്തോലിക്കാസഭയേയല്ലാ, വാസ്തവത്തിൽ എതിർക്കുന്നത്. പിന്നെയോ തങ്ങളുടെ ദൃഷ്ടിയിൽ കത്തോലിക്കാസഭയെന്നു മുൻവിധിമൂലം കാണപ്പെടുന്ന എന്തോ ഒന്നിനെയാണ്. സഭ പഠിപ്പിക്കാത്ത കാര്യങ്ങൾ പഠിപ്പിക്കുന്നെന്നു പറഞ്ഞുകൊണ്ട് സഭയെ എതിർക്കുകയാണ് മിക്കവരും ചെയ്യുക.

നമ്മുടെ നാട്ടിലുള്ള പല ക്രൈസ്തവവിഭാഗങ്ങളും പരസ്പരം കുററപ്പെടുത്തുക പതിവാണെങ്കിലും കത്തോലിക്കാസഭയെ എതിർക്കുന്നകാര്യത്തിൽ അവയെല്ലാം പൂർണ്ണയോജിപ്പിലാണെന്നുള്ളകാര്യം നമുക്കനുഭവമുള്ളതാണ്. ഇതിൻെറ കാരണമെന്ത്? അത് സുവിദിതമാണ്. കത്തോലിക്കാസഭ ക്രിസ്തു സ്ഥാപിച്ച ഏക സത്യസഭയാണ്. ക്രിസ്തുവിൻെറ പിൻതുടർച്ചതന്നെയാണ്; നല്ല കെട്ടുറപ്പുള്ള—വിശ്വവ്യാപകമായ—സംഘടനയാണ്. ദൈവീകമായ ഒരു അത്ഭുത സ്ഥാപനമാണ്. സഭയുടെ ദൗത്യവും ലക്ഷ്യവും ദൈവീകമാണ്. തൻെറ ലക്ഷ്യപ്രാപ്തിയ്ക്കു സഭ ഉപയോഗിക്കുന്ന മാർഗ്ഗങ്ങളും ദൈവികംതന്നെ. ലോകവും സഭയുമായുള്ള നിരന്തര പോരാട്ടത്തിൻെറ അടിസ്ഥാനകാരണം ഇവിടെയാണു സ്ഥിതിചെയ്യുന്നത്. തന്നിഷ്ടംമൂലം സഭയിൽനിന്നു പിരിഞ്ഞുപോയവർക്ക് തങ്ങളുടെ നിലപാട് സാധൂകരിക്കുന്നതിന് സഭയെ കുററപ്പെടുത്തുക ആവശ്യമായി തോന്നുന്നത് സാധാരണമാണ്.

കത്തോലിക്കാസഭമാത്രമാണ് കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സത്യതിരുസഭ എന്നുള്ള അവകാശവാദം കത്തോലിക്കർ ഉപേക്ഷിക്കുകയാണെങ്കിൽ സഭയ്ക്കു ഇന്നനുഭവപ്പെ

www.malankaralibrary.com



ടുന്നതുപോലെയുള്ള മുൻവിധികളും ദുഷ്പ്രചരണങ്ങളും എതിർപ്പുകളും നേരിടേണ്ടിവരികയില്ല. യാതൊരകത്തോലിക്കാവിഭാഗവും കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സത്യതിരുസഭ തങ്ങളുടേതാണെന്നുള്ള വാദം ഉന്നയിക്കുന്നില്ലെന്നും ഇത്തരുണത്തിൽ നാം ഓർക്കണം. നേരേമറിച്ച്, കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം താൻ മാത്രമാണ് ക്രിസ്തുവിൻെറസഭ എന്നുള്ള വാദവും അതു തെളിയിക്കുന്നതിനുള്ള വസ്തുതകളും സഭയ്ക്കു ശ്വസിക്കുവാനുള്ള പ്രാണവായുതന്നെയാണെന്നു പറയാവുന്നതാണ്. സത്യത്തിൻെറ ആത്മാവാണ് സഭയെ വഴിനടത്തുന്നത്. സത്യത്തിനു സാക്ഷിനിൽക്കുകയാണ് സഭയുടെ ചുമതല. മററുള്ളവരെ പ്രീതിപ്പെടുത്തുവാനോ മററുള്ളവരുടെ എതിർപ്പുകൾ ഉണ്ടാകാതിരിക്കുന്നതിനോവേണ്ടി സത്യത്തെ ബലികഴിക്കുവാൻ സഭ തയ്യാറല്ലതന്നെ.

കത്തോലിക്കാസഭയാണു സത്യസഭയെന്നു സമ്മതിച്ചാൽ മററുള്ള വിഭാഗങ്ങൾ തെററാണെന്ന് അവർ സ്വയം സമ്മതിക്കേണ്ടിവരും. അതിനാൽ കത്തോലിക്കാസഭയെ തെററായ രീതിയിൽ ചിത്രീകരിച്ച് തങ്ങളുടെ നില ഉറപ്പിക്കുവാൻ സാധിക്കുമോ എന്ന് പരീക്ഷിച്ചുനോക്കുകയാണ് എതിരാളികൾ ചെയ്യുക. എല്ലാ സഭകളും ശരിയാകുവാൻ സാധ്യമല്ലല്ലൊ. എല്ലാ സഭകളും ഒരുപോലെ ശരിയാണെന്നു പറയുക സത്യവും അസത്യവും ഒരുപോലെയാണെന്നോ പകലും രാത്രിയും ഒന്നാണെന്നോ പറയുന്നതിനു തുല്യമാണ്. വിശാലമനഃസ്ഥിതിയുടെപേരിൽ ആത്മരക്ഷയെ ബാധിക്കുന്ന കാര്യങ്ങൾക്ക് ഒത്തുതീർപ്പു ഉണ്ടാക്കാൻ സഭ സന്നദ്ധയല്ലതന്നെ. അകത്തോലിക്കാസഭകൾ പലതും ഇങ്ങനെയുള്ള തലതിരിഞ്ഞ ഒത്തുതീർപ്പുകൾ മുഖേന ഐക്യതയുണ്ടാക്കുവാനാണ് ഇക്കാലത്തു് പരിശ്രമിക്കുന്നതു്. രണ്ടും രണ്ടും നാലാണെന്ന് ഒരുകൂട്ടർ പറയുമ്പോൾ, അല്ലാ, അഞ്ചാണെന്ന് വേറൊരുകൂട്ടർ വാദിക്കുന്നു എന്നിരിക്കട്ടെ. അപ്പോൾ വിശാലമനസ്ക്കരായ ഒരുകൂട്ടർ വന്ന് രണ്ടും രണ്ടും നാലരയാണെന്ന് ഒരു ഒത്തുതീർപ്പി

www.malankaralibrary.com



ന ശ്രമിച്ചാൽ സത്യത്തോടു് ബഹുമാനവും സുബുദ്ധിയുമുള്ളവർ ആ ഒത്തുതീർപ്പിൽ സമാധാനപ്പെടുകയില്ലല്ലൊ. ഇങ്ങനെയുള്ള ഒത്തുതീർപ്പിനാണു് കത്തോലിക്കാസഭ ഒരിയ്ക്കലും വഴിപ്പെടാത്തതു്.

വിചിത്രതരമായ മുൻവിധികൾമൂലം കത്തോലിക്കാസഭയെക്കുറിച്ചു് പഠിക്കുന്നതിനോ അന്വേഷിക്കുന്നതിനോ തയാറില്ലാത്ത ആളുകൾ വാസ്തവത്തിൽ തങ്ങളുടെ ആത്മരക്ഷയെ സംബന്ധിച്ചിടത്തോളം വലിയ അപകടസന്ധിയിലാണു സ്ഥിതിചെയ്യുന്നതു്. "നസ്രേത്തിൽനിന്നു നന്മയായിട്ടുള്ളതു് എന്തെങ്കിലും ഉണ്ടാകുവാൻ കഴിയുമോ" എന്നു് നഥാനിയേൽ പീലിപ്പോസിനോടു് ചോദിക്കുകയുണ്ടായല്ലൊ. "മൂശ നിയമത്തിലും പ്രവാചകന്മാർ ദീർഘദർശനങ്ങളിലും ആരെക്കുറിച്ചു് എഴുതിയിരിക്കുന്നുവോ അവൻ, യൗസേപ്പിന്റെ പുത്രനായ നസ്രേത്തിൽനിന്നുള്ള യേശു ആകുന്നു എന്നു് ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു" എന്നു് പീലിപ്പോസ് നമ്മുടെ രക്ഷകനെക്കുറിച്ചു് സാക്ഷിച്ച വേളയിലാണു് നഥാനിയേൽ ഈ ചോദ്യം ചോദിച്ചതു്. നസ്രേത്തിനെക്കുറിച്ചു് നഥാനിയേലിനു് വലിയ മുൻവിധിയാണുണ്ടായിരുന്നതു്. തന്മൂലമാണു് ഈ ചോദ്യം ചോദിക്കുവാൻ അയാൾ തുനിഞ്ഞതു്. പക്ഷെ, പീലിപ്പോസാകട്ടെ നഥാനിയേലിനോടു് ഇങ്ങനെ പറഞ്ഞു: "വരിക അപ്പോൾ നിനക്കു കാണാം". നഥാനിയേൽ പീലിപ്പോസിന്റെ ആഹ്വാനമനുസരിച്ചു് നമ്മുടെ കർത്താവിന്റെ പക്കലേക്കു പോയി. അവിടെവച്ചു് മുൻവിധികൾ അപ്രത്യക്ഷമാകയും ക്രിസ്തുനാഥനിൽ അയാൾ വിശ്വസിക്കുകയും ചെയ്തു.

കത്തോലിക്കാസഭയെക്കുറിച്ചു് അബദ്ധപരമായ മുൻവിധികൾ വച്ചുസൂക്ഷിക്കുന്നവർ സഭയെപ്പററി അന്വേഷിക്കുകയും പഠിക്കുകയുംചെയ്തിരുന്നുവെങ്കിൽ അവളുടെ പ്രകൃത്യതീതമായ മാഹാത്മ്യം, ദൈവീകമായ സ്ഥാപനം, സേവനാത്മകമായ പ്രവർത്തനരീതികൾ, സർവ്വോപരി സഭയുടെ വിശുദ്ധി, ആ വിശുദ്ധിമൂലം സു

www.malankaralibrary.com



കൃതികളായിത്തീൎന്നിട്ടുള്ള ആയിരക്കണക്കിന്, അല്ല ലക്ഷക്കണക്കിന് ആളുകളുടെ സുരഭില ജീവിതം ഇവ വ്യക്തമായി കാണുവാൻ അവൎക്കു കഴിയുമായിരുന്നു.

കത്തോലിക്കാസഭയെക്കുറിച്ചുള്ള ദുരാരോപണങ്ങളും ദുഷ്പ്രചരണങ്ങളും തെററായ മുൻവിധികളും കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ നാം മനസ്സു മടുക്കേണ്ടതില്ല. തന്റെ സഭയോടു നരകവാതിലുകൾ പ്രബലപ്പെടുകയില്ല എന്നാണല്ലോ നമ്മുടെ കത്താവു അരുളിച്ചെയ്തിട്ടുള്ളതു്. പ്രബലപ്പെടുകയില്ല എന്നു പറയുമ്പോൾ തീർച്ചയായും നാരകീയശത്രുക്കൾ, സഭാദ്വേഷികൾ, അബദ്ധോപദേശകർത്താക്കൾ, സഭാമർദ്ദകർ—ഇവരെല്ലാം സഭയ്ക്കെതിരായി അണിനിരക്കുമെന്നും അടരാടുമെന്നുമാണല്ലോ വ്യംഗ്യം. ഒരൎത്ഥത്തിൽ നോക്കിയാൽ ഇതു സഭയുടെ അഞ്ചാമത്തെ ലക്ഷണം തന്നെയാണെന്നു പറയാം.

അജ്ഞതമൂലം സഭയെക്കുറിച്ചു് തെററായ മുൻവിധികളിൽ വീണുകിടക്കുന്നവൎക്കു് ശരിയായ വെളിച്ചം ലഭിക്കുന്നതിനുവേണ്ടിയും, മനഃപൂൎവ്വം സഭയെ ദ്വേഷിക്കുകയും എതിൎക്കുകയും ചെയ്യുന്നവൎക്കു് മനഃപരിവൎത്തനം എന്ന അനുഗ്രഹം ലഭിക്കുന്നതിനായും നമുക്കു പ്രാൎത്ഥിക്കാം.



www.malankaralibrary.com

# അദ്ധ്യായം 20

## ക്രിസ്തീയ പൗരോഹിത്യം

മതവും പുരോഹിതനും ഇല്ലാത്ത ഒരു ജനവിഭാഗം ലോകത്തിൽ ഉണ്ടായിട്ടില്ലതന്നെ. പുരോഹിതൻ എന്ന് ഇവിടെ ഉപയോഗിച്ചിരിക്കുന്നതിന്റെ വിവക്ഷ, മതപരമായ ശുശ്രൂഷകൾ അനുഷ്ഠിക്കുവാൻ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട–നിയോഗിക്കപ്പെട്ട ആൾ എന്നാണ്.

എങ്കിലും നമ്മുടെ നാട്ടിൽത്തന്നെയുള്ള ക്രൈസ്തവവിഭാഗങ്ങളുടെയിടയിൽ പൗരോഹിത്യം അംഗീകരിക്കുന്നവരും അംഗീകരിക്കാത്തവരും ഉണ്ടെന്നുള്ളതും നമുക്കറിയാവുന്ന ഒരു കാര്യമാണ്.

യഹൂദജനത്തിന്റെ ചരിത്രത്തിലേക്കു നോക്കുമ്പോൾ ഗോത്രപിതാക്കന്മാരുടെകാലത്തുതന്നെ അവരുടെയിടയിൽ പൗരോഹിത്യം നിലനിന്നിരുന്നു എന്നു കാണാം. യഹൂദന്മാർ വർദ്ധിച്ച് വലിയ ഒരു ജനമായിത്തീർന്നപ്പോൾ യഹോവ തന്റെ നിയമം അവർക്കു നൽകുകയും പരസ്യാരാധനയുടെ മഹിമയ്ക്കുവേണ്ടി ഒരു പ്രത്യേക പൗരോഹിത്യം സ്ഥാപിക്കയും ചെയ്തു. ലേവിഗോത്രത്തിൽ പെട്ടവർമാത്രമേ ദൈവാലയത്തിൽ പരികർമ്മങ്ങൾ ചെയ്യാവു എന്നും, മററാരും വൈദികപരമായ ചുമതലകൾ അനുഷ്ഠിക്കരുതെന്നും യഹോവ അനുശാസിച്ചിരുന്നു.

മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ദൈവീകപ്രവർത്തനങ്ങൾ ലോകാവസാനത്തോളം തുടർന്നുകൊണ്ടുപോകുന്നതിനുവേണ്ടി സഭ സ്ഥാ

www.malankaralibrary.com



പിച്ച നമ്മുടെ കർത്താവ് സഭയിൽ പൗരോഹിത്യവും സ്ഥാപിച്ചു എന്നുള്ളത് വേദപുസ്തകത്തിൽ നിന്നുതന്നെ തെളിയുന്ന ഒരു സംഗതിയാണ്. താൻ പന്ത്രണ്ടു ശ്ലീഹന്മാരെ തെരഞ്ഞെടുത്തു. ശ്ലീഹന്മാർക്ക് സഭയുടെ ഭരണം, സഭയിൽ പഠിപ്പിക്കുവാനുള്ള ചുമതല, കൂദാശകൾ കൈകാര്യം ചെയ്യുവാനുള്ള അവകാശം എന്നിവയെല്ലാം നല്കി. അന്തിമഅത്താഴവേളയിൽ അപ്പവും വീഞ്ഞും തന്റെ തിരുശരീരരക്തങ്ങളാക്കിയതിനുശേഷം, അപ്രകാരം പ്രവർത്തിക്കുന്നതിനുള്ള അധികാരം അവിടുന്ന് അപ്പോസ്തലന്മാർക്ക് നൽകി: "ഇതു് എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ" (ലൂക്കാ. 22, 19–20; 1 കൊരി. 11, 23–25). ഉയിർത്തെഴുനേല്പിനുശേഷം ക്രിസ്തുനാഥൻ അപ്പോസ്തലന്മാർക്ക് പ്രത്യക്ഷനായി "നിങ്ങൾക്കു സമാധാനം! എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" എന്നരുളിച്ചെയ്തു. ഇവ അരുളിച്ചെയ്തിട്ട് അവൻ അവരുടെമേൽ ഊതി അവരോട്: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെടും; എന്നാൽ ആരുടെയെങ്കിലും നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും. (യോഹ. 20, 22–23) സുവിശേഷം പ്രസംഗിക്കുവാനും പഠിപ്പിക്കുവാനുമുള്ള അധികാരവും ക്രിസ്തു അവർക്കു നൽകി: "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും എന്റെ സുവിശേഷം അറിയിക്കുവിൻ" (മർക്കോസ് 16, 15).

ഇപ്രകാരം ക്രിസ്തുനാഥൻ അപ്പോസ്തലന്മാർക്ക് നൽകിയ പൗരോഹിത്യാധികാരം അവരുടെ മരണത്തോടുകൂടി അവസാനിക്കേണ്ടതല്ലായിരുന്നു. ലോകാവസാനത്തോളം മനുഷ്യരക്ഷയ്ക്കുവേണ്ടി അതു് അഭംഗുരം തുടരേണ്ടിയിരുന്നു: "അവർ എല്ലാ സഭയിലും അവരോടുകൂടി ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് അവർക്കായി പുരോഹിതന്മാരെ നിയമിച്ചും അവർ വിശ്വസിച്ചിരുന്ന നമ്മുടെ കർത്താവിന് അവരെ ഭരമേല്പിച്ചു" (നടപടി 14, 24). നടപടിപ്പുസ്തകം 13–ാം അദ്ധ്യായവും ഇത്തരുണത്തിൽ ശ്ര

www.malankaralibrary.com



ധേയമാണ്: "അവർ ഉപവസിക്കുകയും ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ പരിശുദ്ധാത്മാവു് അവനോടു ശാവൂലിനേയും, ബർന്നബായേയും ഞാൻ അവരെ വിളിച്ചിരിക്കുന്ന വേലയ്ക്കുവേണ്ടി, എനിക്കായി വേർതിരിക്കുവിൻ എന്നരുളിച്ചെയ്തു. അവർ ഉപവസിക്കുകയും പ്രാർത്ഥിക്കുകയുംചെയ്തശേഷം അവരുടെമേൽ കൈവച്ച് അവരെ അയച്ചു. പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ടപ്പോൾ അവർ സെലവുക്കിയായിലേക്ക് പോകുകയും അവിടെനിന്ന് കെവുപ്രോസ് (സൈപ്രസ്)വരെ കടൽയാത്രചെയ്യുകയും ചെയ്തു".

കത്തോലിക്കാസഭയിലെ പൗരോഹിത്യംമാത്രമേ യഥാർത്ഥത്തിൽ ശ്ലൈഹികമായിട്ടുള്ളു. സഭയുടെ നാലു ലക്ഷണങ്ങൾ നാം ചർച്ചചെയ്ത വേളയിൽ ആഭ്യന്തരമായും ബാഹ്യമായുമുള്ള ശ്ലൈഹികത്വം ഉണ്ടെന്നും അവ രണ്ടും ഒരുപോലെ യോജിച്ച് കത്തോലിക്കാസഭയിൽ മാത്രമേ ഉള്ളുവെന്നും നാം കണ്ടതാണ്. സത്യവിശ്വാസത്തിലുള്ള നിലനില്പ്, ന്യായമായ പൗരോഹിത്യസ്വീകരണം, സാധുവായ അധികാരം ഇവ മൂന്നും കത്തോലിക്കാസഭയിലെ പൗരോഹിത്യത്തിൽമാത്രമേ കാണുകയുള്ളു. ശീശ്മസഭകളിലും പ്രോട്ടസ്റ്റൻറുവിഭാഗം ഒഴികെയുള്ള ചില പാഷണ്ഡസഭകളിലും പട്ടത്വവും കൂദാശകളും ഉണ്ടെങ്കിലും അവ ന്യായമായ രീതിയിൽ കൈകാര്യംചെയ്യുവാനുള്ള അധികാരവും അവകാശവും ആ സഭകൾക്കോ ആ സഭയിലെ പുരോഹിതന്മാർക്കോ ഇല്ലതന്നെ.

ക്രിസ്തു ഒരുസഭയെമാത്രമേ സ്ഥാപിച്ചുള്ളു. ആ സഭയുടെ നിലനിൽപ്പിനും ആത്മാക്കളുടെ ശുദ്ധീകരണത്തിനുമായിട്ടാണ് താൻ പൗരോഹിത്യവും മററു കൂദാശകളും സ്ഥാപിച്ചത്. സുവിശേഷം പ്രസംഗിക്കുക, ആത്മാക്കളുടെ പവിത്രീകരണത്തിനുവേണ്ടി കൂദാശകൾ അനുഷ്ഠിക്കുക, സഭാഭരണം നടത്തുക ഇവയെല്ലാം ക്രിസ്തുവിൻെറ മൗതികശരീരമായ സഭയുടെ പ്രചരണത്തിനും, അഭിവൃദ്ധിയ്ക്കും, നിലനില്പിനുംവേണ്ടി മാത്രമുള്ളതാണ്. അതിനാൽ

www.malankaralibrary.com



ആരിൽ നിയമാനുസൃതവും സാധുത്വമുള്ളതുമായ(Legal&Valid) അധികാരം സ്ഥിതിചെയ്യുന്നുവോ അവർക്കുമാത്രമേ പൗരോഹിത്യത്തിനടുത്ത പരികർമ്മങ്ങൾക്കവകാശമുള്ളു.

ക്രിസ്തു പഠിപ്പിച്ച വിശ്വാസസത്യങ്ങൾ പഠിപ്പിക്കുവാൻ ഒരുങ്ങുന്ന ആൾ ക്രിസ്തുവിൻെറ പ്രതിനിധി എന്നുള്ള നിലയിലാണല്ലൊ പ്രവർത്തിക്കുക. "ആകയാൽ ഞങ്ങൾ മിശിഹായ്ക്കുവേണ്ടിയുള്ള പ്രതിപുരുഷന്മാരാകുന്നു" (2 കൊരിന്തി. 5; 20) എന്നാണല്ലോ വിശുദ്ധ പൗലോസ് പറയുന്നതു്. നമ്മുടെ ഇൻഡ്യയിലുള്ള രാഷ്ട്രീയ സ്ഥാനാപതികൾ അഥവാ പ്രതിപുരുഷന്മാർ തങ്ങളുടെ അധികാരപത്രം ഇൻഡ്യൻ പ്രസിഡൻറിനു സമർപ്പിച്ചതിനുശേഷമാണല്ലൊ ഇൻഡ്യയിൽ തങ്ങളുടെ ജോലി ആരംഭിക്കുക. കാരണം അവർ അവരുടെ രാജ്യങ്ങളെ ശരിയായും നിയമാനുസൃതമായും പ്രതിനിധീകരിക്കുന്നവരാണെന്ന് ഇൻഡ്യൻപ്രസിഡൻറ് അംഗീകരിക്കേണ്ടതായിരിക്കുന്നു. വലിയ ഒരു കമ്പനിയുടെ പ്രതിനിധിയാണു താനെന്നു് ആരെങ്കിലും നമ്മോടു പറഞ്ഞു് നാമുമായി ഇടപെടുന്നപക്ഷം അയാൾ പറയുന്നതു് ശരിയാണെന്നു നമുക്കു ബോദ്ധ്യമാകണം. ഇങ്ങനെ ലൗകികകാര്യങ്ങളിൽപോലും ശരിയായ പ്രതിനിധികൾക്കു് പ്രത്യേകസ്ഥാനപത്രങ്ങൾ ആവശ്യമാണെങ്കിൽ ക്രിസ്തുവിൻെറ പ്രതിനിധികളായി അംഗീകരിക്കപ്പെട്ടവർക്കുമാത്രമേ സുവിശേഷം ഔദ്യോഗികമായി പ്രസംഗിക്കാനും പൗരോഹിത്യപരമായ പരികർമ്മങ്ങൾ അനുഷ്ഠിക്കുവാനും അധികാരമുള്ളു എന്നു് വ്യക്തമല്ലേ? "അയയ്ക്കപ്പെടുന്നില്ലെങ്കിൽ അവർ എങ്ങനെ പ്രസംഗിക്കും? (റോമാ. 10; 15). "എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20; 21) എന്നാണല്ലൊ നമ്മുടെ കർത്താവു തൻെറ ശ്ലീഹന്മാരോടു കല്പിച്ചതു്. ശ്ലീഹാ എന്ന വാക്കിൻെറ അർത്ഥംതന്നെ അയയ്ക്കപ്പെട്ടവൻ എന്നാണല്ലൊ.

ശ്ലീഹന്മാരുടെ മരണാനന്തരവും ലോകാവസാനംവരെ സഭ നിലനില്ക്കേണ്ടതുകൊണ്ടു് ശ്ലീഹന്മാർക്കു പിൻഗാമികൾ ഉണ്ടായിരി

www.malankaralibrary.com



ക്കണമെന്നുള്ളതു് നാം മുൻപു കണ്ടതാണ്. തങ്ങളുടെ ചുമതല കൾ മററുള്ളവർ തുടൎന്നുകൊണ്ടു പോരേണ്ടതിന് ശ്ലീഹന്മാർ സഭയിൽ മെത്രാന്മാരെ വാഴിച്ചുവെന്ന് വേദപുസ്തകം സാക്ഷിക്കുന്നു: യൂദാസ്കറിയോത്തായുടെ സ്ഥാനത്തു് മത്തിയാസ് തെരഞ്ഞെടുക്കപ്പെട്ടു. തിമോത്തിയോസിനെ എഫേസൂസിൽ വിശുദ്ധ പൗലോസ് മെത്രാനായി വാഴിച്ചു. ക്രേത്തയിൽ തീത്തൂസിനെയും വിശുദ്ധ പൗലോസ് വാഴിച്ചു. "നീ പോരായ്കയുള്ളവ ക്രമപ്പെടുത്തുകയും ഞാൻ നിന്നോടു കല്പിച്ചിട്ടുള്ളതുപോലെ നഗരംതോറും പുരോഹിതന്മാരെ നിയമിക്കയും ചെയ്യേണ്ടതിനാകുന്നു ഞാൻ ക്രേത്തായിൽ നിന്നെ ആക്കിയിട്ടു പോന്നതു്" (തീത്തൂസ് 1; 5). വിശുദ്ധ ശ്ലീഹാതന്നെ എബ്രായക്കാൎക്കുള്ള ലേഖനത്തിൽ പ്രസ്താവിക്കുന്നു: "എന്തെന്നാൽ മനുഷ്യരിൽനിന്നുള്ള ഏതു പ്രധാനാചാര്യനും പാപങ്ങൾക്കുവേണ്ടി കാഴ്ചകളും ബലികളും അർപ്പിക്കുവാനായി ദൈവികമായിരിക്കുന്ന കാര്യങ്ങളിൽ മനുഷ്യരെക്കുറിച്ചു് നിയമിക്കപ്പെടുന്നു. അവനും ബലഹീനതയെ ധരിച്ചിരിക്കകൊണ്ടു് തന്നെത്തന്നെ താഴ്ത്തുവാനും അറിവില്ലാത്തവരോടും വഴി തെററിപ്പോകുന്നവരോടും സഹതപിക്കുവാനും കഴിയുന്നവൻ ആകുന്നു. ഇതിനാൽ ജനത്തിനുവേണ്ടി ഏപ്രകാരമോ അപ്രകാരം തന്നെ തനിക്കുവേണ്ടികൂടെയും തൻെറ പാപങ്ങളെക്കുറിച്ചു് ബലി സമർപ്പിക്കുവാൻ അവൻ കടപ്പെട്ടവനാകുന്നു. അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെട്ടവനല്ലാതെ ഒരുവനും ഈ ബഹുമാനം സ്വയമേവ സ്വീകരിക്കുന്നില്ല. ഇപ്രകാരംതന്നെ മിശിഹായും പ്രധാനാചാര്യനാകുവാനായി സ്വയമേവ മഹത്വപ്പെടുത്തിയില്ല. നീ എൻെറ പുത്രനാകുന്നു; ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചു എന്ന് അവനോടരുളിച്ചെയ്തവൻ അകുന്നു മഹത്വപ്പെടുത്തിയതു്" (എബ്രായ 5, 1–5). ഇങ്ങനെ ക്രിസ്തുതന്നെയും പിതാവിനാൽ അയയ്ക്കപ്പെടുകയാണുചെയ്തതു്. പിതാവു തന്നെ അയച്ചതുപോലെ ക്രിസ്തു ശ്ലീഹന്മാരെ അയച്ചു. ശ്ലീഹന്മാർ മററുള്ളവരെ അയച്ചു. അപ്പോൾ ശ്ലീഹന്മാർ ഏതു ഉദ്ദേശത്തോടുകൂടി ഏതുസഭയുടെ ആവശ്യത്തിനുവേണ്ടി മററുള്ളവരെ അയച്ചുവോ ആ ഉദ്ദേശവും ആ ആവ

www.malankaralibrary.com



ശ്യവും അവർ നിർവഹിക്കേണ്ടതാണ്. ശ്ലീഹന്മാരോടു ബന്ധമുള്ള ന്യായമായ അധികാരത്തിൽനിന്ന് വേർപെട്ടുകയോ വേർപെട്ടുത്തപ്പെട്ടുകയോ ചെയ്യുന്നവർക്ക് ക്രിസ്തുവിൻെറ പ്രതിപുരുഷന്മാരെന്നുള്ള നിലയിൽ യാതൊന്നും ചെയ്യുവാനുള്ള അവകാശമോ അധികാരമോ ഇല്ല. ഇങ്ങനെയുള്ളവർക്ക് തങ്ങളുടെ അവകാശവും അധികാരവും തെളിയിക്കുവാനും സാധിക്കുകയില്ല.


തന്മൂലമാണ് പട്ടത്വമുണ്ടെങ്കിൽതന്നെയും പട്ടത്വത്തിനടുത്ത കാര്യങ്ങൾ നിർവ്വഹിക്കുവാനുള്ള അധികാരവും അവകാശവും ശീശ്മയിലും പാഷണ്ഡതയിലും ജീവിക്കുന്ന വൈദികർക്കു് ഇല്ലെന്നു മുൻപു പ്രസ്താവിച്ചതു്. തങ്ങൾ നിൽക്കുന്ന സഭ തെററാണെന്നറിഞ്ഞതിനുശേഷവും വൈദികപരമായ കർമ്മങ്ങൾ അനുഷ്ഠിക്കുന്ന പുരോഹിതന്മാരുണ്ടെങ്കിൽ അവർ മനഃപ്പൂർവ്വമുള്ള പാപത്തിൽ തുടരുകയാണു്. തങ്ങൾ നിൽക്കുന്ന സഭ തെററാണെന്നു് ബോദ്ധ്യപ്പെട്ടതിനുശേഷം ആ തെററായ സഭയിലെ പുരോഹിതന്മാരിൽനിന്നു് കൂദാശകൾ സ്വീകരിക്കുകയും ആ വൈദികന്മാരുടെ വൈദികകർമ്മങ്ങളിൽ ഭാഗഭാക്കുകളാകയും ചെയ്യുന്നവർ മനഃപ്പൂർവ്വം പാപത്തിൽ തുടരുകയാണു്. ക്രിസ്തുനാഥൻ പൗരോഹിത്യമേ സ്ഥാപിച്ചിട്ടില്ല, സുവിശേഷത്തിൻെറ അറിവുള്ള എല്ലാവരുംതന്നെ വൈദികരാണു് എന്നു പഠിപ്പിക്കുന്ന പ്രോട്ടസ്റ്റൻറുകാർ നമ്മുടെ നാട്ടിൽപോലും ഉണ്ടല്ലൊ. സുവിശേഷവിഹിതസഭയാണു് തങ്ങളുടേതെന്നു് ഭാവിക്കുന്ന അവർ വേദപുസ്തകം ശരിയായി വായിച്ചുനോക്കട്ടെ. അപ്പോൾ പൗരോഹിത്യത്തിൻെറ—സാധുവായ പൗരോഹിത്യത്തിൻെറ—ആവശ്യകത സുവിശേഷത്തിൽ ഊന്നിപ്പറയുന്നതായി കാണാം.

മേല്പറഞ്ഞവ കൂടാതെ, ക്രിസ്തുനാഥൻ പൗരോഹിത്യം സ്ഥാപിച്ചിട്ടില്ലായെന്നു് ശഠിക്കുന്ന പ്രോട്ടസ്റ്റൻറുകാരുടെ ശ്രദ്ധയ്ക്കു് താഴെ പ്രസ്താവിക്കുന്ന വേദവാക്യങ്ങൾകൂടി വിഷയീഭവിപ്പിക്കുന്നു: "ആകയാൽ നിങ്ങളെത്തന്നെയും, മിശിഹാ തൻെറ രക്തംകൊണ്ടു് നേടിയിരിക്കുന്ന അവൻെറ സഭയെ മേയിക്കുവാനായി പരിശുദ്ധാ

www.malankaralibrary.com



ത്മാവ് നിങ്ങളെ അദ്ധ്യക്ഷന്മാരായി സ്ഥാപിച്ചിരിക്കുന്ന ആട്ടിൻകൂട്ടം മുഴുവനെയും നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ” (നടപടി 20; 28); “ഇതിനാൽ എന്റെ കൈവയ്പ്പുമൂലം നിന്നിലുള്ള ദൈവദാനത്തെ നീ ഉണർത്തണമെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നു” (2 തിമോത്തി 1; 6); “നീ ആരുടെമേലും വേഗത്തിൽ കൈവയ്ക്കരുത്” (1 തിമോത്തി 5; 22); “നിങ്ങളിൽ ആരെങ്കിലും രോഗിയായിരിക്കുന്നുവെങ്കിൽ സഭയിലെ മൂപ്പന്മാരെ (പുരോഹിതന്മാരെ) വിളിക്കട്ടെ. അവർ അവനുവേണ്ടി പ്രാർത്ഥിക്കുകയും നമ്മുടെ കർത്താവിന്റെ നാമത്തിൽ തൈലംകൊണ്ട് അവനെ പൂശുകയും ചെയ്യട്ടെ” (യാക്കോബ് 5; 14); “നിങ്ങളുടെ സ്ത്രീകൾ സഭയിൽ മിണ്ടാതിരിക്കട്ടെ. നിയമംതന്നെയും പറഞ്ഞിരിക്കുന്നതുപോലെ കീഴ്പ്പെട്ടിരിക്കുവാനല്ലാതെ സംസാരിക്കുവാൻ അവർക്കനുവാദമില്ലല്ലൊ. അവർ എന്തെങ്കിലും പാഠിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ തങ്ങളുടെ വീടുകളിൽവച്ച് ഭർത്താക്കന്മാരോടു ചോദിക്കട്ടെ. സ്ത്രീകൾ സഭയിൽ സംസാരിക്കുന്നതു് ലജ്ജാവഹമാകുന്നു” (1 കൊരിന്തി. 14, 34–35); “സ്ത്രീ മൗനത്തിൽ മുഴുവനായ അനുസരണത്തോടുകൂടി പഠിക്കട്ടെ. പഠിപ്പിക്കുവാനോ പുരുഷന് എതിരായി തുനിയുവാനോ സ്ത്രീയെ ഞാൻ അനുവദിക്കുന്നില്ല. അവർ അടങ്ങിയിരിക്കട്ടെ” (1 തിമോത്തി 2, 11–12).




MALANKARA
LIBRARY

www.malankaralibrary.com

# അദ്ധ്യായം 21

## കത്തോലിക്കാപുരോഹിതരും ബ്രഹ്മചര്യവും

കത്തോലിക്കാസഭയിലെ പുരോഹിതർ ബ്രഹ്മചാരികളായി ജീവിക്കുന്നവരാണ്. ഏതാനും ചില പൗരസ്ത്യറീത്തുകളിൽ വിവാഹിതരായ വൈദികരും ഇല്ലാതില്ല. സീറോമലങ്കര റീത്തിൽ തന്നെ മററു സഭകളിൽനിന്നും ചേരുന്ന വിവാഹിതരായ ഏതാനും വൈദികർ ഉണ്ടല്ലോ. പൊതുവേ പറഞ്ഞാൽ വൈദികർക്ക് വിവാഹജീവിതം അനുവദിച്ചിട്ടുള്ള റീത്തുകളിൽപോലും വൈദിക വിദ്യാർത്ഥികൾ വിവാഹിതരാകുന്നത് സഭ പ്രോത്സാഹിപ്പിക്കുന്നില്ല എന്നുതന്നെ പറയാം.

വൈദികർ ബ്രഹ്മചര്യമനുഷ്ഠിക്കണമെന്നുള്ള നിയമം കേവലമായ സഭാനിയമം മാത്രമാണ്. ആദ്യത്തെ രണ്ടുമൂന്നു ശതകങ്ങളിൽ വൈദികരുടെ ബ്രഹ്മചര്യത്തെക്കുറിച്ച് സഭയിൽ പ്രത്യേക നിയമമൊന്നുമില്ലായിരുന്നു. എങ്കിലും നമ്മുടെ കർത്താവിന്റെയും പരിശുദ്ധ കന്യകമറിയത്തിന്റെയും മാതൃകയനുസരിച്ച് വിരക്തജീവിതം നയിക്കുന്നതിന് ഉത്സാഹികളായ ഒരു വലിയ ഗണം പുരോഹിതന്മാർ അന്നും സഭയിലുണ്ടായിരുന്നു. വി. എപ്പിഫാനിയൂസ് (303–403). വി. ജറോം, വി. അമ്പ്രോസ് എന്നിവരുടെ ലേഖനങ്ങളിൽനിന്ന് നാം മനസ്സിലാക്കുന്നത്, സഭയുടെ

www.malankaralibrary.com



ആദിമശതകങ്ങളിൽതന്നെ വൈദികരുടെ വിരക്തജീവിതത്തിൻെറ മാഹിമ സഭയിൽ പൊതുവെ അംഗീകരിക്കപ്പെട്ടിരുന്നുവെന്നത്രെ.

നാലാംനൂററാണ്ടിൽ നടന്ന പല സൂനഹദോസുകളിലും ബ്രഹ്മചര്യം പുരോഹിതന്മാരുടെയിടയിൽ അനുഷ്ഠേയമാക്കണമെന്ന് നിശ്ചയം പാസാക്കിയിട്ടുണ്ട്. ഇങ്ങനെ എൽവീരായിലും (Elvira) ആർലസിലും (Arles) നടന്ന പ്രാദേശികസൂനഹദോസുകൾ ആറാം പട്ടക്കാരും വൈദികന്മാരും മെത്രാന്മാരും തങ്ങൾക്കു പട്ടം കിട്ടിയതിനുശേഷം വിരക്തജീവിതം നയിക്കണമെന്ന് അനുശാസിച്ചു. നവീന കേസറിയാ (Neo Caesaria) യിൽവച്ച് 314-ൽ കൂടിയ പ്രാദേശിക സൂനഹദോസ്, വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്ന വൈദികവിദ്യാർത്ഥികൾ ആറാംപട്ടത്തിനു മുൻപുതന്നെ വിവാഹം കഴിക്കുവാനുള്ള തങ്ങളുടെ ഉദ്ദേശം പ്രഖ്യാപിക്കണമെന്ന് തീരുമാനിക്കുകയുണ്ടായി. നാലാംനൂററാണ്ടിലെ സഭാചരിത്രകാരനായ സൊക്രാട്ടസ് (Socrates) 325-ൽ നടന്ന നിഖ്യാസൂനഹദോസിനെക്കുറിച്ച് പരാമർശിക്കുകയിൽ, മെത്രാന്മാരും വൈദികരും ആറാംപട്ടക്കാരും ഭാര്യയിൽനിന്ന് അകന്നു താമസിക്കണമെന്നുള്ള ഒരു പ്രമേയം സൂനഹദോസിൽ ചർച്ചയ്ക്കുവന്നതായും ഈജിപ്തിലെ ഒരു മെത്രാനും അവിവാഹിതനുമായ പഫ്നൂഷ്യസിൻെറ (Paphnutius) അഭിപ്രായമനുസരിച്ച് സൂനഹദോസ് ഇക്കാര്യത്തെക്കുറിച്ച് പ്രത്യേക നിയമമൊന്നും പാസാക്കാതിരിക്കുകയാണുണ്ടായതെന്നും രേഖപ്പെടുത്തിയിരിക്കുന്നു. പക്ഷേ നിഖ്യാസൂനഹദോസിൻെറ വേറൊരു നിശ്ചയത്തിൽ പറഞ്ഞിട്ടുള്ളത് തങ്ങളുടെ സാന്മാർഗ്ഗികതയെക്കുറിച്ച് സംശയമുണ്ടാകത്തക്ക രീതിയിൽ ഏതെങ്കിലും സ്ത്രീയെ വൈദികൻ തൻെറ ഭവനത്തിൽ താമസിപ്പിക്കരുതെന്നാണ്. ഈ നിശ്ചയത്തിൽനിന്നു വ്യക്തമാകുന്നത്, അക്കാലത്തും വൈദികർ പൊതുവെ വിരക്തജീവിതം നയിച്ചിരുന്നു എന്നാണല്ലോ. ഏഴാം ഗ്രിഗോറിയോസ് മാർപ്പാപ്പാ

www.malankaralibrary.com



യാണു് വൈദികരുടെ ബ്രഹ്മചര്യത്തെക്കുറിച്ചുള്ള നിയമങ്ങൾ കൂടുതൽ കർശനമായി സഭയിൽ നടപ്പാക്കിയതു്.

വൈദികരുടെ ബ്രഹ്മചര്യം വേദപുസ്തകത്തിനനുസരണമല്ലെന്നു് ചില അകത്തോലിക്കർ വാദിക്കുന്നുണ്ടു്. ആ വാദം ശരിയല്ലെന്നുള്ളതിനു് വേദപുസ്തകംതന്നെ സാക്ഷ്യംവഹിക്കുന്നു: "മാതാവിൻെറ ഉദരത്തിൽനിന്നു് ഷണ്ഡന്മാരായിത്തന്നെ ജനിക്കയാൽ അങ്ങനെ (ഉള്ളവർ) ഉണ്ടു്. മനുഷ്യർമൂലം ഷണ്ഡന്മാരായിത്തീൎന്ന ഷണ്ഡന്മാരുണ്ടു്. സ്വർഗ്ഗരാജ്യത്തെക്കുറിച്ചു് തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിത്തീൎത്ത ഷണ്ഡന്മാരുമുണ്ടു്. സ്വീകരിക്കുവാൻ കഴിയുന്നവൻ സ്വീകരിക്കട്ടെ" (മത്താ. 19; 12). "എൻെറ നാമംനിമിത്തം വീടുകളെയോ, സഹോദരന്മാരെയോ, സഹോദരികളെയോ, അപ്പനെയോ, അമ്മയെയോ, ഭാര്യയെയോ, മക്കളെയോ, നിലങ്ങളെയോ ഉപേക്ഷിക്കുന്ന ഏവനും ഒന്നിനു നൂറായി ലഭിക്കും. നിത്യജീവനെ അവൻ അവകാശപ്പെടുത്തുകയും ചെയ്യും." (മത്താ. 19; 29). നമ്മുടെ കൎത്താവു ഒരു കന്യകയിൽനിന്നു ജനിച്ചു് വിരക്തജീവിതം നയിക്കുകമാത്രമല്ലാ ചെയ്തതു്; സ്വർഗ്ഗത്തിൽപോലും, വിരക്തജീവിതം നയിച്ചവരെ കൂടുതൽ അനുഗ്രഹിക്കുന്നുവെന്നു് വി. യോഹന്നാൻെറ വെളിപാടിൽനിന്നു് നാം ഗ്രഹിക്കുന്നു: "പിന്നെ ഞാൻ (ഇങ്ങനെ) കണ്ടു. ഇതാ! കുഞ്ഞാടു്; അവനോടുകൂടി അവൻെറ നാമവും അവൻെറ പിതാവിൻെറ നാമവും നെററികളിൽ എഴുതപ്പെട്ടിരിക്കുന്ന നൂററിനാല്പത്തിനാലായിരംപേരും സെഹിയോൻമലയിൽ നിൽക്കുന്നു. പെരുവെള്ളത്തിൻെറ ഇരച്ചിൽപോലെയും വലിയ ഇടിമുഴക്കംപോലെയും സ്വർഗ്ഗത്തിൽനിന്നു് ഒരു സ്വരവും ഞാൻ കേട്ടു. ഞാൻ കേട്ട സ്വരം തങ്ങളുടെ വീണകൾ വായിച്ചു് സിംഹാസനത്തിൻെറ മുൻപിലും നാലു ജീവികളുടെയും മൂപ്പന്മാരുടെയും മുൻപിലും പുതിയ ഗാനം പാടുന്ന വീണവായനക്കാരുടേതുപോലെ(ആയിരുന്നു). ഭൂമിയിൽനിന്നു വിലയ്ക്കു വാങ്ങപ്പെട്ടവരായ നൂററിനാല്പത്തിനാലാ

www.malankaralibrary.com



യിരംപേർക്കല്ലാതെ ആർക്കും ആ ഗാനം പഠിക്കുവാൻ സാധിച്ചിരുന്നില്ല. സ്ത്രീകളോടുകൂടി മലിനപ്പെടാത്തവരായിരുന്നു ഇവർ. ഇവർ വിഷയവിരക്തരാകുന്നു. ഇവരാകുന്നു കുഞ്ഞാട് പോകുന്നിടത്തു അവനെ അനുഗമിക്കുന്നവർ. ഇവർ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി യേശുവിനാൽ മനുഷ്യരിൽനിന്ന് വിലയ്ക്കു വാങ്ങപ്പെട്ടിരിക്കുന്നു" (വെളിപാട് 14; 1-4).

വി. പൗലോസിന്റെ ലേഖനങ്ങളും വിരക്തജീവിതത്തിന്റെ മാഹാത്മ്യവും, ദൈവീകശുശ്രൂഷയ്ക്കായി ആഗ്രഹിക്കുന്നവർ വിരക്തജീവിതം നയിക്കുന്നതിന്റെ അഭികാമ്യതയും പ്രസ്പഷ്ടമാക്കുന്നുണ്ട്. കൊരിന്ത്യർക്കെഴുതിയ ഒന്നാംലേഖനം ഏഴാം അദ്ധ്യായം വായിച്ചുനോക്കുക: "ഇതിനാൽ നിങ്ങൾ ചിന്താകുലതകൂടാതിരിക്കണമെന്നു ഞാൻ ഇച്ഛിക്കുന്നു. ഭാര്യയില്ലാത്തവൻ തന്റെ കർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കുമെന്നുവച്ച് അവിടുത്തെ സംബന്ധിക്കുന്നവ വിചാരിക്കുന്നു. ഭാര്യയുള്ളവൻ തന്റെ ഭാര്യയെ എങ്ങനെ പ്രസാദിപ്പിക്കാം എന്നുവച്ച് ലോകസംബന്ധമായവയെപ്പററി വിചാരപ്പെടുന്നു. എന്നാൽ ഭാര്യയ്ക്കും കന്യകയ്ക്കും തങ്ങളിൽ വ്യത്യാസമുണ്ട്. പുരുഷന് ഭാര്യയായിത്തീർന്നിട്ടില്ലാത്തവൾ തന്റെ ശരീരത്തിലും ആത്മാവിലും പരിശുദ്ധയായിരിക്കേണ്ടതിന് തന്റെ കർത്താവിനെപ്പററി ചിന്തിക്കുന്നു. ഭർത്താവുള്ളവൾ ഭർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കാമെന്നുവച്ച് ലോകത്തേപ്പററി ചിന്തിക്കുന്നു (1 കൊരി. 7; 32-34). ദൈവശുശ്രൂഷയ്ക്കായി അവിവാഹിതജീവിതം നയിക്കുന്നതാണ് നല്ലതെന്നു പഠിപ്പിക്കുന്ന വി. പൗലോസ്ശ്ലീഹാ തന്റെ ജീവിതമാതൃകകൊണ്ടും ഈ സത്യം ലോകത്തെ പഠിപ്പിച്ചു.

വിശുദ്ധ പൗലോസിന്റെ മേലുദ്ധരിച്ച വാക്യങ്ങളുടെ യാഥാർത്ഥ്യം അനുഭവവേദ്യമാകയാൽ അവയെക്കുറിച്ച് വിവരിക്കേണ്ട ആവശ്യമില്ലല്ലൊ. ക്രിസ്തുവിനെപ്രതി, ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുന്നതിനായി ജീവിതം ഉഴിഞ്ഞുവച്ചിട്ടുള്ള കത്തോലിക്കാ

www.malankaralibrary.com



പുരോഹിതന്മാർ സഭയ്ക്കും സമുദായത്തിനും രാജ്യത്തിനും ചെയ്യുന്ന മഹനീയ സേവനങ്ങൾ ആർക്കാണറിഞ്ഞുകൂടാത്തതു്!

കത്തോലിക്കാസഭയിലെ സന്യാസാശ്രമങ്ങളും കന്യകാമഠങ്ങളും സ്വയംവിശുദ്ധീകരണത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി ത്യാഗത്തിന്റെ വേദിയിൽ തങ്ങളെത്തന്നെ ബലിയർപ്പിച്ചിട്ടുള്ള പുണ്യാത്മാക്കളുടെ വിളനിലങ്ങളാണു്. കേവലമായ ഭൗതികായതികത്വം മനുഷ്യമനസ്സിനെ വശീകരിക്കുന്ന ഇക്കാലത്തു് സന്യാസജീവിതത്തെ തരംതാഴ്ത്തിക്കാണിച്ചും അപലപിച്ചുംകൊണ്ടുള്ള ദുഷ്പ്രചരണങ്ങൾ ധാരാളംനടക്കുന്നുണ്ടെന്നു് നമുക്കറിയാം. കാര്യവിവരമില്ലാത്തവരും അപകചചിന്താഗതിരും മലിനമാനസരും ആയിട്ടുള്ളവർമാത്രമേ ഇപ്രകാരം സന്യാസജീവിതത്തെ അപലപിക്കുകയുള്ളു.

പട്ടത്വം ഒരുവന്റെ മനുഷ്യപ്രകൃതിയെ ഇല്ലാതാക്കുന്നില്ല; ബലഹീനതയെ നിർമ്മൂലനം ചെയ്യുന്നുമില്ല. സുദീർഘമായ സംവത്സരങ്ങളിലെ കർശനമായ പരിശീലനം കഴിഞ്ഞാണു് കത്തോലിക്കാവൈദികർ സെമിനാരിയിൽനിന്നു പുറത്തിറങ്ങുന്നതു്. ദൈവസഹായത്താൽ നിസ്വാർത്ഥമായ രീതിയിൽ ദൈവസേവനവും സമുദായസേവനവും നിർവ്വഹിക്കുന്നുണ്ടു്. അതിനു നാം ദൈവത്തോടു നന്ദിപറയുന്നതിനോടൊപ്പം നമ്മുടെ പുരോഹിതന്മാർ അവരുടെ ദൈവവിളിയ്ക്കനുസരണമായി ജീവിക്കുന്നതിനു് അവർക്കുവേണ്ടി നാം പ്രാർത്ഥിക്കുകയും നിത്യപുരോഹിതനായ ക്രിസ്തുവിന്റെ പാവന ഹൃദയത്തിൽ കത്തിജ്വലിക്കുന്ന സ്നേഹാഗ്നിയാൽ എപ്പോഴും അവരുടെ ഹൃദയത്തെ ചൂടുപിടിപ്പിക്കുന്നതിനു് അപേക്ഷിക്കുകയും ചെയ്യാം.

www.malankaralibrary.com

# അദ്ധ്യായം 22

## ക്രിസ്തു തന്റെ കൂദാശകളിൽ

ക്രിസ്തുനാഥന്റെ പരിത്രാണനകർമ്മം, മനുഷ്യനെ പ്രസാദവരത്തിനവകാശിയാക്കി. പ്രസാദവരമുണ്ടെങ്കിലേ മനുഷ്യനു സ്വർഗ്ഗം ലഭിക്കുകയുള്ളൂ. പ്രസാദവരം മനുഷ്യനു ലഭിക്കുന്നതിനുവേണ്ടി താൻ തന്റെ സഭയിൽ ഏഴു കൂദാശകൾ സ്ഥാപിച്ചു.

കാണപ്പെട്ടുവാൻ പാടില്ലാത്ത പ്രസാദവരം ആത്മാവിനു നൽകുവാൻവേണ്ടി ക്രിസ്തുനാഥൻ സ്ഥാപിച്ച കാണപ്പെടുന്ന അടയാളം അഥവാ കർമ്മം അത്രേ കൂദാശ. ദൃശ്യമായ ശരീരവും അദൃശ്യമായ ആത്മാവുമുള്ള ജീവിയാണു മനുഷ്യൻ. മനുഷ്യന്റെ ഈ സ്വഭാവത്തിനു് അനുസ്യൂതമായിട്ടാണു് ദൈവം കൂദാശകൾ സ്ഥാപിച്ചതും. കൂദാശയിലെ ബാഹ്യകർമ്മം ദൃശ്യമാണു്. ആ ദൃശ്യകർമ്മം ഉളവാക്കുന്ന പ്രസാദവരമോ, അദൃശ്യവും.

ദൃശ്യസ്ഥാപനമായ സഭ ദൃശ്യമാർഗ്ഗങ്ങളിൽക്കൂടി ദൈവികദാനങ്ങൾ കൈകാര്യംചെയ്യുന്നതാണു് ഉത്തമമായിട്ടുള്ളതു്. മനുഷ്യപ്രകൃതിക്കു യോജിച്ചതു് ആ രീതിയാണു്. തന്റെ പ്രസാദവരം കൈകാര്യംചെയ്യുന്നതിനു് ദൈവത്തിനു മാലാഖമാരെ തെരഞ്ഞെടുക്കാമായിരുന്നു. എന്നാൽ, പ്രസാദവരം മനുഷ്യനു ലഭിക്കുന്നതിനു് ക്രിസ്തുനാഥൻ ദൃശ്യകർമ്മങ്ങൾ സ്ഥാപിക്കുകയും അവ കൈകാര്യംചെയ്യുന്നതിനു് ബലഹീനരായ മനുഷ്യരെ തെരഞ്ഞെടുക്കുകയുമാണുണ്ടായതു്.

www.malankaralibrary.com



എല്ലാ കൂദാശകളിലും ക്രിസ്തുതന്നെയാണ് മുഖ്യ കാർമ്മികൻ (The Principal minister). കർമ്മം നടത്തുന്ന വ്യക്തി ക്രിസ്തുവിന്റെ പ്രതിനിധിയായാണ് കാർമ്മികസ്ഥാനം വഹിക്കുന്നത്. ഓരോ കൂദാശയ്ക്കും കാർമ്മികനും കർമ്മവചനവും കർമ്മസാധനവും ആവശ്യമാണ്.

തന്റെ സഭയോടുകൂടി എന്നും ലോകാവസാനംവരെയും താൻ ഉണ്ടായിരിക്കുമെന്ന് ക്രിസ്തു വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. ക്രിസ്തു ഇന്നും സഭയിൽ ജീവിക്കുന്നു. കൂദാശകൾ മുഖേന അവിടുന്നു തന്റെ ചൈതന്യം മനുഷ്യർക്ക് പകർന്നു കൊടുക്കുന്നു. തന്റെ ശരീരമായ സഭയിൽ ജീവചൈതന്യം എന്നും പകരുന്ന മാർഗ്ഗങ്ങളാണ് കൂദാശകൾ. മനുഷ്യശരീരത്തിലെ അവയവങ്ങളിൽ രക്തധമനികളുണ്ട്. രക്തധമനികളിൽക്കൂടി എപ്പോഴും രക്തചംക്രമണം നടന്നുകൊണ്ടിരിക്കുന്നു. രക്തത്തിന്റെ ഓട്ടം നിന്നാൽ മനുഷ്യൻ മരിക്കുന്നു. മൗതികശരീരമാകുന്ന സഭയിലെ അംഗത്തിനു് പ്രസാദവരമാകുന്ന ജീവചൈതന്യസങ്കേതത്തിൽനിന്നു് വേണമെങ്കിൽ സ്വാഭീഷ്ടമനുസരിച്ച് മാറിനിൽക്കാം. അപ്പോൾ അവൻ ആദ്ധ്യാത്മികമായി മൃതനാണ്.

ഓരോ കൂദാശയും ഓരോ ഉദ്ദേശത്തെപ്രതിയാണ് സ്ഥാപിതമായിട്ടുള്ളത്. ഓരോ കൂദാശ സ്വീകരിക്കുമ്പോഴും പ്രസാദവരം ലഭിക്കുന്നതു കൂടാതെ ആ കൂദാശ ഏതുദ്ദേശത്തെപ്രതി സ്ഥാപിച്ചുവോ ആ ഉദ്ദേശം സഫലമാക്കുവാനുള്ള പ്രത്യേകമായ അനുഗ്രഹം– കൂദാശാപരമായ അനുഗ്രഹം–കൂടി ഒരുവനു ലഭിക്കുന്നുണ്ട്. ഉദാഹരണമായി മൂറോനഭിഷേകം: ഈ കൂദാശസ്വീകരണം ക്രിസ്തുവിന്റെ പടയാളി, ഉത്തമനായ ക്രിസ്ത്യാനി; ആപൽഘട്ടത്തിൽ ക്രിസ്തീയജീവിതത്തിൽതന്നെ അടിയുറച്ചുനിൽക്കുന്ന ഒരുവൻ എന്നീ വിധം മുന്നോട്ടു പോകുന്നതിന് ഒരുവനെ പ്രാപ്തനാക്കുന്നു.

കൂദാശപരമായ ഒരു ജീവിതം ശരിയായി നയിച്ച് ക്രിസ്തുനാഥനോടുള്ള ഐക്യം എപ്പോഴും പുലർത്തുന്നതിനും, ക്രിസ്തുവിനെ

www.malankaralibrary.com



ട്ട് അനുരൂപപ്പെട്ടുന്നതിനുമാണ് വി. കൂദാശകൾകൊണ്ടു് ഉദ്ദേശി ച്ചിട്ടുള്ളതു്. ഓരോ കൂദാശയെപ്പററിയും സംഗ്രഹമായി ചിലതു് തുടൻ പ്രസ്താവിക്കാം.

## A) വി. മാമോദീസാ

നമ്മുടെ വത്സലമാതാവായ കത്തോലിക്കാസഭ, നാം ഓരോ രുത്തരുടേയും ജനനം മുതൽ മരണംവരെ നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തേക്കുറിച്ചും ആ ജീവിതത്തിന്റെ അഭിവൃദ്ധിയെക്കുറിച്ചും ഏററം വലിയ ശ്രദ്ധയാണു കാണിക്കുന്നതു്.

ഉത്ഭവപാപത്തിൽ ജനിക്കുന്ന മനുഷ്യൻ സ്വർഗ്ഗരാജ്യത്തി നവകാശിയും ദൈവത്തിന്റെ ദത്തുപുത്രനും സഭയുടെ അംഗവുമാ യിത്തീരുന്നതിനുവേണ്ടിയാണു് ക്രിസ്തുനാഥൻ മാമോദീസാ സ്ഥാ പിച്ചതു്. "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: ഒരു മനുഷ്യൻ ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കുന്നി ല്ലായെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു സാധിക്കു കയില്ല" (യോഹ. 3; 5). തന്റെ ശ്ലീഹന്മാരെ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും അയച്ചുകൊണ്ടു് അവിടുന്നു് അരുളിച്ചെയ്തു: "ആകയാൽ നിങ്ങൾപോയി സകല ജാതികളേയും ശിഷ്യപ്പെടു ത്തി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമോദീസാ നൽകി, ഞാൻ നിങ്ങളോടു ക ല്പിച്ചിട്ടുള്ളതെല്ലാം, ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ. 28; 19).

ക്രിസ്തുനാഥന്റെ ഈ കല്പന ശ്ലീഹന്മാർ യഥാവിധി പാലി ക്കുകതന്നെ ചെയ്തു. പെന്തിക്കോസ്തിദിവസത്തിൽ വി. പത്രോസ് ജനങ്ങളോടു പ്രസംഗിച്ചു: "പരിശുദ്ധാത്മാവിന്റെ ദാനം ലഭി ക്കേണ്ടതിനായി നിങ്ങൾ പശ്ചാത്തപിക്കുകയും പാപങ്ങളുടെ ശാ ന്തിക്കായി നിങ്ങളിൽ ഓരോരുത്തനും കർത്താവായ യേശുവിന്റെ നാമത്തിൽ മാമോദീസാ സ്വീകരിക്കുകയും ചെയ്യുവിൻ (നടപടി

www.malankaralibrary.com



2; 38). അന്നു് മൂവായിരംപേർ മാമോദീസ സ്വീകരിച്ചു് സഭയുടെ അംഗങ്ങളായി. തിരിച്ചറിവുള്ള ഒരു അക്രൈസ്തവൻ തന്റെ പാപങ്ങളെക്കുറിച്ചു് യഥാർത്ഥമായി മനഃസ്താപപ്പെട്ടുകൊണ്ടു് വിശ്വാസത്തോടുകൂടി മാമോദീസാ സ്വീകരിക്കുകയാണെങ്കിൽ അയാളുടെ ഉത്ഭവപാപം മാത്രമല്ല മറ്റെല്ലാ പാപങ്ങളും മോചിക്കപ്പെടുന്നു.

സാധാരണനിലയിൽ വൈദികനാണു് മാമോദീസായുടെ കാർമ്മീകൻ. ഇങ്ങനെ ഔദ്യോഗികമായി ഇടവകവൈദികനു് തന്റെ ഇടവകയിലും മെത്രാനു് തന്റെ രൂപതയിലും മാമോദീസാ നൽകുന്നതിനുള്ള അവകാശമുണ്ടു്. മറ്റുള്ള വൈദികർ മെത്രാന്റേയോ ഇടവകവികാരിയുടെയോ അനുവാദത്തോടുകൂടിമാത്രം മാമോദീസാ നൽകുന്നു.

ആറാംപട്ടത്തോടുകൂടി മാമോദീസാ നൽകുന്നതിനുള്ള അധികാരം ഒരാൾക്കു ലഭിക്കുന്നുണ്ടെങ്കിലും സാധാരണനിലയിൽ അതു പ്രയോഗിക്കപ്പെടുന്നില്ല.

വൈദികനോ ആറാംപട്ടക്കാരനോ ഇല്ലാത്ത സന്ദർഭത്തിൽ ഏററം അത്യാവശ്യം നേരിടുകയാണെങ്കിൽ കർമ്മസാധനമായ ശുദ്ധജലവും കർമ്മവചനമായ 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്നെ ഞാൻ മാമോദീസാ മുക്കുന്നു' എന്നുള്ള വാചകവും ഉപയോഗിച്ചുകൊണ്ടു് മാമോദീസാ നൽകുവാനുള്ള അധികാരവും അവകാശവും സ്ത്രീപുരുഷഭേദമന്യേ സുബുദ്ധിയുള്ള ആർക്കും തിരുസഭ നൽകിയിട്ടുണ്ടു്. ഉദാഹരണമായി, ഒരു ശിശു ജനിച്ചുകഴിഞ്ഞു് താമസിയാതെതന്നെ മരിച്ചുപോകുന്ന ലക്ഷണമാണു കാണുന്നതെങ്കിൽ ആ ശിശുവിനെ ആർക്കും മാമോദീസാ മുക്കാം. വീണ്ടും, ഒരു അക്രൈസ്തവനു് തന്റെ മരണസമയത്തു് സഭയിൽ ചേരണമെന്നു് ആഗ്രഹം ഉണ്ടാകുന്നു എന്നു കരുതുക. എന്നാൽ അയാളുടെ പക്കൽ കത്തോലിക്കാവൈദികൻ ചെല്ലുക സാദ്ധ്യമല്ലാതെ വന്നാൽ ആ സാഹചര്യത്തിൽ

www.malankaralibrary.com



ഏതൊരാൾക്കും ആ അക്രൈസ്തവന് മാമോദീസാ നൽകാവുന്നതാണ്. മാമോദീസാ സ്വീകരിക്കുന്ന ഒരു വ്യക്തിയിൽ വരപ്രസാദംവഴി പരിശുദ്ധപരമത്രിത്വം യഥാർത്ഥമായി വസിയ്ക്കുന്നു. ഇങ്ങനെയുള്ള ഒരാത്മാവ് ദൈവത്തിന്റെ ജീവനാണു ജീവിയ്ക്കുന്നത്—ദൈവത്തിന്റെ സജീവആലയമായിത്തീരുന്നു: (Templum Dei) ചാവുദോഷംമൂലമേ ദൈവത്തിന്റെ ഈ ജീവൻ നമ്മുടെ ആത്മാവിന് നഷ്ടപ്പെടുകയുള്ളു.

## B) കുമ്പസാരം

ഉത്ഭവപാപംമൂലം മനുഷ്യൻ തിന്മയിലേക്ക് ചായ്‌വുള്ളവനായിത്തീർന്നു. അവൻ അനേക രീതികളിൽ പാപത്തിൽ വീണുപോകുന്നു. അനുതപിക്കുന്ന വിശ്വാസിയായ പാപിയെ ദൈവവുമായി നിരപ്പാക്കുന്നതിനുവേണ്ടി ക്രിസ്തുനാഥൻ വിശുദ്ധ കുമ്പസാരം എന്ന കൂദാശ സ്ഥാപിച്ചു. പാപമോചനാധികാരം അവിടുന്നു തന്റെ ശ്ലീഹന്മാർക്കു നൽകി: "ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതു് സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടിരിക്കും" (വി. മത്താ. 18; 18). പാപം മോചിക്കുന്നതിനുള്ള ഈ അധികാരം പൊതുവിൽ എല്ലാ ശ്ലീഹന്മാർക്കുമായി ദിവ്യരക്ഷകൻ തന്റെ ഉയിർത്തെഴുന്നേല്പിനുശേഷം നൽകി: "നിങ്ങൾക്കു സമാധാനം. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇവ അരുളിച്ചെയ്തിട്ട് അവൻ അവരുടെമേൽ ഊതി, അവരോട്: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെയെങ്കിലും പാപം മോചിച്ചാൽ അവ മോചിക്കപ്പെടും. എന്നാൽ ആരുടേതെങ്കിലും നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും" (യോഹ. 20; 21–23). ശ്ലീഹന്മാർക്കു നൽകിയ ഈ പാപമോചനാധികാരം അവരുടെ കാലം കഴിഞ്ഞും സഭയിൽ എല്ലാക്കാലത്തും ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്.

www.malankaralibrary.com


കുമ്പസാരം എന്ന ഈ ക്രൂദാശയിൽ വൈദീകൻ ന്യായാധിപനും, വൈദ്യനും, പ്രബോധകനുമായിട്ടാണു് വർത്തിക്കുന്നതു്. പാപി, താൻ ചെയ്തുപോയ പാപങ്ങളെല്ലാം അനുതാപപൂർവ്വം വൈദികനോടു് ഏററുപറഞ്ഞെങ്കിൽമാത്രമേ ന്യായാധിപനെന്ന നിലയിൽ ആ പാപിയുടെ പാപങ്ങൾ മോചിക്കുന്നതിനോ, മോചിക്കാതിരിക്കുന്നതിനോ വൈദികനു് സാധിക്കുകയുള്ളു. പാപമോചനത്തിനു് അവൻ അർഹനാണോ അല്ലയോ എന്നു് കുമ്പസാരം കേൾക്കുന്ന വൈദികനാണു വിധിക്കേണ്ടതു്. പക്ഷെ, പാപസങ്കീർത്തനംചെയ്യുന്ന ആത്മാവിന്റെ സ്ഥിതി ശരിയായി ഗ്രഹിക്കുന്നില്ലായെങ്കിൽ—കുററങ്ങളുടെ സ്വഭാവം ശരിയ്ക്കു ധരിപ്പിക്കുന്നില്ലായെങ്കിൽ—ആ കുററങ്ങളെക്കുറിച്ചുള്ള മനോഭാവവും ഭാവിയെക്കുറിച്ചുള്ള ആ വ്യക്തിയുടെ നിലപാടും വേണ്ടവണ്ണം വ്യക്തമാക്കുന്നില്ലായെങ്കിൽ—അയല്ക്കാരനോ അയൽക്കാരന്റെ വസ്തുക്കൾക്കോ താൻ വരുത്തിയിട്ടുള്ള നഷ്ടങ്ങൾക്കു് പരിഹാരംചെയ്യുവാനുള്ള സന്നദ്ധതയുടെ സ്വഭാവം ഗ്രഹിപ്പിക്കുന്നില്ലെങ്കിൽ, എങ്ങനെ വൈദികനു് ഈ ക്രൂദാശയിൽ ന്യായധിപനടുത്ത കടമ നിവ്വഹിക്കാൻ സാധിക്കും? അതിനാൽ മനുഷ്യനിൽനിന്നു, പാപത്തെ നീക്കിക്കളയുവാൻ ക്രിസ്തുനാഥൻ സ്ഥാപിച്ച ഈ ക്രൂദാശ സ്വാഭാവികമായിത്തന്നെ പാപി തന്റെ പാപങ്ങൾ വൈദികനോടു് ഏററുപറയേണ്ടതാണെന്നു ആവശ്യപ്പെടുന്നുണ്ടു്.

സഭയുടെ ആരംഭകാലംമുതൽതന്നെ പാപങ്ങൾ വൈദികനോടു് ഏററുപറഞ്ഞു്, അനുതാപികൾ വൈദികന്റെ പക്കൽനിന്നും പാപമോചനം പ്രാപിച്ചിരുന്നതായി സഭാചരിത്രത്തിൽനിന്നും സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽനിന്നും നമുക്കു ഗ്രഹിക്കുവാൻ കഴിയും.

മനസ്താപമില്ലാതെ കേവലം ഒരു ചടങ്ങു എന്ന നിലയിൽ ആരെങ്കിലും കുമ്പസാരിച്ചാൽ അതുകൊണ്ടു് യാതൊരു വിശേഷവുമില്ല. അവനു പാപമോചനം ലഭിക്കുകയില്ല. ഓർമ്മയുള്ള പാപങ്ങൾ മറച്ചുവച്ചു കുമ്പസാരിക്കുന്നതു് വലിയ പാപമാണു്. നാം

www.malankaralibrary.com



കുമ്പസാരത്തിനണയുമ്പോൾ കഴിഞ്ഞ കുമ്പസാരത്തിനുശേഷം നാം ചെയ്തുപോയ എല്ലാ പാപങ്ങളും വൈദികനോട് ഏററുപറയേണ്ടതാണ്. അങ്ങനെ ഏററുപറയുന്നതിൽ നാം ലജ്ജിക്കേണ്ടയാവശ്യമില്ലതന്നെ. വൈദികൻ കുമ്പസാരരഹസ്യം അഭംഗുരമായി പാലിക്കുവാൻ കടപ്പെട്ടയാളാണ്. കുമ്പസാരത്തിൽ ലഭിച്ച അറിവു വച്ചുകൊണ്ട് പിന്നീടു വിശ്വാസിയോട് വൈദികൻ പെരുമാറിക്കൂടാ എന്നുള്ളതു് സഭയുടെ ഏററം കർശനമായ ഒരു ചട്ടമാണ്. ഒരാൾ കുമ്പസാരിക്കുന്നതു് അബദ്ധവശാൽ വേറൊരാൾ കേട്ടുപോയെങ്കിൽ അതു കേട്ടയാളും കുമ്പസാരരഹസ്യം സൂക്ഷിക്കുവാൻ കടപ്പെട്ടവനാണ്. ഏതെങ്കിലും ഒരു വൈദികൻ കുമ്പസാരരഹസ്യം വെളിപ്പെടുത്തിയതായി സഭയുടെ ചരിത്രത്തിൽ ഇന്നുവരെ സംഭവിച്ചിട്ടില്ല. ദുർമ്മാർഗ്ഗികളായി വീണുപോയിട്ടുള്ള വൈദികർപോലും കുമ്പസാരരഹസ്യം വെളിപ്പെടുത്തിയിട്ടില്ല.

കുമ്പസാരത്തിനുമുമ്പ് നാം ശരിയായി ആത്മശോധന ചെയ്യണം. ശരിയായ ആത്മശോധന നടത്തുവാൻ പരിശുദ്ധാത്മാവിന്റെ അനുഗ്രഹം നാം അപേക്ഷിക്കുന്നതു നല്ലതാണ്. നാം ചെയ്തുപോയ പാപങ്ങളെക്കുറിച്ച് മനസ്താപപ്പെടണം. അടിമമനസ്താപമെങ്കിലും, അതായതു് ദൈവം നമ്മെ ശിക്ഷിക്കുമെന്നുള്ള വിചാരംമൂലം ഉളവാകുന്ന മനസ്താപമെങ്കിലും നമുക്കുണ്ടായിരിക്കണം. നാം ചെയ്തുപോയ മാരകപാപങ്ങൾ (ചാവുദോഷങ്ങൾ) ഓരോന്നിനെയുംകുറിച്ച് നാം പ്രത്യേകംപ്രത്യേകം മനസ്താപപ്പെടണം. ലഘുപാപങ്ങളേക്കുറിച്ച് (പാപദോഷം) പൊതുവായ മനസ്താപമുണ്ടായിരുന്നാലും മതി. മേലാൽ പാപംചെയ്യുകയില്ലെന്നു നാം ദൃഢപ്രതിജ്ഞചെയ്യണം. ഈ ദൃഢപ്രതിജ്ഞയില്ലെങ്കിൽ അതിന്റെ അർത്ഥം നാം നമ്മുടെ പാപങ്ങളെക്കുറിച്ച് ശരിയായി മനസ്തപിക്കുന്നില്ലെന്നാണ്. കുമ്പസാരത്തിനുശേഷം പട്ടക്കാരൻ കല്പിക്കുന്ന പ്രായശ്ചിത്തങ്ങൾ നാം നിവ്വഹിക്കണം. പാപത്തിൽ വീഴാതെ സൂക്ഷിക്കുകയും വീണുപോയാൽ ഉടനെ അതിനെക്കുറിച്ച് മനസ്താപപ്പെട്ടു കുമ്പസാരിച്ച് നമ്മുടെ ആദ്ധ്യാത്മികജീവിതം-വരപ്ര

www.malankaralibrary.com



സാദജീവിതം—നമ്മിൽ എപ്പോഴും പരിരക്ഷിക്കുകയും പുരോഗമിപ്പിക്കുകയും ചെയ്യാം. കമ്പസാരത്തിൽ വൈദികർ കല്പിക്കുന്ന പ്രായശ്ചിത്തംമാത്രം അനുഷ്ഠിച്ച് നാം തൃപ്തിയടയരുത്. നാം നമ്മുടെ പാപങ്ങൾക്കും മററുള്ളവരുടെ പാപങ്ങൾക്കുംവേണ്ടി പ്രായശ്ചിത്തപ്രവൃത്തികൾ അനുഷ്ഠിച്ചു പരിശീലിക്കണം. നമ്മുടെ വത്സല പിതാവായ ദൈവത്തെ നാമും മററുള്ളവരും ദ്രോഹിച്ചു പോയല്ലോ എന്നു വിചാരിച്ച് സങ്കടത്തോടുകൂടി പരിഹാരപ്രവൃത്തികൾ നാം ചെയ്യേണ്ടതാണ്. നമ്മുടെ കാലത്തിനടുത്തശിക്ഷ മാറിപ്പോകുന്നതിന് ഈ ജീവിതത്തിൽവച്ചുതന്നെ നാം നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്യണം.

## C) വിശുദ്ധ കർബാന

കൂദാശപരമായ ജീവിതത്തെക്കുറിച്ച് കഴിഞ്ഞ അദ്ധ്യായത്തിൽ നാം അല്പമായിട്ടെങ്കിലും ചർച്ചചെയ്തു. അതിനുമുമ്പ് ക്രിസ്തീയപൗരോഹിത്യത്തെക്കുറിച്ചും നാം പരിചിന്തനം ചെയ്യുകയുണ്ടായി. ക്രിസ്തീയജീവിതത്തിന്റെ കേന്ദ്രസ്ഥാനമായ വിശുദ്ധ കർബാനയെക്കുറിച്ചാണ് അടുത്തതായി കാണുവാനുള്ളത്. നമ്മുടെ മതസംഘടനയുടെ കേന്ദ്രം വി. കർബാനയാണ്. വി. കർബാനയില്ലെങ്കിൽ പൗരോഹിത്യമില്ല. പൗരോഹിത്യമില്ലെങ്കിൽ മററു കൂദാശകളുമില്ല.

വിശുദ്ധ കർബാനയെ ഒരു കൂദാശയെന്നുള്ള നിലയിലും ഒരു ബലിയെന്നുള്ള നിലയിലും പരിഗണിക്കാവുന്നതാണ്. ഈ അദ്ധ്യായത്തിൽ വിശുദ്ധ കർബാനയെ ബലിയെന്നുള്ള നിലയിലാണു ചർച്ചചെയ്യുവാൻ പോകുന്നത്. അതിനുമുൻപ് ബലിയെസംബന്ധിച്ച് ചിലതെല്ലാം അറിഞ്ഞിരിക്കുന്നതു നന്നായിരിക്കും.

നമ്മുടെ അസ്തിക്യത്തിന് നാം ദൈവത്തോടു കടപ്പെട്ടവരാണ്. ദൈവസംരക്ഷണംകൂടാതെ നിലനിൽക്കുന്നതിനോ യാതൊന്നുംതന്നെ പ്രവർത്തിക്കുന്നതിനോ സാധ്യമല്ല. ദൈവത്തിലല്ലാതെ നമുക്ക് യഥാർത്ഥസന്തോഷം കണ്ടെത്തുവാൻ കഴിയുകയില്ല.

www.malankaralibrary.com



വേറൊരുവിധത്തിൽ പറഞ്ഞാൽ മനുഷ്യജീവിതം പൂർണ്ണമായി ദൈവത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഈ ആശ്രയം സമ്മതിച്ച് ഏററുപറയേണ്ട കടമ എല്ലാ മനുഷ്യർക്കുമുണ്ട്. കേവലമായ പ്രാർത്ഥനയോ സ്തുതിയോകൊണ്ട് നമ്മുടെ ഈ ആശ്രയനിലയെ ഏററുപറയുക സാധ്യമല്ല. വാക്കുകളല്ലാ പ്രവൃത്തിയാണു വേണ്ടത്. ഇങ്ങനെ ദൈവത്തോടുള്ള നമ്മുടെ ആശ്രയഭാവത്തെ ഏററുപറയുകയും തന്നെ ആരാധിക്കുകയും തനിക്കു നന്ദിപറയുകയും ചെയ്യുന്നതിനുള്ള പരമമായ മാർഗ്ഗമാണ് ബലി.

പുരോഹിതനു മാത്രമേ ബലിയർപ്പിക്കുവാൻ അവകാശമുള്ളു. ബലിയിൽ ദൃശ്യമായ എന്തെങ്കിലും വസ്തു ദൈവത്തിനർപ്പിക്കുകയും ഏതെങ്കിലും വിധത്തിൽ ആ യജ്ഞവസ്തുവിനെ നശിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ ആ അർപ്പിതവസ്തുവിനെ ഏതെങ്കിലും വിധത്തിൽ ഇല്ലാതാക്കുന്നതുമൂലം ദൈവം എല്ലാവസ്തുക്കളുടേയും സ്രഷ്ടാവാണെന്നു നാം ഏററുപറയുകയാണു ചെയ്യുന്നത്. അർപ്പിതവസ്തു അർപ്പിക്കുന്ന ആളിന്റെ സ്ഥാനമാണു വഹിക്കുക. നമുക്കു നമ്മുടെതന്നെ ജീവനെ എടുത്തുകൊണ്ട് ദൈവത്തെ ആരാധിക്കുക സാധ്യമല്ല. നമ്മുടെ ജീവനെ നമുക്കെടുക്കുവാനനുവാദമില്ല. മനുഷ്യൻ അവന്റെയോ മററുള്ളവരുടെയോ ജീവൻ നശിപ്പിക്കുന്നത് പാപമാണ്. എന്നാൽ, മനുഷ്യന് അവന്റെ ഉപയോഗത്തിനുവേണ്ടി ദൈവം നൽകിയിട്ടുള്ള വസ്തുക്കളെ ദൈവത്തിനർപ്പിച്ചുകൊണ്ട് അവിടുത്തേക്ക് ആരാധനയുടേയും നന്ദിയുടേയും പ്രകരണങ്ങൾ ഉന്നയിപ്പിക്കുന്നതോടുകൂടിത്തന്നെ ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ യാചിക്കുകയും, പാപങ്ങൾക്കു പരിഹാരം ചെയ്യുകയും ചെയ്യാവുന്നതാണ്.

മനുഷ്യവർഗ്ഗത്തോളംതന്നെ പുരാതനത്വം ബലിക്കുണ്ട്. ലോകത്തിന്റെ എല്ലാഭാഗങ്ങളിലുമുള്ള ജനങ്ങൾ പുരാതനകാലംമുതൽക്കുതന്നെ, ഏതെങ്കിലുംവിധത്തിലുള്ള ബലിയിൽ വിശ്വസിച്ചിരുന്നതായി ചരിത്രലക്ഷ്യങ്ങളുണ്ട്. ഉന്നം അവശിഷ്

www.malankaralibrary.com



കൃതരായ ജനങ്ങൾപോലും അവരുടേതായ രീതിയിൽ ബലികൾ നടത്തുന്നുണ്ട്. ഇങ്ങനെ ബലിയുടെ പൗരാണികത്വവും സാർവ്വത്രികത്വവും നമ്മുടെ സവിശേഷമായ പഠനം അർഹിക്കുന്നു.

ആദത്തിന്റെ പുത്രന്മാരുടെയും ഗോത്രപിതാക്കന്മാരുടെയും ബലികളെക്കുറിച്ച് വേദപുസ്തകം പ്രസ്താവിക്കുന്നുണ്ട്. ബലികളിൽ സന്തുഷ്ടനായിട്ട് യഹോവ ഇസ്രായേൽജനങ്ങളുടെമേൽ അനുഗ്രഹങ്ങൾ വർഷിച്ചിട്ടുള്ളതായും വേദപുസ്തകത്തിൽ നാം വായിക്കുന്നു. അർപ്പിതവസ്തുക്കളായി, ഫലങ്ങൾ, വീഞ്ഞ്, മൃഗങ്ങൾ എന്നിവ ഉപയോഗിക്കപ്പെട്ടിരുന്നതായും വേദപുസ്തകം സാക്ഷിക്കുന്നു. കായേൻ ഏതാനും ഫലങ്ങൾ ദൈവത്തിനു സമർപ്പിച്ചു. ഹാബേൽ ഏതാനും ആടുകളേയും; മെൽക്കീസദേക്ക് അപ്പവും വീഞ്ഞും ദൈവത്തിനു കാഴ്ചയർപ്പിച്ചു. ലേവ്യപുസ്തകത്തിൽ പലതരത്തിലുള്ള ബലികളെയും അവയുടെ അനുഷ്ഠാനരീതികളേയും കുറിച്ച് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

മുൻപു നാം പ്രസ്താവിച്ച ഉദ്ദേശങ്ങൾ കൂടാതെ യഹൂദന്മാരുടെ ബലികൾക്ക് മററു രണ്ടു ഉദ്ദേശങ്ങൾകൂടിയുണ്ടായിരുന്നു. ഒന്ന് അവരെ വിഗ്രഹാരാധനയിൽനിന്ന് സംരക്ഷിക്കുക. മറെറാന്ന് നിഴൽ രൂപത്തെയെന്നവണ്ണം യഹൂദമതത്തിലെ ബലികൾ ക്രിസ്തുവിന്റെ പരിത്രാണനബലിയെ, മുൻകൂട്ടി സൂചിപ്പിക്കുക. യഹൂദന്മാരുടെബലികൾക്ക് അവയിൽതന്നെ യാതൊരു വിലയുമില്ലായിരുന്നു. അവ സ്വീകരിക്കുവാൻ യഹോവ തിരുമനസ്സായതുമൂലമുള്ള വിലമാത്രമേ അവയ്ക്കുണ്ടായിരുന്നുള്ളു. അവ അപൂർണ്ണങ്ങളും പുതിയനിയമത്തിലെ ബലിയുടെ നിഴൽമാത്രവുമായിരുന്നു.

ബലി അർപ്പിക്കുന്നതിനും ബലിപീഠത്തിലും ദൈവാലയത്തിലും പരികർമ്മങ്ങൾചെയ്യുന്നതിനുംവേണ്ടി ഇസ്രായേൽക്കാരുടെ ഇടയിൽനിന്നും യഹോവ ലേവിഗോത്രത്തെ തെരഞ്ഞെടുത്തു. അങ്ങനെ ദൈവം ഇസ്രായേൽക്കാരുടെയിടയിൽ പൗരോഹിത്യം സ്ഥാപിച്ചു. "ലേവിയക്കാരെയെല്ലാം ഇസ്രായേൽമക്കളുടെയിടയിൽ

www.malankaralibrary.com



നിന്നു വേർതിരിച്ച് അവരെ ശുദ്ധിയാക്കുക. അനന്തരം നീ അവരെ അഭിഷേകംചെയ്തു് കർത്താവിനു സമർപ്പിക്കുക" എന്നു് സംഖ്യാപുസ്തകത്തിൽ വായിക്കുന്നു. ബലിയർപ്പിക്കുന്നതിന് പുരോഹിതൻ ആവശ്യമാണെന്നു് ഇതിൽനിന്നു വ്യക്തമാകുന്നു.

രക്തബലി പാപപരിഹാരമാർഗ്ഗമായി എല്ലാക്കാലത്തും എല്ലാജാതികളും കരുതിയിരുന്നു: "ജന്ധുവിന്റെ ജീവൻ രക്തത്തിലാണു സ്ഥിതിചെയ്യുന്നതു്. യാഗപീഠത്തിന്മേൽ നിങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കഴിപ്പാൻ ഞാൻ അതു നിങ്ങൾക്കു നൽകിയിരിക്കുന്നു" (ലേവ്യപുസ്തകം **17; 11**).

ബലി നാലുവിധത്തിലുണ്ടു്: ആരാധനാബലി, സ്തോത്രബലി, പാപപരിഹാരബലി, അപേക്ഷാബലി. ദൈവത്തിന്റെ പരമമായ ആധിപത്യം ഏററുപറഞ്ഞു് അവിടുത്തേക്കു് ആരാധന നൽകുന്നതാണു് ആരാധനാബലി. ദൈവം നമുക്കു നൽകിയിട്ടുള്ള നന്മകൾക്കു കൃതജ്ഞത പ്രകടിപ്പിക്കുന്നതിനുള്ളതാണു് സ്തോത്രബലി. പാപപരിഹാരബലിയാകട്ടെ, ദൈവകാരുണ്യം യാചിച്ചു് പാപമോചനം സമ്പാദിക്കുവാനുള്ളതാണു്. അപേക്ഷാബലി, ഭാവിയിൽ ദൈവസന്നിധിയിൽനിന്നു നന്മകൾ ലഭിക്കുവാൻ അർപ്പിക്കപ്പെടുന്നു. 'ഈ നാലു രീതിയിലുള്ള ബലിയും പഴയനിയമകാലത്തു് യഹൂദന്മാരുടെയിടയിലുണ്ടായിരുന്നു.

ഇനിയും നമുക്കു് പുതിയനിയമത്തിലേക്കു കടക്കാം. ഏതെങ്കിലുംവിധത്തിലുള്ള ബലി, മതത്തിന്റെ അവിഭാജ്യഘടകമാണെന്നു് ഇതിനുപരി നാം കണ്ടതാണു്. അങ്ങനെയെങ്കിൽ പുതിയനിയമത്തിലും ബലിയും ബലിയർപ്പിക്കുവാൻ ആചാര്യനും ആവശ്യമാണെന്നു് അനുക്തസിദ്ധമാണല്ലൊ.

"അനേകരുടെ വീണ്ടെടുപ്പുവിലയായി സ്വജീവനെ കൊടുക്കുവാൻ" (മർക്കോ. **10; 45**) ആണല്ലൊ മനുഷ്യപുത്രൻ സംജാതനായതു്. അവിടുത്തെ നാമംതന്നെ ഈ ഉദ്ദേശത്തെ സൂചിപ്പിക്കുന്നതാണു്: "നീ അവനു് 'ഈശോ' എന്നു് പേർ വിളിക്കണം. എ

www.malankaralibrary.com



ന്തെന്നാൽ, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു് രക്ഷിക്കും" (മത്തായി 1; 21). "ഇതിനാൽ കരുണയുള്ളവനും ദൈവകാര്യങ്ങളിൽ വിശ്വസ്തനായ പ്രധാനാചാര്യനും ആകുവാനും, ജനത്തിന്റെ പാപങ്ങളെക്കുറിച്ചു് പരിഹാരംചെയ്യുവാനും വേണ്ടി അവൻ (ക്രിസ്തു) സകലത്തിലും തന്റെ സഹോദരന്മാരോടു് സദൃശ്യനാകുവാൻ ആവശ്യമായിരുന്നു" (എബ്രായ. 2; 17). ഈ പ്രധാനാചാര്യൻ ക്രിസ്തുവാണു്, പഴയനിയമകാലത്തു് രാജാക്കന്മാർക്കും പ്രവാചകന്മാർക്കും ആചാര്യന്മാർക്കും ഉണ്ടായിരുന്നതുപോലെ ബാഹ്യമായ ഒരഭിഷേകമല്ല ക്രിസ്തുവിനുണ്ടായിരുന്നതു്. ക്രിസ്തു മനുഷ്യാവതാരത്താൽത്തന്നെ പ്രധാനാചാര്യപദവിയിൽ അഭിഷേകം ചെയ്യപ്പെട്ടു. മനുഷ്യാവതാരത്താൽ താൻ ദൈവത്തിന്റെയും മനുഷ്യരുടെയുമിടയ്ക്കുള്ള മദ്ധ്യസ്ഥനായി. ഈ ശ്രേഷ്ഠാചാര്യപദവി അവിടുന്നു് സ്വയം സ്വീകരിച്ചതല്ല: "ഇപ്രകാരംതന്നെ മിശിഹായും പ്രധാനാചാര്യനാകുവാനായി സ്വയമേവ മഹത്വപ്പെടുത്തിയില്ല. നീ എന്റെ പുത്രനാകുന്നു. ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചു എന്നു് അവനോടരുളിച്ചെയ്തവനാകുന്നു മഹത്വപ്പെടുത്തിയതു്" (എബ്രായ 5; 5). പഴയനിയമത്തിലെ ബലികൾ പുതിയനിയമത്തോടുകൂടി നീങ്ങിപ്പോയി. "ഇതിനാൽ അവൻ ലോകത്തിലേക്കു പ്രവേശിക്കവേ ഇങ്ങനെ അരുളിച്ചെയ്തു. ബലികളിലും കാഴ്ചകളിലും നീ ഇഷ്ടപ്പെട്ടില്ല. എന്നാൽ നീ എന്നെ ശരീരം ധരിപ്പിച്ചിരിക്കുന്നു. പാപങ്ങൾക്കുവേണ്ടിയുള്ള ദഹനബലികൾ നീ ആവശ്യപ്പെട്ടുമില്ല. അപ്പോൾ ഞാൻ പറഞ്ഞു: ദൈവമേ, പുസ്തകങ്ങളുടെ ആരംഭത്തിൽ എന്നെക്കുറിച്ചു് എഴുതപ്പെട്ടിരിക്കകൊണ്ടു് നിന്റെ ഇഷ്ടം ചെയ്യുവാൻ ഇതാ ഞാൻ വരുന്നു. നിയമപ്രകാരം സമർപ്പിക്കപ്പെട്ടിരുന്ന ബലികളും കാഴ്ചകളും പാപങ്ങൾക്കുവേണ്ടിയുള്ള ദഹനബലികളും നിനക്കിഷ്ടപ്പെട്ടില്ല എന്നു് മുകളിൽ പറഞ്ഞിരിക്കുന്നു. അതിനുശേഷം: ദൈവമേ, നിന്റെ ഇഷ്ടം ചെയ്യുവാൻ ഇതാ ഞാൻ വരുന്നു എന്നു് പറഞ്ഞിരിക്കുന്നു. അതുകൊണ്ടു് രണ്ടാമത്തേതിനെ സ്ഥാപിക്കുവാനായി ഒന്നാമത്തേതിനെ അവൻ നീക്കിക്കളഞ്ഞു.

www.malankaralibrary.com



അവൻെറ ഈ ഇഷ്ടമനുസരിച്ച് ഈശോമിശിഹായുടെ ശരീരത്തിൻെറ ഒരു പ്രാവശ്യത്തെ സമർപ്പണംകൊണ്ടു് നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ദിവസേന നിന്നുകൊണ്ടു് ശുശ്രൂഷ നടത്തിയിരുന്ന ഏതു പ്രധാനാചാര്യനും പാപങ്ങളെ നീക്കി ശുദ്ധീകരിയ്ക്കുവാൻ ഒരിയ്ക്കലും കഴിയാതിരുന്ന അതേ ബലികളെത്തന്നെ അർപ്പിച്ചുകൊണ്ടിരുന്നു. ഇവനാകട്ടെ (ക്രിസ്തു) പാപങ്ങൾക്കുവേണ്ടി ഏകബലിസമർപ്പിച്ചിട്ടു് ദൈവത്തിൻെറ വലത്തുഭാഗത്തു് എന്നേക്കുമായി ഇരുന്നു" (എബ്രായ 10; 5-12).

ഈ ബലിയെ സദാ കൺമുൻപിൽ വച്ചുകൊണ്ടാണു് ക്രിസ്തു ജീവിതം നയിച്ചതു്. തൻെറ പീഡാനുഭവത്തെക്കുറിച്ചുള്ള ചിന്ത എപ്പോഴും അവിടുത്തേക്കുണ്ടായിരുന്നു. വേറൊരുവിധത്തിൽ പറഞ്ഞാൽ കുരിശു് എപ്പോഴും ദിവ്യരക്ഷകൻെറ കൺമുൻപിൽതന്നെ ഉണ്ടായിരുന്നു. പീഡാനുഭവവും മരണവും തൻെറ രക്ഷാകരപ്രവൃത്തിയുടെ മകുടമായി അവിടുന്നു കരുതി. കുരിശിന്മേലുള്ള ആ മരണം നരകുലപരിത്രാണനാർത്ഥം അവിടുന്നു സ്വയം സ്വീകരിച്ചതുകൊണ്ടു് അതു ഒരു ബലിയായിത്തീർന്നു. ആചാര്യനും ബലിവസ്തുവും താൻ തന്നെയായിത്തീർന്നു: "എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേററും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവൻെറമേൽ ആയി. അവൻെറ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു. നാമെല്ലാവരും ആടുകളെപ്പോലെ തെററിപ്പോയിരുന്നു. നാം ഓരോരുത്തനും താന്താൻെറ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവൻെറ മേൽ ചുമത്തി. തന്നെത്താൻ താഴ്ത്തി വായ് തുറക്കാതിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു; കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽ മിണ്ടാതെ നിൽക്കുന്ന ആടിനെപ്പോലെയും അവൻ വായ് തുറക്കാതിരുന്നു. അവൻ പീഡനത്താലും ശിക്ഷാവിധിയാലും എടുക്കപ്പെട്ടു. ജീവനുള്ളവരുടെ ദേശത്തുനിന്നു അവൻ ഛേദിക്കപ്പെട്ടു

www.malankaralibrary.com



എന്നും എന്റെ ജനത്തിന്റെ അതിക്രമം നിമിത്തം അവന ദണ്ഡനം വന്ന എന്നും അവന്റെ തലമുറയിൽ ആരു വിചാരിച്ചു? അവൻ സാഹസം ഒന്നും ചെയ്യാതെയും അവന്റെ വായിൽ വഞ്ചനയൊന്നും ഇല്ലാതെയും ഇരുന്നിട്ടും അവർ അവന ദുഷ്ടന്മാരോടുകൂടി ശവക്കുഴികൊടുത്തു; അവന്റെ മരണത്തിൽ അവൻ സമ്പന്നന്മാരോടുകൂടെ ആയിരുന്നു. എന്നാൽ അവനെ തകർത്തുകളവാൻ യഹോവയ്ക്കിഷ്ടം തോന്നി; അവൻ അവന കഷ്ടം വരുത്തി; അവന്റെ പ്രാണൻ ഒരു യാഗമായിത്തീർന്നിട്ട് അവൻ സന്തതിയെ കാണുകയും ദീർഘായുസ്സു പ്രാപിക്കയും യഹോവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കുകയും ചെയ്യും" (എശായാ 53; 5-11).

ക്രിസ്തു തന്റെ ബലിമൂലം രക്ഷയ്ക്കുള്ള യോഗ്യത സമ്പാദിച്ചു തന്നു. ലോകത്തിന്റെ മുഴുവൻ പാപങ്ങൾക്കുമുള്ള പരിഹാരത്തിലും ഉപരിയായ പരിഹാരമാണ് ക്രിസ്തു നിവർത്തിച്ചത്. അവിടുന്ന ദൈവവുമായി നമ്മെ രമ്യപ്പെടുത്തി. പാപത്തിൽനിന്നു നമ്മെ സ്വതന്ത്രരാക്കി; പിശാചിന്റെ ദാസ്യത്തിൽനിന്ന് നമ്മെ വിമോചിപ്പിച്ചു; സ്വർഗ്ഗവാതിലുകൾ നമുക്കായി തുറന്നിട്ടു. ക്രിസ്തുനാഥന്റെ ഈ ബലിമൂലം ആന്തരികവും ബാഹ്യവുമായ രീതിയിൽ പൂർണ്ണമായുള്ള ആരാധന ദൈവത്തിന് ലോകത്തിൽ നിന്നും ലഭിച്ചു; പരിപൂർണ്ണമായബലി ദൈവത്തിന് അർപ്പിക്കപ്പെട്ടു. ബലിവസ്തുവോ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി ദൈവം ലോകത്തിന നൽകിയ തന്റെ ഏക ജാതൻതന്നെ.

ദൈവത്തിന നാം നൽകേണ്ട എല്ലാ ആരാധനയും സ്തോത്രവും നന്ദിയും പരിഹാരവും അപേക്ഷയും കാൽവരിയിലെ ബലിയിൽ നൽകപ്പെട്ടു. കാൽവരിയിലെ ആ ബലി ഇനി നമ്മുടെ ബലിയായി ആക്കിത്തീർക്കേണ്ടതുണ്ട്: "നിങ്ങളോടു ഞാൻ സംപ്രീതനായിരിക്കുന്നില്ല. നിങ്ങളുടെ കരങ്ങളിൽനിന്നു ഞാൻ വഴിപാടിനെ സ്വീകരിക്കുകയുമില്ല. എന്തുകൊണ്ടെന്നാൽ പ്രഭാതം മുതൽ പ്രദോഷംവരെ പുറജാതികളുടെ ഇടയിൽ എന്റെ നാമം വലുതാണ്. എല്ലാ സ്ഥലങ്ങളിലും ബലിയുണ്ട്. എന്റെ മഹനീയനാമത്തി

www.malankaralibrary.com


ൻ ഏററം പരിശുദ്ധമായ ബലി അർപ്പിക്കപ്പെടുന്നു. എന്തുകൊണ്ടെന്നാൽ പുറജാതികളുടെയിടയിൽ എൻെറ നാമം വലുതാകുന്നുവെന്നു സൈന്യങ്ങളുടെ കത്താവു് അരുളിച്ചെയ്യുന്നു" (മലാഖി, 1; 10-11) എന്നിങ്ങനെ ക്രിസ്തുവിൻെറ ജനനത്തിനു നാനൂറു വർഷങ്ങൾക്കു മുൻപു തന്നെ പുതിയനിയമത്തിലെ ബലിയെക്കുറിച്ചു് പ്രവാചകൻ മുഖേന യഹോവ അരുളിച്ചെയ്തിട്ടുണ്ടു്. ക്രിസ്തുവിൻെറ കുരിശിലെ ബലിയല്ലാ ഇവിടെ വിവക്ഷിക്കപ്പെട്ടിരിക്കുന്നതു് എന്നു വ്യക്തമാണല്ലൊ. പ്രവാചകൻെറ കാലത്തു് യഹൂദന്മാരുടെയിടയിലും പുറജാതികളുടെയിടയിലും ബലി ഉണ്ടായിരുന്നു. പുറജാതികളുടെ ബലി അശുദ്ധമായി പരിഗണിക്കപ്പെട്ടിരുന്നു. അതിനാൽ ആ ബലിയെപ്പററിയല്ല ഇവിടെ പറയുന്നതു്. യഹൂദന്മാരുടെ ബലിയെക്കുറിച്ചുമല്ലാ ഈ പ്രസ്താവന. ലോകത്തിലെല്ലായിടത്തും യഹൂദരില്ല. അതിനാൽ പ്രഭാതം മുതൽ പ്രദോഷം വരെ യഹൂദരുടെ ബലി അർപ്പിക്കപ്പെടുകയുമില്ല്. ലോകം മുഴുവനും അർപ്പിക്കപ്പെടുന്ന—പ്രഭാതം മുതൽ പ്രദോഷംവരെ അർപ്പിക്കപ്പെടുന്ന—ഈ ബലി വിശുദ്ധ കുർബാനയാണു്. ക്രിസ്തുനാഥനാണു് ഈ ബലിയുടെ സ്ഥാപകൻ. ഈ ബലി അർപ്പിക്കപ്പെടുവാൻ വേണ്ടി അവിടുന്നു ക്രിസ്തീയ പൗരോഹിത്യം സ്ഥാപിച്ചു.

തൻെറ മരണത്തിൻെറ തലേരാത്രിയിൽ നടത്തിയ പെസഹാ ഭോജനവേളയിലാണു് വി. കുർബാന ക്രിസ്തു സ്ഥാപിച്ചതു്: "പിന്നെ അവൻ അപ്പമെടുത്തു സ്തോത്രം ചെയ്തു മുറിച്ചു് അവക്കു കൊടുത്തുകൊണ്ടു് അരുളിച്ചെയ്തു: ഇതു നിങ്ങൾക്കായി നൽകപ്പെടുന്ന എൻെറ ശരീരമാകുന്നു. ഇതു് എൻെറ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ. അവൻ അത്താഴം കഴിച്ചശേഷം ഇങ്ങനെതന്നെ പാനപാത്രത്തെപ്പററിയും അവൻ അരുളിച്ചെയ്തു. ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എൻെറ രക്തംകൊണ്ടുള്ള പുതിയ നിയമമാകുന്നു" (ലൂക്കോസ് 22; 19-20). വി. പൗലോസ് പ്രസ്താവിക്കുന്നു: "നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രം പാ

www.malankaralibrary.com


നം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം നമ്മുടെ കർത്താവിന്റെ മരണമാകുന്നു, അവന്റെ വരവുവരെ നിങ്ങൾ ഓർമ്മിക്കുന്നതു്" (1 കോരി. 11; 26).

"ഇതെന്റെ ശരീരമാകുന്നു" "ഇതെന്റെ രക്തമാകുന്നു" എന്നുള്ള നമ്മുടെ കർത്താവിന്റെ വാക്കുകൾ അവയുടെ വാച്യാർത്ഥത്തിൽതന്നെ സ്വീകരിക്കേണ്ടതാണു്. അപ്പവും വീഞ്ഞും അവിടുന്നു തന്റെ ശരീരരക്തങ്ങളാക്കിത്തീർത്തു. ആയതിനാൽ അദൃശ്യമായ രീതിയിൽ ആ വാക്കുകൾ ക്രിസ്തുവിന്റെ ശരീരത്തെയും രക്തത്തേയും വേർതിരിച്ചു് ഒരു ബലിവസ്തുവിന്റെ സ്ഥിതിയിലാക്കിത്തീർത്തു. "ഇതു് എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ" എന്നു് അവിടുന്നു് അരുളിച്ചെയ്തതുമൂലം അപ്പവും വീഞ്ഞും തന്റെ തിരുശരീരരക്തങ്ങളാക്കിത്തീർക്കുന്നതിനുള്ള അധികാരം അവിടുന്നു ശ്ലീഹന്മാർക്കു നൽകി. ആ അധികാരം എന്നും സഭയിൽ ഉണ്ടായിരിക്കണം. ക്രിസ്തു ലോകത്തിൽ വന്നതു് മനുഷ്യർക്കു "ജീവനുണ്ടാകുവാനും അതു് സമൃദ്ധിയായി ഉണ്ടാകുവാനും ആണു്. മനുഷ്യർ "മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും" വേണം.

പുതിയനിയമത്തിൽ ലോകമെങ്ങും അർപ്പിക്കപ്പെടുന്ന ഒരു ബലി ഉണ്ടായിരിക്കണമെന്നു് നാം മുൻപു കണ്ടുകഴിഞ്ഞു. 109-ം സങ്കീർത്തനത്തിൽ, ക്രിസ്തുനാഥൻ മൽക്കിസദേക്കിന്റെ ക്രമപ്രകാരം എന്നേക്കും ഒരു പുരോഹിതനാണെന്നുള്ള സങ്കീർത്തകന്റെ വാക്കുകളും ഈ അവസരത്തിൽ നാം സ്മരിക്കണം. മൽക്കിസദേക്കു് അപ്പവും വീഞ്ഞും യഹോവയ്ക്കു കാഴ്ചയർപ്പിക്കുകയാണല്ലോ ചെയ്തതു്. മൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള പുരോഹിതനായ ക്രിസ്തു അപ്പവും വീഞ്ഞും തന്റെ തിരുശരീരരക്തങ്ങളാക്കിത്തീർത്തു് ആ പ്രവചനം നിറവേററുകയാണുണ്ടായതു്. ഇങ്ങനെ ആദ്യത്തെ വിശുദ്ധ കുർബാന കർത്താവുതന്നെയാണർപ്പിച്ചതു്. അവിടുന്നു ഇപ്രകാരം ചെയ്തതു് "തന്റെ പ്രിയ മണവാട്ടിയായ സഭയ്ക്കു്, മനുഷ്യപ്രകൃതി ആവശ്യപ്പെടുന്നതുപോലെ ദൃശ്യമായ ഒരു ബലി നൽ

www.malankaralibrary.com



കിയിട്ടപോകവാനും ആ ബലി കരിശിന്മേൽ അർപ്പിക്കപ്പെട്ടവാനി രുന്ന രക്തപൂർണ്ണമായ ബലിയുടെ സ്ഥാനം സ്വീകരിക്കുവാനും അതിൻെറ ഓമ്മ ലോകാവസാനത്തോളം നിലനിത്തുവാനും അതിൻെറ രക്ഷാകരമായ ശക്തി നാം അനുദിനം ചെയ്യുന്ന പാപങ്ങളുടെ മോചനത്തിനു് പ്രയോഗിക്കപ്പെട്ടവാനും" ആണു് എന്നു് ത്രന്തോസ് സാർവ്വത്രികസൂനഹദോസ് പഠിപ്പിക്കുന്നു.

ഇങ്ങനെ വിശുദ്ധ കർബാന കരിശിലെ ബലിതന്നെയാണു്. കരിശിലെ ബലിയിലും വിശുദ്ധകർബാനയിലും നമ്മുടെ കത്താവുതന്നെയാണു് ബലിവസ്തു. കരിശിലെ ബലിയിൽ അവിടുന്നു ശാരീരികമായി രക്തം ചിന്തി. വിശുദ്ധകർബാനയിൽ അതുപോലെയുള്ള രക്തം ചിന്തലല്ല നടക്കുന്നതു്. മുൻപു പ്രസ്താവിച്ചതുപോലെ വിശുദ്ധ കർബാനയിൽ കൂദാശവചനങ്ങൾ ഉച്ചരിക്കുമ്പോൾ മൗതികമായരീതിയിൽ ക്രിസ്തുവിൻെറ തിരുശരീരരക്തങ്ങൾ വിഭജിക്കപ്പെടുന്നു. വിശുദ്ധ കർബാനയിൽ പ്രധാനപുരോഹിതൻ (Principal priest) ക്രിസ്തുതന്നെയാണു്. അവിടുന്നു തന്നെത്തന്നെ തൻെറ പരമപിതാവിനു സമർപ്പിക്കുന്നു. ത്രന്തോസ് സാർവ്വത്രികസൂനഹദോസു് പ്രസ്താവിക്കുന്നു: "വിശുദ്ധ കർബാനയിൽ അർപ്പിക്കപ്പെടുന്ന ഈ ബലിയിൽ, കരിശിൻെറ ബലിപീഠത്തിൽ ഒരിക്കൽ തന്നെത്തന്നെ രക്തസഹിതമായ രീതിയിൽ അർപ്പിച്ച ക്രിസ്തു ഉള്ളതിനാലും രക്തരഹിതമായ രീതിയിൽ താൻ യാഗമായിത്തീരുന്നതിനാലും ഈ ബലി (കർബാന) യഥാത്ഥത്തിൽ പാപപരിഹാരപരമാണെന്നു് ഈ വിശുദ്ധ സൂനഹദോസു് പഠിപ്പിക്കുന്നു. അതിനാൽ നാം പാപത്തെക്കുറിച്ചു് ആത്മാത്ഥമായി അനുതപിച്ചു്, തകന്ന ഹൃദയത്തോടും ശരിയായ വിശ്വാസത്തോടും ഭയത്തോടും ബഹുമാനത്തോടുംകൂടി ദൈവത്തെ സമീപിച്ചാൽ ഈ ബലിമൂലം നമുക്കു ദൈവത്തിൻെറ കാരുണ്യവും പ്രസാദവരവും ലഭിക്കും. വിശുദ്ധ കർബാനയുടെ അർപ്പണംമൂലം പ്രസാദിക്കപ്പെട്ട കത്താവു പ്രസാദവരവും അനുതാപത്തിനുള്ള ദാനവും നൽകിക്കൊണ്ടു് എത്രതന്നെ നികൃഷ്ടമായ കുററങ്ങളും പാപങ്ങളും ക്ഷമിക്കും;

www.malankaralibrary.com



കാരണം ബലിവസ്തു രണ്ടിലും ഒന്നുതന്നെയാണ്. അപ്പോഠം കുരിശി ന്മേൽ തന്നെത്തന്നെ ബലി അർപ്പിച്ച ആഠംതന്നെയാണ് ഇപ്പോഠം വൈദികന്മാരുടെ ശുശ്രൂഷ മുഖേന അംത്താരയിലും ബലി അർ പ്പിയ്ക്കുന്നതു് അർപ്പണത്തിൻെറ രീതിയിൽ മാത്രമേ വ്യത്യാസ മുള്ളൂ. ആ യാഗത്തിൻെറ ഫലങ്ങഠം രക്തരഹിതമായ ഈ യാഗം മൂലം സമൃദ്ധമായി സ്വീകരിക്കപ്പെടുന്നു". (Trent. Session XXII C. 2, D. 940)

മേൽ പ്രസ്താവിച്ചതിൽ നിന്നു് വിശുദ്ധ കർബാന അർപ്പി ക്കപ്പെട്ടതിൻെറ ഉദ്ദേശങ്ങഠം താഴെ-പറയുന്നവയാണെന്നു സിദ്ധി യ്ക്കുന്നു: 1) ദൈവത്തെ നമ്മുടെ സ്രഷ്ടാവും നാഥനുമായി ആരാധി ക്കുക. 2) അനേക കൃപകഠംക്കു് നന്ദി കാണിക്കുക. 3) എല്ലാ മനുഷ്യരുടെമേലും ദൈവത്തിൻെറ അനുഗ്രഹങ്ങഠം വർഷിക്കുന്നതി നുവേണ്ടി അപേക്ഷിക്കുക. 4) ദൈവത്തിനു് എതിരായി ചെയ്യ പ്പെടുന്ന പാപങ്ങഠംക്കു പരിഹാരം ചെയ്യുക.

ഇവ കൂടാതെ വിശുദ്ധ കർബാനയ്ക്കു വേറെ പ്രത്യേക ഫലങ്ങ ളുമുണ്ടു്. വിശുദ്ധ കർബാന മുഖേന അതു അർപ്പിക്കുന്ന വൈദി കനു അനുഗ്രഹം ലഭിക്കുന്നു; ആർക്കുവേണ്ടി വിശുദ്ധ കർബാന അർപ്പിക്കപ്പെടുന്നുവോ ആ ആളിനോ, ആളുകഠംക്കോ ദൈവാനു ഗ്രഹം ഉണ്ടാകുന്നു. കൂടാതെ എല്ലാമനുഷ്യർക്കും പ്രത്യേകിച്ചു് ത ൻെറ സഭയുടെ അംഗങ്ങഠംക്കും ശുദ്ധീകരണസ്ഥലത്തിലെ ആത്മാ ക്കഠംക്കും വിശുദ്ധ കർബാന മുഖേന ദൈവം അനുഗ്രഹങ്ങഠം പ്ര ദാനം ചെയ്യുന്നു.

വിശുദ്ധ കർബാനയുടെ മൂന്നു പ്രധാന ഭാഗങ്ങഠം കാഴ്ച വെയ്പ്, അപ്പത്തിൻെറയും വീഞ്ഞിൻെറയും കൂദാശ, കർബാന സ്വീകരണം എന്നിവയാണു്: "മിശിഹാ നമ്മെ സ്നേഹിക്കുകയും നമുക്കുവേണ്ടി തന്നെത്തന്നെ ദൈവത്തിനു സൗരഭ്യമായ കർബാന യും യാഗവുമായി അർപ്പിക്കുകയും ചെയ്തു" (എഫേ: 5; 2). മൽ ക്കിസദേക്കു് അപ്പവും വീഞ്ഞും ദൈവത്തിനു കാഴ്ച വച്ചതുപോലെ വൈദികൻ വിശുദ്ധ കർബാനയിൽ അപ്പവും വീഞ്ഞും ദൈവത്തിനു

www.malankaralibrary.com


കാഴ്ചയായി സമർപ്പിക്കുന്നു. കാഴ്ചയണപ്പുമൂലം ദൈവത്തോടു നമുക്കുള്ള ആശ്രയത്തെ നാം പ്രഖ്യാപിക്കുന്നു; അവിടുത്തെ പരമമായ ആധിപത്യം ഏററുപറയുന്നു. കൂദാശവചനങ്ങൾ ഉച്ചരിക്കുമ്പോൾ അപ്പവും വീഞ്ഞും നമ്മുടെ കർത്താവിൻെറ തിരുശരീരരക്തങ്ങളായിത്തീരുന്നു. അപ്പോൾ മൗതികമായ രീതിയിൽ കർത്താവിൻെറ തിരുശരീരരക്തങ്ങൾ വേർതിരിക്കപ്പെടുന്നു; അതോടെ ബലി നിർവ്വഹിക്കപ്പെടുകയുംചെയ്യുന്നു. ഈ ബലിയുടെ പൂർത്തീകരണമാണ് വൈദികൻെറ വി. കുർബ്ബാന സ്വീകരണം. പഴയ നിയമകാലത്തു് ജനങ്ങൾക്കുവേണ്ടിയുള്ള പാപപരിഹാരബലിയിൽ കുഞ്ഞാടിൻെറ ഒരു ഭാഗം വൈദികൻ ഭക്ഷിച്ചിരുന്നു. പുതിയനിയമത്തിൽ ലോകത്തിൻെറ പാപത്തെ നീക്കുന്ന ദിവ്യകുഞ്ഞാടിനെത്തന്നെ വി. കുർബാനവഴിയായി വൈദികൻ ഭക്ഷിക്കുന്നു. വിശ്വാസികളും വി. കുർബാന ഉൾക്കൊണ്ടു് ദിവ്യബലിയിൽ ഭാഗഭാക്കുകളാകുന്നു. കൂദാശവചനങ്ങൾ മൂലം അപ്പവും വീഞ്ഞും നമ്മുടെ കർത്താവിൻെറ തിരുശരീരരക്തങ്ങളായിത്തീരുന്ന സമയമാണ് വി. കുർബാനയുടെ മർമ്മഭാഗം.

വി. കുർബാനയിൽ നാം ഭക്തിപൂർവ്വം സംബന്ധിക്കേണ്ടതാണ്. ഈ ദിവ്യകർമ്മത്തിൻെറ മഹനീയത എത്രമാത്രമെന്ന് നാം വ്യക്തമായി ധരിച്ചാൽ തീർച്ചയായും വി. കുർബാനയിൽ നാം കേവലം കാഴ്ചക്കാരോ കേൾവിക്കാരോ എന്നുള്ള നിലയിൽ അല്ലായിരിക്കും സംബന്ധിക്കുക. കാൽവരിയിൽ നടന്ന ബലി ആൾത്താരയിൽ സന്നിഹിതമാക്കപ്പെടുന്നു; രക്തരഹിതമായ രീതിയിലാണെന്നു മാത്രമേ വ്യത്യാസമുള്ളു. പുരോഹിതനോടുകൂടി ആന്തരികമായി ചേർന്നുകൊണ്ടു് വിശ്വാസികളും ബലിയർപ്പിക്കണം; അഥവാ ആ ബലിയിൽ അവർ പങ്കാളികളായിത്തീരണം. മാമോദീസാമൂലം സഭയുടെ ആരാധനയിൽ സംബന്ധിക്കുവാനുള്ള അവകാശം ഒരുവനു ലഭിക്കുന്നുണ്ടു്. ഈ അർത്ഥത്തിൽ വിശ്വാസികളും പൗരോഹിത്യത്തിൽ പങ്കാളികളാണ്. വി. പത്രോസ് പ്രസ്താ

www.malankaralibrary.com



വിക്കുന്നു: "നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ പണിയപ്പെടുവിൻ. ദൈവസന്നിധിയിൽ ഈശോമിശിഹാമൂലം സ്വീകരിക്കപ്പെടത്തക്ക ആത്മീയ ദേവാലയങ്ങളും വിശുദ്ധ ആചാര്യന്മാരും ആയിത്തീരുകയും ചെയ്യുവിൻ" (1 പത്രോ. 2; 5.). ശ്ലീഹാ വീണ്ടും പ്രസ്താവിക്കുന്നു: "നിങ്ങൾ അന്ധകാരത്തിൽനിന്ന് തന്റെ അധികമായ പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ മഹത്വങ്ങളെ അറിയിക്കുവാനായിട്ട്, രാജ്യത്തിനായി ആചാര്യത്വം നിർവ്വഹിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട വംശവും വിശുദ്ധ ജനവും രക്ഷിക്കപ്പെട്ട ഗണവുമാകുന്നു" (1 പത്രോ. 2; 9). ഈ വാക്കുകളിൽനിന്നു വ്യക്തമാകുന്നതുപോലെ ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കാളികളായ വിശ്വാസികൾ വിശുദ്ധ കുർബാനയിൽ പുരോഹിതനോട് ആത്മീയമായി ചേർന്നുകൊണ്ട് ബലി അർപ്പിക്കേണ്ടതാണ്.

അതിനാൽ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്ന ഓരോ വിശ്വാസിക്കും സന്ന്യായം ഇങ്ങനെ പറയാവുന്നതാണ്: ക്രിസ്തു തന്നെത്തന്നെ ഒരു പരിപൂർണ്ണ ബലിയായി ദൈവത്തിനു സമർപ്പിക്കുന്നു. ഞാനും ക്രിസ്തുവിനെ ദൈവത്തിനു സമർപ്പിക്കുന്നു. ക്രിസ്തുവിലും ക്രിസ്തുവിനോടുകൂടിയും ഞാൻ എന്നെത്തന്നെ ദൈവത്തിനു സമർപ്പിക്കണം. വിശുദ്ധ കുർബാനയിൽ ഭക്തിപൂർവ്വം സംബന്ധിച്ച് നമുക്ക് ആ ബലി നമ്മുടെ ബലിതന്നെയാക്കിത്തീർക്കാം. ദൈവാരാധനയുടെയും ദൈവത്തോടുള്ള നമ്മുടെ കീഴ്‌വഴക്കത്തിന്റെയും ബാഹ്യമായ ഒരടയാളം കൂടിയാണ് വിശുദ്ധ കുർബാന. നമ്മുടെ ഭാഗത്തു നിന്നും ആന്തരികമായ ശുദ്ധമുള്ള നിലപാട് ഉണ്ടായിരിക്കണം. വിശുദ്ധ കുർബാനയിൽ ഭക്തിപൂർവ്വം സംബന്ധിക്കുന്നതിനുപയുക്തമായ ചില പ്രായോഗികനിർദ്ദേശങ്ങൾ നൽകുന്നതു ഉപകാരപ്രദമായിരിക്കുമല്ലോ.

സിറോമലങ്കരറീത്തനുസരിച്ച്, പരസ്യമായി കുർബാനയാരംഭിക്കുന്നതുവരെ ദൈവത്തിന്റെ സ്നേഹം, മഹിമ എന്നിവയെക്കുറിച്ചു ചിന്തിക്കുകയും നമ്മുടെ ഹൃദയത്തിൽ ദൈവത്തെ നാം

www.malankaralibrary.com



ആരാധിക്കുകയും കാൽവരിയിലെ യാഗത്തെക്കുറിച്ച് ധ്യാനിക്കുകയും ചെയ്യുക. കാൽവരിയിൽ നടന്ന ആ യാഗം വിശുദ്ധ കുർബാനയിൽ ആവർത്തിക്കപ്പെടുകയാണെന്നു ചിന്തിച്ചുകൊണ്ട് കാൽവരിയിലെ നമ്മുടെ കർത്താവിൻെറ യാഗത്തേയും നാം സംബന്ധിക്കുന്ന വിശുദ്ധ കുർബാനയേയും, ദൈവത്തിനു പൂർണ്ണമായി സമർപ്പിക്കുക. വൈദികൻ അപ്പവും വീഞ്ഞും കാഴ്ചയണക്കുന്ന ആ സന്ദർഭത്തിൽ നാമും അതിൽ ചേർന്നുകൊണ്ട് ദൈവത്തിനു അതു കാഴ്ച അർപ്പിക്കുന്നതോടുകൂടിത്തന്നെ നമ്മെ മുഴുവനും, നമുക്കുള്ളതു മുഴുവനും ദൈവത്തിന് സമർപ്പിക്കുകയും ചെയ്യുക. "മറിയാംഭീലേത്തോക്ക്" ചൊല്ലി വൈദികൻ പരസ്യമായി കുർബാന ആരംഭിക്കുമ്പോൾ കന്യകമറിയാമിൻെറയും സ്ലാപകയോഹന്നാൻെറയും മാധ്യസ്ഥം യാചിക്കുക. നമ്മുടെ കർത്താവിൻെറ പരസ്യജീവിതം നമ്മുടെ ചിന്താവിഷയമാകണം. 'ദൈവമേ നീ പരിശുദ്ധനാകുന്നു' എന്നുള്ള പ്രാർത്ഥനാവേളയിൽ ദൈവാനുഗ്രഹം യാചിക്കുന്നതുകൂടാതെ പരിശുദ്ധനായ ദൈവത്തിൻെറ സന്നിധിയിൽ നിൽക്കുന്ന നമുക്ക് നമ്മുടെ പാപങ്ങളെക്കുറിച്ച് ശരിയായ ബോധം ഉണ്ടായിരിക്കണം. 'പൗലോസ് ശ്ലീഹാധന്യൻ' എന്നുള്ള ഗീതം ആലപിക്കുമ്പോൾ സത്യവിശ്വാസത്തിൽ നിലനിൽക്കുവാനുള്ള ആകാംക്ഷ നമ്മിൽ ഉണ്ടായിരിക്കണം. അതിനുവേണ്ടി ദൈവാനുഗ്രഹം യാചിക്കുകയും ചെയ്യണം. സുവിശേഷവായനയുടെ സമയം നമ്മുടെ കർത്താവിൽനിന്നുതന്നെ സുവിശേഷം നാം സ്വീകരിക്കുന്നുവെന്ന വിചാരം നമുക്കുണ്ടായിരിക്കണം. സുവിശേഷവായനയുടെ ശേഷം വൈദികൻ നമുക്കും സഭയ്ക്കുംവേണ്ടി സമർപ്പിക്കുന്ന പ്രാർത്ഥനകളിൽ നാമും പൂർണ്ണഹൃദയത്തോടുകൂടെ യോജിച്ച് ആ പ്രാർത്ഥനകൾ ദൈവത്തിനു സമർപ്പിക്കണം. വിശ്വാസപ്രമാണം ചൊല്ലുന്ന സന്ദർഭത്തിൽ നാം ഭക്തിപൂർവ്വം നമ്മുടെ വിശ്വാസം ഏററുപറയുകയാണുവേണ്ടത്, ക്രിസ്തുവിൻെറ സഭയിലെ അംഗങ്ങളാകാനുള്ള ഭാഗ്യം ലഭിച്ചതിനുവേണ്ടി നാം ദൈവത്തിനു നന്ദി പറയണം. അപ്പവും വീഞ്ഞും കൂദാശ ചെയ്യുന്നതിനുമുമ്പ് നമ്മുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ദൈവസന്നിധിയിലേക്കുയർത്തുവാൻ

www.malankaralibrary.com



വൈദികൻ നമ്മെ ആഹ്വാനംചെയ്യുമ്പോഴ് ആ ആഹ്വാനമനുസരിച്ചു് നാം പ്രവർത്തിക്കണം. തുടൎന്നു നാം വിശുദ്ധ കുർബ്ബാനയുടെ മൎമ്മഭാഗത്തേക്കു് പ്രവേശിക്കുവാൻ പോകുകയാണു്. ദൈവസന്നിധിയിൽ മാലാഖമാരോടുകൂടി നാം ദൈവത്തെ സ്തുതിക്കുന്നു. ഈ സ്തുതികഴിഞ്ഞാലുടനെതന്നെ അപ്പവും വീഞ്ഞും വൈദികൻ കൂദാശചെയ്തു് അവ നമ്മുടെ കൎത്താവിന്റെ തിരുശരീരരക്തങ്ങളാക്കുന്ന വേളയിൽ നമ്മെപ്രതി വിശുദ്ധ കുൎബ്ബാനയിൽ എഴുന്നെള്ളിവരുന്ന മിശിഹാതമ്പുരാന്റെ സ്നേഹത്തെക്കുറിച്ചു നാം ധ്യാനിക്കണം. നാം നമ്മുടെ പാപങ്ങളെക്കുറിച്ചു് അനുതപിക്കണം. നിത്യപുരോഹിതനായ ക്രിസ്തു നമുക്കുവേണ്ടി ബലിവസ്തുവായി തീൎന്നതുപോലെ ദൈവത്തിനുവേണ്ടി ഒരു ബലിവസ്തുവായിത്തീരാനുള്ള സന്നദ്ധത നമുക്കോരോരുത്തൎക്കും ഉണ്ടാകണം.

'തുബ്ദേൻ' എന്ന മദ്ധ്യസ്ഥപ്രാൎത്ഥനവേളയിൽ നാമും ഓരോ തുബ്ദേനിലും ആ മദ്ധ്യസ്ഥപ്രാൎത്ഥനകളിൽ പങ്കുകൊള്ളണം. തുബ്ദേൻവഴി ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും സ്മരിച്ചു് നാം അവൎക്കുവേണ്ടി പ്രാൎത്ഥിക്കുകയും വിശുദ്ധരുടെ മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്യുന്നു. "കണ്ടിപ്പിന്റെ ശുശ്രൂഷ"യിൽ നാം ചൊല്ലുന്ന മനോഹരഗീതത്തോടൊന്നിച്ചു് നമുക്കുവേണ്ടി ബലിവസ്തുവായിത്തീൎന്ന ക്രിസ്തുനാഥനെ ദൈവത്തിനു കാഴ്ചയായി അൎപ്പിക്കണം. നമ്മുടെയും മററുള്ളവരുടെയും പാപത്തിനു പരിഹാരമായിത്തീരുന്നതിനുവേണ്ടി "നുറുക്കപ്പെട്ട" നമ്മുടെ കൎത്താവിനോടുള്ള സ്നേഹം നമ്മുടെയും മററുള്ളവരുടെയും പാപത്തിനു പരിഹാരം ചെയ്യുവാൻ നമുക്കും പ്രേരകശക്തിയാകണം. 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നുള്ള ആ സുന്ദരമായ പ്രാൎത്ഥന നാം നമ്മുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നുവേണം ചൊല്ലുവാൻ. നമ്മുടെ കൎത്താവുതന്നെ ശ്ലീഹന്മാരെ പഠിപ്പിച്ച പ്രാൎത്ഥനയാണതു്. കാസായും പീലാസായും ഉയൎത്തുന്ന സമയത്തു് നാം നമ്മുടെ കൎത്താവിനെ ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യണം. വിശുദ്ധ കുർബ്ബാന പടിഞ്ഞാറോട്ടു് കൊണ്ടുവരുന്ന സമയത്തും നാം അവിടു

www.malankaralibrary.com



ത്തെ ആരാധിക്കുകയും സ്തുതിക്കുകയും നമ്മുടെപാപങ്ങൾക്കു ക്ഷമ യാചിക്കുകയും വേണം. വൈദികൻ നമ്മെ കർബ്ബാനയുടെ അവ സാന ഭാഗത്തു് ആശിർവദിച്ചതിനുശേഷം നാം നമുക്കുവേണ്ടിയും മറ്റെല്ലാവർക്കും വേണ്ടിയും പ്രാത്ഥിക്കണം. വിശുദ്ധ കർബ്ബാന വഴി നമ്മുടെ ഹൃദയത്തിൽ എഴുന്നെള്ളിവരുന്ന നമ്മുടെ കർത്താവി ന്നു് നാം നന്ദി പ്രദർശിപ്പിക്കണം, സ്തോത്രം നൽകണം, മഹത്വം കൊടുക്കണം; തുടന്നു് നമുക്കും മററുള്ളവർക്കും വേണ്ടി അനുഗ്ര ഹങ്ങൾ യാചിക്കണം; നമ്മേയും നമുക്കുള്ളവയും തനിയ്ക്കു് സമർ പ്പിക്കണം. പാപത്തിൽ നിന്നു് വിട്ടൊഴിഞ്ഞു് ജീവിക്കുവാനുള്ള പ്രത്യേകാനുഗ്രഹം യാചിക്കണം. നമ്മുടെ ഹൃദയത്തിൽ എഴുന്നെള്ളി വന്ന ക്രിസ്തുവിനെ തന്റെ പരമപിതാവിനു് കാഴ്ച വയ്ക്ക ണം. ചുരുക്കത്തിൽ, വിശുദ്ധ കർബ്ബാനയുടെ സമയത്തു് നാമും കൂടിചേൎന്നുകൊണ്ടാണു് ആ ബലി അർപ്പിക്കുന്നതെന്നുള്ള വിചാര ത്തോടും ഭക്തിയോടും കൂടി വേണം നാം അതിൽ സംബന്ധിക്കേ ണ്ടതു്. ഞായറാഴ്ചകളിലും മാറാനായ പെരുനാളുകളിലും മാത്രം വിശുദ്ധ കർബ്ബാനയിൽ സംബന്ധിക്കുക എന്നുള്ള നമ്മുടെ സാധാ രണ പതിവു് നാം വിട്ടിട്ടു് എല്ലാ ദിവസവും, അതിന്നു സൗകര്യ മില്ലെങ്കിൽ നിവൃത്തിയുള്ളപ്പോഴെല്ലാം, നാം ദിവ്യബലിയിൽ സം ബന്ധിക്കേണ്ടതാണു്. ദിവ്യബലി നമ്മുടെ ജീവിതത്തിന്റെ കേ ന്ദ്രമായിത്തീരണം ദൈവാനുഗ്രഹം ധാരാളമായി നമുക്കു് ലഭിക്കു ന്നതിനുള്ള ഏററം ഉത്തമമായ മാർഗ്ഗമാണു് വിശുദ്ധ കർബ്ബാന യിൽ ഭക്തിപൂർവ്വം സംബന്ധിക്കുക എന്നുള്ളതു്.

നമ്മുടെ പാപങ്ങളെ പരിവജ്ജിച്ചു് പരമോന്നതമായ ഈ ആരാധനയിൽ അഥവാ ദിവ്യബലിയിൽ സംബന്ധിക്കുന്നതു് നാം യഥാർത്ഥത്തിൽ ക്രിസ്തുവിനുള്ളവരായിത്തീരുവാനായിരിക്കണം. വി ശുദ്ധ പൗലോസു് കൊരിന്ത്യാക്കാരോടു പറഞ്ഞ വാക്കുകൾ നമുക്കും അന്വത്ഥമാണു്. കൊരിന്ത്യക്കാരിൽ ചിലർ ക്രിസ്ത്യാനികളായതി ന്നശേഷവും അവിശ്വാസികളുടെ ആരാധനാചടങ്ങുകളിൽ പങ്കുകൊ ണ്ടിരുന്നിരിക്കണം. അവരെ ശ്ലീഹാ ശാസിക്കുന്നു. അവരെപ്പോലെ

www.malankaralibrary.com



നാം വിഗ്രഹാരാധനക്കാരല്ലെങ്കിലും ലോകവും ക്രിസ്തുവും എന്ന രണ്ടു യജമാനന്മാരെ ഒന്നിച്ചു സേവിച്ചുകളയാമെന്നു് നാം കരുതുന്നെങ്കിൽ അതു കേവലം മോഷത്വമാണു്. വിശുദ്ധ ശ്ലീഹായുടെ വാക്കുകൾ ശ്രദ്ധിച്ചാലും: "ഇതിനാൽ എനിക്കു് ഏററവും പ്രിയമുള്ളവരേ, വിഗ്രഹങ്ങളുടെ ആരാധന വിട്ടകലുവിൻ. വിവേകികളോടു് എന്നപോലെ ഞാൻ പറയുന്നു. ഞാൻ പറയുന്നതിനെ നിങ്ങൾതന്നെ വിവേചിച്ചു നോക്കുവിൻ. നാം ആശീർവദിക്കുന്ന സ്തോത്രത്തിൻെറ ആ പാനപാത്രം മശിഹായുടെ രക്തത്തിൻെറ പങ്കുകൊള്ളൽ അല്ലയോ? നാം മുറിക്കുന്ന ആ അപ്പം മശിഹായുടെ ശരീരത്തിൻെറ പങ്കുകൊള്ളലും അല്ലയോ? ആകയാൽ ആ അപ്പം ഒന്നുതന്നെയായിരിക്കുന്നതുപോലെ നാമേവരും ഒരേ ശരീരമാകുന്നു. നാമേവരും ആ ഒരേ അപ്പത്തിൽനിന്നുതന്നെയാണു് സ്വീകരിക്കുന്നതു്. ജഡപ്രകാരമുള്ള ഇസ്രായേലിനെ നോക്കുവിൻ. ബലിവസ്തുക്കൾ ഭക്ഷിക്കുന്നവർ ബലിപീഠത്തിൻെറ പങ്കുകാരാകുന്നില്ലയോ? ആകയാൽ ഞാൻ പറയുന്നതു് എന്തു്? വിഗ്രഹം എന്തെങ്കിലുമാണെന്നോ? വിഗ്രഹത്തിനുള്ള ബലിവസ്തു എന്തെങ്കിലുമാണെന്നോ? അല്ലാ; മറിച്ചു് പുറജാതികൾ ബലികഴിക്കുന്നതു് പിശാചുക്കൾക്കാകുന്നു. ദൈവത്തിനല്ല. നിങ്ങൾ പിശാചുക്കളുടെ കൂട്ടുകാരാകുവാൻ എനിക്കു് ഇഷ്ടമില്ല. നമ്മുടെ കർത്താവിൻെറ പാനപാത്രവും പിശാചുക്കളുടെ പാനപാത്രവും ഒരുമിച്ചു കുടിക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ല. നമ്മുടെ കർത്താവിൻെറ മേശയിലും പിശാചുക്കളുടെ മേശയിലും ഒരുമിച്ചു പങ്കുകൊള്ളുവാനും നിങ്ങൾക്കു സാധിക്കുകയില്ല". (1 കോരി. 10; 14–21)

ഈ ഉപദേശത്തിൽനിന്നു നാം താഴെപറയുന്നവയാണു് ഗ്രഹിക്കേണ്ടതു്: ആദ്ധ്യാത്മികമായ ഒരുക്കത്തോടുകൂടിയായിരിക്കണം നാം വി. കർബാനയിൽ സംബന്ധിക്കുന്നതു്. ലൗകികവസ്തുക്കളെക്കുറിച്ചുള്ള ചിന്തയായിരിക്കരുതു് ജീവിതത്തിൽ നമ്മെ മുന്നോട്ടു നയിക്കുന്നതു്. നേരെമറിച്ചു് നമ്മുടെ കർത്താവിൻെറ കഷ്ടാനുഭവത്തിലും മഹത്വത്തിലും പങ്കാളികളായിത്തീരുവാനുള്ള ആ

www.malankaralibrary.com



ജീലാഷമായിരിക്കണം നമ്മെ നയിക്കേണ്ടത്. പിശാചിൻെറ നികൃഷ്ടമായ ദാസ്യത്തിൽനിന്നു നാം വിട്ടകന്നു നിൽക്കണം. ഇങ്ങനെ ശുദ്ധമായ ഹൃദയത്തോടെവേണം നാം വി. കർബാനയിൽ സംബന്ധിക്കേണ്ടത്.

ഇനിയും നമുക്കു ചിന്തിക്കുവാനുള്ളത് കർബാനധർമ്മത്തെക്കുറിച്ചാണ്. വൈദികനു നാം നൽകുന്ന സംഭാവന വി. കർബാനയുടെ വിലയായി നാം അദ്ദേഹത്തിനു നൽകുന്നതല്ല. വി. കർബാന വിലയ്ക്കു വാങ്ങാവുന്ന ഒന്നല്ല. ആദ്ധ്യാത്മികമായ രീതിയിൽ അനന്തമായ വിലയുള്ളതാണ് ദിവ്യബലി. കാരണം, ദിവ്യബലിയിൽ നമ്മുടെ കർത്താവുതന്നെയാണ് മുഖ്യപുരോഹിതനും (the Principal priest) ബലിവസ്തുവും. എന്നാൽ നമ്മുടെ ആത്മാക്കളെ ദൈവസന്നിധിയിലേക്ക് നയിക്കുന്നതിനുവേണ്ടി ത്യാഗപൂർവ്വം പ്രയത്നിക്കുകയും അതിനുവേണ്ടി ജീവിതം ചെലവഴിക്കുകയും ചെയ്യുന്ന വൈദികരെ സഹായിക്കേണ്ടത് നമ്മുടെ കടമയാണ്.

വിശുദ്ധസ്ഥലത്ത് സേവചെയ്യുന്നവർ വിശുദ്ധസ്ഥലത്തുനിന്ന് ഉപജീവിക്കുന്നു എന്നും, ബലിപീഠത്തിനു സേവചെയ്യുന്നവർ ബലിപീഠത്തോടുകൂടി ഓഹരി പറ്റുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ? ഇപ്രകാരംതന്നെ നമ്മുടെ കർത്താവും തൻെറ സുവിശേഷം അറിയിക്കുന്നവർ തൻെറ സുവിശേഷംകൊണ്ടു ജീവിക്കണം എന്നു കല്പിച്ചിരിക്കുന്നു" (1 കോറി. 9: 13-14).

ഒരുവൻ വൈദികനോട് തൻെറ നിയോഗത്തിനുവേണ്ടി ഒരു വിശുദ്ധ കർബാന ചൊല്ലണമെന്ന് ആവശ്യപ്പെടുമ്പോൾ വൈദികൻ, അയാൾ ആഗ്രഹിക്കുന്ന ദിവസത്തിലും സമയത്തിലും അയാൾക്കുവേണ്ടി തൻെറ സമയം വിനിയോഗിക്കുകയാണു ചെയ്യുന്നതെന്നു നാം സ്മരിക്കണം. കർബാനധർമ്മം നൽകുവാൻ നിവൃത്തിയില്ലാത്ത പാവപ്പെട്ടവരിൽനിന്നും സാധാരണയായി വൈദികർ കർബാനധർമ്മം സ്വീകരിക്കുക പതി

www.malankaralibrary.com



വില്ല. ഒരാളുടെ പക്കൽനിന്നും കുർബാനധർമ്മം വാങ്ങിയാൽ അയാൾക്കുവേണ്ടിമാത്രം പ്രഥമനിയോഗം വച്ചു് വിശുദ്ധ കുർബാന അർപ്പിക്കണമെന്നാണു് കത്തോലിക്കാസഭയിലെ നിയമം.

നമുക്കുവേണ്ടിയും മററുള്ളവർക്കുവേണ്ടിയും പ്രത്യേകിച്ചു്, ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടിയും വി. കുർബാന ചൊല്ലിക്കുന്നതു് അനുഗ്രഹപ്രദമായ ഒരു സംഗതിയാണു്.

നമ്മോടുള്ള സ്നേഹംമൂലം വിശുദ്ധ കുർബാന സ്ഥാപിച്ച നമ്മുടെ കർത്താവു് വി. കുർബാനയിൽ നാം ഭക്തിപൂർവ്വം സംബന്ധിക്കുന്നതിനും വി. കുർബാനയോടുള്ള ഭക്തി നമ്മിൽ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുത്തുന്നതിനും നമ്മെ സഹായിക്കട്ടെ.




MALANKARA
LIBRARY

www.malankaralibrary.com

# അദ്ധ്യായം 25

## വി. കുർബാന ജീവന്റെ അപ്പം.

കഴിഞ്ഞ അദ്ധ്യായത്തിൽ വിശുദ്ധ കുർബാനയെ ഒരു ബലി എന്ന നിലയിൽ നാം ചർച്ചചെയ്തു. ഇപ്പോൾ നമുക്കു കാണുവാനുള്ളതു് വിശുദ്ധ കുർബാന ഒരു കൂദാശ എന്നുള്ള നിലയിലാണു്. അന്തിമഅത്താഴവേളയിൽ നമ്മുടെ കർത്താവു് വി. കുർബാന സ്ഥാപിച്ചുവെന്നു് നാം കണ്ടു. വി. കുർബാനയിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാരാംശം (Substance) കർത്താവിന്റെ തിരുശരീരരക്തങ്ങളായിത്തീരുന്നു. വി. കുർബാനയിൽ സംഭവിക്കുന്ന ഈ മാററത്തിനു് വസ്തുഭേദം (Transubstantiation) എന്നാണു് കത്തോലിക്കാ ദൈവശാസ്ത്രത്തിൽ ഉപയോഗിക്കുന്ന പദം. വിശുദ്ധ കുർബാനയെക്കുറിച്ചു് സഭയിൽ ആദിമകാലംമുതല്ക്കേ ഉണ്ടായിരുന്ന വിശ്വാസം സ്പഷ്ടമാക്കുന്നതിനുവേണ്ടി നിർമ്മിതമായ ഒരു സാങ്കേതികപദമാണു് ഇതു്. 1079-ൽ ഹിൽഡെബർട്ടാണു് ഈ പദം ആദ്യമായി പ്രയോഗിച്ചതു്. പിന്നീടു് പല ദൈവശാസ്ത്രജ്ഞന്മാരും ഈ വാക്കു സ്വീകരിച്ചു. ത്രെന്തോസ് സൂനഹദോസ് ഈ പദം ഉപയോഗിച്ചതോടുകൂടി സഭയിൽ ഇതിനു് ഔദ്യോഗികമായ അംഗീകാരം സിദ്ധിച്ചു.

ഒരു പദാർത്ഥത്തിനു് സാരാംശം (substance) എന്നും ആഗന്തുകങ്ങൾ (accidents) എന്നും രണ്ടു ഘടകങ്ങൾ ഉണ്ടു്. ഒരു വ

www.malankaralibrary.com



സ്തുവിനെ അതിന്റെ വർഗ്ഗത്തിൽ ആക്കിത്തീക്കുന്ന മൗലികഘടകത്തിനാണ് ആ വസ്തുവിന്റെ സാരാംശം എന്നു പറയുന്നതു്. ആ പദാത്ഥത്തിന്റെ നിറം, ഘനം, തൂക്കം, രുചി മുതലായവയാണ് അതിന്റെ ആഗന്തുകങ്ങൾ. പക്ഷേ ആഗന്തുകങ്ങൾ കൂടാതെ ഒരു പദാത്ഥത്തിന്റെ സാരംശത്തിനുമാത്രം തനിച്ചുള്ള ആസ്തിക്യം പ്രകൃതിനിയമമനുസരിച്ചു് സാധിക്കുകയില്ല. ആഗന്തുകങ്ങൾക്കു് ആ പദാത്ഥത്തിൽനിന്നു് വേർപെട്ടു നിൽക്കുവാനും സാധിക്കുകയില്ല. അതുകൊണ്ടു് ആ ആഗന്തുകങ്ങൾ ആ പദാത്ഥത്തിന്റെ സാരാംശത്തിൽ ഉൾപ്പെട്ടുന്നെന്നും പറയുക സാദ്ധ്യമല്ല. ഈ തത്വങ്ങൾ മനസ്സിലാക്കുന്നതിനു് നമുക്കു ചില ഉദാഹരണങ്ങൾ പരിശോധിക്കാം. ആത്മാവും ശരീരവുമുള്ള ജീവിയാണ് മനുഷ്യൻ. ഇതിൽ ഏതെങ്കിലും ഒന്നുമാത്രമുണ്ടായാൽ മനുഷ്യനാകയില്ല. പക്ഷേ, മനുഷ്യന്റെ നിറം, നീളം, വണ്ണം, തൂക്കം ഇവയെല്ലാം കേവലം ആഗന്തുകങ്ങളാണ്. ആത്മാവും ശരീരവുമാണ് മനുഷ്യന്റെ സാരാംശം. എന്നാൽ മനുഷ്യന്റെ വണ്ണത്തിനും നിറത്തിനും തൂക്കത്തിനുമൊക്കെ മനുഷ്യനെ വേർപെട്ടു നില്ക്കാനൊക്കുമോ? ഒക്കുകയില്ല എന്നു നമുക്കറിയാം. എന്നാൽ അവ മനുഷ്യന്റെ സാരാംശത്തിലുൾപ്പെട്ടുമോ? അതില്ലതാനും.

ഇനിയും നമുക്കു് അപ്പത്തിന്റെ കാര്യമെടുക്കാം. അപ്പത്തിന് നിറമുണ്ടു്, തൂക്കമുണ്ടു്, ഘനമുണ്ടു്, രുചിയുണ്ടു്, ആകൃതിയുണ്ടു്. പക്ഷേ അവയല്ലാ ആ അപ്പത്തിന്റെ സാരാംശം. ഇവ കേവലം ആഗന്തുകങ്ങൾ മാത്രമാണ്. എന്നാൽ ഈ സാരാംശം ഇല്ലാതെ ഈ ആഗന്തുകങ്ങൾക്കു് തനിച്ചു ആസ്തിക്യമില്ല. ഈ ആഗന്തുകങ്ങൾ കൂടാതെ സാരംശത്തിനും ആസ്തിക്യമില്ല. അപ്പത്തിന്റെ സാരാംശം അഥവാ കാതലായ ഭാഗം ഇന്ദ്രിയ ഗോചരവുമല്ല. ഒരു വസ്തുവിന്റെ സാരാംശം മാറുമ്പോൾ ആ വസ്തുവും മാറുന്നു; അഥവാ വസ്തുഭേദം സംഭവിക്കുന്നു.

വി. കർബ്ബാനയിൽ സംഭവിക്കുന്നതു് ഇങ്ങനെയുള്ള വസ്തുഭേദമാണ്. അപ്പത്തിന്റെയും വീഞ്ഞിന്റെയും സാരാംശം നമ്മുടെ

www.malankaralibrary.com



കർത്താവീശോമിശിഹായുടെ തിരുശരീരവും തിരുരക്തവുമായിത്തീരുന്നു. പക്ഷെ, അതേസമയത്തുതന്നെ അപ്പത്തിൻെറയും വീഞ്ഞിൻെറയും ആഗന്തുകങ്ങൾ അഥവാ നിറം, രുചി മുതലായവ നില നില്ക്കുകയും ചെയ്യുന്നു. വൈദികൻ അപ്പത്തിന്മേലും വീഞ്ഞിന്മേലും കൂദാശവചനങ്ങൾ ഉച്ചരിച്ചുകഴിയുമ്പോൾ പിന്നെ അവ അപ്പവും വീഞ്ഞുമല്ല; അവയുടെ സ്ഥാനത്തു് നമ്മുടെ കർത്താവിൻെറ തിരുശരീരവും തിരുരക്തവും മാത്രമേയുള്ളു. ക്രിസ്തു സത്യമായും യഥാർത്ഥമായും സാരാംശപരമായും (really, truly and substantially) അപ്പോൾ വി. കർബാനയിലുണ്ടു്. അതായതു് അപ്പത്തിൻെറയും വീഞ്ഞിൻെറയും ആഗന്തുകങ്ങളിൽ കൂദാശ കഴിഞ്ഞതിനുശേഷം നമ്മുടെ കർത്താവിൻെറ തിരുശരീരരക്തങ്ങൾ സ്ഥിതിചെയ്യുന്നു.

ഈ വസ്തുഭേദം പ്രകൃതിനിയമങ്ങളെ ഉല്ലംഘിക്കുന്നതാണെന്നു് സമ്മതിക്കതന്നെ വേണം. പ്രകൃതിനിയമങ്ങളുടെ ഉടയവനും സർവ്വശക്തനുമായ ദൈവത്തിനു് പ്രകൃതിനിയമങ്ങളെ മാററിവച്ചു് പ്രവർത്തിക്കാവുന്നതാണല്ലോ.

"ദൈവത്തിനു് ഒരു കാര്യവും പ്രയാസമുള്ളതല്ലല്ലോ". (ലൂക്കാ 1, 37) ശൂന്യാവസ്ഥയിൽനിന്നാണു് ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചതു്. അഹറോൻെറ വടി സർപ്പമായിത്തീർന്നില്ലേ? ഈജിപ്തിലെ നദികളിലെ വെള്ളം രക്തമായിത്തീർന്നില്ലേ? (പുറപ്പാടു് 7; 10–20) കേവലം പച്ചവെള്ളം ഏററം നല്ല വീഞ്ഞായി നമ്മുടെ കർത്താവു മാററിയില്ലേ? അഞ്ചപ്പംകൊണ്ടു് അവിടുന്നു് അയ്യായിരം പേരെ തീററി സംതൃപ്തരാക്കിയില്ലേ? മരിച്ച പലക്കും നമ്മുടെ കർത്താവു് ജീവൻ നൽകിയില്ലേ? അവിടുന്നു് വെള്ളത്തിൻെറ മീതെ നടന്നില്ലേ? ഇവയൊക്കെ പ്രകൃതിനിയമമനുസരിച്ചു് നടന്ന കാര്യങ്ങളല്ലെന്നു് സ്പഷ്ടമാണല്ലോ. ദൈവത്തിനു് അസാദ്ധ്യമായതു് യാതൊന്നുംതന്നെയില്ല. അതിനാൽ വി. കർബാനയിൽ സംഭവിക്കുന്ന വസ്തുഭേദം നമ്മുടെ യുക്തിയ്ക്കും ബുദ്ധിയ്ക്കും അതീതമാണെങ്കിലും അവയ്ക്കു് എതിരല്ല.

www.malankaralibrary.com



വി. കുർബാനയിൽ ഈ വസ്തുഭേദം സംഭവിക്കുന്നു എന്നുള്ള കാര്യം ഈ കൂദാശ സ്ഥാപിച്ചപ്പോൾ നമ്മുടെ കർത്താവു് ഉപയോഗിച്ച വാക്കുകളിൽനിന്നുതന്നെ സ്പഷ്ടമാകുന്നുണ്ടു്. "അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോ അപ്പമെടുത്തു് ആശീർവ്വദിച്ചു മുറിച്ചു്, ശിഷ്യന്മാക്കു കൊടുത്തുകൊണ്ടു് അരുളിച്ചെയ്തു: നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ. ഇതു് എന്റെ ശരീരമാകുന്നു. (മത്താ: 26; 26) ഈ വാക്കുകളിൽനിന്നു് രണ്ടു സംഗതി വ്യക്തമാകുന്നു: (1) ഒരിക്കൽ അപ്പമായിരുന്നതു് ഇപ്പോൾ കർത്താവിന്റെ ശരീരമാണു്. (2) അതിനാൽ കർത്താവു് അപ്പം തന്റെ തിരുശരീരമാക്കിത്തീർത്തിരിക്കണം. ഇതാണു് വസ്തുഭേദം. ആദ്യത്തെ നിഗമനത്തെ നിഷേധിക്കുക സാദ്ധ്യമല്ല. "ഇതു് എന്റെ ശരീരമാകുന്നു" എന്നു് നമ്മുടെ കർത്താവു് അരുളിച്ചെയ്തപ്പോൾ തന്റെ തൃക്കരങ്ങളിൽ വഹിച്ചിരുന്നതു് സത്യമായും യഥാർത്ഥമായും തന്റെ ശരീരമായിരുന്നു. എന്നാൽ മുമ്പിലത്തെ വാചകത്തിൽ സുവിശേഷകൻ അതിനെക്കുറിച്ചു് അപ്പമെന്നാണു പറഞ്ഞിട്ടുള്ളതു്. അതിനാൽ ഒരിക്കൽ അപ്പമായിരുന്നതു് ഇപ്പോൾ കർത്താവിന്റെ ശരീരമാണു്. രണ്ടാമത്തെ നിഗമനം ആദ്യത്തേതിൽനിന്നു് നിഷ്പ്രയാസം ലഭിക്കുന്നു. കാരണം ഇപ്പോൾ 'A' ആയിരിക്കുന്ന ഒരു വസ്തു അടുത്ത നിമിഷത്തിൽ 'B' ആയിത്തീരുന്നെങ്കിൽ ആ വസ്തുവിനു് "A"യിൽനിന്നു "B"യിലേയ്ക്കു് ഭേദം അഥവാ മാററം സംഭവിച്ചു എന്നു വ്യക്തമാണു്.

രണ്ടാമതായി ക്രിസ്തുവിന്റെ ശരീരമല്ലാതെ മററെന്തെങ്കിലും ഉണ്ടെങ്കിൽ അപ്പോസ്തോലന്മാർ വഞ്ചിതരായി എന്നുവേണം കരുതുവാൻ. കാരണം, "ഇതെന്റെ ശരീരമാകുന്നു" എന്നുള്ള വാചകത്തിന്റെ വ്യക്തവും യഥാർത്ഥവുമായ അർത്ഥത്തിൽ അപ്പത്തിന്റെ ആസ്തിക്യത്തിനു് അവിടെ സ്ഥാനമില്ല. അപ്പം തന്റെ ശരീരമാക്കിത്തീർക്കുവാൻ ദിവ്യരക്ഷകനു ശക്തിയുണ്ടെന്നു് അവർക്കറിയാമായിരുന്നു. വെറും പച്ചവെള്ളം ഒന്നാംതരം വീഞ്ഞാക്കിത്തീർത്തതു് ഒരിക്കൽ അവർ കണ്ടവരാണു്. വെള്ളത്തിന്റെ

www.malankaralibrary.com



ഒരു തുള്ളിപോലും അപ്പോഠം ശേഷിച്ചിരുന്നുമില്ല. കാനായിലെ കല്യാണവിരുന്നിൽ ചെയ്ത ഈ അത്ഭുതം മുഖേന ക്രിസ്തു തൻെറ ശ്ലീഹന്മാരുടെ മനസ്സിനെ വി. കർബാനയിലെ വസ്തുഭേദമെന്ന അത്ഭുതം സംശയംകൂടാതെ വിശ്വസിക്കുന്നതിന് ഒരുക്കുകയായിരുന്നു എന്നാണ് വേദപാരംഗതന്മാരുടെ അഭിമതം.

മൂന്നാമതായി, അന്തിമ അത്താഴവേളയിൽ ക്രിസ്തുനാഥൻ അനുഷ്ഠിച്ച ഈ പുതിയ കർമ്മം എന്നേക്കും സഭയിൽ തുടരുന്നതിനുവേണ്ടി തൻെറ ശ്ലീഹന്മാരെ ചുമതലപ്പെടുത്തി. അതിനുള്ള അധികാരം അവക്കു നൽകി. അവർ ഈ പുതിയ കർമ്മത്തിൻെറ കാർമ്മികരാകേണ്ടവരായിരുന്നതിനാൽ കർമ്മവചനം അതിൻെറ വാച്യാർത്ഥത്തിൽതന്നെ എടുക്കേണ്ടതുണ്ട്. ശ്ലീഹന്മാരെല്ലാവരും ഇതു വാച്യാർത്ഥത്തിൽതന്നെയാണ് എടുത്തതെന്നു വിശുദ്ധ പൗലോസിൻെറ വാക്യങ്ങളിൽനിന്നു വ്യക്തമാണ്: "ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രം പാനംചെയ്കയുംചെയ്യുമ്പോഴെല്ലാം നമ്മുടെ കർത്താവിൻെറ മരണമാകുന്ന അവൻെറ വരവുവരെ നിങ്ങഠം ഓർമ്മിക്കുന്നതു്. ആകയാൽ കർത്താവിൻെറ അപ്പം ഭക്ഷിക്കുകയും അവൻെറ പാത്രം പാനംചെയ്കയും അതിനു യോഗ്യനല്ലാതിരിക്കുകയും ചെയ്യുന്നവൻ കർത്താവിൻെറ രക്തത്തോടും അവൻെറ ശരീരത്തോടും അപരാധിയാകുന്നു. ഇതിനാൽ ഏതു മനുഷ്യനും തന്നെത്തന്നെ പരിശോധിക്കുകയും പിന്നെ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രം പാനംചെയ്കയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ യോഗ്യനല്ലാതെ അതിൽനിന്നു ഭക്ഷിക്കുകയും പാനംചെയ്കയും ചെയ്യുന്നവൻ കർത്താവിൻെറ ശരീരത്തെ വിവേചിക്കാത്തതുകൊണ്ടു് തനിക്കുതന്നെയുള്ള ശിക്ഷാവിധിയാകുന്നു ഭക്ഷിക്കുകയും പാനംചെയ്കയും ചെയ്യുന്നതു്" (1 കോറിന്തി 11; 27–29). വിശുദ്ധ കർബാനയിൽ വസ്തുഭേദം സംഭവിക്കുന്നില്ലെങ്കിൽ വിശുദ്ധ ശ്ലീഹായുടെ ഈ വാക്കുകഠംക്ക് എന്തെങ്കിലും അർത്ഥമുണ്ടോ? കേവലം രൂപകാർത്ഥത്തിലോ അലങ്കാര രീതിയിലോ ആണ് കർത്താവു "ഇതു് എൻെറ ശരീരമാകുന്നു" എന്നു പറഞ്ഞ

www.malankaralibrary.com



തെങ്കിൽ അപ്പവും വീഞ്ഞും, തന്റെ യഥാർത്ഥ ശരീരരക്തങ്ങളാക്കി ത്തീർക്കുവാനുള്ള അധികാരം താൻ ശ്ലീഹന്മാർക്കു നൽകിയില്ലെങ്കിൽ എങ്ങനെ മേലുദ്ധരിച്ച വാക്യങ്ങൾ എഴുതുവാൻ വിശുദ്ധ പൗലോസിനു സാധിയ്ക്കും? ക്രിസ്തുവിന്റെ പീഢാനുഭവത്തെ സ്മരിക്കുന്നതിനുവേണ്ടി മാത്രം അപ്പവും വീഞ്ഞും ഉപയോഗിക്കുന്ന ഒരുവൻ എങ്ങനെ കർത്താവിന്റെ ശരീരത്തോടും രക്തത്തോടും അപരാധിയായിത്തീരും? എങ്ങനെ അയാൾ ശിക്ഷാവിധിയെത്തന്നെ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നുവെന്നു് പറയും? വിശുദ്ധ കർബാനയുടെ സ്ഥാപനവചനങ്ങൾ രേഖപ്പെടുത്തിയ ഉടനെതന്നെയാണു വിശുദ്ധ പൗലോസ് ഇങ്ങനെ എഴുതിയതെന്നുംകൂടി നാം പരിഗണിക്കുമ്പോൾ വിശുദ്ധ കർബാനയിലെ വസ്തുഭേദത്തേക്കുറിച്ചു് ശ്ലീഹായ്ക്കു് സുവ്യക്തമായ ധാരണ ഉണ്ടായിരുന്നുവെന്നു് നമുക്കു ഗ്രഹിയ്ക്കാം.

വിശുദ്ധ പൗലോസ് കോരിന്ത്യാക്കാർക്കെഴുതിയ ഒന്നാംലേഖനം പത്താം അദ്ധ്യായത്തിൽ നാം വായിക്കുന്നു: "വിവേകികളോടു് എന്നപോലെ ഞാൻ പറയുന്നു. ഞാൻ പറയുന്നതിനെ നിങ്ങൾതന്നെ വിവേചിച്ചു നോക്കുവിൻ. നാം ആശീർവ്വദിക്കുന്ന സ്തോത്രത്തിന്റെ ആ പാനപാത്രം മിശിഹായുടെ രക്തത്തിന്റെ പങ്കുകൊള്ളൽ അല്ലയോ? മുറിക്കുന്ന ആ അപ്പം മിശിഹായുടെ ശരീരത്തിന്റെ പങ്കുകൊള്ളലും അല്ലയോ? ആകയാൽ ആ അപ്പം ഒന്നുതന്നെയായിരിക്കുന്നതുപോലെതന്നെ നാം എവരും ഒരേ ശരീരമാകുന്നു. നാം എവരും ആ ഒരേ അപ്പത്തിൽനിന്നുതന്നെയാണു് സ്വീകരിക്കുന്നതു്". (1 കോരിന്തി 10; 15-17) സുവ്യക്തമായ ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുന്ന എല്ലാവരും തന്നോടുള്ള ഐക്യത്തിൽ സ്ഥിതിചെയ്യുന്നു. അവരെല്ലാവരും ക്രിസ്തുമുഖേന പോഷിപ്പിയ്ക്കപ്പെടുന്നവരാണു്.

വിശുദ്ധ കർബാനയിലുള്ള നമ്മുടെ കർത്താവിന്റെ യഥാർത്ഥ സാന്നിദ്ധ്യം കുറച്ചുകൂടി വ്യക്തമാകുന്നതിനു്, മനുഷ്യർക്കു് തന്റെ ശരീരരക്തങ്ങൾ ഭക്ഷണപാനീയങ്ങളായി നൽകുമെന്നുള്ള തന്റെ

www.malankaralibrary.com



വാഗ്ദാനം നമ്മെ സഹായിക്കുന്നു. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായത്തിലാണ് ഈ വാഗ്ദാനം അടങ്ങിയിരിക്കുന്നത്. സുദീർഘമായ ഈ അദ്ധ്യായത്തെ മൂന്നു ഭാഗങ്ങളായി തിരിക്കാം. ആദ്യമായി ഒന്നുമുതൽ ഇരുപത്തിയഞ്ചുവരെയുള്ള വാക്യങ്ങൾ. അഞ്ചപ്പവും രണ്ടു മത്സ്യവുംകൊണ്ട് നമ്മുടെ കർത്താവ് അയ്യായിരംപേരെ തീററി സംതൃപ്തരാക്കി. അവിടുന്ന് ഒരു പ്രവാചകനാണെന്നു പറഞ്ഞുകൊണ്ട് ജനങ്ങൾ അവിടുത്തെ പിടിച്ച് രാജാവാക്കുവാൻ ശ്രമിയ്ക്കുന്നു. അവരുടെ വിചാരങ്ങൾ മനസ്സിലാക്കിയ ക്രിസ്തു അവിടെനിന്നു മാറിപ്പോയി. പിറേറദിവസം ജനക്കൂട്ടം കഫർന്നഹോമിൽ ചെന്ന് തന്നെ അന്വേഷിച്ച് തടാകത്തിനക്കരെ കണ്ടെത്തി. ഇതാണ് ഒന്നാംഭാഗം. രണ്ടാം ഭാഗം 26 മുതൽ 60 വരെയുള്ള വാക്യങ്ങളാണ്. ലൗകികമായ അപ്പത്തിൽനിന്ന് സ്വർഗ്ഗീയമായ അപ്പത്തിലേയ്ക്ക് അവരുടെ ശ്രദ്ധയെ തിരിച്ചുവിട്ടുകൊണ്ട് ക്രിസ്തു സ്വർഗ്ഗീയമായ അപ്പത്തെക്കുറിച്ച് ചർച്ചചെയ്യുന്നു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടല്ലാതെ അത്ഭുതം ദർശിച്ചതുകൊണ്ടല്ലോ നിങ്ങൾ എന്നെ അന്വേഷിക്കുന്നത്: (വാക്യം 26) യഹൂദന്മാർ പറയുന്നു: അവർക്കു ഭക്ഷിക്കുവാൻ സ്വർഗ്ഗത്തിൽനിന്ന് അവൻ അപ്പംകൊടുത്തുവെന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ച് മന്നാ ഭക്ഷിച്ചുവല്ലോ(31) ഈശോ മറുപടിയായി: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: മൂശ സ്വർഗ്ഗത്തിൽനിന്ന് സത്യമായ അപ്പം നിങ്ങൾക്കു തന്നില്ല. എന്നാൽ എന്റെ പിതാവ് സ്വർഗ്ഗത്തിൽനിന്ന് സത്യമായ അപ്പം നിങ്ങൾക്കു തരുന്നു. ദൈവത്തിന്റെ അപ്പം സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്ന് ലോകത്തിനു ജീവൻ നൽകുന്ന അപ്പമാകുന്നു.........ഞാനാകുന്നു ജീവന്റെ അപ്പം. എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ഒരിയ്ക്കലും ദാഹിക്കുകയുമില്ല." (32) ക്രിസ്തുവിന്റെ ഈ വാക്കുകളെക്കുറിച്ച് യഹൂദന്മാർ മുറുമുറുത്തു. ഈശോ അതു കൂട്ടാക്കാതെ

www.malankaralibrary.com



"നിങ്ങൾ തമ്മിൽ തമ്മിൽ പിറുപിറുക്കേണ്ട.... എന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്" എന്നു വീണ്ടും ഉറപ്പിച്ചു പറഞ്ഞു. (47)

തുടന്ന് സ്വർഗ്ഗീയ അപ്പം ഭക്ഷിക്കുന്നതിന്റെ ആവശ്യത്തെ ക്രിസ്തു വ്യക്തമാക്കുന്നു: "ഞാൻ ജീവന്റെ അപ്പമാകുന്നു; നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ച് മന്നാ ഭക്ഷിച്ചു; എങ്കിലും അവർ മരിച്ചു. ഇതാകട്ടെ ഭക്ഷിക്കുന്നവൻ മരിക്കാതിരിക്കേണ്ടതിനായി സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിയ അപ്പമാകുന്നു" (48). വീണ്ടും: "സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ഈ അപ്പം ആരെങ്കിലും ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പം ലോകത്തിന്റെ ജീവനുവേണ്ടി കൊടുക്കുന്ന എന്റെ ശരീരമാകുന്നു". അതിന് യൂദന്മാർ: നമുക്കു തന്റെ ശരീരം ഭക്ഷിക്കുന്നതിനു തരുവാൻ അവന് എങ്ങനെ കഴിയും എന്നു പറഞ്ഞ് തമ്മിൽ വാദിച്ചിരുന്നു. ഈശോ അവരോട് അരുളിച്ചെയ്തു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനംചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു നിങ്ങളിൽത്തന്നെ ജീവനില്ല. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്. അവസാന നാളിൽ ഞാൻ അവനെ ഉയർപ്പിക്കുകയും ചെയ്യും.........എന്തെന്നാൽ എന്റെ ശരീരം സാക്ഷാൽ ഭക്ഷണമാകുന്നു; എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു. ആകയാൽ എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം പാനം ചെയ്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ജീവിക്കുന്നവനായ പിതാവ് എന്നെ അയയ്ക്കുയും ഞാൻ പിതാവു മൂലം ജീവിക്കുകയും ചെയ്യുന്നതുപോലെ എന്നെ ഭക്ഷിക്കുന്നവൻ ഏവനോ അവനും ഞാൻമൂലം ജീവിക്കും. സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിയ അപ്പം ഇതാകുന്നു. നിങ്ങളുടെ പിതാക്കന്മാർ മന്നാ ഭക്ഷിച്ചു മരിച്ചതുപോലെയല്ല: ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും" (51—59).

www.malankaralibrary.com



മൂന്നാംഭാഗം 60 മുതൽ 71 വരെയുള്ള വാക്യങ്ങളാണ്. നമ്മുടെ കർത്താവിൻെറ വാക്കുകളെ കേട്ട യഹൂദന്മാരുടെ വ്യാഖ്യാനവും നിലപാടും, യഹൂദന്മാരുടെ അവിശ്വാസവും ദുർവ്യാഖ്യാനവും വകവയ്ക്കാതെ താൻ പറഞ്ഞതിനെ വീണ്ടും കർത്താവ് ആവർത്തിച്ചു ഉറപ്പിക്കുന്നതും; പത്രോസിൻെറ ഏററുപറച്ചിലുമാണ് ഈ വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നത്.

വിശുദ്ധ കുർബാനയിലുള്ള ക്രിസ്തുനാഥൻെറ യഥാർത്ഥ സാന്നിദ്ധ്യം നിഷേധിക്കുന്ന അകത്തോലിക്കർ, തൻെറ മേലുദ്ധരിച്ച പ്രഭാഷണം അക്ഷരാർത്ഥത്തിലല്ലാ, രൂപകാർത്ഥത്തിലാണ് സ്വീകരിക്കേണ്ടതെന്ന് വാദിക്കുന്നുണ്ട്. കത്തോലിക്കരാകട്ടെ അക്ഷരാർത്ഥമല്ലാതെ മറെറാരർത്ഥവും വിശുദ്ധ കുർബാനയെക്കുറിച്ചുള്ള തൻെറ വാക്കുകൾക്കു ഇല്ലെന്ന് തെളിവു സഹിതം ചൂണ്ടിക്കാണിക്കുന്നു: "ഞാൻ ജീവൻെറ അപ്പമാകുന്നു. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ച് മന്നാ ഭക്ഷിച്ചു. എങ്കിലും അവർ മരിച്ചു. ഇതാകട്ടെ ഭക്ഷിക്കുന്നവൻ മരിക്കാതിരിക്കേണ്ടതിന്നായി സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിയ അപ്പമാകുന്നു. "സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ഈ അപ്പം ആരെങ്കിലും ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പം ലോകത്തിൻെറ ജീവനുവേണ്ടി കൊടുക്കുന്ന എൻെറ ശരീരമാകുന്നു". (വി. യോഹ. 6: 48-52). മരുഭൂമിയിലെ മന്നാഭക്ഷണം യഥാർത്ഥമായ ഒന്നായിരുന്നു. അതിനാൽ ക്രിസ്തുനാഥൻ ഇവിടെ ഉദ്ദേശിച്ചതും യഥാർത്ഥമായ രീതിയിലുള്ള ഭക്ഷണത്തെക്കുറിച്ചുതന്നെയാണ്. മേലുദ്ധരിച്ച വാക്കുകൾകൊണ്ട് കുരിശിന്മേലുള്ള തൻെറ ബലിയെക്കുറിച്ച് അവിടുന്നു മുൻകൂട്ടി പ്രവചിച്ചു. ലോകത്തിൻെറ രക്ഷയ്ക്കുവേണ്ടി തൻെറ ശരീരം കുരിശിന്മേൽവച്ച് യാഗമായി അർപ്പിച്ചു. ഇങ്ങനെ യാഗമാക്കപ്പെട്ടുന്ന ശരീരംതന്നെ ഭക്ഷണമായി അവിടുന്നു നൽകുന്നതാണെന്നും തൻെറ ഈ വാക്കുകൾകൊണ്ട് വ്യക്തമാക്കി. രക്തസഹിതമായ

www.malankaralibrary.com


ബലിയിൽ ബലിവസ്തു ഭക്ഷിക്കേണ്ടതുമാണു്. അതിനാൽ നിങ്ങൾ മനുഷ്യപുത്രൻെറ ശരീരം ഭക്ഷിക്കുകയും അവൻെറ രക്തം പാനംചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു നിങ്ങളിൽതന്നെ ജീവനില്ല. എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനംചെയ്യുകയും ചെയ്യുന്നവനു് നിത്യജീവൻ ഉണ്ടു്. അവസാനനാളിൽ അവനെ ഞാൻ ഉയർപ്പിക്കുകയും ചെയ്യും" എന്നു് യാതൊരു രൂപകാൎത്ഥവും അതിശയോക്തിയും കൂടാതെ പറയുവാനാണു് ക്രിസ്തു ഉദ്ദേശിച്ചതു് (യോഹ. 6: 54–55). ആക്കം തൻെറ വാക്കുകളെക്കുറിച്ചു് സംശയം ഉണ്ടാകാതിരിക്കേണ്ടതിനു് തുടന്നരുളിച്ചെയ്തു: "എന്തെന്നാൽ എൻെറ ശരീരം സാക്ഷാൽ ഭക്ഷണമാകുന്നു; എൻെറ രക്തം സാക്ഷാൽ പാനീയവുമാകുന്നു". (യോഹ. 6: 56).

ആരുടെയെങ്കിലും "മാംസം ഭക്ഷിക്കുക" എന്നുള്ള ശൈലി രൂപകാൎത്ഥത്തിൽ യഹൂദന്മാരുടെയിടയിൽ ഒരുവനെക്കുറിച്ചു് അപവാദം പറയുക, ഒരുവനെ പൂൎണ്ണമായി വെറുക്കുക, ഒരുവനെ നശിപ്പിക്കുക എന്നീ അൎത്ഥങ്ങളിലാണു് ഉപയോഗത്തിൽ ഇരുന്നതു്. ഈ അൎത്ഥത്തിലാണു് സങ്കീൎത്തകൻ പറയുന്നതു്: "കൎത്താവാകുന്നു ജീവരക്ഷകൻ; ഞാൻ ആരെ ഭയപ്പെടണം; എൻെറ മാംസം ഭക്ഷിക്കുന്നതിനു് ദുഷ്ടന്മാർ എനിക്കെതിരായി അടുത്തു വരുമ്പോൾ ഇടറിവീഴും." (സങ്കീ: 27: 1–2) ഇതേ അൎത്ഥത്തിൽ യോബും "ദൈവം ചെയ്യുന്നതുപോലെ നിങ്ങൾ എന്തിനു് എന്നെ പീഡിപ്പിക്കുന്നു? എൻെറ മാംസം തിന്നു് നിങ്ങൾ തൃപ്തരാകുന്നതു് എന്തിനു്? എന്നു ചോദിക്കുന്നു. (യോബു് 19: 22.) ഏശായാ പ്രവാചകനിൽ നാം വായിക്കുന്നു: "നിന്നെ ഞെരുക്കുന്നവരെ ഞാൻ അവരുടെ സ്വന്ത മാംസം തീററും; വീഞ്ഞുപോലെ സ്വന്ത രക്തം പാനംചെയ്തു് അവർക്കു ലഹരിപിടിക്കും." (ഏശായാ 49:26) ഇങ്ങനെ രൂപകാൎത്ഥത്തിൽ പറയുമ്പോൾ "മാംസം ഭക്ഷിക്കുക", "രക്തം പാനംചെയ്യുക" എന്നീ ശൈലികൾ, നിന്ദ്യമായ ഉപദ്രവങ്ങൾ ചെയ്യുക എന്ന അൎത്ഥത്തിൽ ഉപയോഗിച്ചുപോന്ന ഒരു

www.malankaralibrary.com


ജനതയോട്, കർത്താവ് അവർ തന്റെ മാംസം ഭക്ഷിക്കുകയും രക്തം പാനംചെയ്യുകയും ചെയ്തില്ലെങ്കിൽ അവർക്ക് നിത്യജീവൻ ഇല്ല എന്നും, തന്റെ ശരീരം ഭക്ഷിക്കുകയും തന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവർക്ക് നിത്യജീവൻ ഉണ്ട് എന്നും രൂപകാർത്ഥത്തിൽ പറയുന്നതു് വെറും അപഹാസ്യതയല്ലേ? കർത്താവിനെ വെറുക്കുകയും അവിടുത്തെ ഉപദ്രവിക്കുകയും അപഹസിക്കുകയും ചെയ്യുന്നവർക്കാണ് നിത്യജീവൻ ലഭിക്കുക; അല്ലാത്തവർക്ക് നിത്യജീവനില്ല എന്നു പറയുന്നതിൽ കൂടുതൽ വിവേകമില്ലായ്മ മറ്റെന്തുണ്ട്?

ഇനിയും ക്രിസ്തുവിന്റെ ശ്രോതാക്കൾ ഈ വാക്കുകൾ രൂപകാർത്ഥത്തിലാണോ, അക്ഷരാർത്ഥത്തിലാണോ സ്വീകരിച്ചതു് എന്നു ആരായേണ്ടതാണ്. ശ്രോതാക്കളായി ശ്ലീഹന്മാർ, ശിഷ്യന്മാർ, യഹൂദന്മാർ എന്നിവർ ഉണ്ടായിരുന്നു. അവരെല്ലാവരും അക്ഷരാർത്ഥത്തിൽതന്നെയാണ് ക്രിസ്തുവിന്റെ വാക്കുകൾ ഗ്രഹിച്ചതു്. യഹൂദന്മാർക്ക് ആ വാക്കുകൾ ഉതപ്പുണ്ടാക്കി. അവർ പറഞ്ഞു: "നമുക്കു തന്റെ ശരീരം ഭക്ഷിക്കുന്നതിന് തരുവാൻ ഇവന് എങ്ങനെ കഴിയും?" അവിടുന്നു രൂപകാർത്ഥത്തിലാണ് ഇതു് അരുളിച്ചെയ്തതെങ്കിൽ അവരുടെയിടയിൽ ഇങ്ങനെയുള്ള ഒരു സംസാരം ഉണ്ടായപ്പോൾ താൻ അവരുടെ ഉതപ്പു മാററുകയും തന്റെ വാക്കുകളുടെ അർത്ഥം വ്യക്തമാക്കുകയും ചെയ്യേണ്ടതായിരുന്നു. പക്ഷേ ദിവ്യരക്ഷകൻ അങ്ങനെ ചെയ്തില്ലെന്നുമാത്രമല്ല, തന്റെ വാക്കുകൾ ആവർത്തിച്ച് പൂർവ്വാധികം ഊന്നിപ്പറകയാണ് ചെയ്തതു്. ശിഷ്യന്മാരും ഈ വാക്കുകൾ അക്ഷരാർത്ഥത്തിലാണു ഗ്രഹിച്ചതു്. അവരിൽ പലരും "ഈ വാക്കു കഠിനമാകുന്നു. ഇതിനെ അനുസരിക്കുവാൻ ആർക്കു കഴിയും?" (യോഹ. 6: 61.) എന്നാണ് പറഞ്ഞതു്. ക്രിസ്തുവിന്റെ ശരീരം വെട്ടിനുറുക്കി ഭക്ഷിക്കണമോ എന്നാണ് അവരുടെ ചിന്ത പോയതു്. അപ്പോഴും സ്വയം തിരുത്താതെ ദിവ്യനാഥൻ ചോദിക്കുകയാണ്: "ഇതു നിങ്ങൾക്ക് ഇടർച്ചവരുത്തുന്നുവോ? അങ്ങനെയെങ്കിൽ മനുഷ്യ

www.malankaralibrary.com



പുത്രൻ ആദിയിൽ ഇരുന്നിരുന്ന സ്ഥലത്തേയ്ക്കു് കയറുന്നതു് നിങ്ങൾ കണ്ടാലോ?" (യോഹ. 6; 62-63.) അതായതു് "മനുഷ്യപുത്രൻ മുമ്പു് ആയിരുന്ന സ്ഥാനത്തേയ്ക്കു് കയറുന്നതു കാണുമ്പോൾ നിങ്ങൾക്കു് ഉൽപ്പുണ്ടാകുകയില്ല, അപ്പോൾ ഞാൻ ദൈവമാണു്, എനിയ്ക്കു് ഒന്നും അസാദ്ധ്യമല്ല എന്നു് നിങ്ങൾക്കു ബോദ്ധ്യമായേനെ. "എന്റെ ശരീരം അറുത്തുമുറിച്ചു് തിന്നുന്നതിനെപ്പററിയല്ല ഇപ്പോൾ ഞാൻ ചർച്ചചെയ്യുന്നതു്." (Maldonatus, Comment, in Joannem, c 6, n 151)

മനുഷ്യർ തന്റെ മാംസം ഭക്ഷിക്കേണ്ട ആവശ്യത്തെക്കുറിച്ചുള്ള തന്റെ പ്രബോധനം പിൻവലിക്കാതെ അവിടുന്നു തുടൻ. "ആത്മാവാകുന്നു ജീവിപ്പിക്കുന്നതു്. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോടു പറഞ്ഞ വാക്കുകൾ ആത്മാവാകുന്നു, ജീവനുമാകുന്നു. അതായതു് "കേവലം മാംസം ഒന്നിനുമുപകരിക്കുന്നില്ല. എന്നാൽ ഞാൻ നിങ്ങളോടു് ഏതു മാംസത്തെക്കുറിച്ചു് സംസാരിച്ചുവോ, മനുഷ്യനായി വന്ന ദൈവത്തിന്റെ ആ മാംസം യഥാർത്ഥമായി, കൂദാശാപരമായി, വിശ്വാസപൂർവ്വം ഭക്ഷിക്കണം" ഇതാണു് ദിവ്യരക്ഷകന്റെ വാക്കുകളുടെ സാരം. ഈ വാചകത്തിലെ 'ശരീരം' എന്ന വാക്കു് ചില അകത്തോലിക്കർ അക്ഷരാർത്ഥത്തിലെടുക്കും. അതേസമയം തന്നെ ആത്മാവു് എന്നുള്ള പദം രൂപകാർത്ഥത്തിലുമെടുക്കും. ഇങ്ങനെ അവർ കൃത്രിമമായവിധത്തിലാണു് ഈ വാചകം വ്യാഖ്യാനിക്കുന്നതു്. എന്നിട്ടു്, നമ്മുടെ കർത്താവു് മുൻപു് അരുളിച്ചെയ്ത വാക്കുകളുടെ ആശയം മുഴുവനും "ആത്മാവു്" എന്ന പ്രയോഗംകൊണ്ടു് ഒന്നു പരിഷ്കരിച്ചെന്നും "ശരീരം ഭക്ഷിക്കുക" എന്നതു് അക്ഷരാർത്ഥത്തിലല്ലാ പ്രത്യുത, രൂപകാർത്ഥത്തിലാണു് എടുക്കേണ്ടതെന്നും, അങ്ങനെ വിശ്വാസംവഴി തന്നെ ഭക്ഷിക്കുന്നതിനെ സൂചിപ്പിക്കുകയാണെന്നും അവർ വാദിക്കും. എന്നാൽ മുമ്പു നാം കണ്ട ന്യായങ്ങളനുസരിച്ചു് ഈ വാദം അടിസ്ഥാനരഹിതമാണെന്നു് വ്യക്തമാണല്ലോ.

ദിവ്യരക്ഷകന്റെ വ്യക്തമായ ആ വാക്കുകൾ അതേപടി മനസ്സിലാക്കി 'ഇതു കഠിനമാണെ'ന്നു പറഞ്ഞു് അവന്റെ ശിഷ്യ

www.malankaralibrary.com


രിൽ പലരും പിന്മാറി പൊയ്ക്കളഞ്ഞു. അവർ പിന്നെ അവനോട്ടു കൂടി നടന്നില്ല. (യോഹ. 6: 67.) അപ്പോൾ ഈശോ തന്റെ പന്ത്രണ്ടുപേരോട്ടു "നിങ്ങളും പോകുവാൻ ഇച്ഛിക്കുന്നുവോ" എന്നു ചോദിച്ചു. ശെമഓൻകേപ്പാ ഉത്തരമായി പറഞ്ഞു "എന്റെ കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിനക്കുണ്ട്." (യോഹ. 6: 68-69.)

മൂന്നു സുവിശേഷങ്ങളിലും കോറിന്ത്യാക്കാർക്കുള്ള വിശുദ്ധ പൗലോസിന്റെ ലേഖനത്തിലും കാണുന്ന വിശുദ്ധ കുർബാനയുടെ സ്ഥാപനവചനങ്ങൾ, വിശുദ്ധ കുർബാനയിലുള്ള ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം വ്യക്തമാക്കുന്നുണ്ട്:

മത്തായി 26-ാം അദ്ധ്യായം.

26: അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോ അപ്പമെടുത്തു്, ആശീർവദിച്ചു മുറിച്ചു്, ശിഷ്യന്മാർക്കു കൊടുത്തുകൊണ്ടു് അരുളിച്ചെയ്തു: "നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ. ഇതു് എന്റെ ശരീരമാകുന്നു."

27: പിന്നെ അവൻ പാനപാത്രമെടുത്തു സ്തോത്രംചെയ്തു്, അവർക്കു കൊടുത്തുകൊണ്ടു് അരുളിച്ചെയ്തു: വാങ്ങി നിങ്ങളെല്ലാവരും ഇതിൽനിന്നു കുടിക്കുവിൻ.

28: പാപങ്ങളുടെ മോചനത്തിനായി വളരെപ്പേർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയനിയമത്തിലെ എന്റെ രക്തമാകുന്നു.

മർക്കോസ് 14-ാം അദ്ധ്യായം.

22: അവർ ഭക്ഷിച്ചുകൊണ്ടിരിക്കവേ, ഈശോ അപ്പം എടുത്തു്, ആശീർവദിച്ചു മുറിച്ചു് അവർക്കു കൊടുത്തുകൊണ്ടു്: വാങ്ങി ഭക്ഷിക്കുവിൻ, ഇതെന്റെ ശരീരമാകുന്നു എന്നരുളിച്ചെയ്തു.

23: പിന്നെ അവൻ പാനപാത്രമെടുത്തു സ്തോത്രംചെയ്തു് ആശീർവദിച്ചു് അവർക്കു കൊടുത്തു. എല്ലാവരും അതിൽനിന്നു കുടിച്ചു.

24: അവൻ അരുളിച്ചെയ്തു: ഇതു വളരെപ്പേർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയനിയമത്തിലെ എന്റെ രക്തമാകുന്നു.

www.malankaralibrary.com



ലൂക്കോസ് 22-ാം അദ്ധ്യായം.

19: പിന്നെ അവൻ അപ്പമെടുത്തു്, സ്തോത്രംചെയ്തു മുറിച്ചു് അവർക്കു കൊടുത്തുകൊണ്ടു് അരുളിച്ചെയ്തു: ഇതു് നിങ്ങൾക്കായി നൽകപ്പെടുന്ന എന്റെ ശരീരമാകുന്നു. ഇതു് എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ.

20: അവർ അത്താഴം കഴിച്ചശേഷം ഇങ്ങനെതന്നെ പാനപാത്രത്തെപ്പററിയും അവൻ അരുളിച്ചെയ്തു: ഈ പാനപാത്രം, നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തംകൊണ്ടുള്ള പുതിയ നിയമമാകുന്നു.

1 കോറിന്തി 11-ാം അദ്ധ്യായം.

23: ഞാൻ നിങ്ങൾക്കു് ഏൽപ്പിച്ചുതന്നിട്ടുള്ളതു് നമ്മുടെ കർത്താവിൽനിന്നു് എനിക്കു് കിട്ടിയിട്ടുള്ളതാകുന്നു. അതെന്തെന്നാൽ, നമ്മുടെ കർത്താവായ ഈശോ, താൻ ഒററിക്കൊടുക്കപ്പെട്ട ആ രാത്രിയിൽ, അപ്പം എടുത്തു്

24: ആശീർവ്വദിച്ചു മുറിച്ചിട്ടു്: നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ; ഇതു് നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു; എന്റെ ഓർമ്മയ്ക്കായിട്ടു് ഇപ്രകാരം നിങ്ങൾ ചെയ്യുവിൻ എന്നരുളിച്ചെയ്തു.

25: ഇപ്രകാരംതന്നെ അവർ അത്താഴം കഴിച്ചശേഷം അവൻ പാനപാത്രവും കൊടുത്തിട്ടു് ഈ പാനപാത്രം എന്റെ രക്തംകൊണ്ടുള്ള പുതിയനിയമമാകുന്നു; നിങ്ങൾ പാനംചെയ്യുമ്പോഴെല്ലാം എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവിൻ എന്നരുളിച്ചെയ്തു.

വിശുദ്ധ കർബാന എന്ന കൂദാശയുടെ സ്ഥാപനവചനങ്ങൾ സ്വീകരിക്കേണ്ടതു് വേദപുസ്തകവാക്യങ്ങൾ സാധാരണ സ്വീകരിക്കാറുള്ളതുപോലെ അക്ഷരാർത്ഥത്തിലാണു്. "സാധാരണരീതിയിൽ" എന്നു പറഞ്ഞതിനു് കാരണമുണ്ടു്. ഏതെങ്കിലുമൊരു വേദവാക്യം അക്ഷരാർത്ഥത്തിലല്ല എടുക്കേണ്ടതെന്നുള്ള വ്യക്തമായ

www.malankaralibrary.com



സൂചനയോ തെളിവോ ഉണ്ടെങ്കിൽ മാത്രമേ ആ വാക്കുകൾ അക്ഷരാർത്ഥത്തിൽ എടുക്കാതിരിക്കാവൂ.

തന്റെ ജീവിതത്തിന്റെ ഏററം മഹനീയമായ സന്ദർഭത്തിലാണ് ക്രിസ്തുനാഥൻ വിശുദ്ധ കുർബാന സ്ഥാപിച്ചതു്. 'ഇതെന്റെ ശരീരമാകുന്നു, ഇതെന്റെ രക്തമാകുന്നു' എന്നുള്ള അങ്ങയുടെ വാക്കുകൾ സുവ്യക്തമായവയാണു്. "ഇതു നിങ്ങൾക്കായി നൽകപ്പെടുന്ന എന്റെ ശരീരമാകുന്നു", "ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തംകൊണ്ടുള്ള പുതിയ നിയമമാകുന്നു" എന്നു് അവിടുന്നു പറയുന്നുണ്ടു്. കൂടാതെ "ഇതു് എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ" എന്നു കല്പിച്ചു് ഒരു നിയമവും അവിടുന്നു നൽകി. നിയമദാതാവു് വ്യക്തമായ, അക്ഷരാർത്ഥത്തിലെടുക്കാവുന്ന രീതിയിലല്ലാതെ ഒരിക്കലും രൂപകാർത്ഥത്തിലോ അലങ്കാരഭാഷയിലോ സംസാരിക്കുകയില്ല. അപ്പോസ്തലന്മാരാകട്ടെ, അലങ്കാരപ്രയോഗരീതികളിലും രൂപകാർത്ഥങ്ങളിലും വൈദഗ്ധ്യമുള്ളവരുമല്ലായിരുന്നു. അതിനാൽ അങ്ങനെയുള്ളവരോടു സംസാരിക്കുന്ന ക്രിസ്തുനാഥൻ രൂപകാർത്ഥത്തിൽ ഏററം പ്രധാനപ്പെട്ട ഒരു വിഷയം ചർച്ചചെയ്യുകയില്ലെന്നു് നിശ്ചയമാണല്ലോ.

ഇതു യോഹന്നാനാകുന്നു, എന്നു് നാം ഒരാളെക്കുറിച്ചു പറയുമ്പോൾ അയാൾ യോഹന്നാനാകുന്നു എന്നുതന്നെയാണു് നമ്മുടെ വിവക്ഷ. അല്ലാതെ ഇതു യോഹന്നാന്റെ സാദൃശ്യമുള്ള ആളാണു്; യോഹന്നാനെപ്പോലെ നാം കരുതേണ്ട ആളാണു് എന്നൊന്നും നാം വിവക്ഷിക്കുന്നില്ല. ഇങ്ങനെതന്നെ വ്യക്തമായ വാചകങ്ങളാണു് "ഇതു് എന്റെ ശരീരമാകുന്നു, ഇതു് എന്റെ രക്തമാകുന്നു" എന്നുള്ളവ.

നമ്മുടെ കർത്താവു് വിശുദ്ധ കുർബാന സ്ഥാപിച്ചിട്ടു് ഏകദേശം ഇരുപത്തിനാലു വർഷം കഴിഞ്ഞപ്പോഴാണു് വിശുദ്ധ പൗലോസു് കോറിന്ത്യക്കാർക്കു് തന്റെ ലേഖനം എഴുതുന്നതു്.

www.malankaralibrary.com



കോറിന്ത്യൻക്രിസ്ത്യാനികളിൽ ഭൂരിപക്ഷംപേരും പുറജാതിക്കാരിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചവരായിരുന്നു. അവർക്കുള്ള തന്റെ ഒന്നാംലേഖനത്തിൽ ശ്ലീഹാ, വിശുദ്ധ കർബാനയുടെ സ്ഥാപനവചനങ്ങൾ രേഖപ്പെടുത്തുമ്പോൾ, ആ വചനങ്ങൾ അക്ഷരാർത്ഥത്തിൽതന്നെ സ്വീകരിച്ച് എഴുതുകയാണ് ചെയ്യുന്നത്. രൂപകാർത്ഥത്തിലാണ് ഈ വാക്കുകൾ സ്വീകരിക്കേണ്ടതെങ്കിൽ ശ്ലീഹാ അത് തന്റെ ലേഖനത്തിൽ വ്യക്തമാക്കിയേനേ. വിശുദ്ധപൗലോസ് അങ്ങനെ ചെയ്തില്ലെന്നുമാത്രമല്ല, വിശുദ്ധ കർബാന അയോഗ്യമായി സ്വീകരിക്കുന്നവൻ "കർത്താവിന്റെ രക്തത്തോടും അവന്റെ ശരീരത്തോടും അപരാധിയാകുന്നു" എന്നും, അങ്ങനെയുള്ളവൻ "തനിക്കുതന്നെയുള്ള ശിക്ഷാവിധിയാകുന്ന ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നതു" എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽനിന്നും നാം എന്താണ് ഗ്രഹിക്കേണ്ടതു്? വിശുദ്ധ കർബാനയുടെ സ്ഥാപനവചനങ്ങൾ അക്ഷരാർത്ഥത്തിൽതന്നെയാണ് സ്വീകരിക്കേണ്ടതെന്നല്ലയോ?

ഇനിയും നമുക്ക് നോക്കുവാനുള്ളതു് ക്രൈസ്തവസഭയുടെ ആരംഭകാലത്ത് ജീവിച്ചിരുന്ന പിതാക്കന്മാരുടെ അഭിപ്രായമാണ്. ആരംഭകാലങ്ങളിലെ സഭാപിതാക്കന്മാരുടെ, വിശുദ്ധ കർബാനയെക്കുറിച്ചുള്ള ചർച്ചകൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. വിശുദ്ധ കർബാനയിലുള്ള നമ്മുടെ കർത്താവിന്റെ യഥാർത്ഥ സാന്നിദ്ധ്യം ആരംഭകാലത്തെ വേദവിപരീതികൾ നിഷേധിച്ചിട്ടില്ലാഞ്ഞതിനാൽ യഥാർത്ഥ സാന്നിദ്ധ്യം തെളിയിക്കുവാനല്ല അവർ പ്രധാനമായി ശ്രമിച്ചിട്ടുള്ളതു്. നേരെമറിച്ച് പല കാര്യങ്ങൾ പറഞ്ഞക്കൂട്ടത്തിൽ വിശുദ്ധ കർബാനയെക്കുറിച്ചും അവർ സാന്ദർഭികമായി പ്രസ്താവിച്ചിട്ടേ ഉള്ളു എന്നതാണ് അവരുടെ സാക്ഷ്യത്തിലുള്ള പ്രത്യേക പ്രാധാന്യം.

1) രക്തസാക്ഷിയായ വി. ഇഗ്നാത്തിയോസ് 'ഡൊച്ചേത്തേ' എന്ന പാഷണ്ഡികളെക്കുറിച്ചു പ്രസ്താവിക്കുന്നു: "അവർ കർബാനയിൽനിന്നും പ്രാർത്ഥനയിൽനിന്നും മാറിനിൽക്കുന്നു; കാരണം

www.malankaralibrary.com



നമ്മുടെ പാപങ്ങൾക്കുവേണ്ടി പീഡകൾ സഹിച്ചതും പിതാവു് തൻെറ കാരുണ്യത്താൽ ഉജ്ജീവിപ്പിച്ചതുമായ, നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിൻെറ ശരീരമാണു് വിശുദ്ധ കുർബാന എന്നവർ ഏററു പറയുന്നില്ല.

(Epistola ad Smyrn, C 7, M. G 5, 713)

2) രക്തസാക്ഷിയായ വിശുദ്ധ ജസ്റ്റിൻ (100–167) ക്രിസ്തുമതം സ്വീകരിക്കുന്നതിനുമുമ്പു് ഒരു പേഗൻ (പുറജാതി) തത്വശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹം പ്രസ്താവിക്കുന്നു: "ഈ ഭക്ഷണം ഞങ്ങളുടെയിടയിൽ വിശുദ്ധ കുർബാന എന്നാണു് വിളിക്കപ്പെടുന്നതു്.................ഇവയെ ഞങ്ങൾ സ്വീകരിക്കുന്നതു് സാധാരണ അപ്പവും സാധാരണ പാനീയവുമായിട്ടല്ല. നേരേമറിച്ചു് ദൈവവചനത്താൽ ഞങ്ങളുടെ രക്ഷകനായ യേശുക്രിസ്തു ശരീരിയായിത്തീൎന്നു് മാംസവും രക്തവുമുള്ളവനായിരിക്കുകയും ചെയ്തതുപോലെ ഈ ആഹാരവും അവൻെറ വാക്കുകൾ അടങ്ങിയിരിക്കുന്ന പ്രാർത്ഥനകൾക്കുശേഷം മനുഷ്യാവതാരംചെയ്ത യേശുവിൻെറ മാംസവും രക്തവുമാണെന്നു് ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നു."

(Apologia, C 66, M. G 6, 428–429.)

3) വിശുദ്ധ ഹിലാരിയൂസു് പ്രസ്താവിക്കുന്നു: "ശരീരത്തിൻെറയും രക്തത്തിൻെറയും വാസ്തവികതയെക്കുറിച്ചു് സംശയിക്കുവാൻ സ്ഥാനമില്ല. നമ്മുടെ കർത്താവിൻെറ പ്രബോധനമനുസരിച്ചും നമ്മുടെ വിശ്വാസമനുസരിച്ചും അവ യഥാർത്ഥമായ ശരീരവും രക്തവുമാകുന്നു. ഇവ നാം സ്വീകരിക്കുമ്പോൾ നാം ക്രിസ്തുവിലും ക്രിസ്തു നമ്മിലും ആയിത്തീരുന്നു. ഇതു് യഥാർത്ഥം തന്നെയല്ലേ? (De Trinitate, lib. 8, n. 14; M. L 10 247.)

4) വിശുദ്ധ സിപ്രിയൻ, യറുസലേമിലെ വിശുദ്ധ ക്രറിലോസു്, വിശുദ്ധ ജോൺ ക്രിസോസ്റ്റോം, വിശുദ്ധ അമ്പ്രോസു്

www.malankaralibrary.com



മുതലായ പിതാക്കന്മാരും വിശുദ്ധ കർബാനയിലുള്ള നമ്മുടെ കർത്താവിൻെറ യഥാർത്ഥ സാന്നിദ്ധ്യത്തെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

അഞ്ചാം നൂററാണ്ടിൻെറ ആരംഭത്തിൽ ജീവിച്ചിരുന്ന ഗ്രീക്ക ഗ്രന്ഥകാരനായ മക്കാരിയൂസ് (Macarius Magnes) പറയുന്നതിപ്രകാരമാണ്: "ഇതുപോലെ അപ്പവും പാനപാത്രവും എടുത്തുകൊണ്ട് ക്രിസ്തു അരുളിച്ചെയ്തു. ഇതെൻെറ ശരീരമാകുന്നു, ഇതെൻെറ രക്തമാകുന്നു. മാനസികമായ അന്ധകാരംപിടിച്ച ചിലർ സംസാരിക്കുന്നതുപോലെ അതു് ശരീരത്തിൻെറയും രക്തത്തിൻെറയും സാദൃശ്യമല്ല, പ്രത്യുത, യഥാർത്ഥത്തിൽ അതു് ശരീരവും രക്തവുമാകുന്നു." പതിനാറാം നൂററാണ്ടിൽ പൊന്തിവന്ന കാൽവിൻമതക്കാരുടെ അഭിപ്രായത്തെ അഞ്ചാം നൂററാണ്ടിൽത്തന്നെ അദ്ദേഹം ഖണ്ഡിച്ചിരിക്കുന്നതു് രസകരമായ ഒരു സംഗതിയാണ്.

പുരാതനങ്ങളായ കർബാനതക്സാകളെല്ലാംതന്നെ വിശുദ്ധ കർബാനയിലുള്ള നമ്മുടെ കർത്താവിൻെറ യഥാർത്ഥ സാന്നിദ്ധ്യം വ്യക്തമായി പ്രസ്താവിക്കുന്നവയാണ്. ഇങ്ങനെ യറുസലേമിലെ വിശുദ്ധ യാക്കോബിൻെറ കർബാനക്രമം, വിശുദ്ധ ബസ്സേലിയോസിൻെറ കർബാനക്രമം, അർമേനിയാക്കാരും ഈഗുപ്തായാക്കാരും ഉപയോഗിക്കുന്ന വിശുദ്ധ ഈവാനിയോസിൻെറ കർബാനക്രമം, ലത്തീൻ കർബാനക്രമം, അംബ്രോസിയൻ കർബാനക്രമം ഇവയെല്ലാംതന്നെ ഈ സത്യത്തെ പ്രസ്പഷ്ടമാക്കുന്നവയാണ്.

റോമൻ ഭൂഗർഭാലയങ്ങളുടെ ഭിത്തിയിലെ എഴുത്തുകൾ പ്രാചീന ക്രിസ്ത്യാനികളുടെയിടയിൽ വിശുദ്ധ കർബാനയേക്കുറിച്ചുള്ള വിശ്വാസം എന്തായിരുന്നുവെന്നു് വെളിവാക്കുന്നുണ്ട്. ഇന്നത്തെ കത്തോലിക്കർ വിശുദ്ധ കർബാനയെക്കുറിച്ച് വിശ്വസിക്കുന്നതു തന്നെയാണ് പ്രാചീനകാലത്തുണ്ടാക്കിയ ഭൂഗർഭാലയങ്ങൾ ഇക്കാര്യത്തേക്കുറിച്ച് കാണിച്ചുതരുന്നതു്.

www.malankaralibrary.com



പുരാതനകാലത്തു് കത്തോലിക്കാസഭയിൽനിന്നും വിട്ടുപോയ പൗരസ്ത്യസഭകൾ വിശുദ്ധ കുർബാനയിലുള്ള നമ്മുടെ കർത്താവിന്റെ സാന്നിദ്ധ്യത്തെ ഇപ്പോഴും സ്വീകരിക്കുന്നുണ്ടു്.

വിശുദ്ധ കുർബാന സ്നേഹത്തിന്റെ കൂദാശയാണു്. സ്നേഹം ഐക്യം ആവശ്യപ്പെടുന്ന ഒന്നാണല്ലോ. സ്നേഹത്തിന്റെ തീഷ്ണതയനുസരിച്ചു് ഐക്യത്തിനുള്ള അഭിനിവേശവും വർദ്ധിച്ചിരിക്കും. നമ്മുടെ കർത്താവിനു് നമ്മോടുള്ള സ്നേഹവും ഈ നിയമത്തിൽനിന്നു് വ്യത്യസ്തമല്ല. നാം ക്രിസ്തുവിലും ക്രിസ്തു നമ്മിലും ആയിരിക്കുന്നതിനുവേണ്ടിയാണു് ക്രിസ്തുനാഥൻ വി. കുർബാന സ്ഥാപിച്ചതു്. ത്രേന്തോസ് സൂനഹദോസ് പഠിപ്പിക്കുന്നതുപോലെ "നമ്മുടെ രക്ഷകൻ ഈ ലോകം വിട്ടു് പിതാവിന്റെ അടുക്കലേക്കു പോകുവാനുള്ള സമയമായപ്പോൾ ഈ കൂദാശ സ്ഥാപിച്ചു. ഇതിൽ തന്റെ അത്ഭുതപ്രവൃത്തികളെ അനുസ്മരിച്ചുകൊണ്ടു് മനുഷ്യരുടെപേർക്കുള്ള തന്റെ ദൈവികസ്നേഹത്തിന്റെ ധാരാളതയെ അങ്ങു് ഒഴുക്കി. ഇതിലുള്ള സഹകരണംമൂലം ലോകത്തെ വിധിക്കുന്നതിനു താൻ വരുന്നാളുവരെ തന്റെ ഓർമ്മയെ ബഹുമാനിക്കുവാനും തന്റെ മരണത്തെ ചൂണ്ടിക്കാണിക്കുവാനും അവിടുന്നു് നമ്മോടു കല്പിച്ചു. ആത്മാക്കളുടെ ആത്മീയഭക്ഷണമായി ഈ കൂദാശ സ്വീകരിക്കപ്പെടണമെന്നു് അങ്ങു തിരുമനസ്സായി. ഈ ഭക്ഷണംമുഖേന അവർ പോഷിപ്പിക്കപ്പെടുകയും ബലം പ്രാപിക്കയും ചെയ്യണമെന്നു് അങ്ങു് ആഗ്രഹിച്ചു. "എന്നെ ഭക്ഷിക്കുന്നവൻ ഏവനോ അവൻ ഞാൻമൂലം ജീവിയ്ക്കും" എന്നു് അവിടുന്നു് അരുളിച്ചെയ്തു. നമ്മുടെ അനുദിനകുറ്റങ്ങളിൽനിന്നു് നാം സ്വതന്ത്രരാകുവാനും മാരകപാപങ്ങളിൽനിന്നു് നാം സംരക്ഷിക്കപ്പെടുവാനും ഉള്ള ഒരു മരുന്നാണു് ഈ കൂദാശ. കൂടാതെ ഈ കൂദാശ, വരാനിരിക്കുന്ന നമ്മുടെ മഹത്വത്തിനും നിത്യസന്തോഷത്തിനും വേണ്ടിയുള്ള ഒരു അച്ചാരമായിത്തീരണമെന്നും ദൈവം തിരുമനസ്സായി". (Council of Trent. sess 13, Cap. 11).

www.malankaralibrary.com



ഇങ്ങനെ ഈ ക്രൂദാശ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ നമ്മുടെ കർത്താവു് തന്നെത്തന്നെ നമ്മുടെ ആത്മാവിന്റെ ഭക്ഷണമായി നൽകുന്ന സ്നേഹത്തിന്റെ ക്രൂദാശയാണു്. നമ്മെ രക്ഷിക്കുന്നതിനുവേണ്ടി പുത്രൻതമ്പുരാൻ മനുഷ്യനായി നമുക്കുവേണ്ടി കഷ്ടതകൾ സഹിച്ചു; നമുക്കുവേണ്ടി കുരിശിൽ മരണമനുഭവിച്ചു. ഇതുകൊണ്ടൊന്നും താൻ തൃപ്തനായില്ല. തനിക്കു നമ്മോടുള്ള സ്നേഹത്തിന്റെ ലക്ഷ്യമായി നമ്മുടെ ഭക്ഷണമായിത്തീരുവാനും തിരുമനസ്സായി. "പെസഹാതിരുനാളിനുമുമ്പേ ഈ ലോകംവിട്ടു് തന്റെ പിതാവിന്റെ അടുക്കലേയ്ക്കു പോകുവാനുള്ള സമയമടുത്തു എന്നു് ഈശോ അറിഞ്ഞു. അവൻ ഈ ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചു". (യോഹ. 13: 1)

"ആകയാൽ എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോഹ. 6: 57.) സ്നേഹിക്കുന്നയാളിനു് സ്നേഹിക്കപ്പെടുന്ന ആളുമായിട്ടു് തദാത്മ്യം പ്രാപിക്കുന്നതിനുള്ള അഭിവാഞ്ഛ മാനുഷികസ്നേഹത്തിൽ ലീനമാണു്. പക്ഷേ, അതു് പരിപൂർണ്ണമായി സാധിക്കുന്നില്ല. എന്നാൽ സ്നേഹത്തിന്റെ ഈ മഹനീയതത്വം ക്രിസ്തുനാഥനു് നമ്മോടുള്ള സ്നേഹത്തിൽ പരിപൂർണ്ണമായി നിവർത്തിയാകുന്നു. ഇങ്ങനെ നമുക്കു് വി. പൗലോസിനോടുകൂടി പറയുവാൻ സാധിക്കും: "അതിനാൽ ഇനി ഞാനല്ലാ ജീവിക്കുന്നതു്; മിശിഹാ എന്നിൽ ജീവിക്കുന്നു" (ഗലാത്തി. 2: 20).

നമ്മുടെ ശരീരപോഷണത്തിനു് നാം സ്വീകരിക്കുന്ന ഭക്ഷണത്തിന്റെ പ്രവർത്തനവും വി. കുർബാനയുടെ സ്വീകരണംവഴി നമ്മുടെ ആത്മാവിലുളവാകുന്ന ഫലവും തമ്മിൽ സാരമായ വ്യത്യാസം സഭാപിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ടു്. നമ്മുടെ ശരീരം നിലനിൽക്കുന്നതിനും വളരുന്നതിനും വേണ്ടി നാം ഭക്ഷണം കഴിക്കുന്നു. ചില പരിവർത്തനങ്ങൾക്കുശേഷം ആ ഭക്ഷണസാധനം നമ്മുടെ ശരീരത്തിന്റെ ഭാഗമായിത്തീരുന്നു; അഥവാ ആ ഭക്ഷണസാധനത്തെ നാം ശരീരത്തിന്റെ ഭാഗമാക്കിത്തീർക്കുന്നു. പക്ഷേ,

www.malankaralibrary.com



ക്രിസ്തുനാഥൻ വി. കർബ്ബാനവഴിയായി നമ്മുടെ ഭക്ഷണമായിത്തീരുന്നതു് നമ്മെ തന്നിലേക്കു് പരിവർത്തനം ചെയ്യുന്നതിനാണു്. ക്രിസ്തു പറയുന്നതായി വി. അഗസ്തീനോസു് എഴുതുന്നു: "ഞാൻ ബലവാന്മാരുടെ ഭക്ഷണമാകുന്നു; വിശ്വാസം ഉണ്ടായിരിക്കുകയും എന്നെ ഭക്ഷിക്കുകയും ചെയ്യുക. പക്ഷേ, എന്നെ നീ നിന്നിലേക്കു മാററുകയില്ല. എന്നിലേക്കു മാററപ്പെടുന്നതു നീയായിരിക്കും". വി. തോമസു് അക്വിനാസു് തൻെറ സ്വതസിദ്ധമായ സ്ഫുടതയോടെ പ്രസ്താവിക്കുന്നു: "ഒരു കൂദാശയുടെ ഉത്തമ ഫലത്തെക്കുറിച്ചു് വ്യക്തമായ ഒരു ധാരണയിലെത്തുന്നതിനു് ആ കൂദാശയുടെ കർമ്മസാധനത്തോടു അതിനുള്ള സാമ്യം പരിഗണിക്കേണ്ടതാണു്. വി. കർബ്ബാനയിലെ കർമ്മസാധനം ഒരു ഭക്ഷണമാണു്; അപ്പോൾ അതിൻെറ ശരിയായ ഫലം ആ ഭക്ഷണത്തോടു് സാമ്യമുള്ളതായിരിക്കണം. ശാരീരികഭക്ഷണം സ്വീകരിക്കുമ്പോൾ ഒരുവൻ അതിനെ തന്നോടു് രൂപാന്തരപ്പെടുത്തുന്നു. ഈ മാററം ശരീരത്തിനു നഷ്ടപ്പെട്ട ശക്തി വീണ്ടെടുക്കുന്നു. അതു് ശരീരത്തെ പോഷിപ്പിക്കുന്നു. എന്നാൽ ദിവ്യകാരുണ്യ ഭക്ഷണമാകട്ടെ അതു സ്വീകരിക്കുന്ന ആളുമായിട്ടു് രൂപാന്തരപ്പെടാതെ അതു് ആ ആളിനെ അതിലേക്കു രൂപാന്തരപ്പെടുത്തുന്നു. "അതിനാൽ ഇനി ഞാനല്ലാ ജീവിക്കുന്നതു്; മിശിഹാ എന്നിൽ ജീവിക്കുന്നു" എന്നു് നമുക്കു പറയുവാൻ സാധിക്കത്തക്കവണ്ണം നമ്മെ ക്രിസ്തുവിൽ രൂപാന്തരപ്പെടുത്തുകയാണു്.

ആദ്ധ്യാത്മികമായ ഈ മാററം എങ്ങനെയാണു സംഭവിക്കുന്നതു്? ദിവ്യകാരുണ്യസ്വീകരണംവഴി നാം ക്രിസ്തുവിനെ പൂർണ്ണമായി സ്വീകരിക്കുകയാണു ചെയ്യുക; അതായതു് നാം അവിടുത്തെ തിരുശരീരം, തിരുരക്തം, ആത്മാവു്, മനുഷ്യത്വം, ദൈവത്വം ഇവയെല്ലാംതന്നെ സ്വീകരിക്കുന്നു. തൻെറ വിചാരങ്ങളിലും വികാരങ്ങളിലും ദിവ്യകാരുണ്യനാഥൻ നമ്മെ പങ്കാളികളാക്കുന്നു. തൻെറ സ്നേഹത്തിൻെറ ആ ജ്വാല നമ്മിൽ ഉദ്ദീപിപ്പിക്കുന്നു. ദൈവസ്നേഹം നമ്മിൽ വലിയ മാററമുളവാക്കുന്നു. നമ്മുടെ ഇച്ഛാ

www.malankaralibrary.com



ശക്തിയും നമ്മെ മുഴുവനും അവിടുത്തേക്കു് നാം സമർപ്പിക്കുന്നു. ഇതാണു് ആദ്ധ്യാത്മികമായ ആ പരിവർത്തനത്തിനു നിദാനം. "ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്ന ഏവനും ദൈവത്തിൽ വസിക്കുന്നു" (1 യോഹ. 4:16).

പാപത്തോടും പ്രലോഭനങ്ങളോടും എതിർക്കുന്നതിനു് ശക്തി പ്രദാനംചെയ്തുകൊണ്ടു് വി. കുർബാന നമ്മുടെ ആത്മാവിനെ നിലനിറുത്തുന്നു. നമ്മെത്തന്നെ സ്വയം പരിത്യജിച്ചു് ദൈവത്തോടു് കൂടുതൽ അടുക്കുന്നതിനുള്ള സ്ഥിരമായ പ്രസാദവരവും വിശുദ്ധ കുർബാന നമുക്കു നൽകുന്നു. അനുദിനമുള്ള, അതിനു് നിവൃത്തിയില്ലെങ്കിൽ കൂടെക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണത്തേപ്പോലെ, ജീവിതത്തിൽ നേരിടുന്ന പാപപ്രലോഭനങ്ങളെ ചെറുത്തു നിൽക്കുവാൻ സഹായിക്കുന്ന മറ്റൊരു മാർഗ്ഗമില്ലതന്നെ. പാപരഹിതമായ സ്ഥിതിയിൽ ആത്മാവിരിക്കുമ്പോൾ മാത്രമേ വി. കുർബാന സ്വീകരിക്കുവാൻ പാടുള്ളു. പാപത്തോടുകൂടി വിശുദ്ധ കുർബാന സ്വീകരിക്കുകയാണെങ്കിൽ—വി. പൗലോസ് പ്രസ്താവിക്കുന്നതുപോലെ നാം അയോഗ്യരായി വി. കുർബാന സ്വീകരിക്കുന്നെങ്കിൽ—നാം ശിക്ഷാവിധിയെത്തന്നെ ഭക്ഷിക്കുകയും പാനംചെയ്യുകയുമാണു ചെയ്യുക.

കൂടെക്കൂടെയോ, അനുദിനമോ വി. കുർബാന സ്വീകരിച്ചിട്ടും പലരും പുണ്യജീവിതത്തിൽ പുരോഗമിച്ചുകാണാത്തതുകൊണ്ടു് അനുദിനമുള്ള കുർബാനാസ്വീകരണത്തിനെതിരായി ചിലർ സംസാരിക്കാറുണ്ടു്. പുണ്യത്തിൽ പ്രത്യക്ഷമായ വിധത്തിൽ പുരോഗമനമുണ്ടാകുന്നില്ലെങ്കിൽത്തന്നെയും പിന്നാക്കംപോയി പാപത്തിൽ വീണുള്ള ജീവിതം ഇല്ലാതിരിക്കുകതന്നെ വലിയൊരു നേട്ടമാണു്.

ഒരു ഔഷധം എത്രതന്നെ ഗുണപ്രദമായിരുന്നാലും രോഗി അതു് വേണ്ടവിധം ഉപയോഗിക്കാതെയും അനുഷ്ഠിക്കേണ്ട പത്ഥ്യം ആചരിക്കാതെയുമിരുന്നാൽ ആ മരുന്നു് രോഗിക്കു് വലിയ ഗുണം

www.malankaralibrary.com



ചെയ്യുകയില്ല. ഏകദേശം ഇതുപോലെതന്നെയാണു് വിശുദ്ധ കുർബാന വേണ്ട ഒരുക്കത്തോടുകൂടി സ്വീകരിക്കാതിരിക്കുകയും സ്വീകരിച്ചാലും വേണ്ട ആദ്ധ്യാത്മികപഥ്യങ്ങൾ ആചരിക്കാതിരിക്കുകയും ചെയ്യുന്നവരുടെ സ്ഥിതിയും. നമ്മുടെ കർത്താവിൻെറ വസ്ത്രാഞ്ചലത്തിൽ ഒരിക്കൽ സ്പർശിച്ച സ്ത്രീ രോഗത്തിൽനിന്നും വിമുക്തയായി. നാം നമ്മുടെ കർത്താവിനെത്തന്നെ സ്വീകരിച്ചിട്ടും പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നില്ലെങ്കിൽ അതു് നമ്മുടെ കുറ്റമാണു്. ത്രെന്തോസ് സൂനഹദോസിൻെറ വേദോപദേശത്തിൽ നാം വായിക്കുന്നു: ദൈവത്തിൻെറ മഹനീയവും ശ്രേഷ്ഠവുമായ ദാനങ്ങൾ, വേണ്ടവിധം സജ്ജീകൃതമായ ഒരാത്മാവിൽ സ്വീകരിക്കപ്പെടുമ്പോൾ അവ രക്ഷ പ്രാപിക്കുന്നതിനു് സഹായമാകയും അയോഗ്യമായി സ്വീകരിക്കപ്പെടുമ്പോൾ നിത്യനാശത്തിനു കാരണമാകുകയും ചെയ്യുന്നു. ഇതിനു് "വാഗ്ദാനപേടകം" സംശയരഹിതമായ തെളിവു നൽകുന്നുണ്ടു്. അതു് ഇസ്രായേൽ ജനങ്ങളുടെ കൈവശമായിരുന്നപ്പോൾ അവക്കു് അതു അനേകം ദൈവീകദാനങ്ങൾക്കു് കാരണമായിരുന്നു. നേരേമറിച്ചു് അതു അപഹരിച്ചു കൊണ്ടുപോയ ഫിലിസ്ത്യക്കാരുടെ, അത്രേറം വിനാശഹേതുകമായ സാംക്രമികരോഗങ്ങൾക്കും കഷ്ടതരമായ ആപത്തുകൾക്കും നിത്യമായ അപമാനത്തിനും കാരണമായിത്തീർന്നു.

നമ്മുടെ കർത്താവു് ഒരിക്കൽ നസ്രേത്തു് സന്ദർശിച്ചതിനെക്കുറിച്ചു് വി. മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നു: "ഏതാനും രോഗികളുടെമേൽ കൈവച്ചു സുഖപ്പെടുത്തുവാനല്ലാതെ, ഒരത്ഭുതംപോലും അവിടെ പ്രവർത്തിക്കുവാൻ അവനു കഴിഞ്ഞില്ല". (മർക്കോ. 6: 5). നസ്രേത്തുനിവാസികൾ അങ്ങിൽ സജീവമായ വിശ്വാസമർപ്പിച്ചില്ല. വിശ്വാസത്തോടുകൂടി അവർ അങ്ങയെ സമീപിച്ചുമില്ല, "അവരുടെ വിശ്വാസക്കുറവുനിമിത്തം അവൻ വിസ്മയിച്ചിരുന്നു" എന്നു് പ്രസ്തുത സുവിശേഷകൻതന്നെ രേഖപ്പെടുത്തിയിരിക്കുന്നു. പലപ്പോഴും നാമും ആ നസ്രേത്തുനിവാസികളെപ്പോലെയാണു് പെരുമാറുക. സജീവമായ വിശ്വാസത്തോ

www.malankaralibrary.com



ട്ടുകൂടിവേണം നാം വി. കർബ്ബാന സ്വീകരിക്കേണ്ടതു്. എങ്കിൽ മാത്രമേ, ആ സ്വീകരണം നമ്മെ സംബന്ധിച്ചിടത്തോളം ഫലദായകമാകുകയുള്ളൂ. അഗാധമായ എളിമയോടും നമ്മുടെ കർത്താവിലുള്ള ഉറപ്പേറിയ പ്രത്യാശയോടും ജ്വലിക്കുന്ന സ്നേഹത്തോടുംകൂടി വേണം നാം വി. കർബ്ബാന സ്വീകരിക്കേണ്ടതു്.

ഇങ്ങനെ നമ്മുടെ ഭാഗത്തുനിന്നു കേവലം ഒരുക്കംമാത്രം പോരാ. വി. കർബ്ബാനയുടെ സ്വീകരണത്തിനുശേഷം നമ്മുടെ ഹൃദയത്തിൽ എഴുന്നെള്ളി വരുവാൻ തിരുമനസ്സായ നല്ലവനായ ദൈവത്തിനു് നാം യഥായോഗ്യം കൃതജ്ഞത പ്രകടിപ്പിക്കണം. ഇൻഡ്യൻ പ്രസിഡൻറോ തത്തുല്യനായ ഒരു വ്യക്തിയോ നമ്മുടെ ഭവനത്തിൽ സമാഗതനായാൽ നാം അദ്ദേഹത്തെ യഥായോഗ്യം സ്വീകരിച്ചു് ഉപചരിക്കുകയും അദ്ദേഹത്തിനു് നന്ദി പ്രകടിപ്പിക്കുകയും ചെയ്യുകയില്ലേ? അതിൽ എത്രയോ ഉപരിയായ വികാരവായ്പ്പോടെവേണം ക്രിസ്തുനാഥനെ നാം ഉപചരിക്കേണ്ടതു്". "പലരും കൂടെക്കൂടെ വിശുദ്ധ കർബ്ബാന സ്വീകരിക്കുന്നു. എന്നാൽ അവർ വളരെ കുറച്ചു ഫലം മാത്രമേ പ്രാപിക്കുന്നുള്ളൂ. ഇതിൻെറ കാരണം അവർ ക്രിസ്തുവിനോടുകൂടി അല്പസമയം മാത്രമേ ചിലവഴിക്കുന്നുള്ളൂ എന്നുള്ളതാണു്" എന്നത്രേ വി. അൽഫോൻസ് ലിഗോരി പ്രസ്താവിച്ചിട്ടുള്ളതു്.

നാം കഴിക്കുന്ന ഭക്ഷണം നമ്മുടെ ശരീരത്തിനു ഗുണപ്രദമാകണമെങ്കിൻ ആ ഭക്ഷണം ദഹിക്കണം. ഭക്ഷണം ദഹിപ്പിക്കുവാനുള്ള ശക്തി നമുക്കുണ്ടായിരിക്കണം. വ്യായാമം നാം ചെയ്യണം. ഇതുപോലെതന്നെ വിശുദ്ധ കർബ്ബാന സ്വീകരിച്ചതിൻെറ ഫലങ്ങൾ നമുക്കനുഭവവേദ്യമാകണമെങ്കിൽ ആദ്ധ്യാത്മികവ്യായാമങ്ങൾ—യഥാർത്ഥമായ ക്രിസ്തീയജീവിതം—നാം പരിശീലിക്കുകതന്നെ വേണം. വേറൊരുവിധത്തിൽ പറഞ്ഞാൽ നമ്മുടെ ഭാഗത്തുനിന്നും ശരിയായ സഹകരണം അനുപേക്ഷണീയമാണു്.

നാം എത്രതന്നെ ഒരുങ്ങിയാലും വി. കർബ്ബാനയുടെ മഹിമയ്ക്കനുസൃതമായുള്ള ഒരുക്കം നമ്മിൽ ഉണ്ടാകുകയില്ലെന്നുള്ളതു് പറ

www.malankaralibrary.com



മാത്രം തന്നെ. ദൈവത്തിന്റെ കാരുണ്യത്തിൽ നാം ആശ്രയിച്ചു്, വിശ്വാസം, ശരണം, സ്നേഹം എന്നിവയോടുകൂടി നാം നമ്മുടെ കർത്താവിനെ കൂടെക്കൂടെയോ നിവൃത്തിയുണ്ടെങ്കിൽ അനുദിനമോ സ്വീകരിക്കുക. വി. ഫ്രാൻസിസ് സെയിൽസ് പ്രസ്താവിക്കുന്നു: "രണ്ടുതരം ആളുകളാണു് അടുക്കലടുക്കൽ വി. കർബാന സ്വീകരിക്കേണ്ടതു്—പൂർണ്ണരും അപൂർണ്ണരും. പൂർണ്ണത പ്രാപിച്ചവർ പൂർണ്ണതയുടെ ഉറവയായ ദിവ്യകാരുണ്യത്തെ സമീപിക്കുന്നതിനു് യോഗ്യരായിട്ടും അങ്ങനെ ചെയ്യാതിരുന്നാൽ അതൊരു അപരാധമായിരിക്കും. അപൂർണ്ണരോ, എന്നാൽ പരിപൂർണ്ണത പ്രാപിക്കേണ്ടതിനു് അപ്രകാരം ചെയ്യേണ്ടിയിരിക്കുന്നു. ബലവാൻ ബലഹീനനാകാതിരിക്കുന്നതിനും ബലഹീനൻ ശക്തിപ്രാപിക്കുന്നതിനും; രോഗി രോഗവിമുക്തനാകുന്നതിനും; അരോഗൻ രോഗബാധിതനാകാതിരിക്കുന്നതിനും ഈ ദിവ്യൗഷധം ഉപയോഗിക്കേണ്ടതത്രേ. അതിനാൽ അപൂർണ്ണരും ദുർബലരും രോഗികളുമായ നാം, പരിപൂർണ്ണനും, ശക്തനും, വൈദ്യനുമായിരിക്കുന്നവനെ പലപ്പോഴും സമീപിക്കേണ്ടതല്ലയോ? ലൗകികവ്യാപാരങ്ങളിൽ അധികം ഇടപെടാത്തവർ പല പ്രാവശ്യം ഈ ദിവ്യഭോജനത്തിനണയണം; അവർക്കാണല്ലോ അതിനു കൂടുതൽ സൗകര്യം. ബഹുവിധമായ ലോകവ്യാപാരങ്ങളിലേർപ്പെട്ടിരിക്കുന്നവരും അപ്രകാരം ചെയ്യേണ്ടതത്രേ. എന്തുകൊണ്ടെന്നാൽ അവർക്കതിനു് കൂടുതൽ ആവശ്യമുണ്ടു്. വിഷമമേറിയ ജോലി ദീർഘസമയം ചെയ്യുന്നവർക്കാണല്ലോ കൂടുതൽ പോഷകസാധനങ്ങൾ ആവശ്യം. പലപ്പോഴും ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതുകൊണ്ടു് അതിനെ യഥായോഗ്യം സ്വീകരിക്കുവാൻ നാം അഭ്യസിക്കുന്നു. നാം പലപ്പോഴും പരിശീലിക്കാത്ത കൃത്യങ്ങൾ ശരിയായവിധം നിർവ്വഹിക്കുക പ്രയാസമാണു്. കൂടെക്കൂടെ ഈ ദിവ്യ വിരുന്നിൽ ഭാഗഭാക്കാകുക; എന്നാൽ, അതു് നിന്റെ ആദ്ധ്യാത്മിക ഗുരുവിന്റെ നിർദ്ദേശമനുസരിച്ചായിരിക്കട്ടെ. മഞ്ഞു നിറഞ്ഞ പർവ്വത

www.malankaralibrary.com



പ്രദേശങ്ങളിൽ മഞ്ഞുമാത്രം ഭക്ഷിച്ചുകൊണ്ട് ജീവിക്കുന്ന മുയലുകൾ വെള്ളനിറമുള്ളവയായിത്തീരുന്നതുപോലെ, ഈ ദിവ്യകൂദാശയിൽ വിളങ്ങുന്ന സുഭഗത്വം, നന്മ, പരിശുദ്ധി എന്നിവയെ സദാ ആരാധിക്കുകയും ഭക്ഷിക്കുകയും ചെയ്യുന്നതിൽനിന്ന് നാമും സുഭഗരും സത്ഗുണക്കളും നിർമ്മലരുമായിത്തീരുന്നതാണ്". (ഭക്തിമാർഗ്ഗ പ്രവേശിക പു: 109).

വിശുദ്ധർ വി. കർബാനസ്വീകരണത്തിനണയുന്നതു് നമ്മുടെ കർത്താവിലുള്ള പരിപൂർണ്ണമായ വിശ്വാസത്തോടും പ്രത്യാശയോടുംകൂടിയാണ്. തങ്ങളുടെ പഴയ ജീവിതം ഏതു രീതിയിലുള്ളതുതന്നെയായിരുന്നുകൊള്ളട്ടെ, വിശുദ്ധ കർബാനയിൽ അവർ തങ്ങൾക്കാവശ്യമുള്ള സകലതും കണ്ടെത്തുന്നു. വി. പൗലോസിനോടുകൂടി അവക്കു പറയാം: "എന്റെ സഹോദരന്മാരെ, ഞാൻ പ്രാപിച്ചു എന്ന് എന്നെക്കുറിച്ച് തന്നെ ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഒരു കാര്യം എനിക്കറിയാം. ഞാൻ എന്റെ പിമ്പിലുള്ളവയെ മറന്നിട്ട് എന്റെ മുമ്പിലുള്ളവയിലേക്ക് ആഞ്ഞുകൊണ്ട്, ഈശോമിശിഹാമൂലമായി മുകളിൽനിന്നുള്ള ദൈവവിളിയുടെ വിരുതു പ്രാപിക്കുന്നതിനായി ലക്ഷ്യത്തിന്റെ നേരെ ഓടുന്നു". "യാതൊന്നിനാൽ സകലവും തനിക്കു് കീഴ്പ്പെടുത്തപ്പെടുമോ, ആ തന്റെ മഹാശക്തിക്കനുസരണമായി നമ്മുടെ താഴ്മയുള്ള ശരീരത്തെ സാദൃശ്യത്തിലാകുവാൻ തക്കവണ്ണം, അവൻ രൂപാന്തരപ്പെടുത്തും" (ഫിലിപ്പ്യർ 3: 13, 14, 21). "അതുകൊണ്ട് മിശിഹായിലുള്ള ഏവനും പുതിയ സൃഷ്ടിയാകുന്നു. പഴയവ കഴിഞ്ഞുപോയി" (2 കോറിന്തി. 5: 17).

ഓ! ദൈവത്തിന്റെ അനന്ത സ്നേഹവും അതുല്യമായ കരുണയും നാം ശരിക്കു ഗ്രഹിച്ചിരുന്നെങ്കിൽ ജീവന്റെ ഈ അപ്പം നാം യഥായോഗ്യം അനുഭവിച്ച് ക്രിസ്തുനാഥനുമായി തദാത്മ്യം പ്രാപിച്ചിരുന്നെങ്കിൽ!!

പരിശുദ്ധ പരമദിവ്യകാരുണ്യത്തിന് എപ്പോഴും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.

www.malankaralibrary.com

# അദ്ധ്യായം 26

## വിവാഹം

വിവാഹത്തെ സംബന്ധിച്ചുള്ള കത്തോലിക്കാ തിരുസഭയുടെ പ്രബോധനം ഇങ്ങനെ സംഗ്രഹിയ്ക്കാം:

(1) പ്രകൃതിനിയമം അനുസരിച്ചുള്ള ഉടമ്പടിയായ വിവാഹത്തെ ക്രിസ്തുനാഥൻ ഒരു കൂദാശയായി ഉയർത്തി.

(2) ബഹുഭാര്യാത്വവും ബഹുഭർത്തൃത്വവും ദൈവീക നിയമമനുസരിച്ച് ഒരു ക്രിസ്ത്യാനിക്കു നിഷിദ്ധമാണ്.

(3) ചില സാഹചര്യങ്ങളിൽ വിവാഹത്തെ നിയമാനുസൃതമല്ലാത്തതോ അസാധുവോ ആക്കിത്തീർക്കുന്ന തടസ്സങ്ങൾ (impediments) പ്രഖ്യാപിക്കുന്നതിന് സഭയ്ക്കു അധികാരമുണ്ട്.

(4) വിവാഹബന്ധം വ്യഭിചാരം മൂലമോ, മററു സ്വഭാവദൂഷ്യങ്ങൾമൂലമോ, പിണങ്ങി മാറിയുള്ള താമസം മൂലമോ ഇല്ലാതാകുന്നില്ല.

(5) ബ്രഹ്മചര്യം അനുഷ്ഠിച്ചുകൊള്ളാമെന്നു സ്ഥിരപ്രതിജ്ഞ (Solemnvow) എടുത്തു സന്യാസജീവിതത്തിലോ പട്ടത്വത്തിലോ പ്രവേശിച്ചിരിക്കുന്നവക്ക് സാധുവായ വിവാഹത്തിലേർപ്പെടുവാൻ സാധിക്കയില്ല.

### വിവാഹം ഒരു കൂദാശയാണ്:–തെളിവുകൾ.

എഫേസ്യർക്കുള്ള ലേഖനത്തിൽ ഭാര്യമാർ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കണമെന്നും ഭർത്താക്കന്മാർ ഭാര്യമാരെ, ക്രിസ്തു സഭയെ

www.malankaralibrary.com



സ്നേഹിച്ചതുപോലെ സ്നേഹിക്കണമെന്നും ഉൽബോധിപ്പിച്ചതിനു ശേഷം വി. പൗലോസ് എഴുതുന്നു: "ഇതിനാൽ പുരുഷൻ തന്റെ അപ്പനേയും അമ്മയേയും വിട്ട് തന്റെ ഭാര്യയോടു ചേരും. അവർ ഇരുവരും ഒരു ജഡമാകുകയും ചെയ്യും. ഈ രഹസ്യം (ക്രൂദാശ) വലുതാകുന്നു. ഞാൻ ഇതു പറയുന്നതു് മിശിഹായിലും തന്റെ സഭയിലുമാകുന്നു" (എഫേ: 5: 31, 32) രഹസ്യമെന്നുള്ള ഈ പദത്തിനു പകരം ക്രൂദാശ എന്നാണ് ലത്തീനിലും അതിന്റെ പരിഭാഷയിലും കാണുന്നതു്. ക്രിസ്തുവിനു് തന്റെ സഭയോടുള്ള യോജിപ്പ് കേവലം പ്രകൃതിനിയമമനുസരിച്ചുള്ള ഒന്നല്ല. ക്രിസ്തുവും സഭയുമായുള്ള ഐക്യതപോലെതന്നെയാണ് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഐക്യം. ആ ഐക്യതയാകട്ടെ പരസ്പര സ്നേഹം മാത്രമല്ലാ, പ്രത്യുത, അവരുടെ ശുദ്ധീകരണവും കാണിക്കുന്നുണ്ട്. വിവാഹബന്ധത്തെ ഉളവാക്കുക ദൈവത്തിന്റെ പ്രവൃത്തിയാണെന്നു് നമ്മുടെ കർത്താവുതന്നെ അരുളിച്ചെയ്തിട്ടുണ്ട്. "ആകയാൽ അവർ ഒരു ശരീരമല്ലാതെ രണ്ടല്ല. അതുകൊണ്ട് ദൈവം യോജിപ്പിച്ചതു് മനുഷ്യർ വേർതിരിക്കരുതു്" (വി. മത്താ. 19: 6)

പുരാതനകാലത്തെ സഭാപിതാക്കന്മാരായ അന്ത്യോക്യായിലെ വി. ഇഗ്നാത്യോസ്, അലക്സാന്ത്രിയായിലെ വി. ക്റിലോസ്, വി. അഗസ്തീനോസ്, വി. അമ്പ്രോസ് മുതലായവർ ഒരു ക്രൂദാശയെന്നുള്ള നിലയിൽ വിവാഹത്തേക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

വിവാഹബന്ധം അഭേദ്യമായ ഒന്നാണ്. ഈ ബന്ധത്തിൽ ഏർപ്പെടുന്ന ഒരു കക്ഷി ജീവിച്ചിരിക്കുമ്പോൾ മറേറകക്ഷിയ്ക്കു് വേറൊരാളെ സ്വീകരിക്കുവാൻ പാടില്ല. നമ്മുടെ കർത്താവു് അരുളിച്ചെയ്യുന്നു: "തന്റെ ഭാര്യയെ ഉപേക്ഷിച്ച് വേറൊരുത്തിയെ പരിഗ്രഹിക്കുന്ന ഏവനും വ്യഭിചാരം ചെയ്യുന്നു. ഭാര്യ തന്റെ ഭർത്താവിനെ ഉപേക്ഷിച്ച് വേറൊരുത്തന് ഭാര്യയായിത്തീർന്നാൽ അവളും വ്യഭിചാരം ചെയ്യുന്നു" (വി. മർക്കോ. 10: 11-12). നമ്മുടെ കർത്താവിന്റെ ഈ ഉപദേശത്തെ സ്പഷ്ടമാക്കിക്കൊണ്ടു്

www.malankaralibrary.com



വി. പൗലോസ് പ്രഖ്യാപിക്കുന്നു: "ഭാര്യമാരുള്ളവരോട് ഞാൻ— ഞാനല്ലാ, എന്റെ കർത്താവുതന്നെ—കല്പിക്കുന്നു: ഭാര്യ ഭർത്താവിൽ നിന്നു വേർപിരിയരുത്. അവൾ വേർപിരിയുന്നെങ്കിൽ പുരുഷനെ കൂടാതെ പാർക്കുകയോ, സ്വന്ത ഭർത്താവിനോടു രമ്യപ്പെടുകയോ ചെയ്യണം. പുരുഷനും തന്റെ ഭാര്യയെ ഉപേക്ഷിക്കരുത്. (1കോറി· 7:11) ചിലപ്പോൾ തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ ഭാര്യയും ഭർത്താവും മാറിത്താമസിക്കുവാൻ സഭ അനുവദിക്കുന്നുണ്ട്. എന്നാൽ, ഒരിക്കൽപോലും വിവാഹബന്ധത്തെ സഭ ഛേദിച്ചുകളയുന്നില്ല. ഛേദിച്ചുകളയാൻ അനുവദിക്കുകയുമില്ല. വിവാഹം ഒരു ഉടമ്പടി കൂടിയാകയാൽ വിവാഹബന്ധത്തിലേർപ്പെടുന്നവർക്ക് പരസ്പരസമ്മതം ആവശ്യമാണ്. ഏതെങ്കിലും ഒരു ഭാഗത്തിനു സമ്മതമില്ലെങ്കിൽ വിവാഹം സാധുവാകയില്ല. അങ്ങനെ സമ്മതമുണ്ടോ ഇല്ലയോ എന്നറിയാനാണ് വിളിച്ചുചൊല്ല നടത്തുന്നതിനുമുമ്പ് മനസ്സമ്മതം ചോദിക്കുന്നതും വിവാഹക്രൂദാശയ്ക്കുമുമ്പ് ആ സമ്മതം വീണ്ടും ആരായുന്നതും. വിവാഹത്തിന്റെ മർമ്മഭാഗം ഈ പരസ്പര സമ്മതമാണ്; അല്ലാതെ ചിലയാളുകൾ ധരിച്ചുവച്ചിരിക്കുന്നതുപോലെ 'മിന്നുകെട്ട്' അല്ലാ. ശരിയായി സമ്മതം നൽകുവാൻ മനസികമായി സാധിക്കാത്ത ആൾക്ക് (ഉദാഹരണമായി ഭ്രാന്തുള്ള ആൾക്ക്) സാധുവായ വിവാഹ ബന്ധത്തിൽ ഏർപ്പെടുക സാദ്ധ്യമല്ല.

വൈവാഹിക ജീവിതത്തെ സംബന്ധിച്ച് സാധാരണക്കാരായ ചിലയാളുകളുടെ ഇടയിൽ പല തെററിദ്ധാരണകളുമുണ്ട്. അതായത് ഭാര്യാഭർത്താക്കന്മാർ തമ്മിൽ നടത്തുന്ന വൈവാഹിക പ്രവൃത്തി അതിൽതന്നെ തെററായ ഒന്നാണെന്നും മാനുഷികബലഹീനതയ്ക്കു നൽകുന്ന ഒരു "ലൈസൻസാ"ണ് അതെന്നുമുള്ള ചിന്താഗതിയാണവയിൽ പ്രധാനമായ തെററിദ്ധാരണ. ഭാര്യാഭർത്താക്കന്മാർ തമ്മിൽ ന്യായമായ രീതിയിൽ നടത്തുന്ന സ്നേഹപ്രവൃത്തികൾ ചീത്തയല്ലെന്നുമാത്രമല്ലാ, അവ നല്ല ഉദ്ദേശത്തോടുകൂടി നിർവ്വഹിക്കപ്പെടുമ്പോൾ അവ പരിശുദ്ധമായ പ്രവൃത്തികളുമാണ്. വിവാഹം പ്രകൃതിനിയമമനുസരിച്ച് ഒരു ഉടമ്പടിയാണെന്നു പ്ര

www.malankaralibrary.com


സ്ഥാപിച്ചിട്ടുണ്ടല്ലോ. സാധുവായ (Valid) മാമോദീസാ ഉള്ളവക്ക് ഈ ഉടമ്പടി ഒരു കൂദാശയുമാണു്. സ്ത്രീയും പുരുഷനുമാണു് ഈ കൂദാശയുടെ കാർമ്മികർ. വൈദികൻ ഈ ഉടമ്പടിയെ ആശീർവ്വദി ക്കുന്ന ദൈവത്തിൻെറ പ്രതിപുരുഷൻ മാത്രമാണു്. സാധാരണ ഉടമ്പടിയിൽ ഏർപ്പെടുന്നവർ തമ്മിൽ പറഞ്ഞു നിശ്ചയിച്ചാണു് ഉടമ്പടിയുടെ വ്യവസ്ഥകളും ലക്ഷ്യവും രൂപപ്പെടുത്തുക. എന്നാൽ വിവാഹത്തിൻെറ വ്യവസ്ഥകളും ലക്ഷ്യവും പ്രകൃതിനിയമവും ദൈവീകനിയമവും അനുസരിച്ചു നിശ്ചയിക്കപ്പെട്ടുകഴിഞ്ഞതാണു്. വിവാഹമെന്ന കൂദാശയുടെ പ്രഥമലക്ഷ്യം ക്രിസ്തുവിൻെറ സഭയുടെ അംഗങ്ങളായിത്തീരേണ്ട സന്താനങ്ങളെ ഉല്പാദിപ്പിക്കുകയും അവരെ സ്വർഗ്ഗരാജ്യത്തിലെ പൗരന്മാരെന്ന നിലയിൽ വളർത്തുകയുമാണു്. രണ്ടാമത്തെ ലക്ഷ്യം സ്ത്രീയും പുരുഷനും തമ്മിലുള്ള നിത്യമായ സഹായ സഹവർത്തിത്വമാണു്.

ഈ ദ്വിവിധ ലക്ഷ്യങ്ങളെ മുൻനിറുത്തിയുള്ള വൈവാഹിക ജീവിതം പരിശുദ്ധി നേടുന്നതിനുള്ള ഒരു മാർഗ്ഗംകൂടിയാണു്. എല്ലാ മനുഷ്യരും പരിശുദ്ധ ജീവിതം നയിക്കേണ്ടവരാണു്. വൈവാഹികജീവിതാവസ്ഥയിൽ പുരുഷനും സ്ത്രീയും ഈ പരിശുദ്ധിയിലേക്കുള്ള യാത്രയിൽ പരസ്പരം സഹായിക്കുവാൻ കടപ്പെട്ടവരാണു്. വിവാഹം സ്നേഹത്തിൻെറ ശൃംഖലകൊണ്ടു് ബന്ധിതമായതാണു്. ഈ സ്നേഹം പരിശുദ്ധമായിരിക്കണം. ക്രിസ്തുവിനു സഭയോടു് എന്നപോലുള്ള സ്നേഹമായിരിക്കണം ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ളതു്. യഥാർത്ഥ സ്നേഹം കേവലം ജഡികമായ ഒന്നല്ല, അതു സ്വർഗ്ഗീയമായതാണു്. ക്രിസ്തീയവിവാഹത്തെക്കുറിച്ചു് ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസു് മാർപ്പാപ്പാ പ്രസിദ്ധീകരിച്ച ചാക്രികലേഖനത്തിൽ അദ്ദേഹം പ്രസ്താവിക്കുന്നു: "വിവാഹത്തിൽ ഏർപ്പെടുന്ന വ്യക്തികളുടെ ആത്മാക്കൾ അവരുടെ ശരീരങ്ങളെക്കാൾ കൂടുതൽ പ്രത്യക്ഷമായും ഗാഢമായും സംയോജിപ്പിക്കപ്പെടുന്നു; അതു് കേവലം ക്ഷണികമായ സ്നേഹംമൂലമല്ലാ, പ്രത്യുത മനസ്സിൻെറ സുദൃഢമായ പ്രവർത്തനംമൂലമാണു്

www.malankaralibrary.com



സംഭവിക്കുന്നതു്, ദൈവികനിയമംമൂലമുണ്ടാകുന്ന ആത്മാക്കളുടെ ഈ സംയോജനത്തിൽനിന്നു് പരിശുദ്ധവും അഭേദ്യവുമായ ഒരു ബന്ധം രൂപംപ്രാപിക്കുന്നു."

വിവാഹം ഒരു കൂദാശയായതുകൊണ്ടു് പ്രസാദവരത്തിൻെറ വർദ്ധനംമാത്രമല്ലാ ഈ കൂദാശ നൽകുന്നതു്; നേരേമറിച്ചു് വൈവാഹികജീവിതം ദൈവതിരുനാമമഹത്വത്തിനു പ്രയോജനപ്പെടുന്നവിധം നയിക്കുന്നതിനുവേണ്ട പ്രത്യേകമായ അനുഗ്രഹവും സഹായവും ഈ കൂദാശ നൽകുന്നുണ്ടു്.

എന്നാൽ, ഇങ്ങനെയുള്ള പ്രസാദവരവർദ്ധനവും പ്രത്യേകാനുഗ്രഹവും സഹായവും ലഭിക്കുന്നതിനു വിവാഹത്തിൽ ഏർപ്പെടുന്ന സ്ത്രീയുടെയും പുരുഷൻെറയും ആത്മാക്കൾ പ്രസാദവരത്തിലായിരിക്കേണ്ടതു് ആവശ്യമാണു്. പ്രസാദവരത്തിൽ ആത്മാവു സ്ഥിതിചെയ്യുമ്പോൾ സ്വീകരിക്കേണ്ട കൂദാശയാണു്, വിവാഹം. അതിനാൽ ആദ്ധ്യാത്മികമായവിധം നല്ല ഒരുക്കത്തോടുകൂടിവേണം വധൂവരന്മാർ വിവാഹത്തിനു പള്ളിയിലേക്കുപോകേണ്ടതു്. വിവാഹത്തിനു മുമ്പു് കുമ്പസാരിച്ചു് വി. കർബാന സ്വീകരിക്കുവാൻ വധൂവരന്മാർ പ്രത്യേകം ശ്രദ്ധപതിപ്പിക്കണം. ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന ഒന്നാണു് ഈ ജീവിതാവസ്ഥ. ശരിയായ സ്നേഹവും സഹനശക്തിയും ഉണ്ടാകണമെങ്കിൽ അവിടെ ദൈവസാന്നിദ്ധ്യം തീർച്ചയായും ആവശ്യമാണു്.

സമുദായത്തിൻെറ ഉറവിടം കുടുംബമാണു്. ഉറവയിൽ വിഷം കലന്നാൽ അതു അനേകർക്കു ആപത്തിനിടയാകും. കുടുംബത്തിൽ ക്രിസ്തുവിൻെറ സാന്നിദ്ധ്യം എപ്പോഴും ഉണ്ടായിരിക്കുന്നതിനു ഭാര്യാഭർത്താക്കന്മാർ ശ്രദ്ധിക്കുകയും ശ്രമിക്കുകയും വേണം. ത്യാഗമാണല്ലോ സ്നേഹത്തിൻെറ മാറ്റുരച്ചുനോക്കുന്ന കല്ലു്. ഭാര്യാഭർത്താക്കന്മാർ ക്രിസ്തുവിൽ ജീവിച്ചു്, പരസ്പരം ത്യാഗപൂർവ്വം ശുശ്രൂഷിച്ചു്, ക്രിസ്തുവിനുവേണ്ടി സന്താനങ്ങളെ ഉല്പാദിപ്പിക്കുകയും ക്രിസ്തുവിൽ അവരെ വളർത്തുകയും ചെയ്യണം. അപ്പോൾ ആധുനികലോകത്തെ അലട്ടുന്ന അനേകം വിഷമപ്രശ്നങ്ങൾ താനേ പരിഹൃതമായിക്കൊള്ളും. നസ്രത്തിലെ തിരുക്കുടുംബത്തിൻെറ മാതൃക ഭാര്യാഭർത്താക്കന്മാരുടെ കൺമുൻപിൽ എപ്പോഴും ഉണ്ടായിരിക്കട്ടെ.

www.malankaralibrary.com

# അദ്ധ്യായം 27

## സാർവത്രിക സൂനഹദോസുകൾ

കത്തോലിക്കാസഭ ലോകമെല്ലാം വ്യാപിച്ചിട്ടുള്ളതാണ്. വളർന്നുകൊണ്ടിരിക്കുന്നതും വളരേണ്ടതുമായ ഒരു സ്ഥാപനമാണ്. സഭയുടെ ആരംഭകാലംമുതൽ, അതായതു് അപ്പോസ്തലന്മാരുടെ കാലംമുതൽതന്നെ, സഭയിൽ വേദവിപരീതങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളതിനു് നടപടിപുസ്തകംതന്നെ സാക്ഷ്യംവഹിക്കുന്നു. കാലം മുന്നോട്ടു പോകുന്തോറും സത്യവിശ്വാസത്തിനെതിരായ ദുരുപദേശങ്ങൾ സഭയിൽ പ്രചരിപ്പിക്കുവാൻ ചില വ്യക്തികൾ ശ്രമിക്കുകയും സഭ അതിനെ ചെറുക്കുകയും ചെയ്യുന്നതു് സഭാചരിത്രത്തിൽ നാം കാണുന്നു. തങ്ങളുടെ ദുരുപദേശങ്ങളെക്കുറിച്ചു് അനുതപിക്കുകയും അവ ഉപേക്ഷിക്കുകയും ചെയ്യാതെ തെററിൽതന്നെ നിലനില്ക്കുന്നവരെ സഭ ബഹിഷ്കരിക്കുകയുമാണു ചെയ്യുന്നതു്. സഭയുടെ വിശ്വാസം പ്രഖ്യാപനംചെയ്യുന്നതിനും വേദവിപരീതികളെ സഭയിൽനിന്നു ബഹിഷ്കരിക്കുന്നതിനുംവേണ്ടി സാർവ്വത്രിക സൂനഹദോസുകൾ നടത്തപ്പെടുന്നു.

സാർവ്വത്രികസൂനഹദോസുകളുടെ ചരിത്രം പരിശോധിക്കുന്ന പക്ഷം സാർവ്വത്രികസഭയിൽ മാർപ്പാപ്പായുടെ പരമാധികാരം അംഗീകരിക്കപ്പെട്ടിരുന്നുവെന്നു് വെളിവാകുന്നതാണ്. നമ്മുടെ നാട്ടിലെ ചില അകത്തോലിക്കാസഭകൾ ആദ്യത്തെ മൂന്നു സാർവ്വത്രികസൂനഹദോസുകൾ സ്വീകരിക്കുന്നവയാണ്. **325**–ൽ നിക്ക്യായിൽ

www.malankaralibrary.com



നടന്ന ഒന്നാമത്തെ സാർവ്വത്രികസൂനഹദോസിൽ **318** പിതാക്കന്മാർ സന്നിഹിതരായിരുന്നു. അവരിൽ ഭൂരിപക്ഷവും പൗരസ്ത്യരുമായിരുന്നു. എന്നാൽ, ആ സൂനഹദോസിൽ റോമാമാർപ്പാപ്പായുടെ മൂന്നു പ്രതിനിധികളിൽ ഒരാളാണു് അദ്ധ്യക്ഷതവഹിച്ചതു്. കോർദ്ദൂബായിലെ മെത്രാനായിരുന്ന ഓസിയൂസും റോമായിൽനിന്നുള്ള വൈദികരായ വിത്തൂസും, വിൻസന്തിയൂസും ആയിരുന്നു അവർ. സൂനഹദോസിൽ പാസായ നിശ്ചയങ്ങൾക്കു് സഭയിൽ സന്നിഹിതരായിരുന്ന പാത്രിയർക്കീസന്മാരേക്കാൾ മുൻപേ ഒപ്പുവച്ചതു് ഇവരായിരുന്നു; കാരണം അവർ മാർപ്പാപ്പായുടെ പ്രതിനിധികൾ ആയിരുന്നു. അങ്ങനെ ആ പ്രതിനിധികൾ മുഖേന സിൽവസ്റ്റർ മാർപ്പാപ്പാതന്നെയാണു് സൂനഹദോസിൽ ആദ്ധ്യക്ഷം വഹിച്ചതു്.

**381**–ൽ കുസ്തന്തീനോസ്പോലീസിൽ സമ്മേളിച്ച സൂനഹദോസ് കേവലം പ്രാദേശികമായ ഒരു സൂനഹദോസ് മാത്രമായിരുന്നു. **150** പൗരസ്ത്യപിതാക്കന്മാർ മാത്രമേ ഈ സൂനഹദോസിൽ സമ്മേളിച്ചുള്ളു. പാശ്ചാത്യനായ യാതൊരു മെത്രാനും ഈ സൂനഹദോസിൽ സന്നിഹിതനായിരുന്നില്ല. അന്നു ഭരിച്ചിരുന്ന ദമാസൂസ് മാർപ്പാപ്പായുടെ അംഗീകാരം കിട്ടിയതുകൊണ്ടു മാത്രമാണു് ഈ സൂനഹദോസ് ഒരു സാർവ്വത്രികസൂനഹദോസായിത്തീർന്നതു്. മാർപ്പാപ്പായുടെ പരമാധികാരത്തെ നിഷേധിക്കുകയും ഈ സൂനഹദോസിനെ സാർവ്വത്രികസൂനഹദോസായി അംഗീകരിക്കുകയും ചെയ്യുന്ന അകത്തോലിക്കാസഭകൾ ഇക്കാര്യത്തിലുള്ള തങ്ങളുടെ പരസ്പരവിരുദ്ധമായ നിലപാടിനേക്കുറിച്ചു് ചിന്തിച്ചിരുന്നെങ്കിൽ!

**431**–ൽ എഫേസൂസിൽവച്ചു നടന്ന മൂന്നാം സാർവ്വത്രികസൂനഹദോസും റോമാപാത്രിയർക്കീസായ മാർപ്പാപ്പായ്ക്കു് മററു പാത്രിയർക്കീസന്മാരുടെമേൽ ഉള്ള അധികാരത്തെ സ്പഷ്ടമാക്കുന്നുണ്ടു്.

www.malankaralibrary.com



നമ്മുടെ നാട്ടിലുള്ള അകത്തോലിക്കാസഭകളിൽ സാർവ്വത്രിക സൂന്നഹദോസ് അംഗീകരിക്കുന്ന വിഭാഗങ്ങൾ പ്രത്യേകിച്ച് യാക്കോബായക്കാർ 451-ൽ കൽക്കദോനിയായിൽവച്ചു നടന്ന നാലാം സാർവ്വത്രികസൂന്നഹദോസ് അംഗീകരിക്കുന്നില്ലല്ലോ. പക്ഷേ, ഇക്കൂട്ടരിൽ ഒരു വിഭാഗം കൽക്കദോനിയാ സൂന്നഹദോസ് ഉൾപ്പെടെയുള്ള ഏഴു സാർവ്വത്രിക സൂന്നഹദോസുകൾ അംഗകീരിക്കുന്ന റഷ്യൻ ഓർത്തഡോക്സുസഭയുമായും മററും സഭാപരമായ ബന്ധം സ്ഥാപിക്കുവാൻ ഒരുമ്പെടുന്നതു കാണുമ്പോൾ, സഭാചരിത്രം അറിയാവുന്ന ആളുകൾക്ക് ആശ്ചര്യം തോന്നാതിരിയ്ക്കയില്ല.

മൂന്നു സാർവ്വത്രിക സൂന്നഹദോസുകൾമാത്രം സ്വീകരിക്കുന്ന അകത്തോലിക്കാസഭകൾക്ക് 431-നു ശേഷം ഒററ സാർവ്വത്രിക സൂന്നഹദോസുപോലും വിളിച്ചുകൂട്ടേണ്ട ആവശ്യം വന്നിട്ടില്ലെന്നാണോ നാം കരുതേണ്ടതു്? അല്ലെന്നു നിശ്ചയം. കൈവിരലിൽ എണ്ണാൻമാത്രം മെത്രാന്മാരുള്ള ഈ സഭകൾക്ക്—കേവലം സങ്കുചിതപരിധികൾക്കുള്ളിൽ മാത്രം വ്യാപിച്ചു കിടക്കുന്ന ഈ സഭകൾക്ക്—ഒരു സാർവ്വത്രികസൂന്നഹദോസ് വിളിച്ചുകൂട്ടാൻ സാധിക്കുകയില്ലെന്ന് ആർക്കാണറിഞ്ഞുകൂടാത്തതു്?

നിക്യായിൽ സമ്മേളിച്ച പിതാക്കന്മാരെല്ലാവരുംതന്നെ സാർവ്വത്രിക സഭയുടെ അംഗങ്ങളും ഏഴു കൂദാശകളിൽ വിശ്വസിച്ചിരുന്നവരും പരിശുദ്ധ കുർബാനയിൽ അപ്പവും വീഞ്ഞും നമ്മുടെ കർത്താവിൻെറ തിരുശരീരരക്തങ്ങളായിത്തീരുമെന്ന് വിശ്വസിച്ചിരുന്നവരുമായിരുന്നു. എന്നാൽ, നിക്യാവിശ്വാസപ്രമാണം ചൊല്ലുകയും അതേസമയംതന്നെ വിശുദ്ധ കുർബാനയിലുള്ള നമ്മുടെ കർത്താവിൻെറ യഥാർത്ഥ സാന്നിദ്ധ്യത്തെ നിഷേധിക്കുകയും ചെയ്യുന്ന ഒരു അകത്തോലിക്കാസഭപോലും നമ്മുടെ നാട്ടിലുണ്ടു്. നിക്യാവിശ്വാസപ്രമാണം സ്വീകരിക്കുന്ന അകത്തോലിക്കാസഭകൾ, പ്രസ്തുത വിശ്വാസപ്രമാണത്തിലുള്ള സഭയുടെ നാലു ലക്ഷണങ്ങളെ കാര്യമായി എടുക്കുന്നുണ്ടോ എന്ന് സംശയിക്കുകതന്നെ വേണം.

www.malankaralibrary.com



കത്തോലിക്കാസഭയിൽ ഇരുപതു് സാർവ്വത്രികസുന്നഹദോസുകൾ നടന്നിട്ടുണ്ടു്. അവ ഏതെല്ലാമെന്നും ഏതു് ആണ്ടിൽ ഏതു മാർപ്പാപ്പായുടെ കാലത്തു് നടന്നെന്നും കാണുക:

## സാർവ്വത്രികസുന്നഹദോസുകൾ.

| | സ്ഥലം | ആണ്ടു് | മാർപ്പാപ്പാ |
|---|---|---|---|
| 1 | നിക്യാ (1) | 325 | വിശുദ്ധ സിൽവസ്റ്റർ |
| 2 | കുസ്തന്തീനോസ്പോലീസ് | 381 | വിശുദ്ധ ദമാസൂസ് |
| 3 | എഫേസൂസ് | 431 | വിശുദ്ധ സെലസ്തീനോസ് |
| 4 | കൽക്കദോനിയാ | 451 | വിശുദ്ധ ലെയോ |
| 5 | കുസ്തന്തീനോസ്പോലീസ് (2) | 553 | വിജിലിയൂസ് |
| 6 | കുസ്തന്തീനോസ്പോലീസ് (3) | 680 | വിശുദ്ധ അഗാത്തോ |
| 7 | നിക്യാ (2) | 787 | ഹദ്രിയാൻ I |
| 8 | കുസ്തന്തീനോസ്പോലീസ് (4) | 869 | ഹദ്രിയാൻ II |
| 9 | ലാറ്ററൻ (1) | 1123 | കാലിസ്റ്റസ് II |
| 10 | ലാറ്ററൻ (2) | 1139 | ഇന്നസൻറ് II |
| 11 | ലാറ്ററൻ (3) | 1179 | അലക്സാണ്ടർ III |
| 12 | ലാറ്ററൻ (4) | 1215 | ഇന്നസൻറ് III |
| 13 | ലിയോൺസ് (1) | 1245 | ഇന്നസൻറ് IV |
| 14 | ലിയോൺസ് (2) | 1274 | ഗ്രീഗറി X |
| 15 | വിയന്ന | 1311 | ക്ലമൻറ് IV |
| 16 | കോൺസ്റ്റൻസ് | 1414 | ഗ്രീഗറി XII |
| 17 | ഫെരാറാ ഫ്ളോറൻസ് | 1438 | യവുജീൻ IV |
| 18 | ലാറ്ററൻ (5) | 1512 | ജൂലിയസ് II<br>ലെയോ X |
| 19 | ത്രെന്തോസ് | 1545 | പോൾ III<br>ജൂലിയസ് III<br>പീയൂസ് IV |
| 20 | വത്തിക്കാൻ | 1869 | പീയൂസ് IX |

www.malankaralibrary.com



കോൺസ്റ്റാൻസിൽ നടന്ന സൂനഹദോസിന്റെ സമാപന സമ്മേളനങ്ങൾ മാത്രമേ, അതായതു് നാല്പത്തിയഞ്ചുവരെയുള്ള സ സമ്മേളനങ്ങൾക്കുമാത്രമേ സാർവ്വത്രികസൂനഹദോസിനുവേണ്ട ഘടകങ്ങളുള്ളു. 16 മുതൽ 20 വരെയുള്ള സൂനഹദോസുകൾ ഒരു വർഷത്തിൽ കൂടുതൽ ദീർഘിച്ചവയാണ്. അവ തുടങ്ങിയവർഷം മാത്രമേ ഇവിടെ പട്ടികയിൽ ചേർത്തിട്ടുള്ളു. വത്തിക്കാൻ സൂനഹദോസ് ഇപ്പോഴും സമാപിച്ചതായി പരിഗണിക്കാനൊക്കുകയില്ല. 1870 ഒക്ടോബർ 20–ാം തീയതി ഒൻപതാംപീയൂസ് മാർപ്പാപ്പാ തിരുമേനി പ്രസ്തുത സൂനഹദോസ് അനിശ്ചിതകാലത്തേക്കു് മാററിവയ്ക്കുകയാണു ചെയ്തതു്.

ഇങ്ങനെ ക്രിസ്തുവിന്റെ സാർവ്വത്രികസഭയിൽ 20 സാർവ്വത്രികസൂനഹദോസുകൾ നടന്നുകഴിഞ്ഞിരിക്കുന്നു. ഒരു സാർവ്വത്രികസൂനഹദോസ് വിളിച്ചുകൂട്ടുവാൻ കത്തോലിക്കാസഭയ്ക്കല്ലാതെ ഇന്നു് സാധിക്കുകയുമില്ല; കാരണം കത്തോലിക്കാസഭ മാത്രമേ യഥാർത്ഥത്തിൽ സാർവ്വത്രികമായുള്ളു. മൂന്നു സാർവ്വത്രികസൂനഹദോസുകൾ നാമമാത്രമായിട്ടെങ്കിലും സ്വീകരിക്കുന്ന ഇന്നാട്ടിലെ അകത്തോലിക്കാസഹോദരങ്ങൾക്കു് തങ്ങളുടെ സഭകളിൽ ഈ മൂന്നു സാർവ്വത്രികസൂനഹദോസ് മാത്രമുള്ളതു് എന്തുകൊണ്ടാണെന്നു് നിഷ്പക്ഷബുദ്ധ്യാ ശാന്തമായി ചിന്തിക്കുവാനുള്ള അനുഗ്രഹം, സൂനഹദോസുകളെ വഴിനടത്തിയ സത്യാത്മാവു് നൽകട്ടെ എന്നു് നമുക്കു പ്രാർത്ഥിക്കാം.

www.malankaralibrary.com

# അദ്ധ്യായം 28

## കത്തോലിക്കാസഭയും റീത്തുകളും

നമ്മുടെ നാട്ടിൽ മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തിനുശേഷം പുനരൈക്യപ്പെട്ടവരെ ഉദ്ദേശിച്ച് "റീത്തുകാർ" എന്നും അവരുടെ ദൈവാലയങ്ങളെ "റീത്തുപള്ളികൾ" എന്നും അകത്തോലിക്കാസഹോദരങ്ങൾ പറയാറുണ്ട്. മലങ്കര സിറിയൻകത്തോലിക്കർ മാത്രമല്ല റീത്തുകാരായുള്ളത്. ഇന്നു ലോകത്തിലുള്ള നാല്പത്തിയേഴുകോടി കത്തോലിക്കരും എന്തെങ്കിലും ഒരു റീത്തിൽ ഉൾപ്പെട്ടുന്നവരാണ്.

റീത്ത് എന്നുള്ള പദത്തിൻെറ അത്ഥം രീതി എന്നുമാത്രമാണ്. എന്നാൽ, സഭയിൽ നിലവിലുള്ള ഉപയോഗംകൊണ്ടു് 'റീത്ത്' എന്ന പദത്തിന് മതസംബന്ധമായ ഒരു ചടങ്ങു നിർവഹിക്കുമ്പോഴുള്ള അനുഷ്ഠാനരീതി എന്നത്ഥമാണ്. ഉദാഹരണമായി മാമ്മോദീസായുടെ ക്രമം. ഈ അത്ഥം കുറേക്കൂടി വിപുലമാക്കി ദൈവാരാധനയിലും കൂദാശകളുടെ അനുഷ്ഠാനത്തിലും ഉപയോഗിക്കേണ്ട പ്രാത്ഥനകളുടെയും ക്രിയാവിധികളുടേയും പരിപൂണ്ണമായ പദ്ധതിയെന്ന് "റീത്തിനു്" നിർവചനം നൽകാവുന്നതാണ്. വിശുദ്ധ കുർബാനക്രമമാണ് ഓരോ റീത്തിൻെറയും മമ്മഭാഗം. പല ഭാഷകളിൽ വിശുദ്ധ കുർബാന അർപ്പിക്കപ്പെട്ടുന്നുവെങ്കിലും വി. കുർബാന ഒന്നുതന്നെയാണ്—നമ്മുടെ കത്താവിൻെറ തിരുബലി. റീത്തുകളുടെ ഭേദം അനുസരിച്ച് വിശുദ്ധ

www.malankaralibrary.com



പ്രാമാണ്യം നേടിയിരുന്ന പാത്രിയക്കാസ്ഥാനങ്ങൾ; കാരണം റോമാ കഴിഞ്ഞാൽ റോമൻസാമ്രാജ്യത്തിലെ പ്രാമുഖ്യമുള്ള നഗരങ്ങൾ ഇവയായിരുന്നു. എന്നാൽ കുറേക്കൂടി കഴിഞ്ഞപ്പോൾ കുസ്തന്തീനോസ് ചക്രവർത്തി തന്റെ ആസ്ഥാനം കുസ്തന്തീനോസ്പോലീസിലേക്കു മാററി സ്ഥാപിച്ചു. അപ്പോൾ വിശുദ്ധ പത്രോസിന്റെ ആസ്ഥാനമായ റോമാ കഴിഞ്ഞാൽ പിന്നെയുള്ള പ്രാമാണ്യം കുസ്തന്തീനോസ്പോലീസു കരസ്ഥമാക്കി. ഈ സ്ഥാനങ്ങളിൽനിന്നു് നാലു തരത്തിലുള്ള ആരാധനാക്രമങ്ങൾ സഭയിൽ നിലവിൽ വന്നു. അവയും അവയുടെ രൂപഭേദങ്ങളുമാണു് ഇന്നുള്ള എല്ലാ റീത്തുകളും. ആദ്യത്തെ മൂന്നുനൂററാണ്ടുകാലത്തോളം റോമിൽ ഗ്രീക്കായിരുന്നു ആരാധനഭാഷ. ആരാധനയ്ക്കുവേണ്ടി ആദ്യം ലത്തീനുപയോഗിച്ചതു് ആഫ്രിക്കയിൽ ആയിരുന്നുവെന്നുള്ള കാര്യം ഒരുപക്ഷേ പലർക്കും പുതുമയായിരിക്കാം.

കത്തോലിക്കാസഭയിൽ എല്ലാ റീത്തുകൾക്കും തുല്യ സ്ഥാനം പരിപാലിച്ചുകൊണ്ടുപോകുന്നതിൽ പ്രാചീനകാലം മുതൽക്കേ മാർപ്പാപ്പാമാർ അതീവ ശ്രദ്ധാലുക്കളായിരുന്നിട്ടുണ്ടു്. "Etsi pastoralis" എന്നു തുടങ്ങുന്ന ബൂളാമുഖേന 1742-ൽ പതിനാലാം ബനദിക്തോസ് മാർപ്പാപ്പാ ഇററാലോ-ഗ്രീക്കുകാരെ ഉൽബോധിപ്പിക്കുകയുണ്ടായി; അവർ അവരുടെ റീത്തുകൾ പാലിച്ചുകൊള്ളണമെന്നു്. "Demandatam caelitus" എന്ന ഡിക്രി മുഖേന 1743-ൽ പ്രസ്തുത മാർപ്പാപ്പാതന്നെ മെൽക്കായക്കാരെ ഉൽബോധിപ്പിക്കയുണ്ടായി, അവർ തങ്ങളുടെ റീത്തിൽ വ്യത്യാസമൊന്നും വരുത്തരുതെന്നും റോമിന്റെ പ്രത്യേകമായ അനുവാദം കൂടാതെ ലത്തീൻറീത്തു സ്വീകരിക്കരുതെന്നും. 1755-ൽ ഈ മാർപ്പാപ്പാതന്നെ "Allatae Sunt" എന്ന ചാക്രികലേഖനം പൗരസ്ത്യദേശത്തു ജോലിചെയ്യുന്ന മിഷ്യനറിമാർക്കായി പ്രസിദ്ധപ്പെടുത്തി. "എല്ലാവരും കത്തോലിക്കരായിരിക്കണമെന്നാണു്, അല്ലാതെ എല്ലാവരും ലത്തീൻകാരായിരിക്കണമെന്നല്ല നാം തീക്ഷ്ണമായി ആഗ്രഹിക്കുന്നതു്" എന്നു പ്രസ്തുത ചാക്രികലേഖനങ്ങിൽ

www.malankaralibrary.com



തിരുമേനി പ്രസ്താവിക്കയുക്കായി. "Orientalium dignitas"– 'പൌരസ്ത്യരുടെ മഹനീയത'—എന്ന തിരുവെഴുത്ത് 1894-ൽ പതിമൂന്നാം ലെയോ മാർപ്പാപ്പാ പ്രസിദ്ധപ്പെടുത്തി. പൌരസ്ത്യ രീത്താചരിക്കുന്ന ഒരു കത്തോലിക്കനെ റീത്തു മാറുന്നതിന് പാശ്ചാത്യ റീത്തുകാരനായ വൈദികൻ നിർബന്ധിച്ചാൽ അക്കാരണത്താൽതന്നെ പ്രസ്തുത വൈദികൻ വൈദികകർമ്മങ്ങളിൽനിന്നു മുടക്കപ്പെട്ടവനായിത്തീരുമെന്നു പ്രസ്തുത തിരുവെഴുത്തിൽ തിരുമേനി വ്യക്തമാക്കുകയുണ്ടായി. എല്ലാ റീത്തുകളും മതപരമായും കാനോനികമായും തുല്യമായ സ്ഥാനത്താണെന്ന് തിരുമേനി ഊന്നിപ്പറഞ്ഞു. ഇവയിൽനിന്നെല്ലാം നാം ഗ്രഹിക്കേണ്ടതു് നമ്മുടെ നാട്ടിലെ ചില അകത്തോലിക്കർ ഗ്രഹിച്ചുവച്ചിരിക്കുന്നതുപോലെ കത്തോലിക്കാസഭയെന്നുപറഞ്ഞാൽ ലത്തീൻറീത്തു മാത്രമല്ല എന്നത്രേ.

വിശുദ്ധ അത്താനാസിയോസ്, വിശുദ്ധ ഈവാനിയോസ്, വി. ബദസലിയോസ്, വി. ഗ്രീഗറി നസ്യാൻസൻ, നീസായിലെ വി. ഗ്രിഗറി, അന്ത്യോഖ്യായിലെ വി. ഇഗ്നാത്തിയോസ്, യറുസലേമിലെ വി. ക്രുറിലോസ്, അലക്സാന്ത്രിയായിലെ വി. ക്രുറിലോസ്, വി. ജോൺ ഡമഷീൻ, വി. എപ്രേം,നിസിബസ്സിലെ ജെയിംസ്, അത്ഭുതപ്രവർത്തകനായ വി. ഗ്രിഗറി, വി. തേയോറോദോസ്, ദയറായക്കാരനായ വി. അന്തോനിയോസ്—ഇവരാരും തന്നെ ലത്തീൻ റീത്തുപയോഗിച്ചവരല്ല.

കത്തോലിക്കാസഭയിലെ പൌരസ്ത്യറീത്തുകളെ പ്രധാനമായി അഞ്ചു വിഭാഗത്തിലുൾപ്പെടുത്താം. അവ താഴെ പറയുന്നവയാണു്. ബൈസൻറയിൻ റീത്തു്, അലക്സാന്ത്രിയൻ റീത്തു്, അന്ത്യോക്യൻ റീത്തു്, കൽദായ റീത്തു്, അർമ്മേനിയൻ റീത്തു്. അർമ്മേനിയൻ റീത്തൊഴികെ മററുള്ളവയെല്ലാം പല വിഭാഗങ്ങളായി തിരിഞ്ഞിട്ടുണ്ടു്. ഈ വിഭാഗങ്ങൾക്കു തമ്മിൽ ആചാരാനുഷ്ഠാനങ്ങളിൽ അല്പസ്വല്പ വ്യത്യാസമേയുള്ളതാനും. ബൈസൻറയിൻ

www.malankaralibrary.com



റീത്തിനു് പത്തു വിഭാഗങ്ങളും അന്ത്യോക്യൻറീത്തിനു് മൂന്നു വിഭാഗങ്ങളും കൽദായറീത്തിനു് രണ്ടു വിഭാഗങ്ങളുമുണ്ടു്.

കേരളത്തിൽതന്നെ മൂന്നു റീത്തുകളുണ്ടു്: ലത്തീൻറീത്തു്, സിറോ മലങ്കരറീത്തു്, (അന്ത്യോക്യൻ റീത്തു്) സിറോ മലബാർ റീത്തു്, (കൽദായ റീത്തു്). കേരളത്തിലെ സിറോമലങ്കരറീത്തും ഇവിടത്തെ യാക്കോബായക്കാർ ഉപയോഗിക്കുന്ന റീത്തും തമ്മിൽ വ്യത്യാസമൊന്നുമില്ലാത്തതിനാൽ ഇന്നാട്ടിലെ യാക്കോബായ ക്രമങ്ങൾ കടം വാങ്ങിയതാണു്, അഥവാ സ്വീകരിച്ചതാണു് സിറോ മലങ്കരറീത്തു് എന്നൊരു ധാരണ എങ്ങനെയോ പലരിലും കടന്നു കൂടിയിട്ടുണ്ടു്. ഈ ധാരണ തെറ്റാണു്. ശീമയിൽ അന്ത്യോക്യൻറീത്തുപയോഗിക്കുന്ന ശുദ്ധ സുറിയാനിക്കാരും യാക്കോബായക്കാരും ഒരേ റീത്തുതന്നെയാണു് ഉപയോഗിക്കുന്നതു്. കത്തോലിക്കാസഭയിൽനിന്നു് വേർപിരിഞ്ഞു പോയവരാണു് യാക്കോബായക്കാർ. അവർ വേർപിരിഞ്ഞു പോയപ്പോൾ കത്തോലിക്കാസഭ ഉപയോഗിച്ചുകൊണ്ടിരുന്ന അന്ത്യോക്യൻറീത്തുതന്നെ അവരും തുടർന്നുപയോഗിച്ചുപോന്നു. അതാണു ചരിത്രവസ്തുത. ഇങ്ങനെ സിറോമലങ്കരറീത്തുകാരുപയോഗിക്കുന്ന റീത്തു് അവരുടെതന്നെ തറവാട്ടുസ്വത്താണു്; അല്ലാതെ മറ്റാരുടേയും വകയല്ല.

കേരളത്തിൽ സുറിയാനിക്കാർ ആരംഭകാലംമുതല്ക്കേ പൗരസ്ത്യസുറിയാനിറീത്തു്, അഥവാ കൽദായറീത്താണു് ഉപയോഗിച്ചുപോന്നതു്. 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസിനു മുൻപ് മലങ്കരയിൽ നടപ്പുണ്ടായിരുന്ന കൽദായറീത്തുതന്നെയാണു്, ഇന്നും ശീമയിൽ നടപ്പുള്ള കൽദായറീത്തു്. ഉദയംപേരൂർ സൂനഹദോസിനുശേഷം ഇന്നാട്ടിലെ കൽദായറീത്തിൽ ലത്തീൻ റീത്തു് കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. 1653-ൽ ആണല്ലോ നിർഭാഗ്യകരമായ കൂനൻകുരിശുസത്യം നടന്നതു്. കൂനൻ കുരിശു സത്യത്തിനുശേഷം ആലങ്ങാട്ടുപള്ളിയിൽവച്ചു് പന്ത്രണ്ടു

www.malankaralibrary.com



വൈദീകന്മാർ കൂടിച്ചേർന്ന് തോമാ അർക്കദിയാക്കോനെ ചുവപ്പു വേഷം ധരിപ്പിച്ച് തലയിൽ കയ്യും വച്ച് "മെത്രാനാക്കി". പക്ഷേ, തന്റെ മെത്രാൻസ്ഥാനം സാധുവല്ലെന്നു ഗ്രഹിച്ച ഒന്നാം മാർ തോമ്മാ എന്ന പേരിൽ അറിയപ്പെടുന്ന ആ ചുവപ്പു വേഷധാരി, ബാബേൽ, അന്ത്യോക്ക്യാ, അലക്സാന്ത്രിയാ എന്നിവിടങ്ങളിലേക്ക് എഴുത്തുകുത്തു നടത്തി. തൽഫലമായി അന്ത്യോക്ക്യായിലെ യാക്കോബായ പാത്രിയർക്കീസ് 1665-ൽ മാർ ഗ്രീഗോറിയോസ് എന്ന ഒരു യാക്കോബായമെത്രാനെ മലങ്കരയ്ക്കയച്ചു. മാർ ഗ്രീഗോറിയോസ് അന്ത്യോക്ക്യൻറീത്തിലാണ് ഇവിടെ ആദ്യമായി കുർബാന ചൊല്ലിയതു്. ആ കുർബാന കണ്ട ജനങ്ങൾ ഇളകിവശായി. അന്നുവരെ ലത്തീൻറീത്തിലും കൽദായറീത്തിലും മാത്രം കുർബാന കണ്ടിരുന്ന ജനങ്ങൾ മാർ ഗ്രീഗോറിയോസ് ഒരു കത്തോലിക്കാമെത്രാനല്ലെന്നു തീർച്ചയാക്കി. തങ്ങൾ ഇപ്പോഴും കത്തോലിക്കാസഭയിലാണു കഴിയുന്നതെന്ന് ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻകത്തനാരും ഒന്നാം മാർത്തോമ്മായും തങ്ങളെ ധരിപ്പിച്ചിരുന്നതുപോലെയല്ലാ കാര്യങ്ങളുടെ സ്ഥിതി എന്നു ഗ്രഹിച്ചിട്ടാണ് ജനങ്ങൾ ഇളകിയതു്. ജനരോഷത്തെ എങ്ങനെയെങ്കിലും ശമിപ്പിക്കാമെന്നു വിചാരിച്ച് ഒന്നാം മാർത്തോമ്മാ താണുവീണപേക്ഷിച്ചതിന്റെ ഫലമായി മാർ ഗ്രീഗോറിയോസ് പിന്നീട് കൽദായറീത്തിലാണ് മലങ്കരയിൽ വൈദികകർമ്മങ്ങളനുഷ്ഠിച്ചതു്. മാർ ഗ്രീഗോറിയോസിൽനിന്നും യാക്കോബായവിശ്വാസം സ്വീകരിച്ച പുത്തൻകൂർവിഭാഗം ഇങ്ങനെ കൽദായറീത്തുതന്നെ സ്വീകരിച്ചു മുന്നോട്ടുപോയി. 1846-ൽ മലങ്കരയിൽ വന്ന മാർ കൂറീലോസ് എന്ന യാക്കോബായ മെത്രാന്റെ കാലത്താണ് മലങ്കരയാക്കോബായക്കാരുടെ ഇടയിൽ അന്ത്യോക്ക്യാസുറിയാനിറീത്തിൽ വിശുദ്ധ കുർബാനയും മററു വൈദികകർമ്മങ്ങളും അനുഷ്ഠിക്കുവാനാരംഭിച്ചതു്. 1875-ൽ മലങ്കരയിൽ വന്ന പത്രോസ് പാത്രിയർക്കീസിന്റെ കാലത്താണ് മലങ്കരയിലെ യാക്കോബായക്കാർ കൽദായറീത്ത് നിശ്ശേഷം പരിത്യജിച്ചതു്. അന്ത്യോക്ക്യൻറീത്ത് പാശ്ചാത്യ

www.malankaralibrary.com


സുറിയാനിയിലാണെന്നും കൽദായറീത്തു് പൗരസ്ത്യസുറിയാനിയിലാണെന്നും ഈ അവസരത്തിൽ നാം സ്മരിക്കണം.

കേരളക്രിസ്ത്യാനികൾ ഇന്നുപയോഗിക്കുന്ന പല പദങ്ങളും കൽദായസുറിയാനിഭാഷയുടെ രീതിയിലുള്ളവയാണു്. അല്ലാതെ പാശ്ചാത്യസുറിയാനിഭാഷയുടെ രീതിയിലുള്ളവയല്ല. ഉദാഹരണമായി മാമ്മാദീസാ, ക്രുദാശ, കർബാന, റമ്പാൻ, യാക്കോബു് എന്നീ പദങ്ങൾ നോക്കുക. പാശ്ചാത്യസുറിയാനിയാണെങ്കിൽ മാമൂദീസോ, ക്രുദോശോ, കർബ്ബോനോ, റാമ്പോൻ, യാക്കൂബു് എന്നിങ്ങനെയായിരിയ്ക്കണം ഉച്ചരിയ്ക്കേണ്ടതു്. പുത്തൻകൂറുകാരുടെയിടയിൽ ഇന്നും ഈശോ എന്നു പേരുള്ള പലരും ഉണ്ടു്. യേശു എന്നു് അവരെ ആരും വിളിക്കുന്നുമില്ല. പരമ്പരയായി കൽദായരീതിയിലുള്ള ഉച്ചാരണം ഇന്നും പുത്തൻകൂറിൽ നിലനില്ക്കുന്നു എന്നാണു് ഇതു തെളിയിക്കുന്നതു്. മലങ്കരയിൽ ഇന്നു് യാക്കോബായക്കാർപോലും ആചരിക്കുന്ന എട്ടുനോമ്പു് ശീമയിലുള്ള യാക്കോബായക്കാർക്കോ കത്തോലിക്കർക്കോ ഉള്ളതല്ല. കേരളത്തിലെ കൽദായറീത്തിന്റെ ഒരു സംഭാവനയാണതു്. ഒൻപതാം നൂററാണ്ടിൽ മഹമ്മദീയർ കൊടുങ്ങല്ലൂർ നശിപ്പിച്ച വേളയിൽ തങ്ങളുടെ കന്യാത്വം നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി നസ്രാണിയുവതികൾ നേർന്നതാണു് എട്ടു നോമ്പു് എന്നത്രേ പറയപ്പെടുന്നതു്.

റീത്തിന്റെ ഈ തെളിവുകൾ സസൂക്ഷ്മം പരിശോധിക്കുമ്പോൾ മലങ്കരയിലെ ക്രൈസ്തവസഭ അടുത്തകാലത്തുമാത്രമാണു് പൂർണ്ണമായ യാക്കോബായ ബന്ധത്തിൽ വീണുപോയതെന്നു് നാം ഗ്രഹിക്കും.

കത്തോലിക്കാസഭയിലെ ഒരു റീത്തു് മറെറാരു റീത്തിനേക്കാൾ മേന്മയുള്ളതാണെന്നു് പറയുക സാദ്ധ്യമല്ല. പരിചയവും രുചിഭേദവുമനുസരിച്ചുമാത്രമാണു് ഓരോരുത്തർ തന്റെ റീത്തു് മററുള്ള റീത്തുകളിൽനിന്നു് മെച്ചമാണെന്നു കരുതുക. സഭ എല്ലാ റീത്തുകൾക്കും തുല്യസ്ഥാനമാണു നൽകുന്നതെന്നു് മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

www.malankaralibrary.com



മലങ്കരസഭയിലെ മഹാസംഭവമായ പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭദശയിൽ വലിയൊരു വ്യാജപ്രചരണം അകത്തോലിക്കസഹോദരങ്ങളുടെ ഇടയിൽ നടന്നിരുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ കാലം കഴിഞ്ഞാൽ പിന്നെ മലങ്കരയിൽ സിറോമലങ്കരറീത്ത് നിലനിൽക്കുകയില്ല; ലത്തീൻറീത്തോ, കൽദായറീത്തോ പുനരൈക്യപ്പെട്ടവർ സ്വീകരിയ്ക്കാൻ നിർബന്ധിതരായിത്തീരും എന്നതായിരുന്നു ആ വ്യാജപ്രചരണം. പക്ഷേ, കത്തോലിക്കാസഭയെക്കുറിച്ചും റീത്തുകൾക്ക് സഭയിലുള്ള സ്ഥാനത്തെക്കുറിച്ചുമുള്ള അജ്ഞതയായിരിയ്ക്കാം ഇപ്രകാരമുള്ള ഒരു പ്രചരണത്തിനു കാരണമായതെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു.

മലങ്കരയിലെ യാക്കോബായസഭയിൽ വളരെ ആളുകൾക്ക് തങ്ങൾ പരിചയിച്ച റീത്തിൽതന്നെ കത്തോലിക്കാസഭയിലും നില്ക്കാമെന്നുള്ള കാര്യം പുനരൈക്യപ്രവാഹത്തെ ത്വരിതപ്പെടുത്തുന്നുണ്ട്. കേരളത്തിലെ പുത്തൻകൂറുകാരെല്ലാംതന്നെ സിറോമലങ്കരറീത്തു സ്വീകരിച്ചുകൊണ്ട് തങ്ങളുടെ തറവാടായ കത്തോലിക്കാസഭയിലേക്ക് പ്രത്യാഗമിക്കുവാൻ നമുക്ക് തീഷ്ണതാപൂർവ്വം പ്രാർത്ഥിക്കാം.



www.malankaralibrary.com

# അനുബന്ധം

## പ്രിയ വായനക്കാരോട്:

കർത്താവിൽ പ്രിയ സഹോദരാ, താങ്കൾ ഈ ഗ്രന്ഥം നിഷ്പക്ഷബുദ്ധ്യാ വായിച്ചിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. നാമോരോരുത്തരുടേയും ഐഹികജീവിതം പെട്ടെന്നു കടന്നുപോകും. കുറേക്കാലം കഴിയുമ്പോൾ നാം വിസ്മരിക്കപ്പെട്ടവരാകും; നമ്മുടെ ശരീരം മണ്ണായിത്തീരും. എന്നാൽ, നമുക്കു അനന്തവിലയുള്ള ഒരു ആത്മാവുണ്ടല്ലോ. നാം നമ്മുടെ ആത്മരക്ഷ സാധിച്ചില്ലെങ്കിൽ ഈ ജീവിതംകൊണ്ടു് എന്തു പ്രയോജനം? ലോകം മുഴുവനും നേടിയാലും നമ്മുടെ ആത്മാവു നശിച്ചുപോയാൽ നമുക്കെന്തുഫലം?

പാപികളായ നമ്മെ രക്ഷിക്കുന്നതിനായി ദൈവപുത്രൻ മനുഷ്യനായി. ഈ ലോകത്തിൽ കഷ്ടതകൾ അനുഭവിച്ചുകൊണ്ടു് താൻ ജീവിച്ചു. നമ്മെ പാപത്തിൻെറ ദാസ്യത്തിൽനിന്നു മോചിക്കുന്നതിനുവേണ്ടി താൻ അവാച്യമായപീഡകളും കുരിശുമരണവും സ്വയം സ്വീകരിച്ചു. തൻെറ ജീവിതവും മരണവും നമ്മോടുള്ള തൻെറ സ്നേഹത്തിൻെറ പ്രകടനങ്ങളാണു്. വി. പൗലോസിനോടുകൂടി നമുക്കോരോരുത്തർക്കും പറയുവാൻ സാധിക്കും: "ക്രിസ്തു എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ കയ്യേല്പിക്കുകയും ചെയ്തു." (ഗലാത്തി 2: 20.) "പുത്രനിൽ വിശ്വസിക്കു

www.malankaralibrary.com


നവനാരോ അവന് നിത്യജീവൻഉണ്ടു്. പുത്രനെ അനുസരിക്കാത്തവൻ ജീവൻ കണ്ടെത്തുകയില്ല. പ്രത്യുത, ദൈവത്തിന്റെ കോപം അവന്റെമേൽ ആവസിക്കും" (യോഹ. 3:36.) പ്രിയ സഹോദരാ, നമ്മുടെ കർത്താവിന്റെവാക്കുകളാകുന്നു ഇവ. ദൈവകോപം നമ്മുടെ മേൽ ഉണ്ടാകാതിരിക്കുന്നതിനു് നാം ദൈവപുത്രനിൽ വിശ്വസിക്കുകയും തന്നെ അനുസരിക്കുകയും വേണം. നാം തന്നിൽ വിശ്വസിക്കുന്നുവെങ്കിൽ താൻ സ്ഥാപിച്ച സഭയിൽ അംഗമാകേണ്ടതാണു്. ലോകാവസാനത്തോളം തന്റെ സഭ മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടി നിലകൊള്ളേണ്ടതാണു്. തന്റെ സഭ ഇന്നു ലോകത്തിലില്ലെങ്കിൽ ക്രിസ്തു ദൈവമല്ല എന്നുള്ള നിഗമനത്തിൽ നാം എത്തിച്ചേരണം. നമ്മുടെ കർത്താവു് ഒരു സഭയെമാത്രമേ സ്ഥാപിച്ചിട്ടുള്ളല്ലോ. ഇന്നു നാം ലോകത്തിൽ കാണുന്ന ക്രിസ്തീയ വിഭാഗങ്ങളെല്ലാം ക്രിസ്തുവിന്റെ സഭയാകുവാൻ സാദ്ധ്യമല്ല. തന്റെ സഭയൊഴികെ മററുള്ള ക്രിസ്തീയവിഭാഗങ്ങളെല്ലാംതന്നെ മനുഷ്യനിർമ്മിതങ്ങളാണു്. പുരാതനകാലത്തുണ്ടായ പല പാഷണ്ഡ സഭകളും ഇന്നില്ല. അവയുടെ പേരുമാത്രം ചരിത്രത്തിൽ ശേഷിക്കുന്നു.

നമ്മുടെ കർത്താവു സ്ഥാപിച്ച സഭയുടെ കാണപ്പെട്ട ആദ്ധ്യാത്മികനിയന്താവു് റോമാ മാർപ്പാപ്പായാണെന്നും, അദ്ദേഹത്താൽ ഭരിക്കപ്പെടുന്ന കത്തോലിക്കാസഭയാണു് ഏക സത്യസഭയെന്നും ഈ ഗ്രന്ഥത്തിൽ നാം കണ്ടു. പ്രിയ സഹോദരാ, താങ്കൾ കത്തോലിക്കനൊണെങ്കിൽ ദൈവം താങ്കൾക്കു നൽകിയ വലുതായ ഈ കൃപയ്ക്കുവേണ്ടി അവിടുത്തേക്കു നന്ദി പറയുക; ഒരുത്തമ കത്തോലിക്കനായി ജീവിച്ചു് താങ്കളുടെ ആത്മരക്ഷ സാധിക്കുകയും, മാതൃകാപരമായ ജീവിതംകൊണ്ടും പ്രാർത്ഥനകൊണ്ടും പരിശ്രമംകൊണ്ടും അകത്തോലിക്കസഹോദരങ്ങളെ ക്രിസ്തുവിന്റെ തൊഴുത്തിലേക്കു കൂട്ടിക്കൊണ്ടുവരുന്നതിനു് യത്നിക്കുകയും ചെയ്യുക. ഏതെങ്കിലും അകത്തോലിക്കാവിഭാഗത്തിൽ നിന്നാണു് താങ്കൾ കത്തോലിക്കാസഭയിൽ ചേർന്നിട്ടുള്ളതെങ്കിൽ ഒരു കാര്യം സഹോദരൻ പ്രത്യേകം ഓർക്കണമെന്നു് ഞാനപേക്ഷിക്കുന്നു. ഒരു പള്ളിയിൽ നിന്നു്

www.malankaralibrary.com



9: 4–5) എന്നൊരു സ്വരം ശവുൽ കേൾക്കുന്നു. വീണിടത്തു കിടന്നുകൊണ്ടു് "കർത്താവേ നീ ആരാകുന്നു"വെന്നു് ശവുൽ അന്വേഷിക്കുകയായി. അതിനു ശവുലിനു ലഭിച്ച മറുപടി "ഞാൻ നീ പീഡിപ്പിക്കുന്ന നസ്രായനായ ഈശോയാകുന്നു" എന്നത്രെ. ശവുൽ നസ്രായക്കാരൻ ഈശോയെ കണ്ടിട്ടില്ല. ഈശോയെ ശാരീരികമായി പീഡിപ്പിച്ചിട്ടില്ല. ഒരു നുള്ളു പൂഴിമണൽപോലും ഈശോയുടെ നേരെ ശവുൽ എറിഞ്ഞിട്ടില്ല. എങ്കിലും ശവുൽ കേട്ട വാക്കുകൾ "ഞാൻ നീ പീഡിപ്പിക്കുന്ന നസ്രായനായ ഈശോയാകുന്നു" എന്നാണു്. വളരെ ഗഹനമായ അർത്ഥമാണു് ഈ വാക്കുകൾക്കുള്ളതു്. ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളും ക്രിസ്തുവും മൗതികമായി ഒന്നുതന്നെയാണു്. ഈ തത്വം ക്രിസ്തുവിൽനിന്നുതന്നെ നേരിട്ടു പഠിച്ച ശവുൽ പൗലോസായിത്തീർന്നശേഷം ക്രിസ്തുവും തന്റെ സഭയിലെ അംഗങ്ങളും ഒന്നുതന്നെയാണെന്നുള്ള കാര്യം തന്റെ പല ലേഖനങ്ങളിലും വിശദമായി സമർത്ഥിച്ചിട്ടുണ്ടു്.

നമ്മുടെ കർത്താവു് അരുളിച്ചെയ്തിരിക്കുന്നു: "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു. ആർ എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലങ്ങൾ പുറപ്പെടുവിക്കും. എന്തെന്നാൽ എന്നെക്കൂടാതെ നിങ്ങൾക്കു് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ആരെങ്കിലും എന്നിൽ വസിക്കുന്നില്ലെങ്കിൽ അവൻ ഉണങ്ങിയ ശാഖപോലെ പുറത്തു് എറിയപ്പെടുകയും എരിയേണ്ടതിനായി അതു് തീയിൽ ഇടപ്പെടുകയും ചെയ്യും. നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വചനങ്ങൾ നിങ്ങളിൽ വസിക്കുകയും ചെയ്യുമെങ്കിൽ നിങ്ങൾ, അപേക്ഷിക്കുവാൻ ഇച്ഛിക്കുന്നതെല്ലാം നിങ്ങൾക്കുണ്ടാകും. നിങ്ങൾ വളരെ ഫലങ്ങൾ പുറപ്പെടുവിക്കുകയും എന്റെ ശിഷ്യരായിരിക്കുകയും ചെയ്യുക എന്നതിൽ പിതാവു് മഹത്വപ്പെടുന്നു. എന്റെ പിതാവു് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ വസിക്കുവിൻ. ഞാൻ എന്റെ പിതാവി

www.malankaralibrary.com



ന്റെ കല്പനകൾ പാലിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ വസിയ്ക്കും" (യോഹ. 15: 5-10). നമ്മുടെ കർത്താവിന്റെ ഈ വാക്കുകളിൽനിന്ന് വ്യക്തമാകുന്നതു്: (1) നമ്മുടെ കർത്താവ് മുന്തിരിവള്ളിയും നാം ശാഖകളുമാകുന്നു. അതായതു്, നാമും ക്രിസ്തുവും ഒന്നുതന്നെ. വേറൊരുവിധത്തിൽ പറഞ്ഞാൽ നാം കർത്താവിന്റെ സഭയിലെ അംഗങ്ങളാകുമ്പോൾ ക്രിസ്തുവുമായി നാം ഐക്യം പ്രാപിക്കുന്നു; (2) മുന്തിരിശാഖയ്ക്ക് ജീവൻ ലഭിക്കുന്നതു് മുന്തിരിവള്ളിയിൽക്കൂടി ഓടുന്ന ആ ദ്രാവകം (sap) മുഖേനയാണ്. ആ ദ്രാവകം മുന്തിരിശാഖയിൽക്കൂടി ഓടുന്നില്ലെങ്കിൽ ശാഖ ഉണങ്ങിപ്പോകും; നമ്മെ സംബന്ധിച്ചിടത്തോളം ഈ ദ്രാവകം പ്രസാദവരമാണ്. ക്രിസ്തുവുമായി യോജിച്ച് പ്രസാദവരത്തിൽ നാം സ്ഥിതിചെയ്യണം. (3) പിതാവായ ദൈവം തന്റെ ഏകജാതനെ സ്നേഹിച്ചതുപോലെതന്നെ നമ്മുടെ കർത്താവും നമ്മെ സ്നേഹിച്ചു. സ്നേഹം പ്രതിസ്നേഹമാവശ്യപ്പെടുന്ന ഒന്നാണല്ലോ. നമ്മുടെ കർത്താവിനോടുള്ള നമ്മുടെ സ്നേഹം തീഷ്ണമായിരിക്കണം, ഉജ്ജ്വലത്തായിരിക്കണം; (4) നാം അവിടുത്തെ സ്നേഹിക്കുന്നുവെങ്കിൽ തന്റെ കല്പന പാലിയ്ക്കും; (5) ഇപ്പറഞ്ഞവയിൽനിന്ന് ക്രിസ്തുവിൽ നമുക്ക് സജീവമായ വിശ്വാസവും വിശ്വാസാനുസരണമായ പ്രവൃത്തികളും ആവശ്യമാണെന്നു സിദ്ധിക്കുന്നു. അതുപോലെതന്നെ തന്റെ കല്പനകൾ കാക്കുക എന്നു പറയുന്നതിൽ ക്രിസ്തുവിന്റെ സഭയിലെ അംഗമായിരിക്കുക എന്നുള്ള വസ്തുതകൂടി ഉൾപ്പെടുന്നുണ്ടു്. അതിനാൽ പ്രിയ സഹോദരാ, താങ്കൾ നമ്മുടെ കർത്താവിന്റെ സഭാശരീരത്തിലെ അവയവമാണ് എന്നുള്ള കാര്യം എപ്പോഴും ഓർക്കുക. കേവലം ഒരു "ഞായറാഴ്ച ക്രിസ്ത്യാനി"യാകാതെ 'വേറൊരു ക്രിസ്തു'വായിത്തന്നെ ജീവിക്കുക.

പ്രിയ സഹോദരാ, താങ്കൾ അകത്തോലിക്കനാണെങ്കിൽ താങ്കളുടെ നിലപാടിനെക്കുറിച്ച് ഒന്നു പുന:പരിശോധനചെയ്യണമെന്ന് അപേക്ഷിക്കുന്നു. നമ്മുടെ കർത്താവ് വി. കർബാനയുടെ

www.malankaralibrary.com



സ്ഥാപനാനന്തരം നടത്തിയ ഹൃദയസ്പൃക്കായ ആ പ്രാൎത്ഥന വി. യോഹന്നാന്റെ സുവിശേഷം 17–ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതു് താങ്കൾ നിഷ്പക്ഷമായും ഹൃദയത്തിന്റെ സ്പന്ദനങ്ങളോടുകൂടിയും ഒന്നു വായിച്ചുനോക്കണമേ. ക്രിസ്തു തന്റെ ശിഷ്യൎക്കുവേണ്ടി പ്രാൎത്ഥിച്ചതിനുശേഷം തുടരുന്നു: "അവൎക്കുവേണ്ടി മാത്രമല്ല അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർ കൂടുവേണ്ടി കൂടിയാകുന്നു ഞാൻ പ്രാൎത്ഥിക്കുന്നതു്. നീ എന്നെ അയച്ചിരിക്കുന്നുവെന്നു് ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു" എന്റെ പിതാവേ, നീ എന്നിലും ഞാൻ നിന്നിലും എന്നപോലെ, അവരും നമ്മിൽ ഒന്നാകേണ്ടതിനുതന്നെ" (യോഹ. 17: 20–21). തന്റെ ശ്ലീഹന്മാർമുഖേന സുവിശേഷം സ്വീകരിച്ചിട്ടുള്ള എല്ലാവരും ഒന്നായിരിക്കണമെന്നാണല്ലോ നമ്മുടെ കൎത്താവിന്റെ ഈ പ്രാൎത്ഥന വ്യക്തമാക്കുന്നതു്. പക്ഷെ, നാം ഇന്നു് എന്താണു കാണുന്നതു്? ഏകദേശം ആയിരത്തോളം ക്രൈസ്തവ വിഭാഗങ്ങൾ ഇന്നു ലോകത്തിൽ പരസ്പരം കലഹിച്ചു് ക്രിസ്തുവിന്റെ നാമം ജാതികളുടെയിടയിൽ അവഹേളനാപാത്രമാക്കുന്ന ശോകസമ്പൂൎണ്ണമായ കാഴ്ചയല്ലേ നാം കാണുക? ക്രിസ്ത്യാനിയാകുവാൻ ആഗ്രഹിക്കുന്ന ഒരു അക്രൈസ്തവൻ ഏതു ക്രൈസ്തവ വിഭാഗത്തിലാണു് താൻ ചേരേണ്ടതെന്നു് അറിയാതെ ഇന്നു് സന്ദേഹത്തിന്റെ നടുവിൽക്കിടന്നു് ഉഴലും. നമ്മുടെ കൎത്താവു് ഒരു സഭമാത്രമേ സ്ഥാപിച്ചുള്ളു. ആ സഭ ഇന്നു ലോകത്തിലുണ്ടു്. ആ സഭ ലോകാവസാനത്തോളം ലോകത്തിലുണ്ടായിരിക്കുകയും വേണം. നമ്മുടെ കൎത്താവു് സ്ഥാപിച്ച സഭയൊഴികെ മററു ക്രൈസ്തവ വിഭാഗങ്ങളെല്ലാംതന്നെ മനുഷ്യനിൎമ്മിതങ്ങളാണു്. സഭ ക്രിസ്തുവിന്റെ ശരീരമാണു്, ദൃശ്യവുമാണു്. അതിൽ നിന്നു് വേർപെട്ടു നില്ക്കുക, നമ്മുടെ ആത്മരക്ഷയെ അവഗണിക്കുകയാണു്. വി. ജോൺക്രിസോസ്റ്റോം (വി. ഈവാനിയോസ്) പ്രസ്താവിക്കുന്നു: "നീ സഭയിൽനിന്നു വേർപെട്ടു നില്ക്കരുതു്. കാരണം, സഭയേക്കാൾ ഉറപ്പുള്ള ഒന്നുമില്ല. സഭയാണു്

www.malankaralibrary.com



നിൻെറ ശരണം; സഭയാണു നിൻെറ രക്ഷ; സഭയാണു നിൻെറ അഭയസ്ഥാനം. അതു് ആകാശത്തെക്കാൾ ഉന്നതവും ഭൂമിയേക്കാൾ വിസ്തൃതവുമാണു്. അതിനൊരിക്കലും പ്രായംചെല്ലുന്നില്ല. അതു് എപ്പോഴും ഊർജ്ജസ്വലത നിറഞ്ഞതാണു്. അതിനാൽ അതിൻെറ ശക്തിയേയും ഉറപ്പിനേയും ചൂണ്ടിക്കാണിച്ചുകൊണ്ടു് വിശുദ്ധ ലിഖിതം അതിനെ ഒരു പർവ്വതം എന്നു വിളിക്കുന്നു". (Hom. De Capto Eutropio. n. 6) ക്രിസ്തുവിൻെറ സഭയെക്കുറിച്ചാണു് വിശുദ്ധൻ ഇങ്ങനെ പറഞ്ഞിട്ടുള്ളതു്. ഇങ്ങനെ ഉറപ്പുള്ള ക്രിസ്തുവിൻെറ സഭയിൽനിന്നു്, രക്ഷയുടെ സങ്കേതത്തിൽനിന്നു് അകന്നു നിൽക്കുക ശരിയല്ലല്ലോ. ഈ ഗ്രന്ഥത്തിൽ സഭയുടെ ലക്ഷണങ്ങളെക്കുറിച്ചു് ചർച്ചചെയ്തു് ആ ലക്ഷണങ്ങൾ നാലും ഒരുപോലെ യോജിക്കുന്നതു് കത്തോലിക്കാസഭയ്ക്കുമാത്രമാണെന്നു് നാം കണ്ടുവല്ലോ.

കത്തോലിക്കാസഭയൊഴിച്ചുള്ള ക്രൈസ്തവവിഭാഗങ്ങൾ ഐക്യത്തിനുവേണ്ടിയുള്ള സമ്മേളനങ്ങൾ നടത്തുന്നുണ്ടു്. 'ലോകസഭാ കൗൺസിൽ' എന്ന പേരിൽ ഉള്ള സമ്മേളനങ്ങളെക്കുറിച്ചു് പത്രങ്ങളിൽനിന്നും നാം വായിച്ചറിഞ്ഞിട്ടുണ്ടല്ലോ. ഈ സമ്മേളനങ്ങളിലൊന്നും കത്തോലിക്കാസഭ പങ്കെടുക്കുന്നില്ല. എല്ലാ സഭകളും ശരിയാണെന്നോ, രക്ഷപ്രാപിക്കുവാൻ ഏതെങ്കിലും സഭയിൽ ഉൾപ്പെട്ടുനിന്നാൽ മതിയെന്നോ കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല. സഭയ്ക്കു് പഠിപ്പിക്കുവാൻ സാധിക്കുകയുമില്ല. കാരണം കത്തോലിക്കാസഭ ക്രിസ്തു സ്ഥാപിച്ച സഭയാണു്.

പരസ്പരവിരുദ്ധങ്ങളായ ഉപദേശങ്ങൾ പഠിപ്പിക്കുന്ന ഈ ക്രൈസ്തവവിഭാഗങ്ങൾക്കു് ഐക്യത കൈവരുത്താൻ സാധിക്കുകയില്ല. ഇതിനകം നടന്നിട്ടുള്ള ലോകസഭാകൗൺസിലുകളുടെ ചരിത്രം ഈ വസ്തുത വ്യക്തമാക്കുന്നുണ്ടു്. ഒരു പ്രബോധനാധികാരം ഏകവിശ്വാസം ഇവ അംഗീകരിച്ചാൽ മാത്രമേ, ക്രിസ്തീയ ഐക്യം സംജാതമാകുകയുള്ളു. കത്തോലിക്കാസഭയിൽക്കൂടിയല്ലാതെ ഇങ്ങ

www.malankaralibrary.com



ന്നെ ഒരൈക്യം സാദ്ധ്യവുമല്ല. വിശ്വാസവിഷയങ്ങളിലുള്ള ഒത്തുതീർപ്പു് കൈവരുത്തി ഐക്യം സാധിക്കാമെന്നുള്ള വിചാരം വെറും വ്യാമോഹംമാത്രമാണു്. രാഷ്ട്രീയവും സാമുദായികവുമായ കാര്യങ്ങളിൽ ഒത്തുതീർപ്പുണ്ടാക്കുന്നതുപോലെ നാം വിശ്വസിക്കേണ്ട കാര്യങ്ങളിൽ ഒത്തുതീർപ്പുണ്ടാക്കുക സാദ്ധ്യമാണോ? ഒത്തുതീർപ്പുണ്ടാക്കിയെടുക്കുന്ന വിശ്വാസം എങ്ങനെ ദൈവീകമാകും? സഭ ക്രിസ്തുവിൻെറ മണവാട്ടിയാണല്ലോ. ക്രിസ്തുവിൻെറ മണവാട്ടിയായ സഭ ക്രിസ്തു പഠിപ്പിച്ചിട്ടുള്ള ഉപദേശങ്ങൾതന്നെയല്ലേ പഠിപ്പിക്കേണ്ടതു്? അല്ലാതെ മനുഷ്യർ മേശയ്ക്കുചുററുമിരുന്നു് ഒത്തുതീർപ്പുണ്ടാക്കിയെടുക്കുന്ന കാര്യങ്ങളല്ലല്ലോ. ക്രിസ്തുവിൻെറ മണവാട്ടിയായ സഭ എന്നും നിർമ്മലയായിരിക്കണം. വിശുദ്ധ സിപ്രിയാൻ പ്രസ്താവിക്കുന്നു: "ക്രിസ്തുവിൻെറ മണവാട്ടിയ്ക്കു് അവളുടെ മണവാളനോടു് അവിശ്വസ്തയായിരിക്കുവാൻ പാടില്ല. അവൾ ചാരിത്രവതിയും നിർമ്മലയുമാണു്. അവൾക്കു് ഒരു വസതിമാത്രമേ അറിയാവൂ. മണവറയുടെ പരിശുദ്ധത ശുദ്ധമായും വിനയാന്വിതമായും അവൾ പരിരക്ഷിക്കുന്നു". (De Cath. Ecclesiae unitate, 6)

അതിനാൽ സത്യമായ ക്രിസ്തീയ ഐക്യം സാധിതമാകണമെങ്കിൽ പത്രോസിൻെറ പരമാധികാരം സമ്മതിച്ചുകൊണ്ടു് പത്രോസിൻെറ പിൻഗാമിയായ റോമാമാർപ്പാപ്പായുടെ ഭരണത്തിൻ കീഴിൽ ഇരിക്കുന്ന കത്തോലിക്കാസഭയിലെ അംഗത്വം എല്ലാവരും സ്വീകരിക്കുകയാണു വേണ്ടതു്. ക്രിസ്തുവിൻെറ സഭ സത്യത്തിൻെറയും ഐക്യത്തിൻെറയും ഭവനമാണു്. ഡൊണാററിസ്റ്റുകൾ എന്ന ശീശ്മക്കാരെ സംബോധനചെയ്തുകൊണ്ടു് വിശുദ്ധ അഗസ്തീനോസ് ഇപ്രകാരമെഴുതി: "മുന്തിരിയോടു കൂട്ടിച്ചേർക്കപ്പെടണമെന്നു് ആഗ്രഹിക്കുന്നുവെങ്കിൽ എൻെറ സഹോദരന്മാരെ, വരിക. വെട്ടിമുറിയ്ക്കപ്പെട്ടു് നിങ്ങൾ അവിടെ കിടക്കുന്നതു കാണുക സങ്കടകരമാണു്. വിശുദ്ധ പത്രോസിൻെറ സിംഹാസനത്തിന്മേൽ വാണിരുന്നവരെ എണ്ണിനോക്കുക. ആ പിതാക്കന്മാരിൽ ആരു് ആ

www.malankaralibrary.com



യോസ് തിരുമേനിയുടെ പുനരൈക്യത്തോടുകൂടി കത്തോലിക്കാപു നരൈക്യം സാധിതമായി. മലങ്കരയിലെ ഈ പുനരൈക്യപ്ര സ്ഥാനത്തിന്റെ ഓജസ്സും, വീര്യവും ഇന്ന് അനേകരെ അത്ഭുത പ്പെടുത്തുന്നുണ്ട്. പ്രിയ സഹോദരാ, താങ്കളെയും ഞാൻ സസ്നേ ഹം കത്തോലിക്കാസഭയിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

കത്തോലിക്കാസഭയാണ് ക്രിസ്തുവിന്റെ സഭയെന്ന് അറി ഞ്ഞിട്ടും ആ സഭയിൽ ചേരാതെ നിൽക്കുന്ന അനേകർ നമ്മുടെ നാട്ടിൽത്തന്നെയുണ്ട്. ബന്ധുജനങ്ങൾ വെറുത്തേക്കും, എന്നും മററുമുള്ള ചില ആശങ്കകളാണ് അനേകരെ ആത്മരക്ഷയ്ക്ക് അ ത്യാവശ്യമായ ഇക്കാര്യത്തിൽനിന്ന് പ്രതിനിവർത്തിച്ചു നിർത്തിയി രിക്കുന്നത്. മററുചിലരാകട്ടെ മതപരമായ കാര്യങ്ങളിൽ കേ വലം അനാസ്ഥയുള്ളവരാണ്. പ്രിയസഹോദരാ, താങ്കൾ ക്രിസ്തു വിനെ ആത്മാർത്ഥമായി സ്നേഹിക്കുന്നുണ്ടോ? സ്നേഹിക്കുന്നുണ്ടെ ങ്കിൽ താങ്കൾ ക്രിസ്തുവിന്റെ സഭയിലെ അംഗമാകേണ്ടതല്ലേ? "എന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവൻ തന്റെ കുരിശെടുത്തു കൊണ്ട് എന്റെ പിന്നാലെ വരട്ടെ" എന്ന് അരുളിച്ചെയ്തവനായ നമ്മുടെ കർത്താവ്, നാം തന്നെപ്രതി കുരിശുകൾ വഹിക്കണമെ ന്നുതന്നെയാണ് ആഗ്രഹിക്കുന്നത്. തന്റെ സഭയിൽക്കൂടി മാ ത്രമേ നമുക്കു തന്നെ യഥാവിധി അനുഗമിക്കുവാൻ സാധിക്കുക യുള്ളൂ. ക്രിസ്തുവിൽനിന്ന് നമ്മെ വ്യതിചലിപ്പിക്കുന്ന യാതൊന്നും നമ്മുടെ ജീവിതത്തിൽ ഉണ്ടാകരുത്. നാം, "തങ്ങളുടെ ഉപായം കൊണ്ട് നമ്മെ വഴിതെററിക്കുവാൻ കപടതയോടെ പ്രവർത്തിക്കു ന്ന മനുഷ്യരുടെ ചതിയുള്ള ഉപദേശങ്ങളുടെ ഏതു കാററിനാലും ശക്തിയോടെ ഇളക്കപ്പെടുന്ന ശിശുക്കൾ" (എഫേസ്യർ 4: 14) ആ കരുത്. നേരേമറിച്ച് സഭയുടെ "തലയായിരിക്കുന്ന മിശിഹാ യിൽ നമ്മുടെ സമസ്തവും വളരുകയും അവന്റെ പണി സ്നേഹ ത്തിൽ പൂർത്തിയാക്കപ്പെടേണ്ടതിനായി ശരീരത്തിന്റെതന്നെ വളർ ച്ചയ്ക്ക് എല്ലാ അവയവത്തിനും അളവിൽ കൊടുക്കപ്പെടുന്ന ദാന ത്തിനു തക്കവണ്ണം അവനിൽ ശരീരം മുഴുവൻ ഒരുമിച്ച് ചേർക്ക


www.malankaralibrary.com



യും കാൎയ്യമാണുള്ളത്. സൂക്ഷ്മതയോടുകൂടിയും ജാഗ്രതയോടുകൂടിയും കൈകാൎയ്യം ചെയ്തില്ലെങ്കിൽ ഇതു നമുക്ക് എന്നേക്കുമായി നഷ്ടപ്പെട്ടുപോകും". അങ്ങനെ ഭവിക്കാതിരിപ്പാൻ നാം ചെയ്യുന്ന എന്തു ത്യാഗവും അധികമായിപ്പോകയില്ല.

"പിതാവേ, ലോകസ്ഥാപനത്തിനുമുൻപേ നീ എന്നെ സ്നേഹിച്ചതുകൊണ്ടു്, നീ എനിക്കു തന്നിട്ടുള്ള എന്റെ മഹത്വം നീ എനിക്കു തന്നിരിക്കുന്നവർ കാണേണ്ടതിനു് ഞാൻ ഇരിക്കുന്നിടത്തു അവരും എന്നോടുകൂടി ഇരിക്കണമെന്നു് ഞാൻ ഇച്ഛിക്കുന്നു". (വിശുദ്ധ യോഹന്നാൻ 17: 24).

L. D. & B. V. M.



MALANKARA
LIBRARY

www.malankaralibrary.com

MALANKARA
LIBRARY